# എലത്തൂർ ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

## സമഗ്രവികസനരേഖ

# എലത്തൂർ പഞ്ചായത്ത്
## പൊതുവിവരണം

| | | |
|---|---|---|
| ഉൾപ്പെടുന്ന വില്ലേജുകൾ | : | *എലത്തൂർ* |
| ബ്ലോക്ക് പഞ്ചായത്ത് | : | *ചേളന്നൂർ* |
| താലൂക്ക് | : | *കോഴിക്കോട്* |
| അസംബ്ലി മണ്ഡലം | : | *ബാലുശ്ശേരി* |
| പാർലമെന്റ് മണ്ഡലം | : | *കോഴിക്കോട്* |
| വിസ്തീർണ്ണം | : | *13.58 ചതുരശ്ര കിലോമീറ്റർ* |
| *അതിരുകൾ* | | |
| വടക്ക് | : | *കോരപ്പുഴ, പുറക്കാട്ടിരി പുഴ* |
| തെക്ക് | : | *കോഴിക്കോട് കോർപ്പറേഷൻ* |
| കിഴക്ക് | : | *കോഴിക്കോട് കോർപ്പറേഷൻ കനോളിതോട്* |
| പടിഞ്ഞാറ് | : | *അറബിക്കടൽ* |
| വാർഡുകൾ | : | *13* |
| ജനസംഖ്യ | : | *36787 (1991 ലെ സെൻസസ്)* |
| പുരുഷന്മാർ | : | *18057* |
| സ്ത്രീകൾ | : | *18730* |
| മൊത്തം വോട്ടർമാർ | : | *26601* |
| പുരുഷന്മാർ | : | *12886* |
| സ്ത്രീകൾ | : | *13715* |
| ജനസാന്ദ്രത | : | *2709* |
| അക്ഷരാഭ്യാസമുള്ളവർ | : | *30109* |
| അക്ഷരാഭ്യാസമുള്ള പുരുഷന്മാർ | : | *15296* |
| അക്ഷരാഭ്യാസമുള്ള സ്ത്രീകൾ | : | *14813* |
| ആറു വയസ്സുവരെയുള്ളവർ | : | *4243* |
| പ്രസിഡന്റിന്റെ പേര് | : | *വി.എം. ശ്രീധരൻ* |
| വൈസ് പ്രസിഡന്റിന്റെ പേര് | : | *ഒ.പി. കുമാരൻ* |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | *സി. മോഹനൻ* |
| പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന | | |
| പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗം | : | *കെ.ടി. ബിന,* |
| | : | *കല്ലാരംകെട്ടിൽ കൃഷ്ണൻ* |
| ജില്ലാ പഞ്ചായത്ത് അംഗം | : | *പാണൂര് തങ്കം* |

## വിഷയ വിവരം


| | | |
|---|---|---|
| 1. | ഈ മഹായജ്ഞത്തിൽ നമുക്ക് ഒന്നിക്കാം | 03 |
| 2. | ഇതാ ഈ മണ്ണ് ചോര വീണ് കുതിർന്നതാണ് | 05 |
| 3. | ഭൂപ്രകൃതി – ജനപ്രകൃതി – ജലപ്രകൃതി | 10 |
| 4. | കൃഷിയും ജലസേചനവും | 12 |
| 5. | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 17 |
| 6. | വിദ്യാഭ്യാസം | 23 |
| 7. | കുടിവെള്ളവും പൊതുജനാരോഗ്യവും | 30 |
| 8. | വ്യവസായം | 34 |
| 9. | ഊർജ്ജവും, ഗതാഗതവും | 39 |
| 10. | പാർപ്പിടവും സാമൂഹ്യക്ഷേമവും | 44 |
| 11. | സംസ്കാരിക രംഗം | 48 |
| 12. | വനിത | 52 |
| 13. | സഹകരണമേഖല | 54 |
| 14. | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 58 |
| 15. | വിഭവ സമാഹരണം | 60 |



Type Setting & Lay Out: *Gemini Information Technology (P) Ltd.,* **Calicut-1. Phone : 52784,** 52682

# ഈ മഹായജ്ഞത്തിൽ നമുക്കൊന്നിക്കാം

**കേ**രളം വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ നിരവധിയാണ്. ഇന്ത്യക്കും ലോകരാഷ്ട്രങ്ങൾക്കും മാതൃകയാവാൻ ഈ നേട്ടങ്ങൾ കേരളത്തെ സഹായിച്ചിട്ടുണ്ട്. വളരെ ഉയർന്ന സാക്ഷരത സാർവ്വത്രികമായ പൊതു വിദ്യാഭ്യാസം, ഉയർന്ന ആയുർ ദൈർഘ്യം കുറഞ്ഞ ശിശു/ബാല മരണനിരക്ക് തുടങ്ങിയവയാണ് പ്രധാന നേട്ടങ്ങൾ. ഈ നേട്ടങ്ങൾ കൈവരിച്ചതാകട്ടെ താഴ്ന്ന സാമ്പത്തിക നിലവാരത്തിൽ നിന്നുമായിരുന്നു. "കേരളത്തിന്റെ വികസന മാതൃക" എന്ന പേരിൽ പരക്കെ ഇപ്പോൾ അറിയപ്പെടുന്നത് മേൽപറഞ്ഞ സവിശേഷതകളാണ്.



കേരളം അതീവഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. കാർഷിക-വ്യവസായ രംഗങ്ങൾ വൻതോതിലുള്ള മുരടിപ്പിനെ നേരിടുകയാണ്. സമൂഹസേവനതുറകളിലും ഗുണമേന്മ അടിക്കടി കുറഞ്ഞുവരുന്നു.

ഇവിടെ കാർഷിക ഉല്പാദന ക്ഷമത കുറഞ്ഞു. പാടങ്ങൾ നികത്തി പുരയിടങ്ങളായി മാറുന്നു. എണ്ണക്കുരു കൃഷി പ്രാമുഖ്യം നേടുന്നു. അതോടെ നെൽകൃഷി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയും മറ്റ് കൃഷികൾ കുറഞ്ഞുവരുകയും ചെയ്യുന്നു. കൃഷി ആദായകരമല്ല എന്ന ധാരണ വന്നു. ഇതോടെ കാർഷിക മേഖലയിലെ തൊഴിലാളികൾമറ്റ് മേഖലകളിലേക്കു ചേക്കേറാൻ തുടങ്ങി. നമ്മുടെ ദൈനംദിന ഭക്ഷണത്തിന് വേണ്ട എല്ലാ കാര്യങ്ങൾക്കും ഇന്ന് മറ്റു സംസ്ഥാനങ്ങളെയോ മറ്റു രാജ്യങ്ങളെയോ ആശ്രയിക്കേണ്ടി വന്നിരിക്കുന്നു.

കേരളത്തിലെ സാധ്യതകൾക്കനുസരിച്ചുള്ള വ്യവസായങ്ങൾ ഇവിടെ ഉണ്ടാകുന്നില്ല. നിലവിലുള്ള വ്യവസായങ്ങൾ അധികവും പരമ്പരാഗതവും ആധുനികവുമായ ഉല്പാദന സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതിൽ വിമുഖത കാണിക്കുന്നു. കയർ, കശുവണ്ടി കൈത്തറി ബീഡി എന്നീ തുറകളിൽ ആധുനിക ഉല്പാദന സാങ്കേതികവിദ്യ കടന്നുവരാത്തതിനാൽ പ്രതിശീർഷ ഉല്പാദനം കുറവാണ്. ഭൂമിയുടെ ദൗർലഭ്യം, ഉയർന്ന വില, കൂടിയ ഉല്പാദനച്ചെലവ്, വൈദ്യുതി കമ്മി, വ്യവസായ സംരംഭകരുടെ കുറവ്, വിവിധ മേഖലകളിലുള്ള ചുവപ്പുനാട, പരിസ്ഥിതി പ്രശ്നം എന്നിവയാണ് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് തടസ്സമായി നില്ക്കുന്നത്.

വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ മേഖലകളിൽ അടിക്കടി ഗുണമേന്മ കുറഞ്ഞുവരുന്നു. എന്നിരുന്നാലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ ആശുപത്രികൾ, ലക്കും ലഗാനുമില്ലാതെ രൂപംകൊള്ളുന്ന സർവ്വകലാശാലകൾ, കൂടുതൽ കൂടുതൽ അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, വലിയ മണിമാളികകൾ, ഗ്രാമ പ്രദേശങ്ങളിൽപോലും ഉയരുന്ന കൂറ്റൻ ഫ്ളാറ്റുകൾ – ഇവയൊക്കെ ഒരുപറ്റം സമ്പന്നർക്ക് മാത്രം പ്രയോജനപ്പെടുന്ന സംവിധാനങ്ങളാണ്. ഇതാണ് വികസനമെന്ന വികലധാരണയാണ് ഇന്ന് കേരളീയർക്കുള്ളത്.

കാർഷിക വ്യവസായ മേഖലകളിൽ ഉല്പാദനം വർദ്ധിപ്പിക്കാതെ നിലവിലുള്ള തൊഴിൽ സംരക്ഷിക്കാനോ, കൂടുതൽ തൊഴിൽ സൃഷ്ടിക്കാനോ കഴിയുകയില്ല. ഗൾഫ് നാടുകളിൽ തൊഴിലവസരങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് തൊഴിലില്ലായ്മ പ്രശ്നത്തിന് ഒരു അളവോളം പിടിച്ചുനിന്നെങ്കിലും ഇപ്പോൾ അങ്ങോട്ട് പോകുന്നതിലും കൂടുതൽപേർ തിരിച്ചു വരികയാണ്. വിദ്യാഭ്യാസത്തിലും സാമൂഹ്യ സുരക്ഷിതത്ത്വത്തിലും ആരോഗ്യപരിപാലനത്തിലും മറ്റും നീക്കി വെക്കുന്ന വൻ വിഹിതങ്ങൾ ഏറെ

ക്കാലം തുടരാൻ സാധിക്കുകയില്ല.

മേൽ പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെങ്കിൽ ആസൂത്രണം സമഗ്രവും ജനപങ്കാളിത്തപരവും വികേന്ദ്രീകൃതവുമാക്കണം. കഴിഞ്ഞ എട്ട് പഞ്ചവത്സരപദ്ധതികളിൽ തുടർന്നുവന്ന ആസൂത്രണ പ്രക്രിയയുടെ നേട്ടങ്ങൾ നിലനിർത്തുകയും അതിലുള്ള വൈകല്യങ്ങൾ പരിഹരിക്കുകയും വേണം. അതുകൊണ്ടാണ് ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കൽ തുകയുടെ 35-40 ശതമാനം തുക താഴെ തട്ടുകളിൽ -പഞ്ചായത്ത് തലത്തിൽ- ആസൂത്രണം ചെയ്തു നടപ്പാക്കുന്ന പദ്ധതികൾക്കായി നീക്കിവെക്കാൻ പ്ലാനിങ്ങ് ബോർഡും സർക്കാരും തീരുമാനിച്ചിട്ടുള്ളത്.

സംസ്ഥാനതലത്തിൽ നടക്കുന്ന ഈ ശ്രമം നമ്മുടെ പഞ്ചായത്തിൽ വിജയകരമായി നടത്താനുള്ള നമ്മുടെ ഓരോ വാർഡിലെയും പ്രത്യേക ശ്രമങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിനും ഗ്രാമസഭകൾ ചേരുന്നതിനു മുന്നോടിയായി നടന്ന പ്രവർത്തനങ്ങൾ ഏറെ ഊർജ്ജദായകമായിരുന്നു.

1996 സെപ്തംബർ 2,3,4, തിയ്യതികളിൽ നടന്ന ജില്ലാ ക്യാമ്പിൽ പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സണുകളും സംസ്ഥാന റിസോഴ്സ് പേഴ്സണുകളും ചേർന്ന് 11-9-96 ന് പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകി. ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിന് വേണ്ടി പഞ്ചായത്തിലെ മുഴുവൻ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, സന്നദ്ധ പ്രവർത്തകരുടെ യോഗം വിളിച്ച് ചേർത്ത് സ്വാഗതസംഘത്തിന് രൂപം നൽകി.

പഞ്ചായത്ത് തല പരിശീലനം ലഭിച്ചവരും ജില്ലാ പരിശീലകരും പങ്കെടുത്തുകൊണ്ട് 14-9-96 മുതൽ 2-10-96 വരെ പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളും ചേർന്നു. ഈ ഗ്രാമസഭകളിൽനിന്നെല്ലാം അതത് പ്രദേശത്തെ വികസന പ്രശ്നങ്ങളും, പരിഹാര നിർദ്ദേശങ്ങളും ഉയർന്ന് വന്നു. ഗ്രാമസഭകൾ ചേർന്നതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | തിയ്യതി | പങ്കെടുക്കുന്നവർ പുരു. | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | 14.9.96 | 83 | 4 | 87 |
| 2 | 15.9.96 | 133 | 7 | 140 |
| 3 | 22.9.96 | 121 | 43 | 164 |
| 4 | 15.9.96 | 72 | 9 | 81 |
| 5 | 2.10.96 | 176 | 76 | 252 |
| 6 | 29.9.96 | 204 | 92 | 296 |
| 7 | 14.9.96 | 93 | 37 | 130 |
| 8 | 15.9.96 | 139 | 35 | 174 |
| 9 | 22.9.96 | 107 | 23 | 130 |
| 10 | 29.9.96 | 197 | 11 | 208 |
| 11 | 2.10.96 | 259 | 47 | 306 |
| 12 | 29.9.96 | 91 | 14 | 105 |
| 13 | 12.10.96 | 187 | 54 | 241 |
| | ആകെ | 1862 | 452 | 2314 |

ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങളുടെയും വിവധ മേഖലകളിൽനിന്ന് ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് തല പരിശീലകരോടൊപ്പം ജില്ലാതല പരിശീലകരും വിദഗ്ദ്ധരായ ഉദ്യോഗസ്ഥരും ചേർന്ന് തയ്യാറാക്കിയ റിപ്പോർട്ടുകളാണ് തുടർന്നുള്ള പേജുകളിൽ. വികസന സെമിനാറിൽ ഈ പ്രശ്നങ്ങളെക്കുറിച്ചും പരിഹാരനിർദ്ദേശത്തെക്കുറിച്ചും കുറെക്കൂടി ആഴത്തിലുള്ള ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകണം.

ഏലത്തൂർ ഗ്രാമപഞ്ചായത്തിൽ സമഗ്രവും അഭൂതപൂർവ്വവുമായ ഒരു വികസന പന്ഥാവ് വെട്ടിത്തുറക്കാനുള്ള യത്നത്തിന്റെ കരടു രേഖയാണിത്. കേരളത്തിൽ വികസനത്തിന്റെ പുതിയ ചക്രവാളങ്ങൾ കീഴടക്കാനുള്ള ഈ മഹായജ്ഞത്തിൽ നാം നമ്മുടെ കടമ തൃപ്തികരമായിതന്നെ നിർവ്വഹിക്കണം. ആത്മാർത്ഥവും ത്യാഗ സുരഭിലവുമായ പങ്ക് നിർവ്വഹിക്കുന്നതിൽ നാം എല്ലാ ഭിന്നതകളും മറന്ന് ഏകമനസ്സോടെ അർപ്പണ മനോഭാവത്തോടെ സഹകരിക്കേണ്ടിയിരിക്കുന്നു. ജനക്ഷേമത്തിനും, നാടിന്റെ നന്മക്കുമായി നമുക്ക് ഒന്നിക്കാം. ഏലത്തൂരിൽ അസൂയാവഹമായ നേട്ടങ്ങൾ വിരചിക്കാം.



# ഇതാ ഈ മണ്ണ് ചോര വീണ് കുതിർന്നതാണ്

'മലയാളിസമൂഹം ചരിത്രകാരന്മാർക്ക് ജന്മം കൊടുത്തിട്ടില്ല. ഒരർത്ഥത്തിൽ രേഖപ്പെടുത്താൻ മാത്രം ചരിത്രം അവർക്കുണ്ടായിരുന്നില്ലെന്നതുതന്നെ കാരണം."– ചരിത്രമില്ലാത്ത ഒരു ജനത സന്തുഷ്ടമാണെന്ന് കണ്ടെത്തിയ വില്ല്യം ലോഗന്റെ ഈ നിരീക്ഷണം എലത്തൂരിന്റെ കാര്യത്തിലും അക്ഷരാർത്ഥത്തിൽ ശരിയാണ്. ആശ്രയിക്കാനായി രേഖകളോ ശാസനങ്ങളോ ഇല്ല. എലത്തൂരിനെപറ്റി പരാമർശമുള്ള ഗ്രന്ഥങ്ങളാണെങ്കിൽ നാമമാത്രവും. സാമൂതിരിയുടെ രാജ്യാതിർത്തിയായ ഈ കൊച്ചു കടലോര ഗ്രാമം പക്ഷെ ചരിത്രത്തിന്റെ വളവു തിരിവുകളോട് എങ്ങനെയാണ് പ്രതികരിച്ചിട്ടുണ്ടാവുക? ചുരുങ്ങിയ പക്ഷം ഈ നൂറ്റാണ്ടാരംഭിക്കുമ്പോഴെങ്കിലും എന്തായിരുന്നു അതിന്റെ മുഖച്ഛായ?

നാം കാലൂന്നി നിൽക്കുന്ന മണ്ണ് ആരുടെയൊക്കെയോ ചോര വീണ് കുതിർന്നതാണ്. നമ്മുടെ വർത്തമാന കാല സാസ്ഥ്യത്തിനൊക്കെയും പിറകിൽ തികച്ചും അസ്വസ്ഥമായ ഏറെ മനസ്സുകളുടെ പിടച്ചിലുകൾ ഉണ്ടായിരുന്നിരിക്കണം. നമുക്കതൊന്നുകൂടി ചേർത്ത് കാണാനാവുമോ?

ഇല്ലങ്ങളുടെ നാടായിരുന്ന ഇല്ലത്തൂർ ക്രമേണ എലത്തൂരായതാണെന്നാണ് കേട്ടുകേൾവി. ഇല്ലത്ത്താഴത്ത്, മാത്തിൽ, മനവീട്ടിൽ, ഇല്ലത്തുകണ്ടി മുതലായ വീട്ടുപേരുകൾ ഏറെയുണ്ടെങ്കിലും എലത്തൂർ എപ്പോഴെങ്കിലും നമ്പൂതിരിമാരുടെ ആവാസകേന്ദ്രമായിരുന്നോ എന്ന കാര്യം വ്യക്തമല്ല. 1824ൽ ലഫ്ടനന്റ് വാർഡും ലഫ്ടനന്റ് കോണറും നടത്തിയ സർവേയിൽ ഇല്ലത്തൂർ (Ellattur) അംശത്തെപറ്റി പരാമർശമുണ്ട്. ഇല്ലത്തൂരിന്റെ പ്രത്യേകതയായി രേഖപ്പെടുത്തപ്പെട്ടത് നിരത്തുവക്കത്തുള്ള പള്ളിയും ബസാറുമാണ്. പുതിയങ്ങാടിക്ക് അരമൈൽ വടക്കുഭാഗത്തുകൂടെ നടുവണ്ണൂരിലേക്കുള്ള നിരത്തിലെ യാത്രക്കാരുടെ തിരക്കിനെക്കുറിച്ചും അവർ ചൂണ്ടിക്കാട്ടുന്നുണ്ട്.

സാമൂതിരി രാജ്യാതിർത്തിയായിരുന്ന എലത്തൂരിനെ കുറുമ്പ്രനാട്ടിൽനിന്നു വേർതിരിച്ച കോരപ്പുഴയുമായി ബന്ധപ്പെട്ട് ഏറെകഥകളും നാടൻപാട്ടുകളും പ്രചാരത്തിലുണ്ട്. "കോരപ്പുഴകടന്നാൽ കുലം കെടും" എന്ന ചൊല്ല് രണ്ട് പ്രദേശങ്ങൾ തമ്മിലുള്ള ആചാരാനുഷ്ഠാനങ്ങളിലെ വ്യത്യസ്തത കൂടി വെളിപ്പെടുത്തുന്ന ഒന്നാണ്. എലത്തൂർ പോസ്റ്റാഫീസ് ഏതാണ്ട് അടുത്തകാലം വരെ കോരപ്പുഴ പോസ്റ്റാഫീസ് എന്ന പേരിലാണറിയപ്പെട്ടത്. എലത്തൂരിന്റെ സാമൂഹിക സാമ്പത്തിക ജീവിതത്തിൽ കോരപ്പുഴ ചെലുത്തിയ സ്വാധീനം ഏറെയാണ്. പേരാമ്പ്ര, കുറ്റ്യാടി തുടങ്ങിയ കിഴക്കൻ പ്രദേശങ്ങളിൽ നിന്ന് കോഴിക്കോട്ടങ്ങാടിയിലേക്ക് ചരക്കുകൾ കൊണ്ടുവന്നിരുന്നത് ജലമാർഗേണയാണ്. അതുകൊണ്ട് തന്നെ എലത്തൂർ പഞ്ചായത്തിലെ കോരപ്പുഴ, പുതിയനിരത്ത്, എരഞ്ഞിക്കൽ, പുറക്കാട്ടിരി എന്നീ സ്ഥലങ്ങൾ അന്നത്തെ പ്രധാനവാണ്യജ്യ കേന്ദ്രങ്ങളായിരുന്നു.

ഉൾനാടൻ ജലഗതാഗതം പുഴയോരപ്രദേശങ്ങളെ സജീവമാക്കിത്തീർത്തു. എലത്തൂർ പുഴവഴിയാണ് വില്ല്യംലോഗൻ കുറ്റ്യാടിയിലേക്ക് യാത്രതിരിച്ചത്. എരഞ്ഞിക്കൽ പാലത്തിന് സമീപം നൂറുകണക്കിന് നാളികേരത്തൊഴിലാളികൾ ഒന്നിച്ച് ജോലിചെയ്ത കേന്ദ്രങ്ങളായിരുന്നു. നടുവണ്ണൂർ, തെരുവത്ത് കടവ്, പയ്യോളി എന്നിവിടങ്ങളിൽ നിന്ന് കൊണ്ടുവരുന്ന നാളികേരം അവിടെവെച്ച് പൊളിച്ച് മടൽപൂഴ്ത്തുകയും തേങ്ങ കോഴിക്കോട്ടേക്ക് കയറ്റി അയക്കുകയും ചെയ്തിരുന്നു. നാളികേര വ്യാപാരം, കയർവ്യവസായം, നെയ്ത്ത്, മത്സ്യവ്യാപാരം എന്നിവയാണ് അക്കാലത്തെ പ്രധാനഇടപാടുകൾ, ജലഗതാഗതത്തിന് പുറമെ വെട്ടുവഴികളും, നാട്ടുവഴികളും ഉപയോഗിച്ചിരുന്നു.

സാമൂതിരിയുടെ സാമന്തന്മാരായിരുന്ന കാരംവെള്ളി സ്വരൂപം വകയായിരുന്നു ഭൂമിയുടെ ഉടമസ്ഥത മുഴുവനും. പാട്ടവ്യവസ്ഥ നിലനിന്നിരുന്ന അക്കാലത്ത് മേൽച്ചാർത്തും, കുടിയൊഴിപ്പിക്കലും സാർവ്വത്രികമായിരുന്നു. പാട്ടത്തിന് കിട്ടിയ ഭൂമിയിൽ കഠിനാദ്ധ്വാനം ചെയ്ത് കനകം വിളയിച്ച കർഷകനെ മണ്ണിൽനിന്ന് പിഴുതെറിഞ്ഞ് പകരം മറ്റൊരാളെ കൈവശക്കാരനാക്കുന്ന കാടൻ നീതിയാണ് മേൽച്ചാർത്തിന് പിന്നിൽ. പാട്ടവ്യവസ്ഥക്കും, ജന്മിത്വത്തിനുമെതിരെ കേരളത്തിൽ നടന്ന പ്രക്ഷോഭങ്ങളുടെ അലയൊലികൾ തീർച്ചയായും ഈ ഗ്രാമത്തിലേക്കും കടന്നുവന്നിരിക്കണം. കോൺഗ്രസ്സിന്റെയും, കർഷകസംഘത്തിന്റെയും മുന്നേറ്റവുമായി ബന്ധപ്പെട്ട കഥകളാണ് ഇതിന് പിന്നിൽ.

19–ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് ലോഗൻ കണ്ട കാഴ്ചകൾ

കേൾക്കുക. "കോഴിക്കോട് കടപ്പുറത്ത് നിന്ന് എലത്തൂർ കടവുവരെയുള്ള വഴി കടന്നു പോകുന്നതു കേരവൃക്ഷത്തോപ്പുകളുടേതായ ഒരു വനത്തിൽ കൂടിയാണെന്നു പറയാം. കേരവൃക്ഷങ്ങളുടെ പല ജനുസ്സുകളും നമുക്കു കാണാം. ഇവക്കിടയിൽ ഉടനീളം അങ്ങിങ്ങായി കൂറ്റൻ കുടപ്പനകളും, എഴുത്തോലപ്പനകളും ഇടക്കിടെ ഈന്തോലപ്പനകളും കാണാവുന്നതാണ്. ഇവയൊക്കെ വീട്ടുപറമ്പുകളിലാണ് പൊതുവെ ദൃശ്യമാവുന്നത്. എന്നാൽ നെൽപ്പാടങ്ങളുടെ അരികുപറ്റിയാണ് കൗതുകകരങ്ങളായ കവുങ്ങുമരങ്ങൾ അവയിൽ നിന്നുള്ള സ്വാദിഷ്ഠമായ അടക്കയ്ക്കുവേണ്ടി നട്ടുവളർത്തുന്നത്. മാവും പിലാവും അതുപോലെ തന്നെ സമൃദ്ധമാണ്. നടപ്പാതകളിലും വെളിസ്ഥലങ്ങളിലും സർവ്വത്ര കാണാവുന്ന മറ്റു വൃക്ഷങ്ങളാണു വെളുത്ത പുന്നയും ഇലഞ്ഞിയും. വീട്ടുവളപ്പുകളിൽ നിറയെ പൂത്തുനില്ക്കുന്ന ചമ്പകങ്ങളും മനോഹരമായ ചമതവൃക്ഷങ്ങളും കാണാം....പലപ്പോഴും ഇടക്കെല്ലാം ചന്ദനമരങ്ങളും കാണാം."

ഇന്നത്തെ രണ്ടാംവാർഡ്, മൂന്നാംവാർഡ് ഭാഗങ്ങളിൽ റോഡിന് പടിഞ്ഞാറ് ആൾത്താമസം നന്നെ കുറവായിരുന്നുവെന്ന് കാരണവന്മാർ ഓർമ്മിച്ചെടുക്കുന്നു. അതിനുമെത്രയോ മുമ്പെ അവിടങ്ങളിൽ കാടുകളായിരുന്നുവെന്നാണ് കേട്ടുകേൾവി. എലത്തൂക്കാട്, ചെറുകാട്, കാട്ടിൽ തുടങ്ങിയ വീട്ടുപേരുകളും നരിച്ചാൽ എന്ന സ്ഥലനാമവും ഇതിന്റെ ഭാഗമായുള്ളതാവണം. റെയിൽപാത വന്നപ്പോഴോ അതിനു മുമ്പോ അടഞ്ഞുപോയ ഒരു അഴിമുഖം അരോത്ത്കുഴിക്ക് നേരെ പടിഞ്ഞാറുണ്ടായിരുന്നുവെന്നും കരുതപ്പെടുന്നു. ടെലഫോൺ എക്സ്ചേഞ്ചിനടുത്ത് കിണർ കുഴിച്ചപ്പോൾ അതിനടിയിൽനിന്നു വൻമരം കണ്ടുകിട്ടിയത് ചിലരെങ്കിലും ഓർക്കുന്നുണ്ടാവും.



പ്രകൃതിരമണീയമായ ഒരു ഉദ്യാന ഗ്രാമം ക്രമേണ കോൺക്രീറ്റ് കാടുകൾ നിരന്നു നില്ക്കുന്ന ഊഷര ഭൂമിയായി മാറിയതിനിടയിൽ എന്തെല്ലാം ചരിത്രസംഭവങ്ങൾ! ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ! വിശാലമായ നെൽപ്പാടങ്ങൾ. അതിനു നടുവിലൂടെയുള്ള കൊച്ചുവരമ്പുകൾ, ഗതിമാറിയൊഴുകിയ നദികൾ! കൂലം കുത്തിയലറിപ്പായുന്ന പുഴയെ വരച്ചവരയിൽ നിർത്തി പിടിച്ചുകെട്ടിയ മനുഷ്യന്റെ അജയ്യതയാണ് ഇന്നു മൂളിയാർ നടയായി അറിയപ്പെടുന്ന, എരഞ്ഞിക്കലിനു കിഴക്ക് ഭാഗത്ത് മൊകവൂർ പ്രദേശത്തുള്ള മൺചിറ. 1901 ഒക്ടോബർ 10നാണ് കോഴിക്കോട് വടകര റൂട്ടിൽ തീവണ്ടിഗതാഗതം ആരംഭിച്ചത്. അതിനും മുമ്പെ കക്കോടി പുഴയുടെ ഒരു കൈവഴി ഞേറക്കാത്തോട് വഴി ഇന്നത്തെ പുത്തൂർ അമ്പലത്തിനു വടക്ക് ഭാഗത്തു കൂടി കടലിലേക്കൊഴികിയിരുന്നു. റെയിൽവെ ലൈൻ ഇട്ടുവന്ന കാലം. പുഴയോരം നികന്നുവരികയാണ്. പുതുകര രൂപം കൊള്ളുകയാണ്. പുതുകര, പൂത്തുർക്കര, പുത്തൂരായി മാറിത്തീർന്നതിനിടയിൽ എന്തെല്ലാം! മനുഷ്യാദ്ധ്വാനത്തെയും മനുഷ്യശേഷിയേയും വെല്ലുവിളിച്ചുകൊണ്ട് കരകവിഞ്ഞ് ഒഴുകിയ കക്കോടിപ്പുഴ റെയിൽപാളത്തിന് തന്നെ വെല്ലുവിളിയായപ്പോഴാണ് ഫർലോങ്ങുകൾക്കപ്പുറം ഇന്നു മൂളിയാർ നട സ്ഥിതി ചെയ്യുന്ന പ്രദേശത്ത് പുഴയെ മെരുക്കാൻ തീരുമാനമായത്.

അന്ന് പ്രകൃതിയും മനുഷ്യനും ഇന്നത്തേതിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു. നെല്ലും നാളികേരവുമായിരുന്നു കൃഷി. വീട്ടുവളപ്പുകളിൽ ചേന, ചേമ്പ്, കാവിത്ത്, കിഴങ്ങ് മുതലായവ വേറെയും. ചെറ്റക്കുടിലുകൾ ഏറെ. മിക്കതും കട്ടപ്പുരകൾ. അപൂർവ്വമായി മാത്രം ഓട് മേഞ്ഞകെട്ടിടങ്ങൾ. കാൽനടതന്നെ ശരണം. അത്യാവശ്യത്തിനു മൂരിവണ്ടികളും തോണികളും. നാട്ടുവെളിച്ചം തന്നെ മുഖ്യം. കാസർട്ട് (മണ്ണെണ്ണ) ഉപയോഗിച്ചുള്ള പാനീസ്, റാന്തൽ, കാന്തവിളക്ക്, 14–ാം നമ്പർ. ടോർച്ചിന് പകരം ചൂട്ട്.

ജാത്യാചാരങ്ങളുടേയും നാടുവാഴിത്തത്തിന്റെയും കാർക്കശ്യം കാരണം നിവർന്ന് നിൽക്കാൻ കഴിയാഞ്ഞവരേറെ. വഴിനടക്കാൻ പേടി. തമ്പ്രാക്കളെ തീണ്ടിയേക്കും. പുത്തൂരമ്പലത്തിന് മുന്നിലൂടെ അയിത്തക്കാരായ കീഴ്ജാതിക്കാർ നടന്നുകൂടാ. വയൽ ചെളിയിലൂടെ ചുറ്റിവളഞ്ഞുവേണം പാവങ്ങൾക്കെത്താൻ. തങ്ങൾ മുന്നിൽ നടന്നു പോകുന്നുണ്ടെന്നും തീണ്ടാതെ നോക്കണമെന്നും മുന്നറിയിപ്പ് നൽകാൻ അടയാളത്തിനായി കട്ടയും തോലും ഇടവഴികളിൽ വെച്ചുവേണം കീഴാളർ വഴി നടക്കാൻ.

കൃസ്ത്യൻപള്ളിയാണെന്ന് തെറ്റിദ്ധരിച്ച് വാസ്കോഡിഗാമ പുത്തൂർ ശ്രീ. ദുർഗാക്ഷേത്രത്തിലെ പ്രസാദം വാങ്ങി കഴിച്ചിരുന്നത്രെ. ടിപ്പുവിന്റെ പടയോട്ടകാലത്ത്, പക്ഷേ ഒരു നാടൻ വീട്ടമ്മ പട്ടാളക്കാരെ തെറ്റിദ്ധരിപ്പിച്ച കഥയാണ് പ്രചാരത്തിലുള്ളത്. ക്ഷേത്രപാലകരുടെ കൈകൾ മുറിച്ചെടുത്ത് പട്ടാളക്കാരെ കാട്ടി ക്ഷേത്രം പണ്ടേ തകർന്ന ഒന്നാണെന്ന് പറഞ്ഞുവത്രെ.

ടിപ്പു നേരിട്ടുവന്നില്ലെങ്കിലും അദ്ദേഹത്തിന്റെ പട്ടാളക്കാർ ഊരിപ്പിടിച്ച വാളുമായി നാടു കീഴടക്കാൻ ഓടിയ കഥ പ്രചാരത്തിലുണ്ട്. ടിപ്പുവിന്റെ പടയോട്ടത്തെ ചെറുത്തതിന്റെ പേരിൽ കരുപ്പാളിക്കുടുംബത്തിന് സാമൂതിരി പതിച്ചുകൊടുത്ത ഭൂമിക്ക് നൽകിയ പേരും കൗതുകമുണർത്തുന്നതാണ്. പടയാളികളെ അരിഞ്ഞുവീഴ്ത്തിയ പറമ്പുകൾക്കുള്ള പേരുകൾ ഒടൽക്കണ്ടിപ്പറമ്പ്, തലകൊത്തിപ്പറമ്പ്, കരിക്കീർകണ്ടിപ്പറമ്പ് എന്നിങ്ങനെയാണ്.

സാമുദായിക സൗഹാർദ്ദത്തിന്റെയും മതസഹിഷ്ണതയുടെയും കാര്യത്തിൽ ഈ ഗ്രാമം ഏറെ മുന്നിലായിരുന്നു. വർഗീയ കോമരങ്ങൾ ഇളകിയാടിയ സമീപകാല സംഭവങ്ങളുടെ ഉഷ്ണക്കാറ്റിനൊന്നിനും ഇവിടുത്തെ സൗഹൃദത്തിന്റെ ശീതള സ്വാസ്ഥ്യം കെടുത്തിക്കളയാനായില്ല. ഒരു ജനതയുടെ രക്തത്തിൽ അലിഞ്ഞുചേർന്ന സന്മനോഭാവത്തിന്റെ സൂചനയാണിത്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് – ഉപ്പാപ്പ പറഞ്ഞ കഥ എ.പി. ഹാജി ഓർത്തെടുക്കുകയാണ് – കാരംവെള്ളിസ്വരൂപത്തിൽ കുടിയാനായിരുന്നു ആച്ചാമ്പറമ്പത്ത് ആലിക്കുട്ടി മൂപ്പൻ. സമ്പന്ന പ്രഭുകുടുംബങ്ങളെല്ലാം കൊള്ളയടിക്കപ്പെടുമെന്നുറപ്പാണ്. കാരംവെള്ളി കുറുപ്പശ്ശൻ ആലിക്കുട്ടിമൂപ്പനെ വിളിക്കാനയച്ചു. ആലിക്കുട്ടിസഹായിക്കണം. സ്വത്തെല്ലാം ദാനം തീരാക്കി പനയോലയിൽ എഴുതിയ പ്രമാണം ആലിക്കുട്ടിക്ക് നല്കി. പത്തായപ്പുരയിലെ വലിയപെട്ടിയിലെ ആലിക്കുട്ടിയെ ആഭരണപ്പെട്ടി ഏൽപ്പിച്ചു.

ടിപ്പു വരില്ലെന്നുറപ്പായപ്പോൾ ആലിക്കുട്ടിമൂപ്പൻ കാരംവെള്ളിയിലെത്തി ആഭരണപ്പെട്ടി അതേപോലെ തിരിച്ചു നൽകി. പനയോലയിലെഴുതിയ പ്രമാണം തിരിച്ചു തീരാക്കി കുറുപ്പശ്ശന് കൊടുത്തു. അന്ന് രജിസ്റ്റാറും രജിസ്ട്രേഷനും ആധാരവും ഇല്ലല്ലോ. സന്തുഷ്ടനായ കുറുപ്പശൻ ഒരു കല്പന പുറപ്പെടുവിച്ചു. "ഇനി മുതൽ ആച്ചാമ്പറമ്പത്തു നിന്നും അരികൊണ്ടുവന്നേ വിഷുവിന് ചോറുവെക്കാവൂ." സ്ഥാനവ്യത്യാസത്തിനും മതവ്യത്യാസത്തിനുമപ്പുറം മനുഷ്യത്വത്തിന്റെ ആർദ്രത

യായിരുന്നു ആ വാക്കുകൾക്കു പിന്നിൽ. വർഷങ്ങളായി തുടർന്നു പോന്ന വിഷുക്കാഴ്ച എപ്പോഴോ മുടങ്ങിപ്പോയി. പിറ്റേന്ന് കുറുപ്പശ്ശൻ വിളിക്കാൻ ആളയച്ചു. ചെന്നയുടനെ ഒരു പ്രമാണമെടുത്തു നീട്ടി. മൂത്തകുറുപ്പാശാന്റെ അന്നത്തെ കൽപ്പന വ്യക്തമായും എഴുതിവെച്ചിരിക്കുന്നു. "ആച്ചാമ്പറമ്പത്ത് നിന്ന് അരി കൊണ്ടുവന്നേ വിഷുവിന് ചോറുവെക്കേണ്ടു." പിന്നീട് ഒരു വിഷുവിനും – എ.പി ഹാജിക്ക് 15 വയസ്സുള്ള കാലത്തും – കാരംവെള്ളിക്ക് അരിമുടങ്ങിയിട്ടില്ലത്രെ.

മതാന്ധർ പരസ്പരം കടിച്ചുകീറാനായുമ്പോൾ ഇതാ പരസ്പരസ്നേഹത്തിന്റെ ഒരുദാത്തഭാവം.

* * * * * * *

അതിനിടക്ക് എപ്പോഴോ ഉയർന്നു വന്ന കുടിപ്പള്ളിക്കൂടങ്ങൾ. അദ്ധ്യാപകരിൽ മിക്കവരും ഗണികസമുദായത്തിൽപ്പെട്ടവർ. പനയോലയും എഴുത്താണിയും ഉപയോഗിച്ചാണ് പഠനം. പിന്നെയാണ് പുതിയങ്ങാടിയിലെ മിഷ്യൻ സ്കൂൾ ആരംഭിച്ചത്. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ അക്ഷരബോധം ഒരു പുതിയ ജനാധിപത്യ ബോധത്തിന് വഴിതെളിയിക്കുകയായിരുന്നു. കർഷകപ്രസ്ഥാനത്തിന്റെ വാഗ്ഭടാനന്ദഗുരുവിന്റെ, ആത്മാവിദ്യസംഘത്തിന്റെ, ദേശീയ പ്രസ്ഥാനത്തിന്റെയൊക്കെ സ്വാധീനം മെല്ലെ മെല്ലെ വേരുറക്കുകയായിരുന്നു. തൊട്ടുകൂടായ്മയും തീണ്ടലും സാർവ്വത്രികമായിരുന്ന ആ കാലത്ത് ഹരിജനങ്ങൾക്കായി പ്രത്യേകം സ്ക്കൂൾ ഉണ്ടായിരുന്നു. ആദിദ്രാവിഡ സ്കൂൾ. പഞ്ചമ സ്കൂൾ എന്നറിയപ്പെട്ട സ്ഥാപനം ഇടയ്ക്കെപ്പോഴോ അതിന്റെ പ്രവർത്തനം നിലച്ചപ്പോൾ ഏറ്റെടുക്കാൻ ഒരാൾ മുന്നോട്ടുവന്നു. ചെറുകുടി മാട്ടുവയൽ ചെറിയക്കൻ.



അക്ഷരാഭ്യാസമില്ലാത്ത ആ ഗ്രാമീണ കർഷകന്റെ ദീർഘവീക്ഷണമാണ് ചരിത്രത്തിൽ സ്ഥാനമില്ലാതിരുന്ന എലത്തൂരിനെ കോഴിക്കോടിന്റെ ഭൂപടത്തിൽ ശ്രദ്ധേയമാക്കിയത്. വയനാടൻ കാടുകളിൽനിന്നും മരം കൊണ്ടുവന്ന് തോണിയുണ്ടാക്കിയും കള്ളുഷാപ്പ് നടത്തിയും സമ്പന്നനായുയർന്ന അദ്ദേഹം സ്ഥാപിച്ച ആത്മപ്രബോധിനി സ്കൂളിൽ പഠിക്കാനായി നടുവണ്ണൂർ കക്കോടി പയ്യോളി ഭാഗത്തു നിന്നുപോലും വിദ്യാർത്ഥികൾ എത്തിച്ചേർന്നിരുന്നു. വടക്കെ മലബാറിൽ നിന്നു പുതിയ ജനാധിപത്യ ബോധവുമായി കടന്നുവന്ന അമ്പുക്കുട്ടി മാസ്റ്റർ, അബൂബക്കർ മാസ്റ്റർ തുടങ്ങിയവരുടെ ഉപദേശനിർദ്ദേശങ്ങൾ സ്വീകരിച്ചാണ് ശ്രീ. ചെറിയക്കൻ മുന്നോട്ടുപോയത്. അങ്ങിനെയാണ് ആത്മപ്രബോധിനി പിന്നീട് സി.എം.സി. ഹൈസ്ക്കൂളായി ഉയർന്നു വന്നത്. സ്കൂളിനുവേണ്ടി കെട്ടിടംവെക്കാനുള്ള കാശു തികയാതെ വന്നപ്പോൾ മഞ്ചേരി രാമയ്യരാണ് 2000 രൂപ നൽകി സഹായിച്ചത്. സ്കൂൾ സ്ഥാപിക്കുന്നതിനെതിരെ സുഹൃദ് സംഘത്തിൽ നിന്നുണ്ടായ എതിർപ്പിനെ അവഗണിച്ചുകൊണ്ടാണ് തികച്ചും അനാദായകരമായ ഒരേർപ്പാടിന് അദ്ദേഹം മുതിർന്നത്. അമ്പുക്കുടി മാസ്റ്റർ, അബൂബക്കർ മാസ്റ്റർ, കെ.കെ.പണിക്കർ മാസ്റ്റർ, കോരപ്പൻ മാസ്റ്റർ, കുമാരൻ മാസ്റ്റർ തുടങ്ങി പ്രഗത്ഭരായ അദ്ധ്യാപകരുടെ ശിക്ഷണത്തിൻ കീഴിൽ സി.എം.സി ഒന്നാന്തരം സ്ഥാപനമായി ഉയർന്നു നിന്നു.

തുഞ്ചത്തെഴുത്തച്ചൻ തിരൂർകാരനല്ലാതായി മാറിയതുപോലെ എലത്തൂരിന്റെ ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത പേരുകേട്ടൊരു സംസ്കൃത പണ്ഡിതൻ അക്കാലത്ത് ഇവിടെയുണ്ടായിരുന്നു. വാഗ്ഭടാനന്ദനും അരങ്ങിൽ ചാത്തുവൈദ്യർക്കും ഒപ്പം നടന്നും കളിച്ചും പഠിച്ചും വലുതായ മരക്കാട്ടിരിയിലെ കോരപ്പൻ ഗുരുക്കൾ. മഹാപണ്ഡിതരായ പ്രഭുക്കന്മാരെ മുട്ടുകുത്തിച്ച അസാമാന്യപണ്ഡിതനായിരുന്ന കോരപ്പൻ ഗുരുക്കൾ പിന്നീട് തലശ്ശേരി ബ്രണ്ണൻ കോളേജിലും മദിരാശി കൃസ്ത്യൻ കോളേജിലും അദ്ധ്യാപകനായി. അങ്ങനെ അവസാനം എലത്തൂരിന്റെ അതിരുകൾക്കുമപ്പുറമെത്തിയ അദ്ദേഹത്തിന്റെ "64 കലകൾ" എന്ന പുസ്തകം മാതൃഭൂമിയാണ് പ്രസിദ്ധപ്പെടുത്തിയത്. അകലങ്ങളിലെ പണ്ഡിതവരേണ്യന്മാരുമായി നടന്ന സംവാദങ്ങളിൽ തലയെടുപ്പോടെ ഉയർന്നു നിന്നിരുന്ന കോരപ്പൻ ഗുരുക്കളും അകലങ്ങളിലേക്കു പറന്നുയർന്നപ്പോൾ, എലത്തൂരിന്റെ ബൗദ്ധിക ജീവിതത്തിൽ ഏറെ സ്വാധീനമായി വളരാൻ അദ്ദേഹത്തിന് കഴിയാതെ പോയി. എന്നാൽ ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ ഈ ഗ്രാമത്തിലേക്കും കടന്നുവരികയും ഒരു പുതിയ ജനാധിപത്യ ബോധം കുറെയാളുകളിലെങ്കിലും നാമ്പിടുകയും ചെയ്തപ്പോൾ ജനകീയ സാംസ്കാരിക പ്രവർത്തനവും ഒരജണ്ടയായി ഉയർന്നുവന്നു. ആശാൻ സ്മാരക വായനശാലയുടെ സ്ഥാപനം അതുമായി ബന്ധപ്പെട്ടതാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസവും ഫാക്ടറി ജീവിതവും ഒരു പുതിയ ജീവിതരീതിയെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള തിരിച്ചറിവിലേക്ക് എലത്തൂരിനേയും നയിച്ചു. തീണ്ടലും തൊടീലും പഴയരൂപത്തിൽ തുടരാനാവാതെ വന്നു. ഫാക്ടറിയിലും സ്ക്കൂളിലുമൊക്കെ കീഴ്ജാതിക്കാരുമായി സഹവസിക്കേണ്ടി വരുന്നതുകൊണ്ട് വീട്ടിൽകയറി ഭക്ഷണം കഴിക്കുന്നതിന് മുൻപ് കുളിച്ച് ശുദ്ധം വരുത്തിയാൽ മതിയെന്നായി. ജാത്യനാചാരങ്ങളുടെ കോട്ടകൊത്തളങ്ങളിൽ വിള്ളലുകൾ വീഴുകയായിരുന്നു. എങ്കിലും തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിൽപോലും തീണ്ടൽ നിലനിർത്തിപ്പോന്ന അപൂർവ്വം ചില വീടുകളെങ്കിലും ഇവിടെ ഉണ്ടായിരുന്നു.

ഈ പ്രതികൂല സാഹചര്യങ്ങളിൽ ഒഴുക്കിനെതിരെ നീന്തി ജയിച്ച ഒരു നേതാവായിരുന്നു ഇ. കണ്ണൻ എം.എൽ.എ. അംബേദ്കറുടെ സെക്രട്ടറിയായിരുന്ന ഇ. കണ്ണൻ ആദ്യകാല കോൺഗ്രസ് നേതാവായിരുന്നു. ഹരിജനങ്ങൾക്ക് വഴിനടക്കാനും പൊതുകുളത്തിൽ കുളിക്കാനും ഉള്ള അവകാശത്തിനു വേണ്ടിക്കൂടി അദ്ദേഹം പോരാടിയിരുന്നു. ഭരണഘടനാ നിർമ്മാണസഭയിൽപോലും സന്നിഹിതനായിരുന്ന ഈ പ്രതിഭാശാലിയായ ഹരിജൻ നേതാവിനെ തിരിച്ചറിയാനും, അംഗീകരിക്കാനും എലത്തൂർ പഞ്ചായത്തിലെ 8-ാം വാർഡിലെ വോട്ടർമാർക്ക് എന്തുകൊണ്ടോ കഴിഞ്ഞില്ല. സ്വതന്ത്ര സ്ഥാനാർത്ഥിയായി 1963-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ച അദ്ദേഹം പരാജയപ്പെടുകയാണുണ്ടായത്.

ഹരിജനങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി പോരാടിയിരുന്ന ഹരിജൻ നേതാവാണ് ഇ. കണ്ണൻ എം.എൽ.എ.യെങ്കിൽ അതിനുവേണ്ടി ശബ്ദമുയർത്തിയ നാട്ടുമുഖ്യന്മാരുടെ കൂട്ടത്തിൽ പറമ്പത്ത് ചെക്കുട്ടിയും കളത്തും പുറത്ത് രാരിച്ചനും ഉണ്ടായിരുന്നു. അയ്യപ്പൻ കാവിന് മുൻപിലൂടെ ട്രോളിയിൽ കള്ളുമായി എത്തുന്നവരെ വഴിനടക്കുവാൻ വിടാത്തതിന് എതിരെ ശബ്ദം ഉയർത്തുകയാണ് പറമ്പത്ത് ചെക്കുട്ടി ചെയ്തതെങ്കിൽ ഹരിജനങ്ങളുടെ സംരക്ഷകനായി ഉയർന്നു നില്ക്കുകയായിരുന്നു കളത്തുംപുറത്ത് രാരിച്ചൻ. പുതിയനിരത്ത് ജട്ടിയിലടുക്കുന്ന ഉൾനാടൻ തോണികളിൽ കൊണ്ടുവരുന്ന ചരക്കുകൾ

കോഴിക്കോട് അങ്ങാടിയിലെത്തിക്കുന്ന മൂരിവണ്ടികളിൽ മിക്കതും കളത്തുംപുറത്ത് രാരിച്ചന്റേതായിരുന്നു. പുത്തൻകാശുകാർ പലപ്പോഴും അതീവ ലുബ്ധൻമാരാവുകയാണ് പതിവ്. എന്നാൽ തികച്ചും ധർമ്മിഷ്ഠനും, സാധുജനസേവകനുമായി മാറുകയായിരുന്നു കളത്തുംപുറത്ത് രാരിച്ചൻ. മദ്യപാനത്തിനെതിരെ ഗാന്ധിജി നടത്തിയ ഉപദേശം സ്വന്തം ജീവിതത്തിൽ പകർത്തിയപ്പോഴുണ്ടായ ഉൽക്കർഷം അദ്ദേഹത്തെ തികഞ്ഞ ഗാന്ധിഭക്തനാക്കിയിരുന്നു. കോൺഗ്രസ്സിന് എലത്തൂരിൽ വേരോട്ടം ഉണ്ടാക്കുന്നതിന് കളത്തുംപുറത്ത് രാരിച്ചന്റെ സേവനം കുറച്ചൊന്നുമല്ല സഹായിച്ചത്. കോൺഗ്രസ്സിലേക്ക് പിന്നീട് കടന്നുവന്നയാളാണ് കളത്തുംപുറത്ത് രാരിച്ചൻ എങ്കിൽ കാരന്നൂർ ദേശത്ത് കോൺഗ്രസ്സിന്റെ വിത്ത് പാകിയ ആളായിരുന്നു കെ.ടി. ആണ്ടി. ദീർഘകാലം പഞ്ചായത്ത് പ്രസിഡന്റായിരുന്ന അദ്ദേഹമാണ് എലത്തൂർ പഞ്ചായത്തിന്റെ ആദ്യപ്രസിഡന്റ്. കേരളത്തിൽ പഞ്ചായത്തുകൾ രൂപംകൊള്ളുന്നതിന് മുമ്പായി കാരന്നൂരിൽ പഞ്ചായത്ത് ഭരണം ഏർപ്പെടുത്തിയപ്പോൾ അതിന്റെ പ്രസിഡന്റായി തെരഞ്ഞെടുത്തത് കെ.ടി. ആണ്ടിയെ ആയിരുന്നു. ഏത് ജനകീയ പ്രശ്നത്തിലും കടന്നുകയറി ഇടപെടുകയും, ആപത്ഘട്ടങ്ങളിലത്രയും സഹായവുമായി ഉയർന്നുനില്ക്കുകയും ചെയ്തുകൊണ്ട് ഈ പ്രദേശത്തെ സാധാരണ മനുഷ്യരെ ദേശീയപ്രസ്ഥാനത്തിലേക്ക് ആകർഷിച്ച ആളായിരുന്ന അദ്ദേഹം അക്കാലത്തെ ഒരു ഉശിരനായ പോരാളിയായിരുന്നു. മർദ്ദനത്തിൽനിന്നും മർദ്ദനത്തിലേക്ക് നടന്ന അദ്ദേഹം പലഘട്ടങ്ങളിലും അറസ്റ്റിലായിട്ടുണ്ട്. വ്യക്തി സത്യാഗ്രഹ കാലത്ത് വെങ്ങാലി ട്രെയിൻ ഹാൾട്ടിൽ വെച്ചായിരുന്നു ഒരറസ്റ്റ്. 40 ഡിസംബർ 20ന് മാനാഞ്ചിറയ്ക്കടുത്തു വെച്ച് മറ്റൊരറസ്റ്റ്. അപകടകാരിയായ തടവുകാരനെന്ന നിലക്ക് കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് ആലിപ്പൂർ ജയിലിലേക്ക് സ്ഥലം മാറ്റി. ശിക്ഷാവിധി കഴിഞ്ഞ് തിരിച്ചെത്തിയ ഉടനെ കക്കോടിയിൽ നിരോധനാജ്ഞ ലംഘിച്ച് പ്രകടനം നടത്തിയതിന് വീണ്ടുമറസ്റ്റ്. പൊയിലിൽ ഗോവിന്ദനും ഇ.പി.മമ്മത്കോയയും അന്ന് കഷ്ടിച്ച് രക്ഷപ്പെട്ടതാണ്.



ദീർഘകാലം പഞ്ചായത്തു പ്രസിഡണ്ടായിരുന്ന അദ്ദേഹത്തിന് സ്വന്തം സഹപ്രവർത്തകരുടെ അവിശ്വാസപ്രമേയത്തെ അതിജീവിക്കാനായില്ല. രാഷ്ട്രീയത്തിലെ വളവു തിരിവുകൾ അന്ന് അത്രക്ക് സങ്കീർണ്ണമായിരുന്നല്ലോ.

ദേശീയ പ്രസ്ഥാനത്തിന്റെ ധീരസ്മരണകൾ ഏറെ ഓർക്കാനുള്ള ഒരു പ്രദേശമാണ് പെരുന്തുരുത്തി. അവിടത്തെ വീരാങ്കിൽ ഭഗവതിക്ഷേത്രത്തിനകത്ത് വെച്ചാണ് അന്നത്തെ 'സ്വരാജ്' പത്രം കല്ലച്ചിൽ പുറത്തിറക്കിയത്. ജാത്യാചാരങ്ങളോടേറ്റുമുട്ടി ബഹിഷ്കൃതനായിട്ടും കൂസാതെ നില്ക്കാൻ കരുപ്പാളി ആണ്ടിക്കുട്ടിക്ക് ഊർജ്ജം പകർന്നത് ജനകീയപ്രസ്ഥാനത്തിനൊപ്പം വാഗ്ഭടാനന്ദ ഗുരുദേവനുമായിരുന്നു. സ്വന്തം തറവാട് വക ക്ഷേത്രം ഇടിച്ചു തകർത്തുകൊണ്ട് വിഗ്രഹാരാധനക്കെതിർ നിൽക്കുകയായിരുന്നു അദ്ദേഹം. മൃഗബലിക്കെതിരെയുള്ള എതിർപ്പ് വളർന്ന് വന്ന് ഒടുക്കം അത് ആത്മവിദ്യാസംഘത്തിന്റെ പ്രവർത്തനത്തിലെത്തിച്ചേരുകയാണുണ്ടായത്. വണ്ണാത്തിമാറ്റ്, അടുത്തോൻ കർമ്മം എന്നിവ വേണ്ടെന്ന് വെച്ചതിന്റെ പേരിൽ പെരുംതിരുത്തിയിലെ രണ്ട് മൂന്ന് വീടുകളൊഴികെ സമുദായമാകെ അദ്ദേഹത്തെ ബഹിഷ്കരിക്കുകയായിരുന്നു. എന്നിട്ടും പിടിച്ച് നിന്ന് അതിനെയെല്ലാം അതിജീവിച്ച് അദ്ദേഹം തീർച്ചയായും കാലത്തിന് മുന്നേ ജീവിച്ച ഒരാൾ തന്നെ.

കോൺഗ്രസ്സിന്റെ പതാകക്ക് ഒപ്പം തീയ്യരുടെ ആത്മാഭിമാന ബോധത്തിന്റെ കൊടികൂടി ഉയർത്തിക്കൊണ്ടാണ് അരങ്ങിൽ ചന്തുഡോക്ടർ ദേശീയ പ്രസ്ഥാനത്തിലേക്ക് എടുത്തുചാടിയത്. എലത്തൂരിലെ സമ്പന്നകുടുംബങ്ങളിൽ മിക്കതും കോൺഗ്രസ്സിനെതിരായി നിന്നൊരു കാലത്താണ് ബ്രിട്ടീഷ് പട്ടാളത്തിൽ ഡോക്ടറായി സേവനമനുഷ്ടിച്ചിരുന്ന അദ്ദേഹം സ്വദേശി പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടനാവുന്നത്. പഴശ്ശിയുടെ ക്യാബിനറ്റിൽ പ്രാതിനിധ്യം ഉണ്ടായിരുന്നു അരങ്ങിൽ കുടുംബത്തിന്. ബ്രിട്ടീഷുകാരുമായി സമരസപ്പെട്ടുപോകുന്നതാണ് നല്ലതെന്ന് ഉപദേശിച്ചതിന്റെ പേരിൽ പഴശ്ശി രാജാവുമായി ഇടഞ്ഞ് രാജ്യം വിട്ട് കോരപ്പുഴ കടന്ന് രക്ഷപ്പെട്ട് എലത്തൂരിലെത്തിയ ആ കുടുംബത്തിലെ മൂന്നാം തലമുറക്കാരൻ ബ്രിട്ടീഷുകാർക്ക് ഒരു വെല്ലുവിളിയായി ഉയരുകയായിരുന്നു. സാമുതിരിയിൽനിന്നും ബ്രിട്ടീഷുകാരിലെത്തിയ ഭൂമിക്ക് നികുതി നൽകിക്കൊണ്ട് നേരിട്ട് ജന്മാവകാശം നേടുകയായിരുന്നു അരങ്ങിൽക്കാരണവർ. അതുകൊണ്ട് തന്നെ എലത്തൂർ ദേശത്തെ ഭൂമിയുടെ ഏറിയപങ്കും അവരുടേതായി തീർന്നു.

സാമ്പത്തികമായ ഈ ഉൽക്കർഷം സാമൂഹിക അനാചാരങ്ങൾക്കെതിരെയുള്ള പോരാട്ടത്തിന് ഊർജ്ജദായകമായിരിക്കണം. “മാതൃഭൂമി”യുടെ ഡയരക്ടർ ആയിരുന്ന ചന്തുഡോക്ടർ അക്കാലത്തെ സവർണ്ണ ഹിന്ദുക്കളുടെ കോട്ടയും തൊട്ടുകൂടായ്മയുടെ കേന്ദ്രവുമായ ബിലാത്തികുളത്തുള്ള കെ.പി.കേശവമേനോന്റെ വീട്ടിലെ നിത്യസന്ദർശകനായിരുന്നു. (തളിക്ഷേത്രത്തിന്റെ മുന്നിലൂടെ അവർണ്ണക്ക് വഴി നടക്കാനുള്ള അവകാശത്തിന് വേണ്ടിയുള്ള പോരാട്ടം ഏതാണ്ട് ഇതേ കാലത്തായിരുന്നു. ഒടുക്കം സമരക്കാരുടെ പക്ഷത്ത് മഞ്ചേരി രാമയ്യരും കെ.പി.കേശവമേനോനും അണിനിരന്നിരുന്നു.) വ്യക്തി സത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചത് വെങ്ങാലി ട്രെയിൻ ഹാൾട്ടിൽ വെച്ചാണെങ്കിലും ചന്തുഡോക്ടർക്ക് എലത്തൂരുമായുള്ള ബന്ധം പിന്നെ ഏറെ തുടർന്നില്ല.

ഒറ്റപ്പെട്ട വ്യക്തികളുടെ സഹനസമരത്തിന് അപ്പുറത്തേക്ക് എലത്തൂരിലെ സ്വാതന്ത്ര്യസമരപ്രസ്ഥാനം വളർന്നിരുന്നില്ല. അതുകൊണ്ടു തന്നെ ജനതയിലാകെ ഒരു ഉയർന്ന ജനാധിപത്യബോധം വളർത്തിയെടുക്കാനായില്ല.

* * * * * * *

തലക്കുളത്തൂരിലെ പറമ്പത്ത് റാഫി അഹമ്മത് കിദ്വായി സ്കൂളിനടുത്ത് കെട്ടി ഉണ്ടാക്കിയ സ്റ്റേജ്. ഗാന്ധിജിയുടെ പൂർണ്ണകായ ഫോട്ടോയുള്ള കർട്ടൻ. നാടകം തുടങ്ങുകയായി. നിർധനനായ ഒരു ഗ്രാമീണ യുവാവായി വേഷമിട്ടയാൾ സുകുമാരൻ റൈറ്ററായിരുന്നു–അബ്ദുള്ളകോയ ഓർത്തെടുക്കുകയായിരുന്നു. കാരന്നൂർ അംശക്കാർക്ക് എലത്തൂർ അംശത്തെ കോൺഗ്രസ്സുകാരുമായി ഏറെ ബന്ധമൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും കോൺഗ്രസ്സ് നേതാവായ സുകുമാരൻ റൈറ്ററെ കേട്ടറിവുണ്ടായിരുന്നു. ആശാൻ സ്മാരക വായന ശാലയുടെയും കോൺഗ്ര

സ്സിലെ ഇടതുപക്ഷത്തിന്റെയും നേതാവാണ് അന്ന് കോമൺവെൽത്തിലെ ഗുമസ്തനായിരുന്ന സുകുമാരൻ റൈറ്റർ. കറുവാടത്ത് കിട്ടയും കോട്ടയാടത്ത് ഇസ്മായിലും റൈറ്ററുടെ സഹപ്രവർത്തകർ ആയിരുന്നു. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിലും പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയിലും എത്തിയ സുകുമാരൻ റൈറ്റർക്കൊപ്പം കറുവാടത്ത് ബസാറിലെ ചെറുപ്പക്കാരുടെ ഒരു വൻ നിരതന്നെ ഉണ്ടായിരുന്നു. വടക്ക് നിന്ന് വന്ന ശങ്കരൻ മാസ്റ്ററും അമ്പുക്കുട്ടി മാസ്റ്ററുമായിരുന്നു, എലത്തൂരിൽ കമ്മ്യൂണിസത്തിന്റെ വിത്തുപാകിയത്. ചിരുകണ്ഠൻ റൈറ്റർ, ഭാസ്ക്കരൻ വൈദ്യർ തുടങ്ങിയവരും ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകരിൽ പ്രമുഖരായിരുന്നു.

പി. കൃഷ്ണപിള്ള, ചാത്തുണ്ണി മാസ്റ്റർ, പി.സി. രാഘവൻ നായർ തുടങ്ങി ദേശീയപ്രസ്ഥാനത്തിലും അതുവഴി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും എത്തിച്ചേർന്ന പ്രമുഖ നേതാക്കളുടെ സജീവ സാന്നിധ്യം കൊണ്ട് അനുഗൃഹീതമായിരുന്നു ഈ പ്രദേശം.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒളിസങ്കേതങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു എലത്തൂർ കടപ്പുറം. ഭഗവതി കാവായിരുന്നു ഒരു പ്രധാന ഒളിത്താവളം. രഹസ്യരേഖകൾ അച്ചടിക്കുന്ന കല്ലച്ച് അവിടെയായിരുന്നു സ്ഥാപിച്ചത്. പിന്തുടരുന്ന പോലീസ് പാർട്ടിയുടെ കണ്ണ് വെട്ടിച്ച് ചകിരിക്കുഴിയിൽ ചകിരിയെടുക്കുകയായിരുന്ന സ്ത്രീ തൊഴിലാളികൾക്കൊപ്പം അവരിൽ ഒരാളായി പണിയെടുത്ത് രക്ഷപ്പെട്ട ഒളി വിപ്ലവകാരി സുബ്രഹ്മണ്യ ഷേണായി ആയിരുന്നു അത്രേ!.



നടപ്പുദീനം ഇളകിയാടിയ കാലത്ത് കൈമെയ് മറന്ന് ആശ്വാസപ്രവർത്തനത്തിന് ഓടിയെത്തിയവരിൽ സുകുമാരൻ റൈറ്ററും ഭാസ്കരൻ വൈദ്യരുമൊക്കയുണ്ടായിരുന്നു. ഹജൂരാപ്പീസിൽ യൂണിയൻ ജാക്ക് പതാക താഴെയിറക്കി ചെങ്കൊടി ഉയർത്തിയതിന് പിന്നിൽ ടി.എൻ. വാസുവായിരുന്നു. കുടിയൊഴിക്കലിനെതിരായും ജാതീയാനാചാരങ്ങൾക്കെതിരെയും സംഘടിത പ്രവർത്തനം നടത്തി ജനങ്ങളുടെ ആത്മബോധമുണർത്തുന്നതിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല നേതാക്കൾ വഹിച്ച പങ്ക് വളരെ വലുതാണ്.

ഈ പ്രവർത്തനങ്ങളുടെയെല്ലാം ഭാഗമായി കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് നല്ല വേരോട്ടം ഉണ്ടാക്കാനായെങ്കിലും ഒന്നാം തെരഞ്ഞെടുപ്പിൽ എ.കെ.ജി.യെ തോൽപ്പിച്ച് എം.എൽ.എ ആയത് കോൺഗ്രസ്സ് സ്ഥാനാർത്ഥിയായിരുന്ന അരങ്ങിൽ ചന്തുഡോക്ടർ ആയിരുന്നു. ഐക്യകേരളം രൂപപ്പെട്ടതിന് ശേഷമുള്ള തെരഞ്ഞെടുപ്പിൽ ചേവായൂർ ഫർക്കയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ എ.ബാലഗോപാൽ ആയിരുന്നു. ഇ.എം.എസ് ഗവൺമെൻറിനെതിരെ നടന്ന വിമോചനസമരത്തിൽ എലത്തൂർ പഞ്ചായത്തിലെ മിക്ക സമ്പന്നകുടുംബങ്ങളിലെ വിദ്യാർത്ഥിനീ വിദ്യാർത്ഥികളും പങ്കെടുത്തിരുന്നു. വിദ്യാർത്ഥി സമരത്തിന്റെ ആരംഭബിന്ദു ഇതായിരുന്നുതാനും.

ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലായിരുന്ന കർഷക തൊഴിലാളികളെയും ഭൂരഹിത കർഷകരെയും സംഘബോധത്തിലേക്കും കൂടുതൽ ഉയർന്ന അവകാശബോധത്തിലേക്കും സാമൂഹ്യ തുല്യതയിലേക്കും നയിച്ച 67–ലെ കുടികിടപ്പു സമരത്തിന് നേതൃത്വം നൽകുന്നതിൽ സുകുമാരൻ റൈറ്റർ, പി. ചെക്കുട്ടി, പി.ടി. ഇമ്പിച്ചൻ, കെ. ഭാസ്കരൻ തുടങ്ങിയവർ വഹിച്ച പങ്ക് വളരെ വലുതാണ്.

ഒരു കാലത്ത് ഉൾനാടൻ ഗ്രാമങ്ങളുടെ ജീവിതചലനങ്ങളുടെ ആകെ തുടപ്പുകളേറ്റുവാങ്ങിക്കൊണ്ട് വളർച്ചയിലേക്ക് കുതിച്ച ഈ പഞ്ചായത്ത്, അവിടങ്ങളിലൊക്കെ വികസനത്തിന്റെ പുതിയ സാദ്ധ്യതകൾ ഉയർന്നുവന്നതോടെ പിറകോട്ടു നീങ്ങുകയാണുണ്ടായത്. ഗ്രാമീണ മേഖലകളിലേക്ക് റോഡുകളും ലോറി സൗകര്യങ്ങളും വർദ്ധിച്ചതോടെ എലത്തൂരിനെ ആശ്രയിക്കാതെ തന്നെ അവരുടെ കാര്യങ്ങൾ നിർവഹിക്കാമെന്നായി. പാലങ്ങളോരോന്നും പുതുതായി തുറന്നതോടെ എലത്തൂരിന്റെ പഴയ പ്രതാപം കുറഞ്ഞു കുറഞ്ഞു വന്നു. മംഗലാപുരം മുതൽ തെക്കോട്ടുള്ള മത്സ്യം മുഴുവൻ സംഭരിച്ച് ഉണക്കി കയറ്റമതി ചെയ്തിരുന്ന മീൻചാപ്പകൾ അടഞ്ഞു. പണ്ട് പിയേഴ്സ് ലെസ്ലിയുടെ അണ്ടിക്കമ്പനി ആരംഭിക്കാനായി സ്ഥലം വിലക്ക് വാങ്ങിയതിന് ശേഷം ആ ഉദ്യമം ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. അതിന്നും ആവർത്തിക്കുന്ന ചരിത്രമാണ് നമ്മുടേത്. കൊക്കനട്ട് കോംപ്ലക്സ് തിരുവങ്ങൂരിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. പുതിയ വ്യവസായങ്ങളൊന്നും കടന്നു വന്നതുമില്ല. നാളികേരത്തിന്റെ വിലയിടിഞ്ഞതോടെ ധനിക കർഷകരുടേയും സ്ഥിതി അവതാളത്തിലായി.

ഇങ്ങനെയൊക്കെയാണെങ്കിലും, പരിമിതികൾക്കകത്തുനിന്നുകൊണ്ട്, ജനപങ്കാളിത്തത്തോടെ വികസനപ്രവർത്തനത്തിൽ ഏർപ്പെട്ടതിന്റെ ഫലമായി കെ. കൃഷ്ണൻ പ്രസിഡന്റായിരുന്ന കാലത്ത് കോഴിക്കോട് ജില്ലയിലെ ഏറ്റവും നല്ല പഞ്ചായത്തിനുള്ള അവാർഡ് നാം നേടുകയുണ്ടായി.

ഒരു കാലത്ത് എലത്തൂർ റെയിൽവേ സ്റ്റേഷൻ തിരക്കേറിയ ഒന്നായിരുന്നു. 1987ൽ 73,032 യാത്രക്കാരാണ് ഈ സ്റ്റേഷനിൽ നിന്നും ടിക്കറ്റ് വാങ്ങിയത്. വെസ്റ്റ്ഹില്ലിൽ ഇത് 57204 ഉം ചേമഞ്ചേരിയിൽ 65874 ഉം ആയിരുന്നു. വിദൂരദേശങ്ങളിൽ നിന്നും കാൽനടയായി എത്തി തീവണ്ടി വഴി യാത്ര ചെയ്തിരുന്നവർ തങ്ങളുടെ വീട്ടുമുറ്റത്തു കൂടി കടന്നു പോകുന്ന ബസ്സ് സർവ്വീസുകളുടെ വരവോടെ തീവണ്ടി യാത്ര തന്നെ മറന്നു. സ്വാഭാവികമായും അത് എലത്തൂരിന്റെ പ്രാധാന്യത്തിന് മങ്ങലേല്പ്പിച്ചു. 1940ൽ കോരപ്പുഴ പാലം സ്ഥാപിച്ചതോടെ ആരംഭിച്ച ഈ പിറകോട്ടടി വർദ്ധിച്ചു വരികയാണ്. ഉൾനാടൻ ജലഗതാഗതത്തിനുള്ള ഏറെ സാദ്ധ്യതകളുണ്ടായിട്ടും ഒരിക്കൽ സജീവമായിരുന്ന ബോട്ട് സർവ്വീസും ഇവിടെ നിന്നും അപ്രത്യക്ഷമായിരിക്കുന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തികച്ചും ഗ്രാമീണവും, നിഷ്കളങ്കവുമായ മുഖമായിരുന്നു ഏലത്തൂരിനെങ്കിൽ ഇന്നത് നഗരവൈകൃതത്തിന്റെ രൗദ്രഭാവം കൂടി ഉൾക്കൊള്ളുന്നു. കച്ചവടസംസ്ക്കാരം മാനുഷിക സ്പർശംതന്നെ നശിപ്പിച്ചുകളയുന്നു. കമ്പോളവ്യവസ്ഥയുടെ ദുരജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അതിക്രമിച്ചു കയറുന്നു. കൂട്ടായ്മതന്നെ തകർക്കപ്പെടുകയും വ്യക്തിയുടെ സ്വകാര്യ ലാഭമാണ് ഏറെ പ്രധാനമെന്ന് കൊണ്ടാടപ്പെടുകയും ചെയ്യുന്നു. വ്യക്തിബന്ധങ്ങളിലും കുടുംബബന്ധങ്ങളിലും ഏറെ വിള്ളലുകൾ വീഴ്ത്തിക്കൊണ്ടാണ് ശുദ്ധസൗഹൃദത്തിനുപോലും കൊള്ളപലിശയുടെ തുക കണക്കാക്കുന്ന രീതി നാട്ടുമുക്കുകളിലേക്ക് വ്യാപിക്കുന്നത്. സ്വന്തം ലാഭത്തിനുമപ്പുറം ഒരു ലോകമില്ലെന്ന ധാരണ വ്യാപിക്കുമ്പോൾ ഇതാ ഇവിടെ നമ്മുടെ ഈ നല്ല മണ്ണിൽ നമുക്കൊക്കെ മുമ്പെ നടന്നുപോയവർ ഏറെ ചോരചിന്തിയിരുന്നുവെന്ന് ഓർമ്മിപ്പിക്കാനാണീ കുറിപ്പ്. ○

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

## ഭൂപ്രകൃതി -

സമുദ്രനിരപ്പിൽ നിന്നും 610 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന അരിക്കൻ കുന്നിൽ നിന്നും ഉത്ഭവിച്ച് ഒഴുകുന്ന പൂനൂർ പുഴയുടെയും, ഒരു കായലെന്ന് വിശേഷിപ്പിക്കാവുന്ന അകലാപ്പുഴയിൽ നിന്നും പുറപ്പെട്ട് കടലിലേക്കൊഴുകിചേരുന്ന കോരപ്പുഴയുടെയും തെക്കേ കരയിലാണ് എലത്തൂർ പഞ്ചായത്ത്. വടക്ക് ചേമഞ്ചേരി, തലക്കുളത്തൂർ പഞ്ചായത്തുകളും തെക്ക് കോഴിക്കോടു കോർപറേഷനും കിഴക്ക് കക്കോടി പഞ്ചായത്തും പടിഞ്ഞാറ് അറബിക്കടലും ആണ് പഞ്ചായത്തിന്റെ അതിർത്തികൾ. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 1358 ഹെക്ടറാണ്. (13.58 സ്ക്വ കിലോമീറ്റർ) പഞ്ചായത്തിന്റെ 20%ലധികം ഭാഗത്തും വെള്ളം കെട്ടിക്കിടക്കുന്നു. ആദ്യകാലങ്ങളിൽ പൂനൂർപുഴ കാലവർഷക്കാലത്ത് വഴിമാറിയൊഴുകിയിരുന്നു. പടിഞ്ഞാറുഭാഗത്ത് റെയിൽപാതക്ക് വെള്ളപ്പൊക്ക ഭീഷണിയുണ്ടായപ്പോൾ തടയാനായി ഉണ്ടാക്കിയതാണ് മൂളിയാർ നടയെന്നും പറയുന്നു. ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ നിന്നും മലഞ്ചരക്കും നാളികേരവും മറ്റ് ഉൽപന്നങ്ങളും വഹിച്ചെത്തിയിരുന്ന നാടൻ വള്ളങ്ങൾക്ക് കോഴിക്കോട്ടെ വിപണിയിലേക്ക് കടക്കാനുള്ള പ്രവേശന കവാടമായിരുന്ന എരഞ്ഞിക്കൽ ബസാർ ഇന്ന് ഗതകാല പ്രൗഢി അയവിറക്കിക്കൊണ്ടിരിക്കുന്നു. 1822ൽ തിരുവിതാംകൂർ സ്പെഷൽ കമ്മീഷണറായിരുന്ന മി.ഗ്രെമേ തിരുവിതാകൂറിനെയും മലബാറിന്റെ വടക്കൻ മേഖലയെയും ബന്ധിപ്പിക്കാനായി ഒരു ഉൾനാടൻ ജലപാത ഉണ്ടാക്കാനുള്ള പദ്ധതിക്ക് രൂപം കൊടുത്തു. അതിന്റെ ഭാഗമായാണ് 1848ൽ മലബാർ കലക്ടറായിരുന്ന മി.കൊനോലി പണി കഴിപ്പിച്ച കൊനോലി കനാൽ. ഇത് കല്ലായി പുഴയെയും എരഞ്ഞിക്കൽ ബസാറിന്നടുത്ത് മംഗലപുഴയെയും ബന്ധിപ്പിക്കുന്നു. മംഗലപുഴയിൽ രണ്ടു പ്രധാന ദ്വീപുകൾ വലിയ തുരുത്തിയും, പാമ്പൻ തുരുത്തിയും പ്രകൃതി മനോഹരമായ പ്രദേശങ്ങളാണ്.

അക്ഷാംശം 11°, 22' 2''-നും രേഖാംശം 75° 39' ന്നും 78°, 47'ന്നും ഇടയിലാണ് കോഴിക്കോട് ജില്ലയുടെ തെക്ക് പടിഞ്ഞാറ് കിടക്കുന്ന എലത്തൂർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ഭൂപ്രകൃതിയനുസരിച്ചു പഞ്ചായത്തിനെ അഞ്ചു മേഖലകളായി തിരിക്കാം.

നിമ്നോന്നതിയെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ, സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ, 20 മീറ്റർ മുതൽ 50 മീറ്റർ, 50 മീറ്ററിന്നു മുകളിൽ ഉയരമുള്ള പ്രദേശം എന്നിങ്ങനെ വേർതിരിക്കാം. മൊകവൂരിലെ കാരക്കാട്, ഒമ്പതാം വാർഡിന്റെയും പത്താം വാർഡിന്റെയും അതിർത്തിയിലുള്ള പൂളാടിക്കുന്നു മുതലായ പ്രദേശങ്ങളാണ് ഉയരം കൂടിയ പ്രദേശങ്ങൾ. പഞ്ചായത്തിന്റെ ഏതാണ്ട് 20% വരുന്ന ഭാഗങ്ങളിൽ ചതപ്പുനിലങ്ങളോ വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശങ്ങളോ ആണ്. വേനൽക്കാലമായാൽ ഈ പ്രദേശങ്ങളിൽ മുഴുവൻ ഓർ കയറുകയും ചെയ്യും. സമുദ്രതീരം 20 മീറ്റർ ഉയരത്തിൽ കുറവുള്ള പ്രദേശങ്ങളാണ്. ബാക്കി വരുന്ന ഭാഗങ്ങൾ 20നും 50നും മീറ്റർ ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. ഉയർന്ന സമതലങ്ങളിലും ചരിവുകളിലും താഴ്വരകളിലും തീര സമതലത്തിലും പൊതുവെ നാളികേരം തന്നെയാണ് പ്രധാന വിള. കൂടാതെ കിഴക്കൻ പ്രദേശങ്ങളിൽ ഒരു കാലത്തു നല്ല തോതിൽ നെൽകൃഷി നടത്തിയിരുന്ന വയലുകളെല്ലാം തന്നെ ഇന്ന് നികത്തി തെങ്ങു കൃഷിചെയ്തു വരുന്നു. ചെങ്കൽ മണ്ണ് നിറഞ്ഞ ഉയരമുള്ള പ്രദേശങ്ങളിൽ മിശ്രവിളകളാണ്. എല്ലാതരം ഫലവൃക്ഷങ്ങളും പ്രത്യേകിച്ചും. കിഴങ്ങുവർഗങ്ങൾ നന്നായി ഉണ്ടാവുകയും ചെയ്യുന്നുണ്ട്.

**1. ഉയർന്ന സമതലം 2. ഇടത്തരം ചരിവ്**
**3. താഴ്വര 4. തീര സമതലം**
**5. കടൽ തിട്ട്.**

ഓരോന്നിന്റെയും വിസ്തീർണ്ണം താഴെ കൊടുത്ത പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ഭൂപ്രകൃതി മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| ഉയർന്ന സമതലം | 37.85 | 2.78% |
| ഇടത്തരം ചരിവ് | 83.37 | 6.13% |
| താഴ്വര | 245.02 | 18.04% |
| തീരസമതലം | 604.82 | 44.53% |
| കടൽതിട്ട് | 115.34 | 8.49% |
| വെള്ളം | 271.60 | 20.03% |
| ആകെ | 1358.00 | 100.00 |

നിമ്നോന്നത മേഖലകളുടെ വിസ്തൃതിയും മൺതരങ്ങളുടെ വിസ്തൃതിയും ഇനം തിരിച്ചു ചുവടെ പട്ടികകളിൽ കൊടുത്തിരിക്കുന്നു.

| നിമ്നോന്നത മേഖലകൾ | വിസ്തൃതി | ശതമാനം |
|---|---|---|
| 20 മീറ്ററിന്നു താഴെ | 720.16 | 53.02% |
| 20ന്ന് 50ന്നും ഇടയിൽ | 328.39 | 24.17% |
| 50 മീറ്ററിന്നു മുകളിൽ | 37.85 | 2.78% |
| വെള്ളം | 271.6 | 20.03% |
| ആകെ | 1358.0 | 100 |

**മൺതരങ്ങളുടെ ഇനവും വിസ്തൃതിയും**

| മൺതരങ്ങൾ | വിസ്തൃതി | ശതമാനം |
|---|---|---|
| എക്കൽ മണ്ണ് | 784.98 | 57.8% |
| ചെങ്കൽ പൊടിമണ്ണ് | 121.22 | 8.91% |
| കടൽതീരപൂഴി കലർന്ന മണ്ണ് | 180.2 | 13.26% |
| വെള്ളം | 271.6 | 20.03% |
| ആകെ | 1358.00 | 100.00 |

## ജലപ്രകൃതി

പഞ്ചായത്തിന്റെ 20% വരുന്ന ഭൂഭാഗം വെള്ളമാണെങ്കിലും പലഭാഗങ്ങളിലും ജലദൗർലഭ്യമുണ്ട്. വെള്ളംകെട്ടികിടക്കുന്ന മംഗലപുഴയോട് തൊട്ടുകിടക്കുന്ന, ഭാഗങ്ങൾ പെരുംതുരുത്തി പ്രദേശം, ഒന്നാം വാർഡിന്റെ വടക്ക് ഭാഗം, കോരപ്പുഴഭാഗം, തേവർകണ്ടി പ്രദേശം, പുതിയ നിരത്തു ബോട്ടുജട്ടിപ്രദേശം, കൂടാതെ 1, 2, 12 വാർഡുകളിലും കടുത്ത ശുദ്ധജലക്ഷാമമുണ്ട്. പെരുംതുരുത്തിപ്രദേശം, പുഞ്ചപ്പാടം, മാടച്ചാലി, പാടംവയൽ, മൂർക്കനാട്ട് ചാലി 6,7, വാർഡുകളെ ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിലെല്ലാം ഓര് കയറ്റം തടയാനായി ചീപ്പുകൾ പണിതിട്ടുണ്ടെങ്കിലും ഇവയിലൊന്നും ഷട്ടറുകൾ പ്രവർത്തിക്കുന്നതേയില്ല. ഇത് കാരണം സമീപപ്രദേശങ്ങളിലെല്ലാം ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. പെരുംതുരുത്തി പാടം വയലിൽ ഓരുകയറുന്നതുകൊണ്ടാവാം നെൽകൃഷി പൂർണ്ണമായി നിർത്തിവെക്കേണ്ടി വന്നത് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പൂനൂർപുഴ - പൂളാടിതോട് പദ്ധതി നടപ്പാക്കുകയും ആ ഭാഗത്തെ ഷട്ടറുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കയും ചെയ്യാൻ കഴിഞ്ഞാൽ ഈ ഭാഗത്തെ ശുദ്ധ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

പഞ്ചായത്തിലെ പ്രധാന കുളങ്ങളുടെ വിവരം താഴെ കൊടുത്ത പട്ടികയിൽ കൊടുത്തിരിക്കുന്നു.

## ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം എലത്തൂർ പഞ്ചായത്തിലെ ജനസംഖ്യ 36787 ആണെന്നു കാണുന്നു. ഇതിൽ 18057 പുരുഷന്മാരും 18730 സ്ത്രീകളുമാണ്. സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ചും 673 കൂടുതൽ ഉണ്ട്. 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 4243ഉം അതിൽ 2111 ആൺകുട്ടികളും 2112 പെൺകുട്ടികളും ആണ്. പട്ടികജാതിക്കാർ പഞ്ചായത്തിൽ 1993 ആണ് അതിൽ സ്ത്രീപുരഷാനുപാതം 1027/966 ആണ്. പട്ടികവർഗക്കാർ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിൽ ആകെ 5729 കുടുംബങ്ങൾ ഉണ്ട്. സാക്ഷരതയുടെ കാര്യത്തിൽ പഞ്ചായത്തിന്റേത് ശരാശരി 89.81% ആണ്. പുരുഷന്മാരുടേത് 93.62% സ്ത്രീകളുടേത് 64.13% ആണ്. കണക്ക്തിരിച്ച് പറയുകയാണെങ്കിൽ 15296 പുരുഷന്മാരും 14813 സ്ത്രീകളും സാക്ഷരരാണ്. പഞ്ചായത്തിന്റെ ജനസാന്ദ്രത ഒരു കിലോമീറ്റർ വിസ്തീർണ്ണത്തിൽ 1118 ആണ്. പഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മ തന്നെയാണെന്നതിൽ സംശയമില്ല. പരമ്പരാഗത തൊഴിൽ മേഖലകൾ ശോഷിക്കുകയും തൽസ്ഥാനത്ത് ബദൽ സംവിധാനങ്ങളൊന്നും ഉണ്ടാവാതിരിക്കുകയും ചെയ്യുന്നത് തന്നെയാണ് പ്രശ്നത്തെ രൂക്ഷമാക്കുന്നത്. ○

| വാർഡ് | കുളത്തിന്റെ പേര് |
|---|---|
| 2 | ആരച്ചംകുനികുളം |
| 3 | കയനാം കുളം |
| 4 | പുത്തൂർക്ഷേത്രകുളം |
| 7 | പഞ്ചായത്ത് കുളം |
| 8 | ആണ്ടി കുളം അടുക്കത്ത് താഴ കുളം |
| 10 | നരയംകുളം, താമര ചാലി, |
| | പൈക്കാട്ടു കുളം, പള്ളി കുളം |
| 13 | താമര ചാലി, പടുത്തു കുളം |



# കൃഷിയും ജലസേചനവും

വട്ടണത്തോടു ചേർന്നു കിടക്കുന്ന നാഗരികത കലർന്ന ഗ്രാമപഞ്ചായത്താണ് എലത്തൂർ. പടിഞ്ഞാറു അറബിക്കടൽ, കിഴക്ക്-പൂനൂർ പുഴ, വടക്കു പുറക്കാട്ടിരി പുഴ, തെക്കു കോഴിക്കോടു കോർപറേഷൻ. എന്നീ അതിരുകളാൽ വേർതിരിക്കപ്പെട്ട ഒരു സമതല പ്രദേശമാണ് എലത്തൂർ. രണ്ടു കൊച്ചു കുന്നുകളും, അങ്ങിങ്ങായി കൊച്ചു കൊച്ചു നെൽപാടങ്ങളും ഉണ്ട്, പ്രധാനമായും തെങ്ങിൻതോപ്പായ സമതലപ്രദേശങ്ങളും അടങ്ങിയതാണ് ഈ പ്രദേശം. എല്ലാപുഴകളും കോരപ്പുഴ അഴിമുഖം വഴി അറബിക്കടലിൽ സന്ധിക്കുന്നു. നെൽകൃഷിയുടെ വ്യാപ്തി ഗണ്യമായി കുറഞ്ഞും, ഇടവിളയായി വാഴ, ചേന, ചേമ്പ്, കമുക്, കുരുമുളക് എന്നിവയും കണ്ടുവരുന്നു.

25 സെന്റിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണു ബഹുഭൂരിപക്ഷവും. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|---|
| 1 | 10 സെന്റു വരെ | 2295 | 138 |
| 2 | 10 സെ.മുതൽ 25 സെ.വരെ | 1732 | 260 |
| 3 | 25 സെ. " 50 സെ.വരെ | 600 | 210 |
| 4 | 50 സെ. " 1.എ.വരെ | 500 | 297 |
| 5 | 1.ഏ " 2 ഏ.വരെ | 78 | 117 |
| 6 | 2 ഏ. " 5 " " | 16 | 48 |
| 7 | 5 ഏ.മുകളിൽ | 3 | 25 |
| ആകെ | | 5224 | 1095 |

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 20% ത്തിലധികം പുറംപോക്കു ഭൂമികളും വെള്ളക്കെട്ടുള്ള സ്ഥലങ്ങളുമാണ്. 13 വാർഡുകളിൽ കടലോര പ്രദേശമായ നാലു വാർഡുകളിൽ തെങ്ങുകൃഷി മാത്രമാണു സാദ്ധ്യമായിട്ടുള്ളത്.

മുൻകാലങ്ങളിൽ ഇവിടെ നെൽകൃഷിക്കു കൂടുതൽ ശ്രദ്ധയും പരിചരണവും നൽകിയിരുന്നു. മഴയെ ആശ്രയിച്ചായിരുന്നു കൃഷി നടത്തിയിരുന്നത്. നെൽകൃഷി ഏറ്റവും അധികം ഉണ്ടായിരുന്ന പ്രദേശമാണ് മൊകവൂർ. തെക്കൻ ചീര, അറാമ്പട്ടൻ തുടങ്ങിയ നാടൻവിത്തിനങ്ങളാണു കൃഷി ചെയ്തിരുന്നത്. കൂടാതെ ഒന്നാം വിളക്കാലത്ത് വിത്തിറക്കി രണ്ടാം വിള കാലത്ത് കൊയ്യുന്ന മുണ്ടകൻ നെൽവിത്തും ഉപയോഗിച്ചിരുന്നു. പുത്തൂർ വയൽ കഴുക്കാൽ നിലം, പെരുംതുരുത്തി, ബാപ്പയിൽതാഴം, അമ്പലപ്പടി, എന്നിവിടങ്ങളിൽ മുൻകാലങ്ങളിൽ നല്ലതോതിൽ നെൽകൃഷി നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ ഇവിടങ്ങളിൽ വയൽ ഇല്ലാതായി. പുത്തൂർവയൽ പൂർണ്ണമായും നികത്തി പറമ്പും വീടുമായി രൂപാന്തരപ്പെട്ടു കഴിഞ്ഞു. പത്തുവർഷം മുമ്പെ 51 ഹെക്ടർ വ്യാപ്തിയിൽ നെൽകൃഷി ഉണ്ടായിരുന്ന മൊകവൂർപ്രദേശം, തടങ്ങാട്ടു താഴം നിലം, തെക്കുംപുറം നിലം ഇന്നു 15 ഏക്കർ നെൽപാടമായി ചുരുങ്ങിയിരിക്കയാണ്.

ഈ പ്രദേശങ്ങളിലെ വെള്ളക്കെട്ട്, ഭൂമിയുടെ തുണ്ടുവൽക്കരണം, മണ്ണിട്ടു നികത്തിയുള്ള വീടുനിർമ്മാണവും, കർഷകത്തൊഴിലാളികളുടെ ലഭ്യതകുറവും അമിതമായ കൂലി നിരക്ക്, ഉപ്പുവെള്ളം കയറുമെന്നുള്ള ഭീഷണി എന്നിവയെല്ലാം കർഷകരെ നെൽകൃഷിയിൽ നിന്നു പിൻതിരിപ്പിച്ചു, മറ്റു ലാഭകരമായ കൃഷിയിലോ തൊഴിലിലോ ഏർപ്പെടുവാൻ കാരണമായി.

ഭൂപരിഷ്കരണത്തിന്റെ ഭാഗമായി ഭൂമി ലഭിച്ച കർഷകർ, വയൽ നികത്തി വീടുവെക്കാനും, വേണ്ടത്രപരിചരണം ആവശ്യമില്ലാത്ത തെങ്ങുപോലുള്ള കൃഷിചെയ്യാനും തുടങ്ങിയതോടെ നേരത്തെ ഉണ്ടായിരുന്ന ഉത്പാദന ക്രമങ്ങളിൽ മാറ്റം വരുകയുണ്ടായി.

നെൽകൃഷി ആദായകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും കർഷകത്തൊഴിലാളികളുടെ പിൻമുറക്കാരെ ഇതര തൊഴിൽ മേഖലകളിലേക്കു ആകർഷിച്ചു. ഇതിന്റെ ഫലമായി കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞു. വയലുകൾ തെങ്ങുകൃഷിക്കും വീടുനിർമ്മാണത്തിനും വേണ്ടി നികത്തുക എന്ന പ്രതിഭാസം വർദ്ധിച്ചു. ഇടവിളയുടെ ഉല്പാദനത്തിലും ഗണ്യമായ കുറവു വന്നുതുടങ്ങി. തെങ്ങിന് താരതമ്യേന കുറഞ്ഞ പരിചരണമേ ആവശ്യമുള്ളു എന്നതിനാലും ആദായകരമായതിനാലും നമ്മുടെ ഗ്രാമത്തിൽ തെങ്ങു ഒഴികെ മറ്റു കൃഷിയിനങ്ങളെല്ലാം ഇല്ലാതായിക്കൊണ്ടിരിക്കയാണ്.

## ഭൂവിനിയോഗം

സമതലപ്രദേശം, തീരപ്രദേശം, തുരുത്ത് പുഴ എന്നിവ ഉൾപ്പെട്ട പഞ്ചായത്തിന്റെ ആകെ വിസ്തൃതി 1351.17 ഹെക്ടർ ആണ്.

(പട്ടിക 2,3 ചുവടെ ചേർക്കുന്നു)

പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ മണൽമണ്ണും, പുഴയോര പ്രദേശങ്ങളിൽ പശിമകലർന്ന മണൽമണ്ണുമാണ് കാണുന്നത്. ഇത് പഞ്ചായത്തിന്റെ മുക്കാൽഭാഗത്തോളം വരും. ബാക്കി ഭാഗം ചരൽമണ്ണും, ചെമ്മണ്ണ് തുടങ്ങിയവയാണ്. എഴുപത്തിയൊന്ന് ഏക്കർ വരുന്ന റെയിൽവെ പ്രദേശം പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തിലൂടെ കടന്നുപോകുന്നു.

പട്ടിക.2

## ഭൂപ്രകൃതി

| നമ്പർ | ഭൂപ്രകൃതി | വിസ്തൃതി |
|---|---|---|
| 1 | തീരദേശം | 500 |
| 2 | മിതമായ ഉയർന്ന പ്രദേശം | 196 |
| 3 | റെയിൽ | 28.4 |
| 4 | പുഴ | 130 |
| 5 | സമതലം | 486.77 |
| | ആകെ | 1351.17 ഹെക്ടർ |

പട്ടിക 3

| നമ്പർ | വിനിയോഗം | വിസ്തൃതി (ഹെ) |
|---|---|---|
| 1 | തെങ്ങ് | 675 |
| 2 | നെല്ല് | 6 |
| 3 | കശുമാവ് | 1 |
| 4 | കവുങ്ങ് | 3 |
| 5 | വാഴ | 8 |
| 6 | കൃഷിക്കനുയോജ്യമായ തരിശു ഭൂമി | 10 |
| 7 | പച്ചക്കറി | 5 |
| 8 | മിശ്രവിളകൾ | 4.3 |
| 9 | പുറമ്പോക്ക് | 240.17 |
| | ആകെ | 1351.17 ഹെക്ടർ |

ഭൂരിഭാഗം പ്രദേശങ്ങളിലും തെങ്ങുകൃഷിയാണുള്ളത്. മൊകവൂർ, കാരന്നൂർ പെരുംതുരുത്തി, പുത്തൂർ, പുതിയനിരത്ത് എന്നിവിടങ്ങളിൽ തെങ്ങുകൃഷിയോടൊപ്പം വാഴ, പച്ചക്കറി തുടങ്ങിയ ഇടവിളകൾ കൃഷി ചെയ്തു വരുന്നു. കുരുമുളക്, കമുക് എന്നിവയും ചെറിയ തോതിൽ ഇടവിളയായി കൃഷി ചെയ്തുവരുന്നു.

പട്ടിക.4

## നെൽകൃഷി

| നമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1 | നെല്ല്. ഒന്നാംവിള | 4 |
| 2 | നെല്ല്. രണ്ടാംവിള | 6 |

നെൽകൃഷിയുടെ വിസ്തൃതി വർഷംതോറും കുറഞ്ഞുവരികയാണ്. പത്തുവർഷം കൊണ്ട് നെൽകൃഷി 51 ഹെക്ടറിൽ നിന്നു 15 ഏക്കറായി ചുരുങ്ങികഴിഞ്ഞു. നിലവിലുള്ള വയലിന്റെ ചുറ്റുപാടും തെങ്ങുവെച്ചു ഭാവിയിൽ മണ്ണിട്ടു നികത്താനുള്ള പരുവത്തിലാണുതാനും. കൂടാതെ റോഡുകൾ, കെട്ടിടങ്ങൾ എന്നിവയും നെൽകൃഷിയെ ഇല്ലാതാക്കിക്കൊണ്ടിരിക്കയാണ്.

വർദ്ധിച്ചുവരുന്ന കൂലിച്ചെലവു, കർഷകത്തൊഴിലാളികളുടെ ലഭ്യത കുറവു എന്നിവ നെൽകൃഷിക്കാരെ ഈ രംഗത്തു നിന്നു പിൻതിരിപ്പിക്കുകയാണ്. കൂലിച്ചെലവിന്റെ വർദ്ധനവുമൂലം കൃഷിക്കാർ മുണ്ടൻ കൃഷിയിലാണു താല്പര്യം കാണിക്കുന്നത്. കൂടാതെ തെക്കൻ ചീര ഇനവും കൃഷി ചെയ്യുന്നു. 1988-89, 89-90 വർഷങ്ങളിൽ ഗ്രൂപ്പു ഫാമിംഗ് രീതി പ്രകാരം മൊകവൂരിലെ തെക്കുപുറം നിലം, തടങ്ങാട്ടുതാഴം നിലം എന്നീ വയലുകളിൽ ആധുനീക കൃഷിരീതി പ്രാവർത്തികമാക്കിയിരുന്നു. മഴക്കാലത്ത് വെള്ളംകയറുന്ന സ്ഥലമായത്കൊണ്ടു നെൽകൃഷി ലാഭകരമല്ലാതായിതീരുന്നു. നെൽകൃഷിയുടെ ഉല്പാദനക്ഷമത നാടൻ ഇനങ്ങൾക്ക് ഹെക്ടറിന് 1800-1900 കി.ഗ്രാം ആണ്. സങ്കര ഇനം നെൽവിത്തുകൾ കൃഷിഭവൻ മുഖേന കുറഞ്ഞതോതിൽ വിതരണം ചെയ്യുന്നുണ്ട്. ജ്യോതി, ചുവന്ന ത്രിവേണി, പവിഴം ഐ.ആർ.36 എന്നീ ഇനങ്ങൾ കൃഷിഭവൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

പട്ടിക. 5

## ഇടവിളകൾ

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | പയർ | 4 |
| 2 | പച്ചക്കറി | 5 |
| 3 | വാഴ | 8 |
| 4 | കുരുമുളക് | 3 |
| 5 | കമുങ്ങ് | 20 |
| 6 | മരച്ചീനി | 3 |

മുഖ്യ വിളയായ തെങ്ങിന്റെ വാർഷിക ഉല്പാദനക്ഷമത 50 എണ്ണമാണ്. ഇത് സംസ്ഥാന ശരാശരി 38ൽ നിന്നും 12 കൂടുതലാണ്. തീര പ്രദേശങ്ങളിലും, പുഴയോരങ്ങളിലുമാണ് കൂടുതൽ വിളവു ലഭിക്കുന്നത്. ശരാശരി ഒരു ഏക്കറിൽ 100 തെങ്ങുകളാണ് ഇള്ളത്. ഇടവിളയിൽ പച്ചക്കറിയും, വാഴയും നല്ല ഉല്പാദനം തരുന്നു.

## വളം

പട്ടിക 6

വളത്തിന്റെ ഉപയോഗം

| വർഷം | നൈട്രജൻ | ഫോസ്ഫേറ്റ് | പൊട്ടാഷ് |
|---|---|---|---|
| 1988 | 2.9 | 0.9 | 5.8 |
| 1989 | 3.3 | 1 | 6 |
| 1990 | 3.4 | 1.2 | 6.2 |
| 1991 | 3.1 | 1 | 5.9 |
| 1992 | 3.2 | 1.1 | 6 |
| 1993 | 3.4 | 1.2 | 6.2 |
| 1994 | 3.7 | 1.4 | 6.3 |
| 1995 | 3.9 | 1.5 | 6.6 |

വളം ലഭ്യതയുടെ കാര്യത്തിൽ ഈ പഞ്ചായത്ത് വളരെ പിന്നിലാണ്. ഒരു സഹകരണ സ്ഥാപനമാണ് വളം വില്പന നടത്തുന്നത്. ഇവിടെ നിന്നു ചില്ലറയായി കർഷകർക്ക് വളം ലഭിക്കുകയുമില്ല. മുഖ്യമായ കൃഷി തെങ്ങു കൃഷി ആയതിനാലും, തേങ്ങയുടെ വില കുറവായതിനാലും കർഷകർ ഉയർന്ന വിലയുള്ള രാസവളം വാങ്ങി ഉപയോഗിക്കാൻ വിമുഖത കാട്ടുന്നു. പച്ചക്കറി, വാഴ എന്നിവക്കുള്ള വളങ്ങൾ ദൂരെ സ്ഥലത്തുനിന്നു കൊണ്ടുവരുന്നതിനുള്ള ബുദ്ധിമുട്ടും കർഷകരെ വിഷമിപ്പിക്കുന്നു.

## കീടനാശിനികൾ

പച്ചക്കറി, വാഴ തുടങ്ങിയ കൃഷിക്കു കർഷകർ കീടനാശിനി ഉപയോഗിക്കുന്നു. എന്നാൽ ഈ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ കീടനാശിനികളുടെ ഉപയോഗം കുറയുന്നു. കുരുമുളക്,

കുറഞ്ഞ സ്ഥലങ്ങളിൽ കൃഷിചെയ്യുന്നു. ഓരോ കൃഷിയിടത്തിലും വളരെപരിമിതമായ എണ്ണത്തിൽ ഒതുങ്ങുന്നതിനാൽ ഓരോ കർഷകനും ചെലവു കൂടുതലായി വരുന്നു. കവുങ്ങിന്റെ കീടരോഗ പ്രതിരോധവും ഇത് പോലെത്തന്നെ. കീടനാശിനിയുടെ വിലവർദ്ധനവും, കൂലിയുടെ ആധിക്യവും കർഷകന് നഷ്ടം വരുത്തുന്നതിനാൽ കർഷകർ കീടനാശിനി ഉപയോഗിക്കുന്നത് ഒഴിവാക്കുന്നു.

### കാർഷികോപകരണങ്ങൾ

പറമ്പുകളിൽ നാടൻ കലപ്പയും തുമ്പയും, വയലിൽ നാടൻ കലപ്പയും പവർ ടില്ലറും ഉപയോഗിച്ചു കൃഷിപണികൾ നടത്തുന്നു. മരുന്നു തളിക്കുന്നതിന് സ്പെയർ, കൃഷിഭവൻ മുഖേന വാങ്ങിക്കുന്നു. സമഗ്രനാളികേര വികസന പദ്ധതിയിൻ കീഴിൽ റോക്കർ സ്പെയറും, തെങ്ങു കയറുന്ന ഉപകരണവും കൃഷിഭവൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

### പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂടി യോജിപ്പിച്ചുകൊണ്ടു രൂപീകരിക്കപ്പെട്ട രണ്ടു പാടശേഖര സമിതികൾ ഉണ്ട്. നെൽപാടങ്ങളുടെ ദുരുപയോഗം മൂലം ഇപ്പോൾ ഗ്രൂപ്പ് ഫാമിംഗ് വേണ്ട വിധം പ്രായോഗികമാക്കാൻ പറ്റാത്ത അവസ്ഥയിലാണ്. വിശദവിവരങ്ങൾ പട്ടിക 7ൽ ചേർക്കുന്നു.

പട്ടിക 7

പാട ശേഖര സമിതിയും വിളക്രമങ്ങളും

| നമ്പർ | പാടശേഖരത്തിന്റെ പേര് | ഒന്നാം വിള(ഹെ) | രണ്ടാം വിള(ഹെ) | മൂന്നാം വിള(ഹെ) |
|---|---|---|---|---|
| 1 | തടങ്ങാട്ടുതാഴം വയൽ | 4 | 6 | |
| 2 | തെക്കുംപുറം നിലം | 4 | 6 | |

### കൂലി നിരക്ക്

കാർഷിക മേഖലയിൽ തൊഴിലാളികൾ നന്നേ കുറഞ്ഞിരിക്കയാണ്. തൊഴിലാളികൾ കൂടുതൽ കൂലികിട്ടുന്ന മറ്റുതൊഴിൽ തേടി പോയിരിക്കുന്നു. കർഷക കുടുംബങ്ങളിൽ നല്ലൊരുവിഭാഗം മത്സ്യബന്ധന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

മുഖ്യമായി കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നത് 2200 പേരാണ്. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന് 125 രൂപയും, സ്ത്രീക്ക് 75 രൂപയുമാണ്.

### കാർഷികവായ്പ

ഒരു സഹകരണ ബാങ്കും, രണ്ടു ദേശസാൽകൃത ബാങ്കുമാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. കാർഷിക വികസന ബാങ്കിന്റെ കോഴിക്കോടു ശാഖയിൽ നിന്നും വർഷം തോറും കാർഷിക വായ്പകൾ ലഭിക്കുന്നു. സഹകരണ ബാങ്കുകളിൽ നിന്നും നൽകുന്ന കാർഷിക വായ്പകൾ സാധാരണ ഗതിയിൽ മറ്റു കാര്യങ്ങൾക്കാണു ഉപയോഗിക്കാറുള്ളത്. കൃഷിഭവൻ മുഖേനയുള്ള ദീർഘകാല കാർഷികവായ്പകൾ ഈ ബാങ്കുകളിൽ നിന്നു ലഭിക്കുന്നതിന് വിഷമം നേരിടുന്നു.

മറ്റു ബാങ്കുകളിൽ നിന്നു കാർഷികവായ്പകൾ ലഭിക്കുന്നതിന് ചുരുങ്ങിയത് 50 സെന്റ് ഭൂമി ആവശ്യമാണ്. അതിൽ കുറഞ്ഞ ഭൂമി കൈവശമുള്ളവർക്കു കാർഷിക ലോൺ ആനുകൂല്യം ലഭിക്കുന്നില്ല. സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം 30 സെന്റ് ഭൂമിക്കു വായ്പലഭിക്കുന്നുണ്ട്.

പട്ടിക 8

ബാങ്കു വായ്പകളെ സംബന്ധിച്ച വിവരങ്ങൾ

| Bank | 1992/1993 Rs | 1993/1994 Rs | 1994/1995 Rs | 1995/1996 Rs |
|---|---|---|---|---|
| State Bank of India, Elathur | 16,525/ | 22,000/ | 50,500 | 66,774/ |
| State Bank of India, Pavangad | 1,23,485/ | 43,700/ | 58,500/ | 42,940/ |
| Service co.op.Bank, Karannur | 5,000/ | ........ | 99,500/ | 32,514/ |

### ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചു കൃഷി ചെയ്യുന്നു. രണ്ടു തവണയാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും (തെക്കു കിഴക്കൻ മൺസൂൺ) സപ്തംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും (വടക്കു പടിഞ്ഞാറൻ മൺസൂൺ)

എലത്തൂർപഞ്ചായത്ത് ജലസമൃദ്ധമാണ്. എന്നാൽ വേനൽക്കാലത്ത് കനാലുകളിലും തോടുകളിലും ഉപ്പുവെള്ളം കയറുന്നതിനാൽ ജലസേചനം അസാദ്ധ്യമാകുന്നു. പൂന്നൂർപുഴ പഞ്ചായത്തിൽ, കിഴക്കൻ അതിർത്തിയിലൂടെ ഒഴുകുന്നു. വടക്കുകോരപ്പുഴയും പഞ്ചായത്തിന്റെ 325 ഏക്കർ സ്ഥലത്ത് പുഴ വ്യാപിച്ചു കിടക്കുന്നു. കൃഷിഭവൻ മുഖേന വർഷം തോറും കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും സഹായം നൽകി വരുന്നു. മൊകവൂർഭാഗത്ത് കുറ്റ്യാടിപദ്ധതിയുടെ കനാൽ ഉണ്ടെങ്കിലും ജലസേചനം നടക്കുന്നില്ല.

### തോടുകൾ

കനോലികനാൽ, മംഗലപുഴ പഞ്ചായത്തിൽ മദ്ധ്യ ഭാഗത്തുകൂടെ കടന്നുപോകുന്നു. മൊകവൂർ ഗ്രൂപ്പ് ഫാമിംഗ് വയലിന്റെ അരികിലൂടെ പോകുന്ന തോട്ടിൽ വേണ്ടത്ര ആഴമില്ലാത്തതിനാൽ മഴക്കാലത്ത് വയലിൽ വെള്ളം കയറുന്നതിന് ഇടയാക്കുന്നു. പെരുംതുരുത്തിയിലെ പൂളാടിതോടു ജലസേചനത്തിനു ഉപയുക്തമാക്കാവുന്നതാണ്.

### കുളങ്ങൾ

പഞ്ചായത്തിലെ ഭൂരിഭാഗം കുളങ്ങളും സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലാണ്. അതുകൊണ്ടു പൊതു ജലസേചനത്തിന് ഉപയോഗിക്കാൻ പറ്റുന്നില്ല. വാർഡു 7ലെ പഞ്ചായത്തു കുളത്തിൽ നിന്നു കൃഷിഭവൻ മുഖേനയുള്ള കമ്മ്യൂണിറ്റി ഇമിഗേഷൻ പദ്ധതി വിജയപ്രദമായി നടപ്പാക്കിവരുന്നു. (പട്ടിക 9)

### മണ്ണ് സംരക്ഷണം

ഉയർന്ന പ്രദേശങ്ങൾ കുറവായതിനാൽ മണ്ണൊലിപ്പു ഉൾപ്രദേശങ്ങളിലേക്ക് കാര്യമായി ബാധിക്കുന്നില്ല. പറമ്പുകളിൽ കല്ലുവെച്ചും, മൺകയ്യാലകൾ തീർത്തും മണ്ണൊലിപ്പിനെ തടയുന്നു. പുഴയോര പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും മണ്ണൊലിപ്പു ഒരു പ്രശ്നം തന്നെയാണ്. കടലാക്രമണം മൂലവും, പുഴവക്കിലെ മണ്ണിടിച്ചിൽ മൂലവും കനത്തനാശനഷ്ടം സംഭവിക്കുന്നു.

### നഴ്സറികൾ

അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ചു വിതരണം ചെയ്യുന്ന നഴ്സറികളൊന്നും പഞ്ചായത്തിൽ ഇല്ല. പുതുതായി ഒരു മിനി നഴ്സറിയും ഫ്ളോറി കൾചർ നഴ്സറിയും ആരംഭിച്ചിട്ടുണ്ട്.

കുളം/ചാലി/പട്ടിക എന്നിവയെ സംബന്ധിച്ച വിവരം

| നമ്പർ | കുളം | സർവ്വെ നമ്പർ | ഉൾപ്പെടുന്ന വാർഡ് | സ്ഥലം |
|---|---|---|---|---|
| 1 | സി.എം.ശ്രീധരൻ.എ | | 1 | എലത്തൂർ |
| 2 | എ.പി.ഹാജി | | 1 | |
| 3 | നാരായം കുളം | | 10 | |
| 4 | കാരംപള്ളി ക്ഷേത്രം വക | | 10 | |
| 5 | പടിഞ്ഞാറെകുളം | | 10 | |
| 6 | താമരച്ചാലി | | 10 | |
| 7 | പൈക്കാടു കുളം | | 10 | |
| 8 | അമ്മക്കുളം | | 10 | |
| 9 | തളിയനാടത്ത് കുളം | | 6 | |
| 10 | കോഴിശ്ശേരികുളം | | 6 | |
| 11 | കിഴക്കയിൽ കുളം | | 6 | |
| 12 | ഞാറക്കൽ തോടു | | 7 | |
| 13 | താലോളം കുളം | | 8 | |
| 14 | അമ്മപ്പൻകാവു കുളം | | 9 | |
| 15 | (പുത്തൂർ) പഞ്ചായത്ത്കുളം | | 13 | |
| 16 | പാടത്തുകുളം | | 13 | |
| 17 | താമരക്കുളം | | 13 | |
| 18 | ചെട്ടികുളം | | 3 | |
| 19 | കയനാംകുളം | | 3 | |
| 20 | കല്ലോളിതാഴം തോട് | | 6 | |
| 21 | ഉണ്ണിതാഴം വയലിൽതോടു | | 6 | |
| 22 | തെക്കേടത്ത് താഴം തോട് | | 6 | |

## കൃഷിഭവൻ

1987ൽ ആണ് കൃഷിഭവൻ നിലവിൽവന്നത്. കൃഷിഭവന്റെ പ്രവർത്തനം ഈ കാലയളവിൽ പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും വ്യാപിച്ചിട്ടുണ്ട്. ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റന്റുമാരുമായി പ്രവർത്തനം ആരംഭിച്ച ഈ ഓഫീസു പിന്നീടു കൃഷി അസിസ്റ്റന്റുമാരുടെ എണ്ണം രണ്ട് ആയി കുറയ്ക്കുകയുണ്ടായി. ഇപ്പോൾ ഒരു കൃഷിഓഫീസറും 2 കൃഷി അസിസ്റ്റന്റുമാരുമാണ് കൃഷിഭവനിൽ ഉള്ളത്.

**പ്രശ്നങ്ങൾ**

ഉല്പാദന ചെലവിൽ വർദ്ധനവു, കർഷക തൊഴിലാളികളുടെ എണ്ണകുറവു, ഉല്പന്നങ്ങൾക്കു മതിയായ വില ലഭിക്കാതിരിക്കൽ, കാലവർഷ വ്യതിയാനങ്ങൾ, കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരുടെ എണ്ണം കുറയൽ, കാലവർഷത്തെമാത്രം ആശ്രയിച്ചുള്ള കൃഷി നടത്തൽ, എന്നിവയെല്ലാം നെൽകൃഷി പഞ്ചായത്തിൽ കാര്യമായി കുറയാൻ കാരണമായി.

മുഖ്യകൃഷിയായ തെങ്ങാകട്ടെ പല ഭാഗങ്ങളിലും ഉല്പാദന ക്ഷമത വേണ്ടത്രയുണ്ടായില്ല. ജലസേചനത്തിന്റെ അഭാവം, നാളികേരത്തിന്റെ വിലകുറവു, വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നങ്ങൾ, നല്ലയിനം തൈകൾ ലഭിക്കാതിരിക്കൽ, കൂമ്പുചീയൽ, കറവാർച്ച, കാറ്റുവീഴ്ച, തുടങ്ങി രോഗങ്ങൾ എന്നിവയൊക്കെ നാളികേര ഉത്പാദനത്തെ ബാധിച്ച ഘടകങ്ങളാണ്.

ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടക്കാതിരിക്കൽ, ജൈവവളത്തിൽ, കുറവു, എന്നിവ തെങ്ങിൽ,ഉത്പാദനക്ഷമതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വളപ്രയോഗം നടക്കാറില്ല.

നെൽപാടം ഗണ്യമായി കുറഞ്ഞത്കൊണ്ടു ഇടവിളയായി കൃഷി ചെയ്തിരുന്ന കപ്പ, പച്ചക്കറി എന്നിവ നന്നെ കുറഞ്ഞിരിക്കയാണ്. ശരിയായ രീതിയിൽ ജലസേചന സൗകര്യം ലഭിക്കാതിരിക്കൽ, ജൈവവളങ്ങളുടെ ലഭ്യതകുറവു, ഉല്പന്നങ്ങൾക്കുള്ള വിലകുറവു, എന്നിവയും ഉല്പാദനകുറവിന്റെ കാരണങ്ങളാണ്. വാഴക്കു വ്യാപകമായിവരുന്ന രോഗങ്ങൾ, പ്രകൃതി ക്ഷോഭം കൊണ്ടുവരുന്ന കനത്ത നഷ്ടം എന്നിവയും ഇടവിള കൃഷിയിൽ നിന്നു കർഷകരെ പിൻതിരിപ്പിക്കുന്നു.

പ്രധാനമായി കണ്ടുവരുന്ന രോഗങ്ങൾ, കൂമ്പുചീയൽ, തെങ്ങോലപ്പുഴു, മണ്ടചീയൽ, കറവാർച്ച എന്നിവ തെങ്ങിനും, കൂമ്പടപ്പുവാഴക്കും, ഇത് കർഷകർക്ക് ഭീമമായ നഷ്ടം സംഭവിക്കുന്നു.

ആധുനിക കൃഷി ഉപകരണങ്ങൾ ഒന്നുംതന്നെ ഉപയോഗിക്കുന്നില്ല. കൃഷിഭൂമി തുണ്ടുകളാക്കി മാറ്റിയത് ഇതിനൊരു തടസമാണ്. കൂടാതെ ലഭ്യതകുറവും.

കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാഭാഗത്തും വ്യാപിപ്പിക്കേണ്ടതുണ്ട്. കർഷകർക്കിടയിൽ കൃഷി ഭവന്റെ പ്രവർത്തനത്തെ പറ്റി വേണ്ടത്ര അറിവില്ല.

നല്ലയിനം വിത്തുകൾ ലഭിക്കായ്ക, വിദഗ്ദ ഉപദേശങ്ങൾ ലഭിക്കാതിരിക്കുക, സർക്കാരിൽനിന്നുള്ള ആനുകൂല്യങ്ങളെപ്പറ്റി അറിയാതിരിക്കുക എന്നിവയെല്ലാം പഞ്ചായത്തിന്റെ കാർഷിക മേഖലയെ മുരടിപ്പിച്ചിട്ടുണ്ട്.

## സാദ്ധ്യതകൾ

1. പഞ്ചായത്തിലെ കുളങ്ങൾ, തോടുകൾ, ചിറകൾ എന്നിവ നന്നാക്കി ജലസേചനത്തിന് ഉപയോഗപ്രദമാക്കുക. നിലവിലുള്ള ജലസ്രോതസുകൾ ശരിയാംവണ്ണം ഉപയോഗപ്പെടുത്തിയാൽ തെങ്ങുകൃഷി, നെല്ലുകൃഷി പച്ചക്കറി, മറ്റു ഇടവിളകൾ എന്നിവ ഇന്നത്തെതിൽ നിന്നു എത്രയോ മടങ്ങു വർദ്ധിപ്പിക്കാൻ പറ്റുന്നതാണ്.
2. ഒന്നാം വാർഡിലുള്ള രണ്ടു കുളങ്ങൾ രണ്ടു സ്വകാര്യ വ്യക്തികളുടേതാണ്. അവ ഉപയോഗപ്പെടുത്താൻ കഴിയണം. കൂടാതെ മാട്ടുവയിൽ ഭാഗത്തുള്ള ചാലി നന്നാക്കിയാൽ ജലസേചനത്തിന്നു വളരെ പ്രയോജനപ്രദമാണ്.
3. ഓവുചാൽ മാത്രമായി ഉപയോഗിക്കുന്ന രണ്ടാംവാർഡിലുള്ള പീരത്തിൽതോടു ജലസേചനത്തിനായി ഉപയോഗപ്പെടുത്തണം. കൂടാതെ വില്ലേജ് ഓഫീസിനു മുൻവശത്തുള്ള വറ്റാത്ത കിണർ പ്രദേശത്തുള്ള കാർഷിക വികസനത്തിനു ഉപയോഗപ്പെടുത്താം.
4. ചെട്ടികുളം, കയനകുളം എന്നിവ മൂന്നാംവാർഡിലെ കാർഷികാഭിവൃദ്ധിക്ക് ഏറ്റവും അനുയോജ്യമാണ്.
5. പഞ്ചായത്തിലെ ആറാംവാർഡിലുള്ള കല്ലോളി താഴംതോടു ഉണ്ണിതാഴം വയലിൽ തോടു, തെക്കേടത്ത് താഴംതോട്, കളിയനാടത്ത്കുളം, കോഴിശ്ശേരി താഴം കുളം, കിഴക്കയിൽ കുളം എന്നിവയെല്ലാം വാർഡിന്റെ മുഖഛായ തന്നെ മാറ്റാൻ പറ്റാവുന്നതാണ്.
6. ഏഴാം വാർഡിലുള്ള ഞാറക്കാതോടിന് ആഴംകൂട്ടി സമീപ പ്രദേശത്ത് കെട്ടിക്കിടക്കുന്ന വെള്ളം തോട്ടിലേക്കു കടത്തി

വിട്ടു ജലസേചനത്തിനു ഉപയോഗിക്കാവുന്നതാണ്.

7. എട്ടാം വാർഡിൽ നൊച്ചിക്കാട്ടുതാഴം ചീർപ്പു ഉപയോഗിച്ചു ഒരു വെള്ളം തടയാവുന്നതാണ്. നിലവിലുള്ള കുളങ്ങളിലെ വെള്ളം ഞാറക്കൽതോട്ടിലേക്കു ഒഴുകി പാഴായി പോവുകയാണ്. ബോധപൂർവ്വമായ പ്രവർത്തനത്തിലൂടെ പ്രസ്തുത കുളങ്ങളും, തോടും ജലസേചനത്തിനു ഉപയോഗിക്കാവുന്നതാണ്.

8. ഒമ്പതാം വാർഡിലുള്ള മുതലക്കുന്നു തോട്ടിൽ നിലവിലുള്ള ചീർപ്പുകൾക്ക് പലകയിട്ടു വെള്ളത്തെ നിയന്ത്രിക്കണം. പൂളാടിതോടു ആഴംകൂട്ടി പാർശ്വഭിത്തി കെട്ടി സംരക്ഷിച്ചാൽ ഒരു പരിധിവരെ ജലസേചന സൗകര്യം ഏർപ്പെടുത്താൻ കഴിയും. പുന്നൂർപുഴയിൽ ചിറ്റം വീട്ടിൽ താഴംബണ്ടിൽ നിന്നും ശുദ്ധജലം പൂളാടിത്തോടിലേക്കു ഒഴുക്കണം. ഈ തോട്ടിൽ നിന്നു കൃഷിക്കാർക്കു വെള്ളം എത്തിക്കാനുള്ള സംവിധാനം വേണം. പമ്പുസെറ്റും, ഓസ് സംവിധാനവും ഉണ്ടെങ്കിൽ കർഷകർക്കു വെള്ളം നൽകാൻ പറ്റും. മുതലക്കുന്നു ചീർപ്പു പ്രവർത്തനയോഗ്യമാക്കണം.



9. 10–ാം വാർഡിലുള്ള നാരായം കുളം, കാരംവള്ളികുളം, പടിഞ്ഞാറെകുളം, താമരച്ചാലി, പൈക്കാട്ടുകുളം കഴുക്കാൽ വയലിൽ അമ്മകുളം, എന്നിവയെല്ലാം സ്വകാര്യവ്യക്തികളുടെ സ്വത്തുക്കളാണ്. അവയെല്ലാം കൃഷിക്കും മത്സ്യം വളർത്തുന്നതിനും ഉപയോഗപ്പെടുത്തണം.

10. വാർഡു 11ലുള്ള മുകവൂർ പ്രദേശത്തുകൂടി കടന്നുപോകുന്ന കുറ്റ്യാടി മെയിൻ കനാലിന്റെ ഭാഗമായി വരുന്ന ബ്രാഞ്ചു കനാൽ തുറക്കുകയാണെങ്കിൽ കാർഷികമേഖലയിൽ വമ്പിച്ചൊരു മാറ്റത്തിനു കാരണമായിതീരും. പൂന്നൂർപുഴയിൽ ബണ്ടുകെട്ടിയാൽ സുലഭമായി വെള്ളം ലഭിക്കുന്നതിനു വഴിയുണ്ട്. ഈ സൗകര്യം ഉപയോഗിച്ചു വെള്ളം പമ്പുചെയ്യുന്നതിനോ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഉപയോഗിച്ചു കൃഷിയിടങ്ങളിൽ വെള്ളം എത്തിക്കാൻ കഴിയും.

11. പഞ്ചായത്തിലെ പതിമൂന്നാം വാർഡിലുള്ള പുത്തൂർ വയലിലുള്ള പഞ്ചായത്ത് കുളവും സമീപപ്രദേശത്തുള്ള പടത്തുകുളവും തെക്കെ അറ്റത്തുള്ള താമരക്കുളവും വീതിയും ആഴവും കൂട്ടി സംരക്ഷിച്ചാൽ കൃഷിക്കു ഉപയോഗിക്കാവുന്നതാണ്.

12. ഗ്രൂപ്പ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തണം. കർഷക സമിതികൾ രൂപീകരിക്കണം. അവശേഷിക്കുന്ന നെൽപാടങ്ങൾ സംരക്ഷിക്കണം.

13. ഉത്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്കു ലഭിക്കണം. ഫലവൃക്ഷ തൈകൾ (മാവ്, പ്ലാവ്, തുടങ്ങിയ) മറ്റ് വിളകൾക്കു തടസമാവാത്ത തരത്തിൽ വ്യാപിപ്പിക്കാൻ കഴിയണം.

14. പച്ചക്കറി ഉത്പാദനം: ഗുണമേന്മയുള്ള വിത്തിനങ്ങൾ ശേഖരിച്ചു ജൈവവളത്തിന് മുൻതൂക്കം നൽകി സഹകരിണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ കഴിയും. അടുക്കള തോട്ടങ്ങൾ ഉണ്ടാക്കണം.

15. ജൈവിക കീടനിയന്ത്രണത്തെ പറ്റി പഠിപ്പിക്കുകയും വ്യാപിപ്പിക്കുകയും വേണം. കീടനാശിനികൾ ശാസ്ത്രീയമായ രീതിയിൽ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. പരിസരമലിനീകരണം ഒഴിവാക്കണം.

16. ജൈവവളങ്ങൾ കർഷകർക്കു ലഭ്യമാക്കണം. പച്ചിലവളത്തിൽ കുറവ് നികത്തുന്നതിന് ശീമക്കൊന്ന, ഡെയ്നെ എന്നിവ കൂടുതൽ തോതിൽ വളർത്താവുന്നതാണ്. ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കണം. കാലികൾക്കു വേണ്ട തീറ്റപ്പുല്ലുകൾ വളർത്താവുന്നതാണ്. മണ്ണിര കമ്പോസ്റ്റ് രീതി കർഷകർക്കു പരിചയപ്പെടുത്തിക്കൊടുക്കണം.

17. തെങ്ങുകൃഷിക്കു ജലസേചന സൗകര്യം വർദ്ധിപ്പിക്കണം. ഡ്രിപ്പ് ഇറിഗേഷൻ സാദ്ധ്യത ഉപയോഗപ്പെടുത്തണം.

18. ഉല്പാദനക്ഷമത കുറയാനുള്ള കാരണങ്ങൾ ശാസ്ത്രീയമായി പരിശോധന നടത്തണം. കൃഷിഭവൻ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തണം.

19. ഉല്പന്നങ്ങൾക്കു ന്യായമായ വില ലഭിക്കുന്നതിനാവശ്യമായ വിപണനകേന്ദ്രങ്ങൾ പഞ്ചായത്തു അടിസ്ഥാനത്തിൽ സ്ഥാപിക്കണം. പച്ചക്കറികൾക്കു പൊതു മാർക്കറ്റ്, ചന്ത സമ്പ്രദായം നടപ്പിലാക്കാം. സഹകരണ സംഘങ്ങൾ ഉല്പന്നങ്ങൾ ശേഖരിച്ചാൽ ഇടത്തട്ടുകാരുടെ ഇടപെടൽ ഒഴിവാക്കാവുന്നതാണ്.

20. തെങ്ങു, കവുങ്ങ്, വാഴ എന്നിവക്കു വരുന്ന രോഗങ്ങൾക്കു പ്രതിവിധി ഉണ്ടാവണം. കൃഷിഭവന്റെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവണം.

21. റയിൽവേയുടെ കൈവശമുള്ള ഭൂമി കൃഷിക്കു അനുയോജ്യമാണ്. ഈ ഭൂമി കൃഷിക്കു ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

22. കർഷക ക്ലബ് രൂപീകരിച്ചു പ്രവർത്തനം നടത്തണം. കാർഷിക ഉപകരണങ്ങളും മറ്റു നിർദ്ദേശങ്ങളും നൽകാൻ ഏർപ്പാടുണ്ടാക്കണം. കർഷകത്തൊഴിലാളികളെ ഈ ക്ലബ്ബിൽ രജിസ്റ്റർ ചെയ്യണം.

23. കൊപ്ര സംസ്കരണവും അനുബന്ധമായ വ്യവസായങ്ങളും നടത്താൻ സാദ്ധ്യതയുണ്ട്. ഇതിനു ഒരു സഹകരണ സംഘം സ്ഥാപിക്കണം.

24. ഗവൺമെന്റു വക പുറംപോക്കു ഭൂമികളിൽ ലീസ് അടിസ്ഥാനത്തിൽ സ്ഥലം ലഭിക്കുകയാണെങ്കിൽ കൂട്ടുകൃഷിയടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്താൻ കഴിയും.

25. കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം. ഏകീകൃതകൂലി സമ്പ്രദായം നടപ്പിൽ വരുത്തണം. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. അഗ്രോക്ലിനിക്കുകൾ, കാർഷിക പരിശീലന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കണം. ❍



# മൃഗസംരക്ഷണം

മൃഗസംരക്ഷണം എന്നുള്ളത് പരമ്പരാഗതമായി അശാസ്ത്രീയമായ രീതിയിലാണ് നടന്നുവന്നിരുന്നത്. ഇത് കൃഷിയുമായി 100% ബന്ധപ്പെട്ടാണ് അന്നും ഇന്നും നിലകൊള്ളുന്നത്. കഴിഞ്ഞ 20–25 വർഷങ്ങൾ വരെ തികച്ചും നാടൻ സമ്പ്രദായത്തിലായിരുന്നു മൃഗപരിപാലനം നടത്തിയിരുന്നത്. നാടൻ ഇനങ്ങളിൽ പെട്ട ഉരുക്കൾ മാത്രമായിരുന്നു അന്ന് ഉണ്ടായിരുന്നത്. അഴിച്ചുവിട്ടു പോറ്റുന്ന സമ്പ്രദായമായിരുന്നതിനാൽ പച്ചപ്പുല്ലിന്റെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നില്ല. അതിനാൽ വളർത്തു ചിലവും തുലോം കുറവായിരുന്നു. നെൽകൃഷി വ്യാപകമായി ഉണ്ടായിരുന്നതിനാൽ വൈക്കോൽ ക്ഷാമവും ഉണ്ടായിരുന്നില്ല. എന്നാൽ നാടൻ ഇനങ്ങളിൽ പെട്ട ഉരുക്കൾ മാത്രമായിരുന്നതിനാൽ പാലുല്പാദനം തുലോം കുറവായിരുന്നു. പാലിന്റെ ഉപയോഗവും നന്നേ കുറവായിരുന്നു. പാൽ പ്രാദേശികമായിത്തന്നെ വിപണനം ചെയ്യുകയായിരുന്നു പതിവ്. ചില വീടുകളിൽ മിച്ചം വരുന്ന പാലുപയോഗിച്ച് ഉണ്ടാക്കുന്ന പാലുൽപ്പന്നങ്ങളും ചെറിയ തോതിൽ ലഭിച്ചിരുന്നു. സംഭരിച്ച് കൈകാര്യം ചെയ്യുന്നതിനേക്കാൾ എത്രയോ മടങ്ങ് കാലിവളം മേച്ചിൽ സ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെട്ട് പാഴാവുകയായിരുന്നു.

ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി മൃഗസംരക്ഷണവകുപ്പിന്റെ ഇടപെടൽ കാരണം നമ്മുടെ നാട്ടിൽ മൃഗസംരക്ഷണ രംഗത്ത് ക്രമേണയായാണെങ്കിലും വ്യക്തമായ ഒരു മാറ്റം ഉണ്ടായി. വകുപ്പിലെ ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ പരിശ്രമവും ജനങ്ങളുടെ സഹകരണവും മൂലം നാടൻപശുക്കളുടെ സ്ഥാനത്ത് മേൽത്തരം ജനുസ്സിൽപെട്ട (ജേഴ്സി – സ്വിസ്ബ്രൗൺ ഹോൾസ്റ്റെയിൻ മുതലായ ജനുസ്സുകളുടെ) പശുക്കളെ വാർത്തെടുക്കുവാൻ കഴിഞ്ഞു. ഇപ്പോൾ നാടൻ ഉരുക്കൾ അത്യപൂർവ്വമാണ്.

അതോടൊപ്പം തന്നെ ഭൂപരിഷ്ക്കരണം വന്നതോടെ മേച്ചിൽ സ്ഥലങ്ങൾ അപ്രത്യക്ഷമായി. അഴിച്ചുവിട്ട് വളർത്താൻ പറ്റാത്ത പരിതസ്ഥിതിയിൽ പ്രത്യേകിച്ചും വിദേശ ജനുസ്സിൽപെട്ട മൃഗങ്ങളും കൂടി ആയതോടെ നാളിതുവരെ ഇല്ലാത്ത ഗുണങ്ങളും അതോടൊപ്പം പ്രയാസങ്ങളും അനുഭവപ്പെട്ടു തുടങ്ങി. ഇവിടെയാണ് നാം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ഗുണങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി നിലനിർത്തി പോരുവാനും പ്രയാസങ്ങൾ ലഘൂകരിക്കാനും ശാസ്ത്രീയമായ പ്ലാനിംങ്ങോടുകൂടി നാം മുന്നോട്ടു പോവേണ്ടിയിരിക്കുന്നു.

ഇപ്പോൾ ഈ പഞ്ചായത്തിൽ മൃഗസംരക്ഷണവകുപ്പിന്റെ രണ്ട് സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ചെട്ടികുളത്ത് സ്ഥിതിചെയ്യുന്ന മൃഗാശുപത്രിയും കണ്ടാകുളത്തെ കന്നുകാലിവികസന ഉപകേന്ദ്രവും. പഞ്ചായത്തിൽ നിലവിൽ 3–ാം വാർഡിൽ പ്രവർത്തിക്കുന്ന ഒരു പാൽ സൊസൈറ്റി മാത്രമേയുള്ളൂ. എടക്കാട് പാൽ സൊസൈറ്റിയുടെ ചില സംഭരണകേന്ദ്രങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള പശു, ആട്, കോഴി ഫാമുകൾ ഈ പഞ്ചായത്തിൽ ഇല്ല. അംഗീകൃത അറവുശാലകൾ ഇല്ല.

## താരതമ്യപഠനം.

**വളർത്തുമൃഗങ്ങളും പക്ഷികളും**

| മൃഗങ്ങളുടെ ഇനം | അന്ന് | ഇന്ന് |
|---|---|---|
| പശു–നാടൻ | 1800 | 612 |
| സങ്കരയിനം | 150 | 2485 |
| കന്നുകുട്ടികൾ | 500 | 1000 |
| എരുമ | 40 | 10 |
| കാള(ഉഴവ്) | 600 | 258 |
| ആട് | 1300 | 2325 |
| കോഴി | 8000 | 16000 |
| താറാവ് | ....... | 300 |

## പ്രധാന പ്രശ്നങ്ങൾ

1) കാലിത്തീറ്റ/ കോഴിത്തീറ്റ വില കൂടുതൽ
2) പുല്ല്/വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ്
3) കോഴിവളർത്തലിന് ധനസഹായവും പരിശീലനവും ലഭ്യമല്ല.
4) ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായമില്ല.
5) തീറ്റപുൽ വിത്തുകൾ യഥാസമയം ലഭിക്കുന്നില്ല.
6) മൃഗചികിത്സാ സ്ഥാപനങ്ങൾക്ക് സ്ഥിരമായ കെട്ടിടമോ, മരുന്നുകളോ ഉപകരണങ്ങളോ, ക്ലിനിക്കൽ ലാബറട്ടറി സൗകര്യങ്ങളോ ഇല്ല.
7) പേപ്പട്ടിശല്യം ഉണ്ടാകുന്നു.
8) പ്രതിരോധകുത്തിവെപ്പ് സൗകര്യങ്ങൾ പോരാ
9) ക്ഷീരസംഭരണകേന്ദ്രങ്ങളുടെ പരിമിതി

## സാദ്ധ്യതകൾ

1) നല്ലയിനം മാടുകളെ തെരഞ്ഞെടുക്കുക. അതിനായി കർഷകർക്ക് സർക്കാർ ധനസഹായമോ, ബാങ്ക് ലോണുകളോ ലഭ്യമാക്കണം.
2) കാലിവളർത്തൽ കർഷകരുടെ പ്രധാന പ്രശ്നം കാലിത്തീറ്റയുടെ ഉയർന്നവിലയും, പുല്ല്/വൈക്കോൽ എന്നിവയുടെ ലഭ്യതകുറവുമാണ്. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന തേങ്ങ ആട്ടി വെളിച്ചെണ്ണയാക്കുകയും അതിന്റെ ഉപോൽപന്നമായ പിണ്ണാക്ക് ഉപയോഗിച്ച് കൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണം നടപ്പാക്കുകയും ചെയ്യാം. അതിനായി പഞ്ചായത്തിൽ ഒരു ഫീഡ് മിക്സിംങ്ങ് യൂണിറ്റ് സ്ഥാപിക്കാം. ഇങ്ങനെ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാലിത്തീറ്റ ന്യായമായ വിലക്ക് പഞ്ചായത്ത് തലത്തിലുള്ള സഹകരണ സംഘങ്ങൾ മുഖേന കർഷകരിലെത്തിക്കാം. ഇത് ലാഭകരമായ പാലുത്പാദനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സഹായകമാവും.
3) തീറ്റപ്പുൽകൃഷി വ്യാപകമാക്കുക. ഇതിനായി തീറ്റപ്പുൽവിത്തും വളവും യഥാസമയം സൗജന്യമായി ലഭ്യമാക്കണം. തെങ്ങിന്റെ ഇട

വിളയായോ അല്ലാതെയോ തീറ്റപ്പുൽ കൃഷിചെയ്യാം.

4) വാർഡ് തലത്തിൽ കൂടുതൽ പ്രതിരോധ കുത്തിവെപ്പ് ക്യാമ്പുകൾ സംഘടിപ്പിക്കാൻ സാധിച്ചാൽ കുളമ്പുരോഗം മുതലായ പകർച്ചവ്യാധികൾ തടയാൻ സാധിക്കും. കർഷക ക്ലബുകൾക്കും സഹകരണസംഘങ്ങൾക്കും ഇതിൽ പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കാൻ കഴിയും.

5) പ്രായത്തിനും വലിപ്പത്തിനും ഉത്പാദനക്ഷമതയുടെ അടിസ്ഥാനത്തത്തിലും ആഹാരം ക്രമീകരിച്ച് നൽകുക, ധാതുലവണങ്ങളും വിറ്റാമിനുകളും വിദഗ്ധ നിർദ്ദേശപ്രകാരം നൽകുക, പ്രസവങ്ങൾ തമ്മിലുള്ള സമയദൈർഘ്യം കുറയ്ക്കുക തുടങ്ങിയ ശാസ്ത്രീയമായ കന്നുകാലി പരിപാലനത്തെക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണപരിപാടികൾ നടത്തണം.

6) ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കണം. അതുവഴി വളം പാഴാക്കാതെ ഉർജ്ജം ഉത്പാദിപ്പിച്ച് നാടിന് പ്രയോജനപ്പെടുത്താം.

7) കോഴി/താറാവ് വളർത്തൽ: ഈ ഇനങ്ങളിൽ അഭ്യസ്തവിദ്യരായിട്ടുള്ള യുവതിയുവാക്കൾക്ക് സൗജന്യരീതിയിൽ പരിശീലനം കൊടുക്കുകയും അതിനുവേണ്ട സഹായങ്ങൾ സ്വയം തൊഴിൽ പദ്ധതിപ്രകാരം നൽകിയാൽ തൊഴിലവസരം സൃഷ്ടിക്കാനും ഉത്പാദനം വർദ്ധിപ്പിക്കുവാനും സാധിക്കുന്നതാണ്. ഇതിനോടൊപ്പം സഹകരണാടിസ്ഥാനത്തിലോ പഞ്ചായത്ത് തലത്തിലോ സംഭരണ കേന്ദ്രങ്ങളും വിപണനകേന്ദ്രങ്ങളും കൂടി തുടങ്ങുകയാണെങ്കിൽ ആഭ്യന്തര ഉത്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കാൻ കഴിയും.

കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് മെച്ചപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. ഇതിനുവേണ്ടി സ്വകാര്യമേഖലയിലോ സഹകരണമേഖലയിലോ പഞ്ചായത്ത്-ബ്ലോക്ക് അടിസ്ഥാനത്തിലോ ഹാച്ചറികൾ സ്ഥാപിക്കാം. സഹകരണസംഘങ്ങൾ മുഖേന കോഴിത്തീറ്റ കുറഞ്ഞ വിലക്ക് ലഭ്യമാക്കണം. സൗജന്യനിരക്കിൽ കോഴിവളർത്തൽ യൂണിറ്റുകൾക്ക് ഇൻഷൂറൻസ് സംരക്ഷണം നൽകുകയും വേണം.

8) അടുക്കളമുറ്റത്തെ കോഴിവളർത്തൽ: പ്രധാനമായും വീട്ടമ്മമാരെ ഉദ്ദേശിച്ച് നടപ്പാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണിത്. കോഴികളെ വീട്ടുവളപ്പിൽ അഴിച്ചുവിട്ട് വളർത്തുന്ന രീതി തുടങ്ങുന്നതോടൊപ്പം തന്നെ വീട്ടുവളപ്പിൽ തന്നെ കൂടുകളിൽ മുട്ടക്കോഴികളെ വളർത്തുന്നത് വളരെ പ്രയോജനപ്രദമായി നടപ്പാക്കാവുന്ന ഒരു പദ്ധതിയാണ്. അധികം ചിലവ് ഇല്ലാതെ നാലോ അഞ്ചോ കോഴികളെ വളർത്താവുന്ന കൂടുകൾ നിർമ്മിക്കാൻ സാധിക്കും. ഇത്തരം കൂടുകളിൽ 'അതുല്യ' പോലുള്ള നല്ലയിനം മുട്ടക്കോഴികളെ വളർത്തുന്നതുവഴി വർഷം മുഴുവൻ ഒരു കുടുംബത്തിനാവശ്യമായ മുട്ടയാതൊരു ബുദ്ധിമുട്ടുമില്ലാതെ ആ വീട്ടിൽ തന്നെ ഉണ്ടാക്കുവാൻ കഴിയും. ജലാശയങ്ങൾ ധാരാളമുള്ള പ്രദേശമായതിനാൽ താറാവുവളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

9) ആട്, മുയൽ, പന്നി മുതലായ ഇനങ്ങളെയും ഇറച്ചിക്ക് വേണ്ടി വളർത്താൻ നാട്ടിൽ പലഭാഗത്തും സാധ്യതകൾ ഏറെയുണ്ട്. ഇവയുടെ വിസർജ്യവസ്തുക്കൾ പച്ചക്കറി, ഇടവിളകൾ എന്നിവക്ക് നല്ല വളമായി പ്രയോജനപ്പെടുത്താവുന്നതാണ്.

10) പഞ്ചായത്തിൽ ഒരു അറവുശാല സ്ഥാപിക്കാനുള്ള നടപടി അത്യാവശ്യമാണ്. ആരോഗ്യമുള്ള ഉരുക്കളെ മാത്രം മൃഗഡോക്ടറുടെ പരിശോധനക്ക് വിധേയമാക്കി ആധുനിക സംവിധാനങ്ങളോടുകൂടി അറവുശാലയിൽ വച്ച് ഇറച്ചിയാക്കി വിപണനം നടത്തുക. ഇത് ശുദ്ധമായ മാംസ ഉൽപ്പാദനത്തിനും തൻമൂലം മെച്ചപ്പെട്ട പൊതുജനാരോഗ്യത്തിനും കാരണമാകും. മാത്രമല്ല ഇതുമൂലം തോൽ, എല്ലുകൾ, രക്തം മുതലായവ സംസ്ക്കരിച്ച് വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാവുന്ന വ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്യാം. അതുപോലെതന്നെ വീടുകളിൽ സ്വാഭാവികമായി ചത്ത് ഒടുങ്ങുന്ന മൃഗങ്ങളുടെ തോലും എല്ലും മറ്റും എടുത്ത് മാറ്റി ബാക്കി മാംസം മാത്രം കുഴിച്ചുമൂടുക.

### സേവന മേഖല

11) മൃഗചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിനും കർഷകർക്ക് മൃഗസംരക്ഷണ കേന്ദ്രങ്ങളുമായും വേഗം ബന്ധപ്പെടുന്നതിനും മൃഗസംരക്ഷണകേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. (ടെലഫോൺ സൗകര്യം വാഹനസൗകര്യം ലാബറട്ടറി സൗകര്യം മുതലായവ) അതുപോലെ കൂടുതൽ മരുന്നുകൾ ലഭ്യമാക്കണം. മൃഗസംരക്ഷണ കേന്ദ്രങ്ങൾക്ക് സ്ഥിരമായ കെട്ടിടം ലഭിക്കണം. 2-ാം വാർഡിൽ ഒരു ഉപകേന്ദ്രം തുടങ്ങിയാൽ ആ ഭാഗങ്ങളിലെ കർഷകർക്ക് വളരെ പ്രയോജനപ്രദമായിരിക്കും.

12) എല്ലാ മൃഗങ്ങൾക്കും കുറഞ്ഞ പ്രീമിയം നിരക്കിൽ ഇൻഷൂറൻസ് സംരക്ഷണം ഏർപ്പെടുത്താൻ സാധിക്കണം.

13) ബ്രീഡേഴ്സ് അസ്സോസിയേഷൻ രൂപീകരിക്കണം.

14) മൃഗസംരക്ഷണ മേഖലയിലെ വിവിധ വശങ്ങളെക്കുറിച്ചും നൂതന സാങ്കേതിക വിദ്യയെക്കുറിച്ചും കർഷകരെ ബോധവാൻമാരാക്കുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു പരിശീലന കേന്ദ്രം ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.

### ക്ഷീരവിപണനമേഖല

15) ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ സഹകരണസംഘങ്ങൾ വഴി ന്യായമായ വില നൽകി സംഭരിക്കുകയും വിതരണം ചെയ്യുകയും വേണം. മിച്ചം വരുന്ന പാൽ ശീതീകരിച്ച് സൂക്ഷിക്കുവാനോ മറ്റുൽപന്നങ്ങളാക്കി മാറ്റി വിപണനം നടത്തുവാനും ഉള്ള സംവിധാനം ഉണ്ടാവണം. അതോടൊപ്പം കൊഴുപ്പുമാറ്റി പാക്കറ്റുകളിലാക്കി വിൽക്കുന്ന സമ്പ്രദായം തികച്ചും നിരുത്സാഹപ്പെടുത്തണം. അത് ഉപഭോക്താക്കളെ വഞ്ചിക്കുന്നതോടൊപ്പം ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കപ്പെടുന്നു. മിൽക്ക് സൊസൈറ്റിക്ക് ആവശ്യമായ വൃത്തിയുള്ള കെട്ടിടവും സാങ്കേതിക ഉപകരണങ്ങളും ബാങ്ക് ലോൺ മുഖേന ലഭ്യമാക്കണം.

16) ഓരോ വാർഡിലും ഒരു ക്ഷീരസംഭരണകേന്ദ്രമെങ്കിലും തുടങ്ങാൻ സാധിക്കണം.

17) 4-ാം വാർഡിലും 7-ാം വാർഡിലും ഓരോ മിൽക്ക് ബൂത്ത് ആരംഭിക്കാവുന്നതാണ്.

18) പേപ്പട്ടി ശല്യം തടയുക. വളർത്തുനായകൾക്ക് പേവിഷബാധക്കെതിരെ കുത്തിവെയ്പ്പ് നിർബന്ധമാക്കുകയും ലൈസൻസ് ഏർപ്പെടുത്തുകയും ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിയുന്നതുമായ എല്ലാ നായകളേയും കൊല്ലുകയും ചെയ്താൽ പേവിഷബാധ നിയന്ത്രിക്കാൻ സാധിക്കും.

ചുരുക്കത്തിൽ കന്നുകാലി കോഴിവളർത്തൽ വേണ്ടരീതിയിൽ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ അത് ജനങ്ങളുടെ വരുമാനവും ആരോഗ്യവും വർദ്ധിപ്പിക്കാൻ സഹായിക്കും. അതോടൊപ്പം അധികം മുതൽമുടക്കില്ലാതെ വളരെ പെട്ടെന്ന് പ്രയോജനം ലഭിക്കുന്ന കുറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുകയും ചെയ്യും. ○

# മത്സ്യബന്ധനം

പഞ്ചായത്തിലെ തൊഴിൽമേഖലയിൽ മത്സ്യബന്ധനത്തിന് പ്രമുഖ സ്ഥാനമാണുള്ളത്. വിദേശനാണ്യശേഖരത്തിലേക്ക് ഈ മേഖല വലിയ സംഭാവന നൽകുന്നു. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളിൽ ഒന്നായിട്ടുള്ള പുതിയാപ്പ മത്സ്യബന്ധന തുറമുഖം നമ്മുടെ പഞ്ചായത്തിലാണ്. യന്ത്രവൽക്കരണ മത്സ്യബന്ധനത്തോടൊപ്പം പരമ്പരാഗത രീതിയും നിലനിൽക്കുന്നു. കേരളത്തിലെ മറ്റ് പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെക്കാൾ താരതമ്യേന ഉയർന്ന ജീവിതനിലവാരം പുലർത്തുന്നവരാണ് ഈ പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾ. പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളിൽ ഏതാണ്ട് 500ഓളം പേർ കടുക്ക തൊഴിലാളികളാണ്. ഇവർക്ക് തൊഴിൽ ലഭിക്കാനാവശ്യമായ അത്രയും കടുക്ക നമ്മുടെ പഞ്ചായത്തിലെ കടലിലില്ലാത്തതുകാരണം മറ്റ് പ്രദേശങ്ങളിൽ പോയി എടുക്കേണ്ടിവരുന്നു. എന്നാൽ ചിലസ്ഥലങ്ങളിൽ പ്രാദേശികവാദം ഉയർന്നുവരുന്നത് ഇവരുടെ തൊഴിലിന് ഭീഷണിയായി നിലനിൽക്കുന്നു.

മത്സ്യബന്ധന മേഖലയിലെ പദ്ധതികളിൽ പലതും മേലേനിന്ന് അടിച്ചേല്പിക്കപ്പെടുന്നവയാണ്.

കോഴിക്കോട് ജില്ല കടലോര പ്രദേശങ്ങളാലും, ഉൾനാടൻ ജലാശയങ്ങളാലും സമൃദ്ധമാണ്. മത്സ്യബന്ധനരംഗത്ത് നൂതനങ്ങളായ സംരംഭങ്ങളും വികസിതമായ ശാസ്ത്രീയ പദ്ധതികളും നടപ്പാക്കുവാൻ അനുയോജ്യമായ അനുഗ്രഹീത പ്രദേശമാണ് കോഴിക്കോട് ജില്ല.

**തീരദേശമത്സ്യബന്ധനം** :– കടൽ മത്സ്യബന്ധന രംഗത്ത് മത്സ്യവകുപ്പ് ഇക്കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ ധാരാളം വൈവിദ്ധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. മത്സ്യബന്ധന രംഗത്തെ യന്ത്രവൽക്കരണം, സഹകരണ സംഘങ്ങളുടെ രൂപീകരണം എന്നിവ വഴി തീരദേശ മത്സ്യബന്ധന രംഗത്ത് ആവശ്യമായ വികസനം ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. യന്ത്രവൽകൃത ബോട്ടുകളുടെ പ്രവർത്തനം പരിമിതപ്പെടുത്തണമെന്ന വിദഗ്ധകമ്മിറ്റിയുടെ നിർദ്ദേശാനുസരണം ഇപ്പോൾ പുതിയ യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് ലൈസൻസ് കൊടുക്കുന്ന പരിപാടി തൽക്കാലം നിറുത്തി വെച്ചിരിക്കുകയാണ്. എന്നാൽ നാടൻ വള്ളങ്ങളുടേയും മറ്റും യന്ത്രവൽക്കരണത്തിന് കൂടുതൽ സാധ്യതകളുണ്ട്. കൂടാതെ ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള സാദ്ധ്യതകൾ വളരെ കൂടുതലാണ്. നമ്മുടെ ആഴക്കടൽ മത്സ്യബന്ധനം മൊത്തം സാദ്ധ്യതകളുടെ പത്ത് ശതമാനത്തിൽ താഴെ മാത്രമാണ് ഇപ്പോൾ നടന്നുവരുന്നത്. ഈ രംഗത്ത് വികസന സാദ്ധ്യതകൾ ധാരാളമുണ്ട്. വർദ്ധിച്ചതോതിലുള്ള മുതൽമുടക്ക് ആവശ്യമായ മേഖലയാണിത്.

തീരദേശ മത്സ്യബന്ധന രംഗത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഗവ; ധാരാളം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സഹകരണ മേഖലയിൽ കൊണ്ടുവന്ന് ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് അവരെ വിമുക്തരാക്കാനുള്ള ധാരാളം പദ്ധതികൾ മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്നു. ഗ്രൂപ്പടിസ്ഥാനത്തിൽ ചുണ്ടൻ വള്ളങ്ങൾ, ഔട്ടബോഡ് എഞ്ചിനുകൾ, വലകൾ എന്നിവ വിതരണം ചെയ്യുന്നതിനും, ഉല്പന്നങ്ങൾക്ക് പരമാവധി വില ലഭിക്കുന്നതിനും ഉള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.



**വനിതാ ബാങ്ക്** :– തീരദേശ രംഗത്തെ മത്സ്യത്തൊഴിലാളികളായ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നതിന് ജില്ലതോറും ഓരോ വനിതാ ബാങ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ സ്ഥാപിച്ച വനിതാ ബാങ്ക് എലത്തൂർ ഗ്രാമ പഞ്ചായത്തിൽപെട്ട പുതിയാപ്പയിലാണ്. മത്സ്യ സംസ്ക്കരണം വലനെയ്ത്ത്, മത്സ്യവിപണനം തുടങ്ങിയ രംഗങ്ങളിൽ മത്സ്യത്തൊഴിലാളികളിൽ പെട്ട വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വിവിധ വായ്പാ പദ്ധതികൾ ഈ ബാങ്കിലൂടെ നടപ്പിലാക്കി വരുന്നു.

**മത്സ്യകൃഷി :–**

കടൽ, പുഴകൾ, ജലാശയങ്ങൾ എന്നിവയാൽ സമ്പന്നമായ നമ്മുടെ പ്രദേശത്ത് മത്സ്യകൃഷിക്ക് വളരെയധികം സാദ്ധ്യതകളുണ്ട്. ചെമ്മീൻ കൃഷി പഞ്ചായത്തിൽ നടന്നുവരുന്നു. ഉൾനാടൻ ജലാശയങ്ങളിലും, വെള്ളക്കെട്ടുകളിലും ശുദ്ധജലത്തിൽ ത്വരിതഗതിയിൽ വളരുന്ന പ്രത്യേക ഇനം ശുദ്ധ ജല മത്സ്യങ്ങളേയും, ശുദ്ധജല ചെമ്മീനും കൃഷിചെയ്യുന്ന കർഷകരെ സഹായിക്കുന്നതിന് ജില്ലയിൽ ശുദ്ധജല മത്സ്യകർഷ വികസന ഏജൻസി പ്രവർത്തിച്ചു വരുന്നുണ്ട്. കർഷകർക്ക് ജലാശയങ്ങൾ ഒരുക്കുന്നതിനുള്ള വായ്പ, നല്ല ഇനം മത്സ്യവിത്ത്, മറ്റ് സാങ്കേതിക ഉപദേശം, സബ്സിഡി എന്നിവ ഈ ഏജൻസിയിലൂടെ കർഷകർക്ക് ഏജൻസി ലഭ്യമാക്കിക്കൊടുക്കുന്നു.

ശുദ്ധജല മത്സ്യകൃഷിരംഗത്ത് കർഷകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ, സഹായങ്ങൾ എന്നിവ ജില്ലാ മത്സ്യകർഷക വികസന ഏജൻസി ഒരുക്കിക്കൊടുക്കുന്നതാണ്.

ഓരു ജലത്തിലെ ചെമ്മീൻകൃഷി, ഞണ്ട് കൃഷി, മത്സ്യകൃഷി എന്നിവയ്ക്കായി ഒരു ഓരുജല മത്സ്യകർഷക വികസന ഏജൻസിയും ജില്ലാതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഓരു ജല മത്സ്യകൃഷിക്ക് ആവശ്യമുള്ള സാങ്കേതിക സഹായവും വായ്പാ സൗകര്യങ്ങളും, സബ്സിഡിയും ഏജൻസി എല്ലാ മത്സ്യകർഷകർക്കും ലഭ്യമാക്കിക്കൊടുക്കുന്നു.

മത്സ്യകൃഷി രംഗത്ത് നമ്മുടെ നാട്ടിൽ പ്രവർത്തിച്ചുവരുന്ന ഗവേഷണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ പ്രായോഗിക തലങ്ങളിലേക്ക് കൊണ്ടുവരുന്നതിനും, ജില്ലാടിസ്ഥാനത്തിൽ മത്സ്യബന്ധന വകുപ്പ് ശ്രമിച്ചുവരുന്നുണ്ട്. മത്സ്യകൃഷിയുടെ നാനാവശങ്ങളിൽ കർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ നല്കുന്നതിനുള്ള ഒരു ഹ്രസ്വകാല പരിശീലന കോഴ്സ് ജില്ലാമത്സ്യകർഷക വികസന ഏജൻസികൾ നടപ്പിലാക്കിവരുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്ന പരിശീലകർക്ക് സ്റ്റൈപ്പെന്റ് വിതരണം ചെയ്യുന്നുണ്ട്.

### പ്രത്യേക ഘടക പദ്ധതി :-

പ്രത്യേക ഘടകപദ്ധതി പ്രകാരം ജില്ലയിലെ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഗ്രാന്റടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വീട് നിർമ്മാണം, വീടിന്റെ അറ്റകുറ്റ പണികൾക്കുള്ള ധനസഹായം, ശുചീകരണ പദ്ധതിക്കുള്ള ധനസഹായം, മത്സ്യവിപണനം, മത്സ്യബന്ധനം, മത്സ്യ കൃഷി എന്നീ രംഗങ്ങളിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

### മാതൃകാ മത്സ്യബന്ധന ഗ്രാമങ്ങൾ :-

കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പാക്കുന്ന പദ്ധതിയാണിത്. അത് പ്രകാരം ദാരിദ്ര്യരേഖയ്ക്ക് കീഴേയുള്ള മത്സ്യത്തൊഴിലാളികൾക്ക് വീട് വെക്കുന്നതിന് 35000 രൂപയുടെ ഗ്രാന്റ് വിതരണം ചെയ്യുന്നുണ്ട്. സ്വന്തമായി 3 സെന്റ് ഭൂമിയും, കുടുംബവുമുള്ള ദാരിദ്ര്യരേഖയ്ക്ക് കീഴെയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ആ പദ്ധതിയിലൂടെ ധനസഹായം നല്കിവരുന്നു.

### പഞ്ചായത്ത് ജലാശയങ്ങളിലെ മത്സ്യകൃഷി

പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ജലാശയങ്ങൾ ശുദ്ധ ജല - ഓരുജല മത്സ്യകൃഷിക്ക്, ഉപയുക്തമാക്കുന്നതിനുള്ള ഒരു ബ്രഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇത്തരം ജലാശയങ്ങൾ ദീർഘകാല പാട്ടത്തിന് തൊഴിൽ രഹിതർക്ക് നല്കി അത് മത്സ്യകൃഷിക്ക് ഉപയുക്തമാക്കുകയാണ് ചെയ്യുന്നത്.

## ജലസമ്പത്ത്

### മത്സ്യ ഇനങ്ങൾ

1. ഐല 2. മത്തി 3. ചാള 4. കോര 5. ചെമ്മീൻ 6. ഏട്ട. കണ്ടുവരുന്നില്ല. (അപൂർവമായി മാത്രം) 7. ആവോലി 8. അയക്കോറ 9. നെത്തോലി 10. അടു 11. മുള്ളൻ 12. തളയൻ 13. ചമ്പാൻ 14. സ്രാവ് 15. തീരണ്ടി (വളരെ കുറഞ്ഞതോതിൽ കണ്ടുവരുന്നു.) 16. വായിൻ കണ്ടുവരുന്നില്ല (") 17. ചൂട 18. മാന്തൾ 19. ഞണ്ട് 20. മണുങ്ങ് 21. ആയിരംപല്ലൻ 22. കൂന്തൾ 22) കക്കൂന്ത (C.F) cuttle fish. പുതുതായി കിട്ടിവരുന്നു. 23. കണമീൻ.



നെത്തൊലി പോലുള്ള ചെറു മത്സ്യങ്ങൾ പിടിക്കുവാൻ മാത്രമേ ചെറിയ കണ്ണികളോടു കൂടിയ വലികൾ ഉപയോഗിക്കാവൂ. കല്ലുമ്മക്കായ, മുരു മുതലായവ സാമാന്യം വലുതായതിന് ശേഷമേ പറിച്ചെടുക്കാവൂ. ഇത് ശാസ്ത്രീയമായ രീതിയിൽ ഉൽപാദനം വർദ്ധിപ്പിക്കാവുന്നതുമാണ്. വടക്കുനോക്കിയന്ത്രം, വാർത്താവിനിമയ സംവിധാനം സിഗ്നലുകൾ എന്നിവ ഏർപ്പെടുത്തണം. ലൈഫ്ബോയ് ജാക്കറ്റ് മുതലായവ ഉപയോഗിച്ചെടുക്കണം.

### മത്സ്യബന്ധനോപകരണങ്ങൾ

(പഴയ രീതിയിലുള്ളവ)

1. നാടൻ വള്ളങ്ങൾ വലുതും ചെറുതും
2. തണ്ട് തൊഴ ചുക്കാൻ
3. കാറ്റിന്റെ ഗതി ഉപയോഗപ്പെടുത്തുവാൻ ഉദകത്തക്ക പായകൾ
4. നൂല്, വലകൾ, വക്ക്(ചണ) വലകൾ.
5. കാവി (പൊങ്ങുതടി)
6. തട്ട്വല (ചൂടി നിർമ്മിതം)
7. വീശുവലക്ക് ഉപയോഗിക്കുന്ന ഇയ്യം, ഓട് മുതലായവ കൊണ്ടുള്ള ചെറുമണിക.
8. ചാട്ടൂളി, ചൂണ്ട
9. നങ്കുരം
10. തള്ളി, വള്ളോടി, മരോട്, പാള

(പുതിയ രീതിയിലുള്ളവ)

യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾ, ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച ഫൈബർ വള്ളങ്ങൾ, ചുണ്ടൻ വള്ളങ്ങൾ, നാടൻ തോണികൾ, പ്ലാസ്റ്റിക്ക് ഫ്ളോട്ടുകൾ, നൈലോൺ വലകൾ, നങ്കൂരം (പഴയതുതന്നെ)

### പ്രശ്നങ്ങൾ

ഇന്ന് യന്ത്രവൽകൃത രീതിയാണ് പിൻതുടരുന്നത്. ഇതിനുള്ള പ്രധാന തടസ്സങ്ങൾ- ഇന്ധനത്തിന്റെ ലഭ്യത കുറവ്, വിലക്കയറ്റം ട്രാൻസ്പോർട്ടിങ്ങ് ചിലവ്, സൂക്ഷിക്കുവാൻ സുരക്ഷിതമായ സ്ഥലം എന്നിവയാണ് (2) വർക്ക്ഷാപ്പ്, പെട്രോൾ, ഡീസൽ, മണ്ണെണ്ണ ബാങ്കുകൾ എന്നിവയുടെ പോരായ്മകൾ കുറച്ച് വേണ്ടത്ര ഉപകരണങ്ങൾ ഇല്ലാത്തതിനാൽ തൊഴിൽ നഷ്ടം, സാമ്പത്തികനഷ്ടം ഉല്പാദന നഷ്ടം എന്നിവ ഉണ്ടാവുന്നു. വിപണനത്തിലെ ഇടത്തട്ട് ചൂഷണം ഒഴിവാക്കണം.

### പരിഹാരങ്ങൾ

1) കടൽത്തീരത്ത് തന്നെ ആവശ്യമായ പെട്രോൾ, മണ്ണെണ്ണ ഡീസൽബങ്കുകൾ സ്ഥാപിക്കുകയും ഇന്ധനം മിതമായ വിലക്ക് ലഭ്യമാവുകയും വേണം.

2) എഞ്ചിൻ റിപ്പേറിങ് വർക്ക്ഷാപ്പുകൾ സ്ഥാപിക്കുകയും സ്പെയർ പാർട്ടസുകൾ മിതമായ വിലക്ക് തീരദേശത്ത് തന്നെ ലഭ്യമാക്കണം. മത്സ്യത്തൊഴിലാളികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന യുവാക്കൾക്ക് പരിശീലനം നല്കുക. വലനിർമ്മാണ യൂനിറ്റുകൾ സ്ഥാപിക്കുക.

3) തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുവാൻ സർക്കാർ തലത്തിൽ നേരിട്ടോ, ബാങ്കുകൾ മുഖാന്തിരമോ സബ്സിഡി നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കണം. മത്സ്യത്തൊഴിലാളികൾക്ക് 40ഉം 50ഉം അടി വലിപ്പുമുള്ള മത്സ്യബന്ധനബോട്ടുകളും അതിന്നാവിശ്യമായ ഉപകരണങ്ങളും സബ്സിഡി അടിസ്ഥാനത്തിൽ നല്കി തൊഴിലവസരം സൃഷ്ടിക്കുകയും ഉല്പാദന-വിപണന സാദ്ധ്യതകൾ പരിപോഷിപ്പിക്കയും വേണം.

മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമ വികസന അതോറിറ്റി, മത്സ്യകൃഷി ഏജൻസി മുതലായവ എല്ലാം കൂടി ഒരു കേന്ദ്രത്തിലാക്കിക്കൊണ്ടുള്ള ഒരു മത്സ്യഭവൻ പഞ്ചായത്തിൽ ഒരിടത്ത് പ്രവർത്തിക്കണം.

പഞ്ചായത്തിൽ ഓരോ വാർഡിലും മത്സ്യമാർക്കറ്റുകൾ (വില്പ

നകേന്ദ്രങ്ങൾ) ഉണ്ടായിരിക്കണം.

ഉല്പാദന വിപണനത്തിന്നിടക്ക് പ്രവൃത്തിക്കുന്ന ഇടത്തട്ട് വ്യവസ്ഥ പൂർണ്ണമായും ഒഴിവാക്കണം. കാരണം നാടൻ സമ്പ്രദായത്തിൽ പണം കടംവാങ്ങുമ്പോൾ കമ്മീഷൻ വ്യവസ്ഥയിൽ ഉല്പാദനം വിപണനം നടത്തേണ്ടിവരുന്ന രംഗത്താണ് കൂടുതലും ഉല്പാദകരെ ചൂഷണം ചെയ്യുവാൻ അവസരം ഉണ്ടാകുന്നത്. അതുകൊണ്ടു ഉപകരണോപാദികൾ വാങ്ങുവാനും പ്രവർത്തനമൂലധനവും സർക്കാരടിസ്ഥാനത്തിൽ വ്യവസ്ഥാപിതമായ രീതിയിൽ നേരിട്ട് കൈകാര്യം ചെയ്താൽ ഇടത്തോട്ടു ചൂഷണത്തിൽ നിന്ന് യഥാർത്ഥ തൊഴിലാളികളെ വിമുക്തരാക്കുവാൻ കഴിയും. ഐസ് ഫാക്ടറികളും, കോൾഡ് സ്റ്റോറേജുകളും സ്ഥാപിക്കണം. ഇൻസുലേറ്റഡ് വാഹനങ്ങൾ ഉണ്ടായിരിക്കേണ്ടിയിരിക്കുന്നു.

മത്സ്യവിളകൾ ഉപയോഗിച്ച് – മത്സ്യ അച്ചാറുകൾ മത്സ്യപപ്പടം, എന്നീ ഉല്പന്നങ്ങൾ കുടിൽ വ്യവസായമായി മത്സ്യത്തൊഴിലാളികളുടെ ഇടയിൽ ആരംഭിച്ചാൽ പ്രത്യേകിച്ച് സ്ത്രീ വിഭാഗങ്ങളിൽ ചെറിയ തോതിൽ വരുമാനം ഉണ്ടാക്കുവാൻ സാധിക്കുന്നതോടൊപ്പം തൊഴിൽ സാദ്ധ്യതകളും ഉണ്ടാക്കാവുന്നതാണ്.

മത്സ്യം ഫ്ളാറ്റ്ഫോമുകളിൽ വെച്ചുണക്കി പാക്കറ്റുകളിലാക്കി വില്പന നടത്തുന്ന സമ്പ്രദായം ഈ രംഗത്ത് സ്വീകരിക്കേണ്ടതാണ്. ഇപ്പോൾ തന്നെ ചില സ്വാകര്യവ്യക്തികൾ ഈ രംഗത്ത് വിജയകരമായി പ്രവൃത്തിച്ചുവരുന്നു. ഇതും പൊതുമേഖലയിൽ സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്.

സ്ത്രീകളുടെ ഇടയിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് തയ്യൽ, എംബ്രോയിഡറി, അച്ചാറുകൾ, പപ്പടം മുതലായവ വികേന്ദ്രീകൃത മേഖലയിൽ ഉല്പാദിപ്പിക്കുകയും ഉല്പന്നങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ കേന്ദ്രീകൃത വിപണി ഉണ്ടാക്കുകയും ചെയ്യാൻ ഈ രംഗത്ത് അഭ്യസ്തവിദ്യരായിട്ടുള്ള യുവതികൾക്ക് തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കാവുന്നതാണ്.

കായലോരമത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി കായലോര മത്സ്യത്തൊഴിലാളി വികസന അതോറിറ്റി രൂപീകരിച്ച് അവർക്കാവശ്യമായ ചെറുകിട വള്ളങ്ങളും മറ്റുപകരണങ്ങളും ...... ലഭിക്കുവാൻ സൗകര്യമുണ്ടാക്കണം.

പുഴയോരങ്ങൾ മണ്ണൊലിപ്പ് തടയാൻ ഭിത്തി കെട്ടുകയോ മറ്റു പ്രകൃതിദത്തമായ രീതിയിലോ സംവിധാനങ്ങൾ ഏർപ്പെടുത്തി പുഴ സംരക്ഷിക്കേണ്ടതാണ്.

യഥാർത്ഥ മത്സ്യത്തൊഴിലാളികളെ മുഴുവൻ പേരേയും ഇന്ന് നിലവിലുള്ള മത്സ്യത്തൊഴിലാളി ക്ഷേമവികസനസംഘങ്ങളിൽ അംഗങ്ങളായി ചേർക്കുകയും എല്ലാവർക്കും എല്ലാവിധ ആനുകൂല്യങ്ങളും ലഭ്യമാക്കുകയും വേണം. സുപ്രീം കോടതിയുടെ വിധിപ്രകാരം തീരയോരത്ത്നിന്ന് 500 മീറ്റർ കരയിലേക്ക് നിർമ്മാണപ്രവർത്തനം തടഞ്ഞത് പൂർണ്ണമായും നിർത്തൽ ചെയ്യണം.

എലത്തൂരിൽ കോരപ്പുഴ ഭാഗത്ത് തുറമുഖം വികസിപ്പിച്ച് ജെട്ടി കെട്ടി മത്സ്യബോട്ടുകൾ മുതലായവ സുഗമമായി അടുക്കുവാനും മത്സ്യവിപണനത്തിനും സൗകര്യപ്പെടുത്തണം.

പുതിയാപ്പ മത്സ്യബന്ധ തുറമുഖത്ത് മണ്ണ് വന്നടിയുന്നത് കാലാകാലങ്ങളിൽ നീക്കം ചെയ്യുവാൻ സ്ഥിരമായ ഒരു സംവിധാനം സർക്കാർ തലത്തിൽ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ ശുദ്ധജലവും, വെളിച്ചവും എത്തിക്കണം.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് തൊഴിലധിഷ്ടിതമായ വിദ്യാഭ്യാസസൗകര്യം ഏർപ്പെടുത്തണം.

മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും ഉണ്ടാവേണ്ടതാണ്. എല്ലാ കാര്യത്തിലും ബോധവൽക്കരണ സെമിനാറുകളും ഗ്രൂപ്പ് ചർച്ചകളും പീരിയോഡിക്കലായി നടത്തുവാൻ സംവിധാനം ഉണ്ടാകണം.

എലത്തൂർ ഭാഗത്തെ മത്സ്യത്തൊഴിലാളികൾ സ്രാവ് പിടുത്തത്തിൽ ഏറ്റവും മുൻപന്തിയിലാണ്. അവിടെത്തന്നെ ആവിശ്യമായ ചൂണ്ടകൾ വളരെ വിദഗ്ദമായ രീതിയിലാണ് നിർമ്മിച്ചുവരുന്നു. ഇത് വിപുലപ്പെടുത്തേണ്ടതാണ്.

## പുഴയോരമത്സ്യബന്ധനം

എലത്തൂർ പഞ്ചായത്തിൽ 1,5,7,8,9,10,13 എന്നീ വാർഡുകൾ പുഴയും വലതും ചെറുതമായ കുളങ്ങളാലും അനുഗ്രഹീതമാണ്. പലയിടങ്ങളും പഞ്ചായത്തധീനതയിൽ ഉള്ളതും സ്വകാര്യമേഖലയിൽ ഉള്ളതുമായ ബോർഡുകളുണ്ട്. അവിടങ്ങളിൽ ധാരാളം മത്സ്യബന്ധനത്തൊഴിലാളികളും ഉണ്ട്. അവർക്കിടയിലെ ഗുണഭോക്താക്കളെ സംഘടിപ്പിച്ച് സാങ്കേതിക വിജ്ഞാനം നല്കി ഉചിതമായ സ്ഥലങ്ങളിൽ ശാസ്ത്രീയമായി ചെമ്മീൻ, ഞണ്ട്, കട്ല, രോഹ്യ മുതലായ വകകൾ ലാഭകരമായി ഉല്പാദപ്പിക്കുവാനുള്ള സാങ്കേതിക, സാമ്പത്തിക സഹായസഹകരണങ്ങൾ ലഭ്യമാക്കിയാൽ കുറേയേറെ തൊഴിലവസരം സൃഷ്ടിക്കുവാനും, ഉല്പാദന വർദ്ധനവു ഉണ്ടാക്കുവാനും സാധിക്കും എന്ന് പ്രത്യേകം ശ്രദ്ധയിൽ പെടുത്തുന്നു. അതുപോലെത്തന്നെ കല്ലുമ്മൽകായ മുരു മുതലായവ കടലിലും ഉപ്പുവെള്ളമുള്ള പുഴകളിലും ശാസ്ത്രമായ രീതിയിൽ ഉല്പാദിപ്പിക്കേണ്ടിയിരിക്കുന്നു. അതുവഴിയും ധാരാളം തൊഴിലവസരം ഉണ്ടാക്കുവാൻ സാധിക്കും, ഇന്ന് ആന്ധ്ര മുതലായ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതിചെയ്യുന്ന ഉല്പന്നങ്ങളാണ് തൊഴിലാളികൾ ആശ്രയിക്കുന്നത്. പുതിയാപ്പ് ഭാഗത്തുള്ള കടലിൽ മുത്തുച്ചിപ്പി കൃഷി central fisheries കൃഷിചെയ്ത് ചിപ്പി ഉല്പാദിപ്പിച്ചിരുന്നു. ആ രംഗത്ത് പ്രത്യേകം ശ്രദ്ധ ചെലുത്തിയാൽ സാധ്യതകളേറെയുണ്ടെന്ന് മനസ്സിലാക്കുന്നു. പുഴയിലും കടലിലും ചെറിയ തോണികളിൽ എഞ്ചിൻഘടിപ്പിച്ച് മത്സ്യവും കല്ലുമ്മക്കായ മുതലായവ പിടിക്കാൻ തൊഴിലാളികളെ സാമ്പത്തികമായി സഹായിക്കേണ്ടതാണ്.

# ഗ്രാമസഭകൾ ഉണർന്നപ്പോൾ

**13–ാം വാർഡ് :**

ഈ വാർഡിൽ 1.കി.മി.പുഴയോരമുണ്ട്. കുറച്ച് സ്വകാര്യഉടമസ്ഥതയിലും ബാക്കി പഞ്ചായത്ത് ഉടമയിലുമുള്ളതാണ്. അവിടെ ചെമ്മീൻ കൃഷിക്ക് സാദ്ധ്യതയുണ്ട് – സാങ്കേതിക, സാമ്പത്തിക സഹായം ലഭ്യമാക്കണം. 50– ഓളം മത്സ്യത്തൊഴിലാളികൾ ഉണ്ട് അവർക്ക് വള്ളവും വലയും സബ്സിഡി നിരക്കിൽ ലഭ്യമാക്കണം. തെക്കുമുറിയിൽ മത്സ്യമാർക്കറ്റ് വേണം. ചിലപ്പോൾ മത്സ്യരോഗം കാണാറുണ്ട്.

**4–ാം വാർഡ് :**

a) മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘത്തിൽ മുഴുവൻ പേർക്കും അംഗത്വം നല്കി അതുവഴി ലഭിക്കേണ്ട ക്ഷേമ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുക.

b) ജനറൽ മെക്കനൈസഷൻ സ്കീം നടപ്പിൽ വരുത്തി യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്കു മാത്രം പ്രയോജനപ്പെടുത്തണം.

c) പ്രവൃത്തിക്കിടയിൽ വികലാഗരാവുന്നവർക്കും രോഗബാധിതരായി ജോലി ചെയ്യാൻ പറ്റാത്ത അവസ്ഥയിൽ പെട്ടവർക്കും പെൻഷൻ സമ്പ്രദായം ഏർപ്പെടുത്തുക.

d) കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുക.

e) ഇന്ധനം (മണ്ണെണ്ണ, ഡീസൽ, പെട്രോൾ) ലഭ്യമാക്കണം.

f) 12.12.94 ലെ സുപ്രീകോടതി വിധി റദ്ദ് ചെയ്യണം.

g) വിദേശകപ്പലുകളുടെ മത്സ്യബന്ധനം പൂർണ്ണമായും നിരോധിക്കണം.

h) പുതിയാപ്പ തുറമുഖത്തിൽ വന്നടിയുന്ന മണൽ നീക്കം ചെയ്യുവാൻ സ്ഥിരം സംവിധാനം വേണം.

i) ലേലം നടത്തുന്ന ഹാളിൽ വെള്ളവും വെളിച്ചവും എത്തിക്കണം.

**2ാം വാർഡ്:**

ഏതാണ്ട് 800 പേർ മത്സ്യത്തൊഴിലാളികളാണ്.

a) 5 പേർ വീതമടങ്ങുന്ന ഗ്രൂപ്പുകൾക്ക് യന്ത്രവൽകൃതബോട്ടും ഉപകരണങ്ങളും നല്കണം. നാടൻ തോണിക്കാർക്ക് നല്കി വരുന്ന 500 ലി. മണ്ണെണ്ണ, 1000 ലി.ആയി വർദ്ധിപ്പിക്കണം. ഒരു ഡിപ്പോ ആരംഭിക്കണം.

b) സിഗ്നൽ ലൈറ്റും, ബീച്ച് റോഡിൽ വൈദ്യുത വിളക്കുകളും സ്ഥാപിക്കുക. തീരത്ത് ജെട്ടി നിർമ്മിക്കുക. കോൾഡ് സ്റ്റോറേജ് ഉണ്ടാക്കുക.

c) കടുക്കത്തൊഴിലാളികൾക്ക് തോണി വാങ്ങുവാൻ സഹായിക്കണം.

d) പൂഴി വാരുന്നത് നിരോധിക്കണം, ഭിത്തി ഉയർത്തിക്കെട്ടണം, അഴിമുഖത്തുള്ള പാറ നീക്കണം. വാർത്താവിനിമയ സൗകര്യം ഏർപ്പെടുത്തണം.

e) ഊന്നുവലക്കാർക്ക് ലൈസൻസ് നൽകണം.

f) മത്സ്യവില്പനക്കാരെ മത്സ്യത്തൊഴിലാളികളായി അംഗീകരിക്കണം.

**12ാം വാർഡ്:**

1500 പേരോളം മത്സ്യത്തൊഴിലാളികളുണ്ട്.

a) 40–50 അടി വലുപ്പമുള്ള ബോട്ടുകളും ഔട്ട്ബോർഡ് എഞ്ചിനും വലകളും ലഭ്യമാക്കണം.

b) മത്സ്യഭവൻ പ്രവർത്തിക്കണം, കോൾസ് സ്റ്റോറേജ് ഉണ്ടാവണം.

c) സ്ത്രീകൾക്ക് സഹകരണസംഘം രൂപീകരിച്ച് തയ്യൽ, എംബ്രോയിഡറി, മത്സ്യഅച്ചാറ്, മത്സ്യപപ്പടം എന്നിവ നിർമ്മിക്കുവാനുള്ള സാങ്കേതിക പരിജ്ഞാനം നല്കി സാമ്പത്തിക സഹായം ലഭ്യമാക്കണം. ആ ഉല്പന്നങ്ങൾ പഞ്ചായത്ത് തലത്തിൽ വിപണനകേന്ദ്രവും ഉണ്ടായിരിക്കണം.

d) വിവിധ തരം വല നിർമ്മാണ യൂനിറ്റ് തുടങ്ങണം.

e) കുടിവെള്ളവും, വെളിച്ചവും എത്തിക്കുക, കക്കൂസ് നിർമ്മാണത്തിന്നാവശ്യമായ ധനസഹായം നല്കുക.

**1ാം വാർഡ്:**

ചെമ്മീൻ സംസ്കരിച്ച് ചെമ്മീൻ പരിപ്പ്, അച്ചാർ മുതലായവ ഉണ്ടാക്കുകയാണെങ്കിൽ സ്ത്രീകൾക്ക് തൊഴിലവസരം ഉണ്ടാവും.

a) മണ്ണെണ്ണ ഡിപ്പോ സ്ഥാപിക്കണം.

b) സിഗ്നൽ ലൈറ്റ് സ്ഥാപിക്കുക

c) ജട്ടി സൗകര്യം വർദ്ധിപ്പിക്കുക.

d) ഊന്നിവല ലൈസൻസ് നല്കുക

e) അർഹരായവർക്ക് ചുൺൻവള്ളം ഫൈബർ ചെറുതോണികൾ മറ്റുപകരണങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിൽ ലഭ്യമാക്കണം.

f) അഴിമുഖത്ത് വെള്ളത്തിന്നടിയിലുള്ള പാറകൾ നീക്കം ചെയ്യണം.

g) സുപ്രീംകോടതി വിധി റദ്ദാക്കുക.

**7ാം–വാർഡ്:**

അമ്പാപുറത്ത് താഴത്ത് 3 ഏക്കറോളം സ്വകാര്യമായും 10 ഏക്കറോളം (മണ്ൽപ്പുറം മുതൽ കൊന്നാരിത്താഴം വരെ) ചതുപ്പുനിലത്ത് ചെമ്മീൻ കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾ തോണിയും വലയും ലഭ്യമാക്കണം.

**8–ാം വാർഡ്:**

ചെമ്മീൻ, കരിമീൻ ഇവ വളർത്തുന്നതിന്ന് വേണ്ട സഹായ സഹകരണം ലഭ്യമാക്കണം.

**9–ാം വാർഡ്:**

മൂന്നു ഭാഗവും പുഴയാണ് 50 കുടുംബങ്ങൾ മത്സ്യബന്ധനം നടത്തിവരുന്നു.

**3–ാം വാർഡ്:**

50% ആളുകൾ മത്സ്യ/കടുക്ക തൊഴിലാളികളാണ്. ബോട്ടും തോണി, വല മറ്റു ഉപകരണങ്ങൾ നല്കി സഹായിക്കണം. കല്ലുമ്മൽക്കായ കൃഷി വികസനത്തിന് വേണ്ടി സഹായം ലഭ്യമാക്കണം.

**5–ാം വാർഡ്:**

കിഴക്ക് ഭാഗം മുഴുവനും പുഴയോരമാണ്. പുതിയോട്ടിൽ കടന്ന് വടക്കുഭാഗത്തും (2) പുതുക്കാട്ട് കടവിന്ന് വടക്കുഭാഗത്തും അരോത്ത് കുഴി മോവർകണ്ടിക്ക് കിഴക്കു ഭാഗത്തും ധാരാളം ചതുപ്പു നിലമുണ്ട്. അവിടങ്ങളിൽ ചെമ്മീൻ, ഞണ്ട് മുതലായവ കൃഷിചെയ്യാൻ സംവിധാനം ഉണ്ടാവണം.

**11–ാം വാർഡ്:**

മത്സ്യബന്ധനത്തൊഴിലാളികളായി അംഗീകരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കണം. ക്ഷേമനിധിയും ഏർപ്പെടുത്തണം.

**10–ാം വാർഡ്:**

കടുക്കുഴിതാഴത്ത് പുഞ്ചപ്പാടത്ത്, താമരച്ചാലി എന്നിവിടങ്ങളിൽ ചെമ്മീൻകൃഷി ചെയ്യാവുന്നതാണ്. എരഞ്ഞിക്കൽ ഭാഗത്ത് മത്സ്യമാർക്കറ്റ് അറവുശാല അത്യാവശ്യമാണ്.

**6–ാം വാർഡ്:**

കോഴിശ്ശേരിത്താഴത്ത് ചെമ്മീൻകൃഷിക്ക് സൗകര്യമുണ്ട്.





# വിദ്യാഭ്യാസം

**കോ**ഴിക്കോട് കോർപ്പറേഷന്റെ വടക്കേ അതിർത്തിയോട് ചേർന്നു കിടക്കുന്ന ഗ്രാമപഞ്ചായത്താണ് എലത്തൂർ. കടലും പുഴയും കെട്ടുപിണഞ്ഞുകിടക്കുന്ന പ്രകൃതിരമണീയമായ ഈ ഗ്രാമപ്രദേശം വിദ്യാഭ്യാസപരമായി അത്രകണ്ട് പിന്നോക്കമല്ല. ബാസൽ മിഷന്റെ വരവോടെയാണ് ഈ പ്രദേശത്ത് വിദ്യാഭ്യാസപരമായ ചലനങ്ങൾക്ക് പ്രാരംഭം കുറിച്ചത്. അതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് 1920 നു മുമ്പ് എലത്തൂർ ഭാഗത്ത് ആരംഭിച്ച പഞ്ചമം സ്ക്കൂളാണ് പ്രഥമ വിദ്യാഭ്യാസ സ്ഥാപനം. ഇതിനുമുമ്പ് സംസ്കൃതഭാഷാ പഠനത്തിന് ചില സ്ഥാപനങ്ങൾ നടന്നിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. മുൻപ് പറഞ്ഞ പഞ്ചമം സ്ക്കൂളാണ് പിൽകാലത്ത് ആത്മ പ്രബോധിനി സ്ക്കൂളായി മാറിയത്. ഇതേ സ്ഥാപനം പിന്നീട് യു.പി.സ്ക്കൂളായി മാറുകയും ചെയ്തു. ഇതിന്റെ തുടർപ്രക്രിയ എന്നോണം 1946ൽ സി.എം.സി ഹൈസ്ക്കൂൾ സ്ഥാപിതമായി. വിദ്യാർത്ഥികളുടെ ബാഹുല്യം മൂലം 1973ൽ ഇത് ബോയ്സ് ഹൈസ്ക്കൂളും ഗേൾസ് ഹൈസ്ക്കൂളും ആയി മാറി. സി.എം ചെറിയക്കനായിരുന്നു ഇതിന്റെ സ്ഥാപക മാനേജർ.

പുതിയങ്ങാടി ബി.ഇ.എം സ്കൂളിൽ അദ്ധ്യാപകനായിരുന്ന പരിയങ്ങാട്ട് രാരിച്ചൻ മാസ്റ്റർ മാനേജ്മെന്റുമായി തെറ്റിപ്പിരിഞ്ഞ് 1923ൽ പുത്തൂർ യു.പി. സ്കൂൾ സ്ഥാപിച്ചു. കാരന്നൂർ എൽ.പി സ്ക്കൂളും, എലത്തൂർ ജി എം എൽ പി സ്ക്കൂളും വളരെ പഴക്കം ചെന്ന സ്ക്കൂളുകളാണ്. ഇതിൽ GMLP സ്ക്കൂളിന്റെ പ്രാരംഭഘട്ടത്തിൽ അയിത്തത്തിന്റേതായ ചില പ്രശ്നങ്ങളുമുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞു. പഴയകെട്ടിടങ്ങൾ രണ്ട് ബ്ലോക്കുകളിലായി നിർമ്മിച്ചതുതന്നെ തീണ്ടലിന്റെ ഭാഗമായിട്ടാണത്രേ.

രാരോത്ത് പിടികയിൽ ആരംഭിച്ച എൽ.പി സ്ക്കൂളാണ് പിൽക്കാലത്ത് സേതുസീതാറാം എൽ.പി സ്ക്കൂളായി മാറിയത്. നാഷണൽ എൽ.പി.സ്കൂളിന്റെ കെട്ടിടം 50 വർഷം മുമ്പു തകർന്നിരുന്നു. അതിനുശേഷം പുതുക്കി പണിത കെട്ടിടത്തിലാണ് സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നത്. പുതിയ നിരത്ത് എൽ.പി.സ്ക്കൂളിന് കെട്ടിടം നിൽക്കുന്ന സ്ഥലം മാത്രമേ ഇപ്പോൾ സ്വന്തമായുള്ളു. സ്ക്കൂളിനോടനുബന്ധിച്ച് ഒരു മൂത്രപ്പുരപോലും സ്ഥാപിക്കാനാവാത്ത ദുരവസ്ഥയുണ്ട്. എരഞ്ഞിക്കൽ ഗവ: എൽ.പി സ്ക്കൂളിനും ഒരു കെട്ടിടം മാത്രമേ സ്വന്തമായുള്ളു. വാടകകെട്ടിടത്തിലാണ് ഒരു ഭാഗം പ്രവർത്തിക്കുന്നത്. 1947ൽ ഹിദായത്തുൽ ഇസ്ലാം എൽ.പി.സ്ക്കൂൾ സ്ഥാപിച്ചു. 1948ൽ പീറ്റംകണ്ടി അപ്പുമാസ്റ്റർ സ്ഥാപിച്ച സ്ക്കൂളാണ് കാരന്നൂർ യു.പി.സ്ക്കൂൾ. പിന്നീട് ഈ സ്ഥാപനം കാരന്നൂർ ഗ്രാമോദ്ധാരണ സംഘം ഏറ്റെടുക്കുകയും ഹയർ എലിമെന്ററി സ്കൂളായി മാറുകയും ചെയ്തു. പിന്നീട് സംഘം പ്രസിഡണ്ടും സ്വാതന്ത്ര്യസമരസേനാനിയും ആയിരുന്ന കെ.ടി. ആണ്ടി സ്ക്കൂൾ മാനേജുമെന്റ് ഏറ്റെടുത്ത് നടത്തുകയാണ് ഉണ്ടായത്. വിദ്യാഭ്യാസ തൽപ്പരനായ തോട്ടിലാടത്ത് പാച്ചു 1933ൽ സ്ഥാപിച്ചതാണ് പെരുന്തുരുത്തി ജ്ഞാനോദയം എൽ.പി.സ്ക്കൂൾ. മൊകവൂർ എൽ.പി.സ്ക്കൂൾ 1928ൽ നമ്പോൽപറമ്പത്ത് ഗോവിന്ദൻ നായർ പീടികമുറിയിൽ ആരംഭിച്ചതായി അറിയുന്നു. പെരിങ്ങിണി രാവുണ്ണി നമ്പീശൻ സ്ക്കൂളിന് സ്ഥലം നൽകിയതിന്റെ അടിസ്ഥാനത്തിൽ മാനേജരായി മാറി. 1964ൽ ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഗവർമെന്റ് ഫിഷറീസ് സ്ക്കൂൾ സ്ഥാപിച്ചത്. ഇത് പിന്നീട് 1985ൽ ഹൈസ്ക്കൂളായി ഉയർത്തുകയും ചെയ്തു. 1982 ജൂലായ് 1 നാണ് പി.വി.എസ് ഹൈസ്ക്കൂൾ സ്ഥാപിതമായത്. ശ്രീ.പി.വി.ചന്ദ്രനാണ് ഇതിന്റെ മാനേജർ.

ഈ ഗ്രാമപഞ്ചായത്തിൽ നാല് ഗവൺമെന്റ് സ്ഥാപനങ്ങളും 13 സ്വകാര്യ എയിഡഡ് സ്ഥാപനങ്ങളും ഒരു അൺ എയിഡഡ് സ്ഥാപനവും വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ രണ്ട് പ്രീപ്രൈമറി, പത്തിൽതാഴെ നഴ്സറി സ്ക്കൂളുകളും ഹരിജൻ വെൽഫയർ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാങ്കേതിക സ്ഥാപനവും ഉണ്ട്. രണ്ട് ബാലവാടി, മൂന്ന് പാരലൽ കോളേജ്, 5 ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, മൂന്ന് ട്യൂഷൻ സെന്റർ, നിരവധി ഹോം ട്യൂഷൻ സെന്ററുകൾ എന്നിവയും ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 36787 – ഓളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി ഏകദേശം പതിനായിരത്തോളം വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നുണ്ട്. പഞ്ചായത്തിന്റെ സാക്ഷരതാ നിരക്ക് 89.81 ശതമാനമാണ്. കൂടാതെ പഞ്ചായത്തിന് പുറത്തുള്ള സ്ക്കൂളുകളിലേക്ക് പോകുന്ന നിരവധി കുട്ടികളും ഉണ്ട്. ഗ്രാമപഞ്ചായത്ത് സ്ക്കൂളുകളിലെ നിലവാര തകർച്ച.- പാഠ്യേതര രംഗത്തെ ശ്രദ്ധക്കുറവ്, ഭൗതിക സൗകര്യങ്ങളിലുള്ള അതൃപ്തി, ടൗണിലെ സ്കൂളുകളിൽ മെച്ചപ്പെട്ട

വിദ്യാഭ്യാസം കിട്ടുമെന്ന ശുഭാപ്തിവിശ്വാസം ഇവയെല്ലാം ആണ് വിദ്യാർത്ഥികളെയും രക്ഷിതാക്കളേയും പഞ്ചായത്തിന് പുറത്തുള്ള സ്ക്കൂളുകളിലേക്ക് ആകർഷിക്കുന്നത്. രക്ഷിതാക്കളുടേയും വിദ്യാർത്ഥികളുടേയും വിശ്വാസം ആർജ്ജിക്കാൻ കഴിയുന്ന ഗുണപരമായ ഒരു കുതിച്ചുചാട്ടം കാഴ്ചവെച്ചാൽ മാത്രമേ ഈ പ്രവണതക്ക് മാറ്റമുണ്ടാക്കാൻ കഴിയൂ

ഈ പഞ്ചായത്തിൽ ഇടത്തരക്കാർക്ക് പോലും പാശ്ചാത്യ വിദ്യാഭ്യാസഭ്രമം ദൃശ്യമാണ്. നിരവധി വിദ്യാർത്ഥികൾ ഇംഗ്ലീഷ്മീഡിയം സ്ക്കൂളുകളിലേക്ക് പോകുന്നുണ്ട്. വേഷവിധാനത്തിലുള്ള പ്രൗഢിയും ഇംഗ്ലീഷ് മീഡിയത്തിലെ പഠനം ഭാവിയിൽ കൂടുതൽ ഗുണകരമാണെന്ന വ്യാമോഹവും പാശ്ചാത്യ വിദ്യാഭ്യാസത്തോടുള്ള വഴിവിട്ട വിധേയത്വവുമാണ് ഇതിന് ഹേതു. മാതൃഭാഷാ സ്നേഹം വളർത്താനും മാതൃഭാഷാ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകാനും ഭരണതലത്തിൽ തന്നെ തീരുമാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

പഠനത്തിലെ പിന്നോക്കാവസ്ഥ നിമിത്തവും സാമ്പത്തികവും സാമൂഹ്യവുമായ കാരണങ്ങളാലും ചെറിയ ഒരു ശതമാനം വിദ്യാർത്ഥികൾ ഇടക്കുവെച്ച് പഠനം നിറുത്തുന്നുണ്ട്. പുതിയാപ്പ ഹൈസ്ക്കൂളിൽ മത്സ്യബന്ധനവും ആയി ബന്ധപ്പെട്ട് ഒരു പ്രത്യേകകാലയളവിൽ ഈ കൊഴിഞ്ഞുപോക്ക് വളരെ രൂക്ഷമാണ്. തുടർച്ചയായ ബോധവൽക്കരണത്തിലൂടെ ഈ പ്രശ്നത്തിന് ഒരു പരിധിവരെ അറുതിവരുത്താൻ സാധിക്കും. മറ്റു സ്ഥാപനങ്ങളുടെ കാര്യത്തിൽ ഹൈസ്ക്കൂൾ തലത്തിലാണ് ഈ കൊഴിഞ്ഞുപോക്ക് കാണപ്പെടുന്നത്.

ഉന്നത വിദ്യാഭ്യാസത്തിന് പഞ്ചായത്തിലെ വിദ്യാർത്ഥികൾ മുഖ്യമായും ആശ്രയിക്കുന്നത് ടൗണിലെ വിദ്യാഭ്യാസസ്ഥാപനങ്ങളെയാണ്. ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനവും ഒരു ഹയർ സെക്കന്ററി സ്ഥാപനവും സ്ഥാപിക്കണമെന്ന ആവശ്യം ഗ്രാമസഭയിലൂടെ ഉയർന്നു വന്നിട്ടുണ്ട്. ഇത് പരിഗണനാർഹമായ ആവശ്യമാണ്.

എസ്.എസ്.എൽ.സി വിജയശതമാനത്തിന്റെ കാര്യത്തിൽ പഞ്ചായത്തിലെ 4 ഹൈസ്ക്കൂളുകളും സംസ്ഥാന ശരാശരിയിലും താഴെയാണ്. 1986 മാർച്ചിലെ SSLC പരീക്ഷയിൽ പി.വി.എസ് ഹൈസ്ക്കൂൾ 100% വിജയം നേടിയിരുന്നു. പക്ഷെ തുടർന്ന് ഈ നേട്ടം നിലനിർത്താൻ കഴിഞ്ഞിട്ടില്ല. ഇതിനുള്ള കാരണങ്ങൾ പലതാണ്. അക്ഷരാഭ്യാസമാണ് വിദ്യാഭ്യാസത്തിന്റെ അടിത്തറ. ദുർബ്ബലമായ അടിത്തറയിൽ മാളിക പണിതുയർത്തുന്നതുപോലുള്ള ഒരു പ്രവണത ഈ രംഗത്ത് നിർഭാഗ്യവശാൽ നിലനിൽക്കുന്നു. ഒന്നാം ക്ലാസിലെ ഓൾപ്രമോഷൻ, നിലവാരം നോക്കാതെ 80% ക്ലാസുകയറ്റം നൽകുന്ന സമ്പ്രദായം ഇവയെല്ലാം പഠനത്തെ പ്രഹസനമാക്കി മാറ്റുന്നതിന് കാരണമാണ്. ഇക്കാര്യത്തിൽ ഒരു പുനർവിചിന്തനം ആവശ്യമാണ്. കൂടാതെ 4,7 ക്ലാസുകളിൽ പൊതുപരീക്ഷ നടത്തണമെന്ന നിർദ്ദേശവും നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. ഇതേ സമയം പഠനത്തിനായി ടൗണിലേക്കു പോയ വിദ്യാർത്ഥികൾ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച ചരിത്രവും ഈ പഞ്ചായത്തിനുണ്ട്. 1988ൽ എസ്.എസ്.എൽ.സി ഒന്നാം റാങ്കുകാരിയായ 'ലിജി' ഈ പഞ്ചായത്തുകാരിയാണ്. ഇത് മലബാറിന്റെ തന്നെ ആദ്യത്തെ നേട്ടമാണ്. ഇതുപോലെ 95ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള സംസ്ഥാന റാങ്കുകാരി നീതുമോഹനനും ഈ പഞ്ചായത്ത് നിവാസിയാണ്.

പഠനരംഗത്തെ ഈ പിന്നോക്കാവസ്ഥക്കുള്ള ഹേതുവാകുന്ന ചില കാരണങ്ങൾ പരിശോധിക്കാം. ഗൾഫ് പണത്തിന്റെ സ്വാധീനം കുട്ടികളുടെ പഠനതാൽപര്യം കുറക്കുകയും ശ്രദ്ധ വികേന്ദ്രീകരിക്കുകയും ചെയ്യുന്നു. പ്രായമെന്ന കടമ്പ കടന്നു കിട്ടിയാൽ ഗൾഫിലേക്ക് ചേക്കേറാൻ നോമ്പുനോറ്റുകഴിയുന്ന വിദ്യാർത്ഥികൾ വിദ്യാലയങ്ങളെ വിനോദകേന്ദ്രമാക്കി മാറ്റുന്നു. ഇവരുടെ അച്ചടക്കരാഹിത്യം മറ്റു വിദ്യാർത്ഥികളുടെയും പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇവരെ കടിഞ്ഞാണിടാൻ പലപ്പോഴും അദ്ധ്യാപകർക്ക് കഴിയാറില്ല. വിദ്യാർത്ഥി രാഷ്ട്രീയമാണ് വിദ്യാഭ്യാസത്തകർച്ചക്ക് കാരണമെന്ന് പൊതുവെ അഭിപ്രായമുണ്ടെങ്കിലും രാഷ്ട്രീയ പ്രവർത്തനം ഒന്നും നടക്കാത്ത ഏക വിദ്യാലയമാണ് ഏറ്റവും കുറഞ്ഞ വിജയശതമാനം കൈവരിച്ചതെന്നാണ് നമ്മുടെ പഞ്ചായത്തിലെ അനുഭവം.

മതപഠനത്തിനായി 8 മദ്രസകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കുട്ടികൾക്ക് മതപരമായ കാര്യങ്ങൾ ഗ്രഹിക്കുന്നതിന് മദ്രസപഠനം സഹായകരമാണെങ്കിലും സ്ക്കൂളിലെ പാഠ്യവസ്തുപഠിക്കുന്നതിന് മതിയായ സമയം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഇത് പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കാൻ ഇടയാക്കുന്നു. കൂടാതെ മുസ്ലീംസ്ക്കൂളുകൾക്ക് പ്രത്യേക വിദ്യാഭ്യാസ കലണ്ടറും പ്രവർത്തി ദിവസങ്ങളും നിശ്ചയിച്ചിരിക്കുന്നതും ദോഷകരമായി ബാധിക്കുന്നു. ഈ കാര്യത്തിലുള്ള വിവേചനം അവസാനിപ്പിക്കണമെന്ന ആവശ്യം ആ വിഭാഗത്തിൽ നിന്നും തന്നെ ഉയർന്നിട്ടുണ്ട്. ഇത് പരിഗണിക്കേണ്ടതാണ്.

മാധ്യമങ്ങളുടെ അതിപ്രസരം പഠനത്തെ പ്രതികൂലമായി ബാധിക്കുന്നതായി ഗ്രാമസഭയിൽ പരാമർശം വന്നിട്ടുണ്ട്. ഇതിൽ TVയുടെ കടന്നാക്രമണമാണ് കൂടുതൽ വിഷമം സൃഷ്ടിക്കുന്നത്. വിദ്യാർത്ഥികളുടെ പഠന വേളയിൽ TV പ്രവർത്തിപ്പിക്കരുതെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. വിദ്യാർത്ഥികളെ പഠിക്കാൻ ഇരുത്തിയിട്ട് മുതിർന്നവർ TVക്കു മുൻപിൽ ഇരിക്കുന്നതും ഒഴിവാക്കേണ്ടതുണ്ട്. ഈ മാധ്യമത്തിന്റെ സഹായം പഠനരംഗത്ത് ഗുണകരമായ രീതിയിൽ ഉപയോഗിക്കപ്പെടണമെന്നും നിർദ്ദേശം വന്നിട്ടുണ്ട്.

ഗ്രാമസഭയിൽ വന്ന മറ്റൊരു കാര്യംവിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്ത് തലത്തിൽ എൽ.പി, യു.പി., സ്ക്കൂളുകളിൽ നാലെണ്ണത്തിൽ ഡയറ്റിന്റെ അധീനതയിലുള്ള MLL പ്രോഗ്രാം അനുസരിച്ചുള്ള പഠനമാണ് നടക്കുന്നത്. ഇത് രണ്ട് തരത്തിലുള്ള ബോധനരീതിക്ക് കാരണമാവുന്നു. വിദ്യാഭ്യാസരംഗത്തെ നൂതന പ്രവണതയായ ഈ പരിപാടി കുറ്റമറ്റനിലയിൽ എല്ലാ സ്ക്കൂളുകളിലേക്കും നടപ്പാക്കുന്നത് നന്നായിരിക്കും.

വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്ന കാര്യത്തിൽ കേരളം മുൻപന്തിയിൽ എത്തിയിട്ടുണ്ടെങ്കിലും, ഗുണനിലവാരത്തിന്റെ കാര്യത്തിൽ ഇപ്പോഴും ദേശീയ ശരാശരിയിലും താഴെയാണ്. സാക്ഷരതാ പ്രവർത്തനത്തിലൂടെ വമ്പിച്ച ഒരു മുന്നേറ്റം നേടാൻ സാധിച്ചുവെങ്കിലും തുടർവിദ്യാഭ്യാസത്തിന്റെ അഭാവം ഈ നേട്ടത്തിനു മങ്ങൽ ഏൽപ്പിച്ചിരിക്കുന്നു.

വിദ്യാർത്ഥിയുടെ കായികവും മാനസികവും ബുദ്ധിപരവുമായ വികാസം, വിദ്യാഭ്യാസകാലഘട്ടത്തിൽ തന്നെ ആർജ്ജിക്കേണ്ടതുണ്ട്. ഇതിനു വിദ്യാർത്ഥിയുടെ സമഗ്രവികാസത്തിനുതകുന്ന ബോധനപ്രക്രിയകൾ നിലവിൽ ഉണ്ടായിരുന്നു. പക്ഷേ, സമീപകാലത്ത് സ്പെഷലിസ്റ്റ് അദ്ധ്യാപകരുടെ കാര്യത്തിൽ സർക്കാർ കൈകൊണ്ട വിവേചനനയം ഇതിനു വിഘാതം സൃഷ്ടിച്ചിരിക്കുന്നു. ഇതിനു ഒരു പുനർക്രമീകരണം ആവശ്യമാണ്.

നിലവിലുള്ള സ്പെഷലിസ്റ്റ് അദ്ധ്യാപകർക്ക് പരിശീലനങ്ങൾ നല്കി, അവരുടെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട്ബുക്കുകൾ, കുട മുതലായവ ഉൽപാദിപ്പിക്കണം. ഇത് പഞ്ചായത്ത് ഭരണസമിതിയുടെ മേൽനോട്ടത്തിൽ നടത്തുന്ന സഹകരണ സംഘത്തിന്റെ രൂപീകരണം വഴി പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് ഗ്രാമസഭയിൽ വന്ന നിർദ്ദേശം.

കേവലം മേളകൾക്ക് മാത്രം കുട്ടികളെ സജ്ജരാക്കുന്നതിൽ ഒതുങ്ങി നിൽക്കുന്നതാണ് കലാകായിക രംഗത്തെ പരിശീലനം. ഈ പ്രവണത കാരണം കലാകായിക താരങ്ങളെ വളർത്തിയെടുക്കാനും അവരുടെ പ്രതിഭയെ ഊട്ടിയുറപ്പിക്കാനും കഴിയുന്നില്ല. ഈ രംഗത്ത് സ്ഥായിയായ മാറ്റം വരണമെങ്കിൽ ചിട്ടയുള്ളതും തുടർന്ന് നിൽക്കുന്നതുമായ പരിശീലനപരിപാടികൾ സ്ക്കൂൾ തലത്തിൽ നടക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ കായിക ഭൂപടത്തിൽ നമുക്ക് സ്ഥാനം നേടാനാവൂ. നിലവിൽ ഈ രംഗത്ത് അല്പമെങ്കിലും പ്രോത്സാഹനം ലഭിക്കുന്നത് സ്ക്കൂളുകൾക്ക് വെളിയിൽ വെച്ചാണ്. ഈ രീതിയിലുള്ള പ്രോത്സാഹനത്തിന്റെയും കൂടി ഫലമായാണ് പി.വി.എസ് എച്ച്.എസ്. ലെ ബോക്സിങ്ങ് വിദ്യാർത്ഥി രണ്ട് തവണ ദേശീയതലത്തിൽ വിജയിച്ചത്. ഇതിനു കളമൊരുക്കിയത് 'Friends' cultural society യുടെ നിഷ്കാമ പ്രവർത്തനമാണെന്നുള്ളത് സുത്യർഹമായ കാര്യമാണ്. അർഹതക്കുള്ള അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിൽ ഒരിക്കലും അമാന്തിക്കുവാൻ പാടില്ല. എസ്.എസ്.എൽ.സി പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന കുട്ടികൾക്ക് പഞ്ചായത്ത് ക്യാഷ് അവാർഡ് നൽകുന്നുണ്ട്. സംസ്ഥാനതലത്തിൽ ചെണ്ടയ്ക്കും, നാടകത്തിനും, സംസ്കൃത പദ്യത്തിനും, കായികമത്സരത്തിലും, പ്രവർത്തിപരിചയ ശാസ്ത്രമേളിലും മികവ് പുലർത്തുന്ന സ്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവർക്ക് വേണ്ട പ്രോത്സാഹനം നൽകാൻ ജാഗ്രതവേണം.

പഠനരംഗത്ത് അദ്ധ്യാപകരുടെ കാര്യക്ഷമത ഉറപ്പ് വരുത്താൻ ഔദ്യോഗിക തലത്തിലും, അനൗദ്യോഗിക തലത്തിലും ശരിയായ മോണിട്ടറിങ്ങ് സമ്പ്രദായം നിർബ്ബന്ധമാക്കേണ്ടതുണ്ട്, കൂടാതെ പഠന നിലവാര തകർച്ച പരിഹരിക്കാൻ ഓരോവർഷവും ജൂൺമാസം അടിസ്ഥാന വിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവെക്കുന്ന സമ്പ്രദായം ഗുണകരമാക്കി മാറ്റുന്നതിൽ അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതുണ്ട്. അദ്ധ്യാപകർക്കുള്ള ഇൻ സർവ്വീസ് കോഴ്സുകളും പഠനോപകരണ നിർമ്മാണ ശില്പശാലകളും ഏപ്രിൽ മേയ് മാസങ്ങളിൽ സംഘടിപ്പിക്കാൻ ശ്രദ്ധിക്കണം.

മാതൃസംഗമങ്ങളും അദ്ധ്യാപക രക്ഷാകർത്തൃ സമിതികളും സജീവമായി പ്രവർത്തിക്കേണ്ടതുണ്ട്. സിലബസിൽ കാലോചിതമായ പരിഷ്കാരം ഫലപ്രാപ്തി കൈവരിക്കത്തക്കരീതിയിൽ നടപ്പാക്കേണ്ടതുണ്ട്.

ഉച്ചക്കഞ്ഞി വിതരണത്തിലുള്ള ഉത്തരവാദിത്വം സ്ക്കൂൾ അധികൃതരിൽ മാത്രം ഒതുക്കുന്ന രീതി ആശാസ്യമല്ല. ഇത് സ്ക്കൂളുകളിൽ വമ്പിച്ച സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നുണ്ട്. ഇതിന് ഒരു ശാശ്വത പരിഹാരം കണ്ടെത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന് ഇതിൽ ഇടപെടാൻ കഴിയണം.

പ്രൈമറി തലത്തിൽ പ്രധാന അദ്ധ്യാപകന്ന് ക്ലാസ്ചാർജ്ജ് നൽകുന്ന രീതി നിലവാര തകർച്ചക്ക് ഒരു പരിധിവരെ കാരണമാകുന്നുണ്ട്. ഈ അവസ്ഥയിൽ മാറ്റമുണ്ടാകേണ്ടതുണ്ട്.

പഞ്ചായത്ത് രാജ് നഗരപാലികാ നിയമം നിലവിൽ വന്നതോടെ പ്രൈമറി സ്ക്കൂൾ ഗ്രാമപഞ്ചായത്തിന്റെയും അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ എന്നിവ ജില്ലാ പഞ്ചായത്തിന്റെയും അധീനതയിൽ ആണ്. ഈ കാരണത്താൽ ഈ മേഖലയിൽ ആസൂത്രണം ചെയ്യുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ ഗ്രാമജില്ലപഞ്ചായത്തുകൾ കൂടുതൽ ശ്രദ്ധയും ജാഗ്രതയും പുലർത്തേണ്ടിയിരിക്കുന്നു. പാഠ്യപദ്ധതിക്ക് അനുസൃതമായ മൂല്യനിർണ്ണയം നടത്തുന്നതിന് കോത്താരി കമ്മീഷൻ വിഭാവനം ചെയ്ത സ്ക്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം സജീവമാക്കേണ്ടതുണ്ട്. കോംപ്ലക്സുകൾ മൂല്യനിർണയത്തിനും പരിഹാര ബോധനത്തിനും ഊന്നൽനൽകി പ്രവർത്തിക്കണം. ഇതിൽ ഏറ്റവും അധികം ശ്രദ്ധ പതിയേണ്ടത് പ്രൈമറി മേഖലയിലായിരിക്കണം.

വിദ്യാസമ്പന്നരും അരോഗദൃഢഗാത്രരുമായ ജനത ഏതൊരുനാടിന്റെയും അമൂല്യസമ്പത്താണ്. അതുകൊണ്ട് വിദ്യാഭ്യാസ രംഗത്തുള്ള പാളിച്ചകൾ നീക്കി കരുത്താർജ്ജിക്കേണ്ടത് വിജയകരമായ നാളേക്ക് അനുപേക്ഷണീയമാണ്. ഗ്രാമസഭയിലും സെക്കന്ററി ഡാറ്റ കളക്ഷനിലും നാട്ടിലെ വളരെ പ്രായമുള്ള വിദ്യാഭ്യാസപ്രവർത്തകരിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. സെക്കന്ററി ഡാറ്റവഴി ലഭിച്ച നിർദ്ദേശങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

### ഗ്രാമസഭയിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ അംഗനവാടികൾ സ്ഥാപിക്കണം.
2. മൂല്യനിർണ്ണയ രംഗത്ത് കാര്യമായ മാറ്റങ്ങൾ വരുത്തണം.
3. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ഹയർ സെക്കന്ററി സ്ക്കൂളുകളും ആവശ്യമാണ്.
4. സിലബസ് കാലോചിതമായി നവീകരിക്കണം.
5. സ്ക്കൂളുകൾക്കാവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന്നും സംഭരിക്കുന്നതിനും വില്പന നടത്തുന്നതിനും പഞ്ചായത്ത് തലത്തിൽ സ്ക്കൂൾ സഹകരണ സംഘം സ്ഥാപിക്കുക. (ഇത് നടപ്പിൽ വന്നാൽ നിലവിലുള്ള സ്ക്കൂൾ സഹകരണ സംഘങ്ങളുടെ ആവശ്യം വരികയില്ല)

* അദ്ധ്യാപകർക്ക് വേണ്ട നിർദ്ദേശങ്ങളും പരിശീലനങ്ങളും കാലാകാലങ്ങളിൽ നല്കി പ്രവർത്തിപരിചയത്തിനു നീക്കിവെച്ച പിരിയിഡുകൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ മേൽപറഞ്ഞ സംരംഭം വിജയിപ്പിക്കാവുന്നതാണ്.

6. ഗ്രന്ഥശാല പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക
7. പരമ്പരാഗത തൊഴിലുകൾ പരിശീലിപ്പിക്കാൻ പരിശീലനകേന്ദ്രം ആരംഭിക്കുക.
8. കലാകായിക രംഗത്ത് പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ പഞ്ചായത്ത്തല സമിതികൾ വേണം.
9. പി.ടി.എ, മാതൃസംഗമം എന്നിവയുടെ പ്രവർത്തനം സജീവമാക്കുക.
10. അദ്ധ്യാപകരുടെ പ്രവർത്തനം സജീവമാക്കാൻ മോണിട്ടറിങ്ങ് സമ്പ്രദായം കർശനമാക്കുക.
11. TV പോലുള്ള മാധ്യമങ്ങളുടെ അതിപ്രസരം തടയാൻ ബോധവൽക്കരണം നടത്തുക.
12. സാക്ഷരതാ തുടർ പ്രവർത്തനം ആരംഭിക്കുക.
13. പഞ്ചായത്തിൽ സാംസ്കാരിക നിലയം സ്ഥാപിക്കുക.

14. സ്ക്കൂളുകളിൽ പത്രവായനയും കൈയ്യെഴുത്തു മാസികയും നിർബന്ധമാക്കുക.
15. അധ്യാപക വിദ്യാർത്ഥി അനുപാതം ക്രമീകരിക്കുക.
16. മധ്യവേനൽ അവധിക്കാലം പഠനനിലവാരം ഉയർത്താൻ സാധിക്കുന്ന തരത്തിൽ പഠനക്ലാസുകളും ക്യാമ്പുകളും സംഘടിപ്പിക്കുക.
17. സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ്, എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കുക.
18. ഉച്ചക്കഞ്ഞി വിതരണത്തിലുള്ള അപാകതകൾ പരിഹരിക്കുക.
19. കുട്ടികളെയും രക്ഷിതാക്കളെയും അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത് തലത്തിൽ കലാമേളകളും ശാസ്ത്രമേളകളും സംഘടിപ്പിക്കുക.
20. എസ്.എസ്.എൽ.സി. റിസൾട്ട് മെച്ചപ്പെടുത്താൻ പ്രത്യേക പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

## സ്ക്കൂൾ ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിന്റെ പേര് | വിസ്തീർണ്ണം | കളി സ്ഥലം | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി | ചുറ്റു മതിൽ |
|---|---|---|---|---|---|---|---|---|
| 1 | APLPS, എലത്തൂർ | 30 സെ. | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | CMC ബോയ്സ് HS. എലത്തൂർ | 1 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | CMC ഗേൾസ് HS. എലത്തൂർ | $2^1/2$ ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 4 | GMLPS, എലത്തൂർ | 1 ഏ.30 സെ. | ഉപയോഗ ശൂന്യം | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 5 | സേതു സീതാറാം LPS, എലത്തൂർ | 38 സെ. | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 6 | നേഷണൽ LPS, എലത്തൂർ | 65 സെ. | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 | AMLPS, പുതിയനിരത്ത് | 15 സെ. | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 8 | ഗവ: ഫിഷറീസ് HS, പുതിയാപ്പ | 40 സെ. | ഇല്ല | ഉപയോഗ ശൂന്യം | ഉപയോഗ ശൂന്യം | ഉണ്ട് | ഉണ്ട് | ഇല്ല |
| 9 | പുത്തൂർ UPS, പുതിയങ്ങാടി | 15 സെ. | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 10 | ഗവ: LPS, എരഞ്ഞിക്കൽ | 24 സെ. | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 11 | HILPS, എരഞ്ഞിക്കൽ | 30 സെ. | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12 | കാരന്നൂർ UPS, എരഞ്ഞിക്കൽ | 35 സെ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 13 | മൊകവൂർ ALPS, മൊകവൂർ | 16 സെ. | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 14 | PVS ഹൈസ്ക്കൂൾ, എരഞ്ഞിക്കൽ | 3 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15 | കാരന്നൂർ LPS, പൂളാടിക്കുന്ന് | 1 ഏക്കർ | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 16 | ജ്ഞാനോദയം LPS, പെരിന്തുരുത്തി | 10 സെ. | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 17 | MES, ഹൈസ്ക്കൂൾ, പുതിയങ്ങാടി | 50 സെ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

## എൽ.പി, യു.പി. ഹൈസ്ക്കൂൾ വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | എൽ.പി. വിഭാഗം | | | | യു.പി. വിഭാഗം | | | | ഹൈസ്ക്കൂൾ വിഭാഗം | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | % | ആൺ | പെൺ | ആകെ | % | ആൺ | പെൺ | ആകെ | % |
| 7565 | 1345 | 1157 | 2500 | 33.04 | 1068 | 1003 | 2071 | 27.37 | 1402 | 1593 | 2995 | 39.54 |

## പട്ടികജാതി - പട്ടികവർഗ വിദ്യാർത്ഥികളുടെ കണക്ക്

| | എൽ.പി. വിഭാഗം | | യു.പി. വിഭാഗം | | ഹൈസ്ക്കൂൾ വിഭാഗം | |
|---|---|---|---|---|---|---|
| ആകെ | പട്ടികജാതി/ പട്ടികവർഗ്ഗം | % | പട്ടികജാതി/ പട്ടികവർഗ്ഗം | % | പട്ടികജാതി/ പട്ടികവർഗ്ഗം | % |
| 401 | 107 | 26.68 | 118 | 29.42 | 176 | 43.90 |

| | | |
|---|---|---|
| ആകെ വിദ്യാർത്ഥികൾ | - | 6976 |
| പട്ടികജാതി - പട്ടികവർഗ്ഗം | - | 401 |
| പട്ടികജാതി - പട്ടികവർഗ്ഗം % ത്തിൽ | - | 5.75 |

## എസ്സ്. എസ്സ്. എൽ. സി. വിജയശതമാനം

| ക്രമനമ്പർ | സ്ക്കൂളിന്റെ പേര് | 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|---|---|
| 1 | CMC ബോയ്സ് ഹൈസ്ക്കൂൾ, എലത്തൂർ | 24 | 19 | 25 | 16 |
| 2 | CMC ഗേൾസ് ഹൈസ്ക്കൂൾ, എലത്തൂർ | 38 | 52 | 47 | 45 |
| 3 | ഗവ: ഫിഷറീസ് ഹൈസ്ക്കൂൾ, പുതിയാപ്പ | 22 | 21 | 19 | 14 |
| 4 | പി.വി.എസ്സ്. ഹൈസ്ക്കൂൾ, എരഞ്ഞിക്കൽ | 41 | 38 | 39 | 45 |
| 5 | MES രാജാ റസിഡൻഷ്യൽ സ്ക്കൂൾ, പാവങ്ങാട് | NIL | 100 | 100 | 100 |

## സ്ക്കൂളുകൾ തമ്മിലുള്ള അകലം

| എൽ.പി. സ്ക്കൂൾ | യു.പി. സ്ക്കൂൾ | ഹൈസ്ക്കൂൾ |
|---|---|---|
| 2 കിലോമീറ്റർ | 4 കിലോമീറ്റർ | 4 കിലോമീറ്റർ |

| ക്രമ നമ്പർ | സ്ക്കൂളിന്റെ പേര് | അക്കാഡമിക്ക് സൗകര്യങ്ങൾ | | | | | |
|---|---|---|---|---|---|---|---|
| | | ലൈബ്രറി | ലാബ് | പഠനോപകരണം | ദൃശ്യശ്രാവ്യ ഉപകരണം | ബ്ലാക്ക് ബോർഡ് | പി.ടി.എ/ മാതൃസംഗം |
| 1 | APLPS, എലത്തൂർ | ഇല്ല | ഇല്ല | പരിമിതം | റേഡിയോ | ഉണ്ട് | രണ്ടും |
| 2 | CMC ബോയ്സ് HS. എലത്തൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | റേഡിയോ, ടേപ്പ്, പ്രൊജക്ടർ | ഉണ്ട് | രണ്ടും |
| 3 | CMC ഗേൾസ് HS. എലത്തൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് (പരിമിതം) | റേഡിയോ | ഉണ്ട് | രണ്ടും |
| 4 | GMLPS, എലത്തൂർ | ഉണ്ട് | ഇല്ല | ഉണ്ട് | റേഡിയോ | ഉണ്ട് | സജീവമല്ല |
| 5 | സേതു സീതാറാം LPS, എലത്തൂർ | ഉണ്ട് | ഇല്ല | പരിമിതം | ഇല്ല | ഉണ്ട് | രണ്ടും |
| 6 | നേഷണൽ LPS, എലത്തൂർ | ഉണ്ട് | ഇല്ല | പരിമിതം | ഇല്ല | ഉണ്ട് | രണ്ടും |
| 7 | AMLPS, പുതിയനിരത്ത് | ഉണ്ട് | ഇല്ല | പരിമിതം | ടേപ്പ് | ഉണ്ട് | രണ്ടും |
| 8 | ഗവ: ഫിഷറീസ് HS, പുതിയാപ്പ | ഉണ്ട് | ഉണ്ട് | പരിമിതം | ഉണ്ട്. (പ്രവർത്തിക്കുന്നില്ല) | ഉണ്ട്. (ഉപയോഗശൂന്യം) | രണ്ടും |
| 9 | പുത്തൂർ UPS, പുതിയങ്ങാടി | ഉണ്ട് | ഉണ്ട് (പരിമിതം) | ഉണ്ട് | ഉണ്ട് | ഉണ്ട് | രണ്ടും |
| 10 | ഗവ: LPS, എരഞ്ഞിക്കൽ | ഉണ്ട് | പരിമിതം | പരിമിതം | റേഡിയോ | ഉണ്ട് | രണ്ടും |
| 11 | HILPS, എരഞ്ഞിക്കൽ | ഉണ്ട് | പരിമിതം | ഉണ്ട് | റേഡിയോ | ഉണ്ട് | രണ്ടും |
| 12 | കാരന്നൂർ UPS, എരഞ്ഞിക്കൽ | ഉണ്ട് | ഉണ്ട് | പരിമിതം | ഇല്ല | ഉണ്ട് (പരിമിതം) | രണ്ടും |
| 13 | മൊകവൂർ ALPS, മൊകവൂർ | ഉണ്ട് | ഇല്ല | പരിമിതം | ടേപ്പ് | ഉണ്ട് | രണ്ടും |
| 14 | PVS ഹൈസ്ക്കൂൾ, എരഞ്ഞിക്കൽ | ഉണ്ട് | പരിമിതം | ഭാഗികം | ഭാഗികം | ഉണ്ട് | രണ്ടും |
| 15 | കാരന്നൂർ LPS, പൂളാടിക്കുന്ന് | ഇല്ല | ഇല്ല | പരിമിതം | ടേപ്പ് | ഉണ്ട് | രണ്ടും |
| 16 | ജ്ഞാനോദയം LPS, പെരുന്തുരുത്തി | ഉണ്ട് | പരിമിതം | പരിമിതം | ടേപ്പ് | ഉണ്ട് | രണ്ടും |
| 17 | MES, ഹൈസ്ക്കൂൾ, പുതിയങ്ങാടി | ഉണ്ട് | പരിമിതം | ഉണ്ട് | ടി.വി., ടേപ്പ് കമ്പ്യൂട്ടർ | ഉണ്ട് | രണ്ടും |

# പട്ടിക I
## വിദ്യാർത്ഥികൾ – അദ്ധ്യാപകർ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഉടമസ്ഥത | വിഭാഗം | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ഹൈ സ്കൂൾ | യു.പി. സ്കൂൾ | എൽ.പി. സ്കൂൾ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | APLPS, എലത്തൂർ | എയ്ഡഡ് | – | – | ✓ | 237 | 223 | 460 | 4 | 10 | 14 |
| 2 | CMC ബോയ്സ് HS. എലത്തൂർ | എയ്ഡഡ് | ✓ | ✓ | – | 1207 | – | 1207 | 22 | 30 | 52 |
| 3 | CMC ഗേൾസ് HS. എലത്തൂർ | എയ്ഡഡ് | ✓ | ✓ | – | – | 1569 | 1569 | 11 | 49 | 60 |
| 4 | GMLPS, എലത്തൂർ | ഗവ: | – | – | ✓ | 52 | 61 | 113 | 2 | 4 | 6 |
| 5 | സേതു സീതാറാം LPS, എലത്തൂർ | എയ്ഡഡ് | – | – | ✓ | 92 | 96 | 188 | 2 | 5 | 7 |
| 6 | നേഷണൽ LPS, പുതിയനിരത്ത് | എയ്ഡഡ് | – | – | ✓ | 101 | 104 | 205 | 1 | 6 | 7 |
| 7 | AMLPS, പുതിയനിരത്ത് | എയ്ഡഡ് | – | – | ✓ | 100 | 106 | 206 | 4 | 3 | 7 |
| 8 | ഗവ: ഫിഷറീസ് HS, പുതിയാപ്പ | ഗവ: | ✓ | ✓ | ✓ | 258 | 266 | 524 | 12 | 12 | 24 |
| 9 | പുത്തൂർ UPS, പുതിയങ്ങാടി | എയ്ഡഡ് | – | ✓ | ✓ | 346 | 255 | 601 | 9 | 12 | 21 |
| 10 | ഗവ: LPS, എരഞ്ഞിക്കൽ | ഗവ: | – | 5th std ✓ | ✓ | 89 | 87 | 176 | 3 | 4 | 7 |
| 11 | HILPS, എരഞ്ഞിക്കൽ | എയ്ഡഡ് | – | – | ✓ | 93 | 99 | 192 | 3 | 5 | 8 |
| 12 | കാരന്നൂർ UPS, എരഞ്ഞിക്കൽ | എയ്ഡഡ് | – | ✓ | – | 227 | 187 | 414 | 6 | 13 | 19 |
| 13 | മൊകവൂർ ALPS, മൊകവൂർ | എയ്ഡഡ് | – | – | ✓ | 83 | 63 | 146 | 1 | 4 | 5 |
| 14 | PVS ഹൈസ്ക്കൂൾ, എരഞ്ഞിക്കൽ | എയ്ഡഡ് | ✓ | – | – | 430 | 386 | 816 | 17 | 17 | 34 |
| 15 | കാരന്നൂർ LPS, പൂളാടിക്കുന്ന് | എയ്ഡഡ് | – | – | ✓ | 24 | 28 | 52 | 1 | 4 | 5 |
| 16 | ജ്ഞാനോദയം LPS, പെരുന്തുരുത്തി | എയ്ഡഡ് | – | 5th std ✓ | ✓ | 55 | 52 | 107 | 2 | 3 | 5 |
| 17 | MES, ഹൈസ്ക്കൂൾ, പുതിയങ്ങാടി | പ്രൈവറ്റ് | ✓ | ✓ | ✓ | 404 | 185 | 589 | 9 | 16 | 25 |
| | ആകെ | | | – | – | 3798 | 7565 | 3767 | 109 | 197 | 306 |

എൽ.പി. സുക്കൂളുകൾ – 8
അഞ്ചാംതരം അടക്കമുള്ള എൽ.പി. സ്കൂളുകൾ – 2
എൽ.പി. അടക്കമുള്ള യു.പി. സ്കൂളുകൾ – 1
യു.പി.സ്ക്കൂളുകൾ – 1
എൽ.പി.യും യു.പി.യും അടക്കമുള്ള ഹൈസ്ക്കൂളുകൾ – 1
യു.പി.അടക്കമുള്ള ഹൈസ്ക്കൂളുകൽ – 2
എൽ.പി. യൂ.പി. ഇല്ലാത്ത ഹൈസ്ക്കൂളുകൾ – 1
TOTAL 16



# ആരോഗ്യം

വൈദ്യചികിത്സാരംഗത്ത് സമ്പന്നമായൊരു പാരമ്പര്യം എലത്തൂർ പഞ്ചായത്തിനുണ്ട്. അരങ്ങിൽ ചാത്തുവൈദ്യർ, എടത്തിൽ വേലു വൈദ്യർ തുടങ്ങിയവരുടെ വിശഷ്ട സേവനം സമീപപ്രദേശങ്ങളിലെ ജനങ്ങൾപോലും ഉപയോഗപ്പെടുത്തിപ്പോന്നിരുന്നു. ഇതിനു പുറമെയാണ് നാട്ടുവൈദ്യന്മാരും പാരമ്പര്യ വൈദ്യന്മാരും. അലോപ്പതിവൈദ്യന്മാരും ഇവിടേക്കും കടന്നുവന്നത്.

ഒരു അലോപ്പതി ഡിസ്പെൻസറിയും ജില്ലാ ഹോമിയോ ആശുപത്രിയും ഗവ:ആയുർവേദ ഡിസ്പൻസറിയുമാണ് ആതുരശുശ്രൂഷാ രംഗത്തെ സർക്കാർ സ്ഥാപനങ്ങൾ. നല്ല നിലയിൽ സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ആംബുലൻസ് സൗകര്യമടക്കമുള്ള അലോപ്പതി ആശുപത്രിയും കൂടാതെ സഹരണ മേഖലയിലുള്ള ജില്ലാ ആയുർവേദ ആശുപത്രിയും ഇവിടെ പ്രവർത്തിക്കുന്നു. അതെപോലെ ഒരു ഡസനിലധികം അംഗീകൃത ബിരുദമുള്ള ഹോമിയോ, ആയുർവ്വേദ, അലോപ്പതി ഡോക്ടർമാരുടെ സേവനം സ്വകാര്യമേഖലയിൽ ലഭ്യമാണ്. ഒരു ഡസനോളം സ്വകാര്യ മരുന്ന് ഷോപ്പുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഏകദേശം അരഡസനോളം സ്വകാര്യ ക്ലിനിക്കൽ പരിശോധനാലബോറട്ടറികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. X-ray സൗകര്യം ലഭ്യമല്ല. 10 കി.മീ. അകലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സൗകര്യം ലഭ്യമാണ്.

1991 മാർച്ച് വരെ അയൽ പഞ്ചായത്തായ തലക്കുളത്തൂർ PHC യുടെ കീഴിലായിരുന്നു ഇവിടുത്തെ സർക്കാർതല ആരോഗ്യപരിപാലന രംഗം. 1996 മാർച്ച് 13ന് പുതിയാപ്പയിൽ ആരംഭിച്ച ഗവർമെണ്ട് ഫിഷറീസ് ഡിസ്പൻസറി വാടകയില്ലാത്ത ഒരു സ്വകാര്യവ്യക്തിയുടെ മത്സ്യം സംസ്കരക്കാനുപയോഗിക്കുന്ന ഒരു ഷെഡിലാണ് OP തുടങ്ങിയത്. ഹാർഡ് ബോർഡ് ഉപയോഗിച്ചു മുറികളായി തിരിച്ചുണ്ടാക്കിയ സ്ഥലത്തുവെച്ചാണ് പരിശോധനയും മരുന്നുവെയ്പും മരുന്നു കൊടുക്കലും ഓഫീസ് പ്രവർത്തനവും നടക്കുന്നത്. മരുന്ന് സൂക്ഷിക്കുവാൻ പര്യാപ്തമായ മുറികളില്ല. മഴക്കാലത്ത് വെള്ളം അകത്ത് കയറുന്ന അവസ്ഥയിലാണ് മേൽക്കൂര. ജീവനക്കാർക്ക് പ്രാഥമിക കാര്യങ്ങൾക്കുപോലും സൗകര്യമില്ല.

ശരാശരി 150-ഓളം രോഗികൾ ദിവസേന OPയിൽ വരുന്നു. അധികവും സ്ത്രീകളും കുട്ടികളുമാണ്. ഒരു ഡോക്ടർ അടക്കം നാലുപേർ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ സ്റ്റാഫ്നേഴ്സ് ഇല്ലാത്തതു കാരണം ടൈറ്റനസ്സിനുള്ള പ്രതിരോധ കുത്തിവെയ്പു പോലും നല്കുന്നില്ല. എല്ലാ ബുധനാഴ്ചയും പ്രതിരോധ കുത്തിവെയ്പു ദിനമാണെങ്കിലും മാസത്തിൽ ഒരിക്കൽ മാത്രമേ പ്രതിരോധ കുത്തിവെയ്പു നടത്തുന്നുള്ളൂ.

ഒരു ഡോക്ടറടക്കം 4 പേരാണ് ആകെയുള്ള സ്റ്റാഫ്. ഫ്രിഡ്ജോ, ഡീ- ലൈൻഡ് റഫ്രിജറേറ്റർ സൗകര്യമോ ഇവിടെയില്ല. മത്സ്യതൊഴിലാളികൾ തിങ്ങി താമസിക്കുന്നത് കൊണ്ടും തീരദേശത്ത് സ്ഥിതിചെയ്യുന്നതുകൊണ്ടും അടുത്തകാലത്ത് ഈ ഡിസ്പൻസറിയെ തീരദേശ ആരോഗ്യ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (കോഴിക്കോട് ജില്ലയിൽ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയ 13 സ്ഥാപനങ്ങളിൽ ഒന്നാണിത്.) ജീവനക്കാരുടെ അപര്യാപ്തത കാരണം തിരദേശ ആരോഗ്യപദ്ധതി ആവശ്യപ്പെടുന്ന പല കാര്യങ്ങളും നടത്തിക്കൊണ്ടുപോകുവാൻ കഴിയുന്നില്ല. ഫീൽഡ് സ്റ്റാഫില്ലാത്തത് കൊണ്ട് ഫീൽഡ് എഡ്യുക്കേഷൻ സെന്റർ രൂപീകരിക്കുവാനോ, മെഡിക്കൽ കേമ്പുകൾ സംഘടിപ്പിക്കുവാനോ കഴിയുന്നില്ല. ഈ വക കാര്യങ്ങൾ നല്ല നിലയിൽ നടത്തിക്കൊണ്ടുപോകാൻ ഡിസ്പൻസറിയെ നിർബന്ധമായും അപ്ഗ്രേഡ് ചെയ്യാതെ പറ്റില്ല. കെട്ടിടത്തിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് മുൻകൈ എടുത്ത് പഴയതെങ്കിലും ഉറപ്പുള്ള ഒരു ബിൽഡിംഗ് ഡിസ്പൻസറിയുടെ പ്രവർത്തനത്തിന് വേണ്ടി നന്നാക്കിയെടുത്തിട്ടുണ്ട്. പൊതുജനങ്ങളുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്ത് ഇതിലേക്ക് ഒരു Approch Roadഉം ഉണ്ടാക്കിയിട്ടുണ്ട്. എങ്കിലും സ്ഥാപനം ഇലട്രിഫൈ ചെയ്യാത്തതുകൊണ്ട് അവിടേക്ക് മാറ്റാൻ പറ്റാത്ത അവസ്ഥയാണ്. ശുദ്ധജലത്തിന്റെ പ്രശ്നവും ബാക്കിനില്ക്കുന്നു. ഡിസ്പൻസറിക്ക് സ്വന്തമായി 92 സെന്റ് ഭൂമി ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കൈവശമുണ്ട്.

എലത്തൂർ പഞ്ചായത്തിലെ ഏക അലോപ്പതി ഡിസ്പൻസറിയാണിത്. ഇത് അപ്ഗ്രേഡ് ചെയ്ത് ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കി മാറ്റണം. ഇതിന് കെട്ടുറപ്പുള്ളതും സൗകര്യപ്രദവുമായ ഒരു കെട്ടിടം ഉണ്ടാകണം. സ്ത്രീകൾക്കും, പുരുഷന്മാർക്കും വെവ്വേറെ വാർഡുകളും, ചെറിയ ഒരു ഓപ്പറേഷൻ തീയ്യേറ്റർ, പ്രസവമുറി എന്നിവ വേണം. ഇവ ഉണ്ടായാൽ പ്രസവം, പ്രസവാനന്തര ശാസ്ത്രക്രിയ എന്നിവ നടത്താൻ കഴിയും. ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും മുഴുവൻസമയ സേവനത്തിന്വേണ്ടി കോട്ടേർസ് സൗകര്യം ലഭ്യമാക്കണം. എങ്കിൽ മാത്രമേ മത്സ്യതൊഴിലാളികൾക്ക് അവരുടെ ജോലി സമയത്തിന് ശേഷവും

ആശുപത്രി സംവിധാനം ഉപയോഗപ്പെടുത്താൻ കഴിയുകയുള്ളൂ. കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യത്തിന് കുത്തിയ്പിനും, കുടുംബാസൂത്രണത്തിനും വലിയ സ്ഥാനമുണ്ട്. ഇത് CHC സെന്ററുകളുടെ തൊട്ടടുത്ത് തലക്കുളത്തൂർ, തിരുവങ്ങൂർ എന്നിവിടങ്ങളിൽ ആരോഗ്യരംഗത്ത് അവർ നേടിയ കാര്യങ്ങൾ നോക്കിയാൽ അറിയാം.

ആംബുലൻസും, ഫോൺ സൗകര്യവും കൂടിയുള്ള ഒരു സ്ഥാപനം വരുമ്പോൾ പഞ്ചായത്തിലെ ഏകദേശം 39000 ത്തോളം പേർക്ക് വലിയൊരു സഹായമായി മാറും. Family പ്ലാനിംഗ്, പ്രതിരോധ കുത്തിയെപുകൾ എന്നീ കാര്യങ്ങൾ ഫലപ്രദമായി നടത്തുവാൻ കഴിയും. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാവുമ്പോൾ അന്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി വരില്ല. മൂന്ന് ഡോക്ടർമാർ, നഴ്സ്, ഫാർമസിസ്റ്റ്, നഴ്സ് അസിസ്റ്റന്റ്, അറ്റൻഡർ, ഫീൽഡ് സ്റ്റാഫ് എന്നിവയായിരിക്കും സ്റ്റാഫ് പാറ്റേർൺ. ഫീൽഡ് സ്റ്റാഫ് ഉള്ളതുകൊണ്ട് ജനസംഖ്യ, ആരോഗ്യസ്ഥിതി, പരിസര ശുചീകരണം, ഫാമിലി പ്ലാനിംഗ് എന്നീ കാര്യങ്ങൾ ഫലപ്രദമായി നടത്തിക്കൊണ്ടു പോകാനും നിലവിലുള്ള അഞ്ചുതരം രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവെയ്പ് ആഴ്ചതോറും നടത്തി ഇവയെ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാനും സാധിക്കും.

ഇന്ത്യയിൽ ഓരോ മിനുട്ടിലും ഒരു ക്ഷയരോഗി മരിക്കുന്നു. ഓരോ വർഷവും അഞ്ചുലക്ഷത്തിലധികം ക്ഷയരോഗികൾ മരണമടയുന്നു. ഓരോ ജില്ലയിലും 5000 ക്ഷയരോഗികൾ മറ്റുള്ളവർക്ക് ക്ഷയം പകർന്നുകൊണ്ടിരിക്കുന്നു. കഫത്തിൽ അണുക്കൾ കാണാത്ത ക്ഷയരോഗികളുടെ എണ്ണം ഇതിന്റെ നാലിരട്ടിയാണ്. 450 ജില്ലകളുള്ള ഇന്ത്യയിൽ മൊത്തം ക്ഷയരോഗികളുടെ എണ്ണം ഗണിക്കാവുന്നതേയുള്ളൂ. രണ്ടായിരമാണ്ട് എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തിന്നുവേണ്ടി യത്നിക്കുമ്പോൾ HIV പോലുള്ള രോഗങ്ങളുടെ കടന്നുകയറ്റം അങ്ങേയറ്റം ഭീതിയുളവാക്കുന്നതാണ്. HIV ബാധയേൽക്കുമ്പോൾ മനുഷ്യന്റെ രോഗപ്രതിരോധശക്തി ക്ഷയിക്കുകയും ക്ഷയംപോലുള്ള രോഗം നിയന്ത്രിക്കാനുള്ള ശ്രമം നിഷ്ഫലമാവുകയും ചെയ്യുന്നു. ഇവിടെയാണ് ആരോഗ്യ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പ്രസക്തമാവുന്നത്. നിലവിലുള്ള ആരോഗ്യ ക്ഷേമ സംവിധാനമനുസരിച്ചു ആരോഗ്യ കേന്ദ്രങ്ങളുടെ കീഴിൽ പ്രവർത്തിക്കേണ്ട സബ്സെന്ററുകളുടെപ്രവർത്തനം ഊർജ്ജിതമാക്കണം. നിലവിലുള്ള മാനദണ്ഡമനുസരിച്ചു 5000 പേർക്ക് ഒരു സബ്സെന്റർ വേണം. നമ്മുടെ പഞ്ചായത്തിൽ സബ്സെന്ററുകളുടെ പ്രവർത്തനം പരിമിതമാണ്. ആവശ്യമായ സബ്സെന്റർ തുറക്കുകയും മാതൃശിശു സംരക്ഷണം, പകർച്ചവ്യാധി തടയൽ, ആരോഗ്യവിദ്യാഭ്യാസം, പരിസര ശുചീകരണം എന്നിവയിൽ ബോധവത്കരണക്ലാസ്സുകൾ, വിവിധതരം കേമ്പുകൾ എന്നിവക്ക് മേൽനോട്ടം വഹിച്ചും പൊതുജനങ്ങളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തിക്കൊണ്ട് പ്രയോഗത്തിൽ വരുത്താം. 1000/1 എന്ന തോതിൽ Family Education Centre ഉണ്ടാവുമ്പോൾ ഒരു വാർഡിൽ ഒന്നിലധികം കമ്മറ്റികൾ നിലവിൽ വരും.

പല വാർഡുകളെ സംബന്ധിച്ചും പരിസര ശുചീകരണം ഏറ്റവും പ്രാധാന്യമർഹിക്കുന്നു. പഞ്ചായത്തിലെ മിക്ക വാർഡുകളിലും വീടുകൾക്ക് ശരിയായ രീതിയിൽ കക്കൂസ് ഇല്ലാത്തതുകൊണ്ട് വർഷകാലത്തും വേനൽക്കാലത്തും പല രോഗങ്ങളും ഉണ്ടാകുന്നു. 4, 12 വാർഡുകളിലും അതുപോലെ തിങ്ങിപാർക്കുന്ന കോളനികളിലും പൊതു ടാങ്കുകൾ ഉള്ള കക്കൂസുകൾ നിർമ്മിക്കണം. കുളിമുറികൾ ഉണ്ടാക്കിയും, അവ ഉപയോഗിക്കാൻ ശീലിപ്പിച്ചും പ്രശ്നം പരിഹരിക്കാം. 40% ഓളം വീടുകളിൽ പ്രാഥമികാവശ്യസൗകര്യമില്ല.

ആരോഗ്യ സംരക്ഷണത്തെപ്പറ്റിയുള്ള വിവരമില്ലായ്മയല്ല അതിനുള്ള സൗകര്യമില്ലായ്മയാണ് പ്രധാനമായും ഇത്രയും വൃത്തിഹീനമായ ജീവിതരീതിയിൽ കഴിയേണ്ടിവരുന്നതിന് കാരണമാവുന്നത്.

തീരദേശ വാർഡുകളായ 2,3 വാർഡുകളിൽ മന്തിനോട് സാമ്യമുള്ള ഒരു പ്രത്യേകതരം രോഗം കാണപ്പെടുന്നു. കൂടാതെ ശ്വാസകോശസംബന്ധമായ രോഗങ്ങളും വ്യാപകമായി കണ്ടുവരുന്നു . കാലാകാലങ്ങളിൽ കിണറുകളിൽക്ലോറിനേഷൻ നടത്താൻ സ്ഥിരം സംവിധാനം ഉണ്ടാക്കണം. ഓരോ വീട്ടിലും ഖര മാലിന്യങ്ങൾ നിക്ഷേപിച്ച് കത്തിച്ചുകളയാനൊ, കമ്പോസ്റ്റാക്കി മാറ്റാനൊ സംവിധാനമുണ്ടാവണം.

പഞ്ചായത്തിന്റെയും പൊതുജനങ്ങളുടെ കൂട്ടായ്മയിലൂടെയും സഹകരണത്തിലൂടെയും DDT തളിക്കുവാൻ എല്ലാ വാർഡിലും സംവിധാനം ഉണ്ടാവണം. ഹോട്ടലുകളിൽനിന്നും പുറത്തേക്കൊഴുക്കുന്ന മലിനജലം ടാങ്കിലേക്കൊഴിക്കി സ്ലാബുകൊണ്ട് മൂടുകയും DDT തളിക്കുകയും വേണം. ഹോട്ടലുകളിലെ ശുചിത്വപരിപാലനം പരിശോധിക്കാൻ പഞ്ചായത്തിൽ ആരോഗ്യവിഭാഗം ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ ഉണ്ടാവണം.

പൊതു മത്സ്യമാർക്കറ്റും, അറവുശാലയും ഉണ്ടാവണം. തെരുവോരങ്ങളിൽ മത്സ്യക്കച്ചവടം നിരോധിക്കണം. നിലവിലുള്ള മാർക്കറ്റ് പുതുക്കിപ്പണിത് ആവശ്യമായ സൗകര്യം ഉണ്ടാക്കണം. അലഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കാൻ സംവിധാനം ഉണ്ടാക്കണം. പൊതുസ്ഥലത്തും പൊതുടാപ്പിന്റെയും കിണറിന്റെയും അടുത്തുനിന്നും കുളിക്കുകയും മറ്റും ചെയ്യുന്നതിനെതിരെ ബോധവൽക്കരണം നടത്തണം. പ്രധാനപ്പെട്ട അങ്ങാടികളിൽ ഖരമാലിന്യങ്ങൾ നിക്ഷേപിക്കാൻ സ്ഥിരസംവിധാനം വേണം. ഈ മാലിന്യങ്ങൾ കാലാകാലങ്ങളിൽ നീക്കം ചെയ്യണം. (എരഞ്ഞിക്കൽ, എലത്തൂർ, പുതിയനിരത്ത്, പാവങ്ങാട്, ചെട്ടിക്കുളം, കോടേടത്ത് ബസാർ) ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി ഹെൽത്ത് ക്ലബ്ബുകൾ സ്ഥാപിക്കണം.

**ഗവൺമെന്റ് ആയുർവ്വേദ ഡിസ്പൻസറി അമ്പലപ്പടി :-**

10-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ ആശുപത്രിയിൽ ശരാശരി 110 OP കണക്കാക്കുന്നു. ഇവിടെ രോഗികൾക്ക് ഇരിക്കാൻപോലും സൗകര്യമില്ല. കഷായം ഉണ്ടാക്കാൻ ആവശ്യമായ ചെമ്പു പാത്രങ്ങളില്ല. ഇലക്ട്രിക്ക് കണക്ഷൻ കിട്ടാൻ സൗകര്യമുണ്ട്. പക്ഷേ, വയറിംഗ് നടത്തിയിട്ടില്ല. പ്രധാന റോഡിൽനിന്നും അര ഫർലോംഗ് ഉള്ളിലോട്ട് മാറി സ്ഥിതിചെയ്യുന്നതുകൊണ്ട് വഴി കാട്ടിയായി ബോർഡ് വെക്കണം. കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയാക്കി മാറ്റണം. കെട്ടുറപ്പുള്ള സ്വന്തം കെട്ടിടമാണെങ്കിലും ചിതൽ കയറി മേൽക്കൂര ചില ഭാഗങ്ങളിൽ കേടുവന്നിരിക്കുന്നു. ജനൽപൊളിയില്ല. ഇവിടെ ഡോക്ടറടക്കം നാലുപേർ ജോലി ചെയ്യുന്നു.

**ജില്ലാ ഹോമിയോ ആശുപത്രി :-**

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രി 1-ാം വാർഡിൽ സ്ഥിതിചെയ്യുന്നു. ഒഴിഞ്ഞുകൊടുക്കാൻവേണ്ടി വക്കീൽ നോട്ടീസ് കിട്ടിയിരിക്കുന്നു. സൗകര്യമുള്ള പുതിയ കെട്ടി

ടത്തിലേക്ക് ആശുപ്ത്രി മാറ്റണം. വാർഡിലെ വാതിലുകൾ പൊളിഞ്ഞു വീണിരിക്കുന്നു. ഫാനുകൾ പ്രവർത്തിക്കുന്നില്ല. വാട്ടർ കണക്ഷൻ ഇല്ല. കിണറുണ്ടെങ്കിലും മോട്ടോർ ഇല്ലാത്ത തുകൊണ്ട് വെള്ളത്തിനു ക്ഷാമം അനുഭവപ്പെടുന്നു. റോഡ് വക്കിൽ സ്ഥിതിചെയ്യുന്നതുകൊണ്ട് വാഹനങ്ങളുടെ ശബ്ദം ശല്യ മുണ്ടാക്കുന്നു. 25 ബെഡ് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥലപരിമി തിമൂലം അഡ്മിഷൻ നടത്താൻ കഴിയുന്നില്ല. മരുന്നുണ്ട്. സൗഹൃ ദസമിതി നിലവിലുണ്ടെങ്കിലും ശരിക്ക് വിളിച്ചുകൂട്ടുന്നില്ല. സ്വന്ത മായി കെട്ടിടം വേണം. തൊട്ടടുത്തുതന്നെ ഹരിജൻ വെൽഫെ യർ ഡിപ്പോവിന്റെ കെട്ടിടം ഒഴിഞ്ഞുകിടക്കുന്നുണ്ട്. സർക്കാർത ലത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്. മരുന്നും ഫയലുകളും സൂക്ഷിക്കാൻ ആവസ്യമായ ഫർണ്ണിച്ചറോ, ഷൽഫോ ഇല്ല. ഇവിടെ ഡോക്ടർമാരടക്കം 12പേർ ജോലിചെയ്യുന്നു.

**12-ാം വാർഡ്**

പന്ത്രണ്ടാം വാർഡിൽ മത്സ്യം ഇട്ടുവെക്കുന്ന ടാങ്കുകൾ ഒഴി ക്കുമ്പോഴുള്ള ദുർഗന്ധം അസഹനീയമാണ്. വെള്ളം ഒഴുകിപ്പോ കുവാനുള്ള ചാലുകളില്ല. ഇവിടെ ജനസംഖ്യ മറ്റു ഭാഗങ്ങളെ അപേക്ഷിച്ചു കൂടുതലാണ്. പുറമ്പോക്കു സ്ഥലങ്ങളിൽ കെട്ടുറ പ്പില്ലാത്ത വീടുകളിൽ തിങ്ങിപ്പാർക്കുവാൻ ഇവിടുത്തെ ആളുകൾ നിർബന്ധിതരാവുകയാണ്. ശരിക്കുള്ള കക്കൂസോ കുളിമുറിയോ ഇവിടുത്തെ വീടുകളിൽ വിരളമാണ്. സ്ത്രീകൾ പുറത്താണ് മല ശോധന നടത്താറ്. അത്രയ്ക്ക് ദയനിയമാണ് പ്രഥമിക കാർങ്ങൾ നിർവ്വഹിക്കുന്നതിൽ ഈ പ്രദേശത്തുള്ളവർ അനുഭവിക്കുന്നത്. വിരയുടെ ശല്യം ഇവരെ വിട്ടുമാറുന്നില്ല. അതിനാൽ നല്ലൊരുശ തമാനം സ്ത്രീകളും കുട്ടികളും വിളർച്ചബാധിച്ചവരാണ്. പുരുഷ ന്മാർ മലശോധന നടത്തുന്നത് കടൽത്തീരങ്ങളിലാണ്.

യന്ത്രവൽകൃത ബോട്ടുകളും വഞ്ചികളും വന്നതോടെ പലരു ടെയും അധ്വാനശീലം കുറഞ്ഞുവരികയാണ്. ശാരീരികാധ്വാനം കുറയുന്നതോടൊപ്പം ആഹാരത്തിന്റെ അളവ് കുറയുന്നില്ല എന്ന തുകൊണ്ടുതന്നെ പലരും സ്ഥൂല ഗാത്രികളായി മാറിയിരിക്കുന്നു. അടിത്തിട ഹൃദ്രോഗം മൂലമുള്ള മരണങ്ങൾ ഇവിടെ കൂടിയിരി ക്കയാണ്. പ്രധാനമായും അധ്വാനത്തിന്റെ കുറവും അമിതാഹാ രവുമാണ് കാരണം. ഭക്ഷണകാര്യത്തിൽ ഇവരെ ബോധവാന്മാ രാക്കേണ്ടതുണ്ട്.

## പരിസരശുചിത്വം

വ്യവസായവൽക്കരണം കുറഞ്ഞ പ്രദേശമാകയാൽ വ്യാവസാ യിക മലിനീകരണം കുറവാണ്. സൗഭ്ഗ്യ ഫിഡ് ഇൻഡസ്ട്രി യിൽനിന്നും ഒഴുകുന്ന മലിനജലം കൊതുകു പെരുകുന്നതിന് നിർണായകമായതിനാൽ മലിനജലം ശുചീകരിക്കാൻ സംവിധാ നമുണ്ടാക്കണം. അഴുക്കുജലം കെട്ടിക്കിടക്കുമ്പോൾ ഉണ്ടാകുന്ന തുപോലെതന്നെ പ്രാധാന്യമർഹിക്കേണ്ടതാണ് ഖരമാലിന്യങ്ങ ളിൽനിന്നുണ്ടാവുന്ന പരിസരമലിനീകരണം. കടുക്ക തൊഴിലാളി കൾ കൂടുതലുള്ള 3, 2 വാർഡുകളിൽ കടുക്കാതോടു കൊണ്ടു ണ്ടാവുന്ന ഖരമാനലിന്യത്തിൽ നിന്നും കൊതുക് വളരാൻസാ ധ്യതയുള്ളതിനാൽ അത് ശാസ്ത്രീയമായി സംസ്കരിക്കാൻ സംവി ധാനമുണ്ടാക്കാവുന്നതാണ്. (Incinetor) ചൂള ഉപയോഗിച്ചു കത്തി ക്കുമ്പോൾ ഒന്നാന്തരം വളമായി ഉപയോഗിക്കാം. ○

# കുടിവെള്ളം

കുടിവെള്ളത്തിനു 90% ആളുകളും കിണറുകളെയാണ് ആശ്രയിക്കുന്നത്. 3500ത്തോളം കിണറുകളുള്ളതിൽ 200 ഓളം കിണറുകളിൽ ഉപ്പ് വെള്ളമാണ് ലഭ്യമാകുന്നത്. വാട്ടർ അതോ റിറ്റിയുടെ മൂന്ന് ജലവിതരണപദ്ധതികൾ പഞ്ചായത്ത് അതിർത്തി കളിൽ ഉണ്ട്. (പൂളാടികുന്ന്, ചരൽകുഴി, എലത്തൂർ ബസാറിന് സമീപം) ഇവിടെ നിന്നെല്ലാം കൂടിയാണ് 125ഓളം പൊതു ടാപ്പു കൾക്കും 353 സ്വകാര്യ കണക്ഷനുകൾക്കുമുള്ള വെള്ളമെത്തു ന്നത്. പൂളാടിക്കുന്നിലും ചരൽക്കുഴിലുമുള്ള ടാങ്കുകളിലേക്ക് അവിടെ തന്നെയുള്ള കിണറുകളിൽ നിന്നും, കൂടാതെ പാവ യിൽ ചീപ്പിൽ ജനപങ്കാളിത്തത്തോടെ സ്ഥാപിച്ച ടാങ്കുകളിൽ നിന്നുള്ള വെള്ളവും ഉപയോഗപ്പെടുത്തുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 6ഓളം കുഴൽ കിണർ ഉണ്ടെങ്കിലും കുഴൽ കിണറുകൾ വേണ്ടത് പോലെ പ്രയോജനപ്പെടുന്നില്ല. പൊതുകിണർ മൊത്തം 13 ഉണ്ട് അവ അധികവും കോളനിക ളിലാണ്. എല്ലാ കോളനികളിലും ഒന്നോ അതിലധികമോ കിണ റുകൾ ഉണ്ട്. അവയിൽ 30ാം- വാർഡ് കോളനിയിലെ കിണർ വെള്ളം കുടിക്കുവാൻ യോഗ്യമല്ല. കുടിവെള്ള ക്ഷാമം നേരി ടുന്ന തീരദേശങ്ങളിലും അഞ്ചാം വാർഡിലെ വടക്ക് ഭാഗവും ജലജന്യരോഗങ്ങൾ ഉള്ളതായി ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്തി ട്ടുണ്ട്. 50% കുടുംബങ്ങൾക്കും സ്വന്തമായി കിണറുകൾ ഇല്ല. എന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പെരുന്തുത്തി പ്രദേശത്ത് പ്രത്യേകപദ്ധതിയുടെ കീഴിൽ നിർമ്മിച്ച മിനിവാട്ടർ സപ്ലൈയി സ്ക്കിമും ഉണ്ട്. അവയിൽ നിന്നും 17 പൊതു ടാപ്പുകൾ പ്രവർത്തിക്കുന്നു.

വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്നതായ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും കൂടുതൽ വിശകലന ത്തിനായി ചുവടെ ചേർക്കുന്നു.

**വാർഡ് -1**

തീരദേശവാർഡാണ്. അഴിക്കൽ മുതൽ വടക്ക് ഭാഗത്തേക്ക് വാർഡ് അതിർത്തിവരെ കിണറിലെ വെള്ളം കുടിക്കുവാൻ യോഗ്യമല്ല. പൊതുടാപ്പുകൾ നാമമാത്രമാണ്. പൊതുവേ കുടി വെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. വാർഡിന്റെ തെക്കെ അതിരിൽ ഒരു പൊതു കിണർ ഉണ്ട്. 100 ഓളം വീട്ടു ക്കാർ ആശ്രയിക്കുന്നത് ഈ കിണറിനെയാണ്. കുടിവെള്ള ക്ഷാമം പരിഹരിക്കിവാൻ വാർഡിൽ നിലവിലുള്ള K.W.A ടാങ്ക് ഇപ്പോൾ 1 മണിക്കൂർ മാത്രമാണ് വെള്ളം നൽക്കുന്നത് ഈ ടാങ്ക് പുതുക്കി പണിത് കൂറെക്കൂടി വെള്ളം സംഭരിക്കുവാനും വിതരണം ചെയ്യുവാനും കഴിയുന്ന രൂപത്തിലേക്ക് മാറ്റേണ്ടിയി രിക്കുന്നു.

**വാർഡ്-2**

തീരദേശവാർഡാണ് വടക്ക് ഭാഗം കമ്പിവളപ്പ് പ്രദേശത്ത് പൊതുവെ കിറിൽ ഉപ്പുവെള്ളമാണ്. ചിലഭാഗങ്ങളിൽ ചുവന്ന വെള്ളമാണ് ലഭിക്കുന്നത് വാർഡിൽ 4ഓളം പൊതുകിണർ ഉണ്ട് ഓരോ കിണരിൽ നിന്നും 50ഓളം കുടുംബങ്ങൾ വെള്ളം ഉപ

യോഗിക്കുന്നുണ്ട്. ടാപ്പുകൾ ജനസംഖ്യാനുപാതമായി വർദ്ധിപ്പിച്ചാൽ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. വില്ലേജ് ഓഫീസ് പരിസരത്ത് എല്ലാ മാസവും ശുദ്ധജലം കിട്ടുന്ന ഒരു പൊതുകിണർ ഉണ്ട്. ഇത് ഇപ്പോൾ ഉപയോഗശൂന്യമായിക്കിടക്കുകയാണ്. അത് വൃത്തിയാക്കി ഉപയോഗിക്കാവുന്നതാണ്.

**വാർഡ്–3**

വേനൽ കാലത്ത് കാര്യമായ തോതിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ലക്ഷംവീട് കോളനിയിൽ കിണറുകളിലെ വെള്ളം കുടിക്കാൻ യോഗ്യമല്ല. ശുദ്ധജല ടാപ്പിന്റെ എണ്ണം വർദ്ധിപ്പിച്ച് നിലവിലുള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

**വാർഡ്–4**

തീരദേശവാർഡാണ്. മിക്ക കിണറിലും ഉപ്പുവെള്ളമാണ്. കുടിവെള്ളത്തിന് പൊതുടാപ്പുകളെ ആശ്രയിക്കുന്നു. കോർപ്പറേഷൻ വക എട്ടു ടാപ്പുകൾ ഈ ഭാഗത്തായുണ്ട്. പൊതുടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

**വാർഡ്–5**

കുടിവെള്ളക്ഷാമം അതിരൂക്ഷമായ പ്രദേശമാണ്. പ്രത്യേകിച്ച് വാർഡിന്റെ വടക്കൻ ഭാഗങ്ങളിൽ കിണറുകളിൽ ശുദ്ധജലം കിട്ടാറില്ല. കുടിവെള്ളത്തിന് വേണ്ടി അരകിലേമീറ്റർ യാത്രചെയ്യേണ്ടിവരുന്ന പ്രദേശവും ഉണ്ട്.

വാർഡിന്റെ മദ്ധ്യഭാഗത്ത് ഉയർന്ന പ്രദേശമായ പാറമ്മൽ ഭാഗത്ത് ജനങ്ങളുടെ സഹകരണത്തോടുകൂടി കിണർ കുഴിച്ച് ടാങ്കുകെട്ടി വെള്ളം കൊടുക്കുവാൻ കഴിഞ്ഞാൽ വാർഡിലെ കുടിവെള്ളപ്രശനം പരിഹരിക്കാവുന്നതാണ്.

വാർഡിന്റെ ഏറ്റവും തെക്കുഭാഗത്ത് കണ്ണംകുട്ടോത്ത് കൃഷ്ണദാസ് എന്നയാളുടെ വീട്ടിലെ കിണർ ഒരുകാലത്തും വറ്റാത്ത ഒന്നാണ്. വരൾച്ച കാലത്ത് പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിൽ ഗണ്യമായ ഒരു പങ്ക് ഈ കിണറിനുണ്ട്.

**വാർഡ്–6**

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. പ്രത്യേകിച്ചും റെയിലിന്റെ കിഴക്കുഭാഗത്ത്. പൈപ്പ്ലൈൻ സൗകര്യം തീരെയില്ല. നിലവിലുള്ള പൈപ്പ് സൗകര്യം വർദ്ധിപ്പിച്ചാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.

**വാർഡ്–7**

കൊന്നാരി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. മറ്റു പ്രദേശങ്ങളിൽ കാര്യമായ പ്രയാസം വേനൽക്കാലങ്ങളിലാണ്. നിലവിലുള്ള വാട്ടർ സപ്ലൈ സ്കീം വാർഡു മുഴുവൻ വ്യാപകമാക്കുകയും ശുദ്ധീകരണത്തിന് ഏർപ്പാടുണ്ടാക്കുകയും വേണം.

**വാർഡ്–8**

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശമാണ്. കിണറുകളിൽ അധിവകവും ഉപ്പ് രുചിയുള്ള വെള്ളമാണ്. നിലവിലുള്ള പൈപ്പ് ലൈൻ വ്യാപകമാക്കുകയോ അല്ലെങ്കിൽ ജനങ്ങളുടെ സഹകരണത്തോടുകൂടി വാർഡിൽ പറ്റിയസ്ഥലത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം എത്തിക്കാനുള്ള സംവിധാനമോ ഉണ്ടാവണം.

**വാർഡ്–9**

പുഴയോര വാർഡാണ്. ശുദ്ധജലം വേണ്ടത്ര ലഭ്യമല്ല. വേനൽകാലമായാൽ കിണറുകളിൽ ഉപ്പുവെള്ളമാണ്. നിലവിൽ ഒരു മിനിവാട്ടർ സപ്ലൈ സ്കീം വാർഡിലുണ്ട്. ഇതിനെ വിപുലപ്പെടുത്തുകയോ, തൊട്ടടുത്തുള്ള പൂളാടികുന്ന് ടാങ്കിൽനിന്നും പുതിയ കണക്ഷനുകൾ നൽകിയോ പ്രശ്നപരിഹാരം കാണേണ്ടതാണ്.

**വാർഡ്–10**

– മിക്കസ്ഥലങ്ങളിലും ശുദ്ധജലം കിട്ടാത്ത അവസ്ഥയാണ്.

– ചിറ്റംവീട് താഴം ബണ്ട് ഏകദേശം 3 അടി ഉയർത്തുകയും യഥാസമയങ്ങളിൽ അടയ്ക്കുകയും ചെയ്താൽ പുഴയോര പ്രദേശത്തുള്ള സ്ഥലങ്ങളിൽ ശുദ്ദജലം കിട്ടും.



– കാളാണ്ടി താഴത്തുള്ള കാനോലി കനാലിന്റെ വടക്ക് വശത്തുള്ള ഓവുപാലം മാറ്റി ചീർപ്പായി നിർമ്മിച്ചാൽ വലിയ ഒരു പ്രദേശത്ത് ഉപ്പുജലം കയറാതെ ശുദ്ധജലം കിട്ടുന്നതായിരിക്കും.

**വാർഡ്–11**

– വാർഡിൽ 35% വീടുകളിലും ശുദ്ധജലം കിട്ടുന്നില്ല. നമ്പോൽ ചിറക്കൽ ഭാഗത്ത് ടാങ്ക് കെട്ടി പൂനൂർപ്പുഴയിൽ നിന്ന് കുടിവെള്ളം വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.

– വാർഡിന്റെ കിഴക്ക് ഭാഗത്ത് ചില കിണറുകളിൽ ഉച്ചനേരത്ത് ജലത്തിന്റെ നിറം പെട്ടെന്ന് മാറുന്ന അവസ്ഥയുണ്ട്. വെള്ളം പരിശോധിച്ച് വേണ്ടത് ചെയ്യേണ്ടതാണ്.

**വാർഡ്–12**

– തീരദേശവാർഡാണ്. രൂക്ഷമായ കുടിവെള്ള ക്ഷാമമുണ്ട്.

– എല്ലാ കാലത്തും ജലം കിട്ടുന്ന പുത്തൂർകുളം ആസ്പദമാക്കി ഏതെങ്കിലും പദ്ധതി കൊണ്ടുവന്നും. പുറംപോക്കിൽ ആവശ്യമായ ടാപ്പുകൾ സ്ഥാപിച്ചും, കൂടാതെ ഫിഷിംഗ് ഹാർബറിന്റെ ടാങ്കിൽനിന്നും കുടിവെള്ളം കൊടുക്കുവാൻ സംവിധാനം ഉണ്ടാക്കിയാൽ കുറെയേറെ പ്രയാസങ്ങൾ പരിഹരിക്കാവുന്നതാണ്.

**വാർഡ്–13**

– വേനൽക്കാലമായാൽ വാർഡിന്റെ മിക്കഭാഗങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. പൊതു ടാപ്പുകളുടെ എണ്ണം പൊതുവെ കുറവായ വാർഡാണ്.

– താമരക്കുളം, പടുത്തും കുളം എന്നീ ഉപയോഗശൂന്യമായിക്കിടക്കുന്ന കുളങ്ങളിൽ കിണർ കുഴിച്ച് അതിൽനിന്നുള്ള ജലം ശരിയായ രീതിയിൽ വിതരണം ചെയ്യപ്പെടുന്ന ഒരു മിനി പദ്ധതി പൊതുജന പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ കഴിഞ്ഞാൽ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയുന്നതാണ്. ○



# വ്യവസായം

ഇന്ത്യയുടെ മൊത്തം വ്യാവസായിക നില വെച്ചു നോക്കുമ്പോൾ, കേരളം വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമാണെന്നു കാണാം. വൈദഗ്ദ്യവും കർമശേഷിയും ഉള്ള മനുഷ്യ വിഭവം, നമുക്ക് ധാരാളമുണ്ടെങ്കിലും വ്യവസായ രംഗത്ത് നമ്മുടെ പിന്നോക്കാവസ്ഥ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. വ്യവസായ തൊഴിലാളികളിൽ ഭൂരിപക്ഷവും നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത മേഖലകളായ, കയർ, കശുവണ്ടി, കൈത്തറി, ബീഡി രംഗത്താണ് പ്രവർത്തിയെടുക്കുന്നത്. അതുകൊണ്ടുതന്നെ ഇവരുടെ ഉത്പാദനക്ഷമതയും വരുമാനവും താരതമ്യേന താഴ്ന്നതാണ്. ഈ വ്യവസായങ്ങളെല്ലാം തന്നെ അസംസ്കൃത വസ്തുക്കളുടെ രൂക്ഷമായ ദൗർലഭ്യം, കമ്പോള ഞെരുക്കം, ആധുനിക ഉത്പന്ന മാർഗ്ഗങ്ങളോടുള്ള മത്സരം, അഭിരുചികളിൽ വന്ന മാറ്റം മുതലായ പ്രശ്നങ്ങളെ നേരിടുന്നു. മറുവശത്തു, തങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ തൊഴിലാളികൾ നടത്തുന്ന ശ്രമം ഉത്പാദന ചെലവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. വൻകിട ഇടത്തരം വ്യവസായങ്ങൾ കടന്നുവരാനുള്ള സാദ്ധ്യത വിരളമായിരിക്കെ, പ്രത്യേകിച്ചും കേരളം ഇന്നുഭവിക്കുന്ന ഊർജ്ജപ്രതിസന്ധിയിൽ പൊതു മേഖലയിലെ സർക്കാർ മുതൽ മുടക്കും. ക്രമേണ താഴ്ന്നുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് ഉദാരവൽക്കരണത്തിന്റെ പേരിൽ കാപ്രോലാക്ടത്തിന്റെയും, ടൈറ്റാനിയം പോലുള്ള ഉത്പന്നങ്ങളുടെ ഇറക്കുമതിചുങ്കം കുറച്ചുകൊണ്ടുവന്നതു കൊണ്ടുണ്ടായ പ്രതിസന്ധിയും പൊതുമേഖലാ സ്ഥാപനങ്ങളെ പോലും തളർത്തിയിരിക്കുന്നു. 1992-93 കളിൽ കേരളത്തിലെ പൊതുമേഖലാ മുതൽമുടക്ക് 1.41% ൽ നിന്ന് 93.94ൽ 1.32 ആയി കുറഞ്ഞു. മൊത്തം വ്യാവസായിക വളർച്ചാനിരക്ക് ലക്ഷ്യം 8-ാം പദ്ധതിയിൽ 10% ആയിരുന്നത് 2% മാത്രമെ കൈവരിക്കായുള്ളു. മേൽ വിവരിച്ച ചിത്രം മൊത്തം കേരളത്തിന്റെയാണെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ കാര്യം ഇതിൽ നിന്നു ഭിന്നമല്ല എന്നതാണ് വസ്തുത.

ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും, സൗകര്യങ്ങളും അനുകൂല സാഹചര്യങ്ങളും കാണിക്കുന്നത് ശരിയായ രീതിയിൽ സമീപിച്ചാൽ ഈ സൗകര്യങ്ങളെല്ലാം തന്നെ വ്യാവസായികമായി നമുക്ക് അനുകൂലമാണ്. പഞ്ചായത്തിൽ കൂടി തെക്ക് വടക്ക് കടന്നു പോകുന്ന ഷൊർണ്ണൂർ-മംഗലാപുരം റെയിൽപാത, റെയിൽപാതക്ക് സമാന്തരമായി കടന്നു പോകുന്ന ദേശീയ പാത 47, ഒരു സംസ്ഥാന പാത, പഞ്ചായത്തിന്റെ അതിർത്തിയിൽത്തന്നെയുള്ള 110KV വൈദ്യുതി സബ്സ്റ്റേഷൻ, ധാരാളം ജലസ്രോതസ്സുകൾ അതിൽത്തന്നെ ശുദ്ധജലസമ്പന്നമായ പൂനൂർ പുഴ. ഇവയെല്ലാം തന്നെ ഒരു വ്യവസായ സംരഭകനെ സംബന്ധിച്ച് അത്യന്തം ആവ

*പട്ടിക. 1*

## വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | തൊഴിലാളികളുടെ എണ്ണം | ശതമാനം |
|---|---|---|
| കയർ | 350 | 42 |
| കൈത്തറി | 150 | 18 |
| കുടിൽ വ്യവസായം | 65 | 8 |
| ചെറുകിട വ്യവസായം | 119 | 14 |
| റിപ്പയർ ഷാപ്പുകൾ | 28 | 3 |
| മറ്റു വ്യവസായങ്ങൾ | 52 | 6 |
| ഇടത്തരം ഫാക്ടറികൾ | 47 | 6 |
| ഖാദി | 15 | 3 |
| ആകെ | 826 | 100 |

ശ്യമായ ഘടകങ്ങളാണ്. ഇതെല്ലാമുണ്ടെങ്കിലും നമ്മുടെ വ്യവസായങ്ങളുടെ നില വളരെ മോശമാണ്. പൊതുമേഖലയിൽ ഉണ്ടായിരുന്ന ഏക ഇടത്തരം വ്യവസായ സ്ഥാപനമായ പ്രിമോപൈപ്പ്സ് കഴിഞ്ഞ നാലുകൊല്ലമായി പൂട്ടിക്കിടക്കുകയാണ്. 35 ഓളം തൊഴിലാളികൾക്ക് തൊഴിൽ നൽകിയിരുന്നതായ ഈ സ്ഥാപനം കമ്പോളഞെരുക്കം കൊണ്ടു പൂട്ടിയതല്ല. കോടികൾ മുടക്കിയ ഫാക്ടറി കെട്ടിടവും, യന്ത്രസാമഗ്രികളും, തുരുമ്പു പിടിച്ചു നശിച്ചുകൊണ്ടിരിക്കുന്നു. സ്വകാര്യമേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മറ്റു സ്ഥാപനങ്ങൾ

1. കേരള ഫുട്ട്വെയർസും
2. ജെമിനി ഡിസ്റ്റിലറിയും
3. റേഡിയന്റ് ബേറ്ററീസും ആണ് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, ലഭ്യമായ കണക്കുകൾ അനുസരിച്ചു ഇവയിലെല്ലാം കൂടി ഏതാണ്ട് 450തിലധികം പേർ ജോലിചെയ്യുന്നു. കോഴിക്കോട് നഗരത്തിന്റെ പ്രാന്തപ്രദേശമെന്ന നിലക്ക്, നഗരത്തിലെ വ്യവസായ സ്ഥാപനങ്ങളിലും ചെറുകിട വ്യവസായങ്ങളിലുമായി നല്ല വിഭാഗം ആളുകൾ ജോലിചെയ്യുന്നു. മൊത്തം വ്യവസായ തൊഴിലാളികളുടെ കണക്ക് ***പട്ടിക 1-ൽ*** കൊടുത്തിരിക്കുന്നു.

കയർ വ്യവസായ മേഖലയിലെ കൂലിക്കുറവും ആരോഗ്യപ്രശ്നങ്ങളും കാരണം ഈ മേഖലയിൽ ജോലിചെയ്തിരുന്ന സ്ത്രീ തൊഴിലാളികൾ റെഡിമെയ്സ് വസ്ത്ര നിർമ്മാണ രംഗത്തേക്കും മറ്റും മാറിയിട്ടുണ്ട്. ആദ്യകാലത്ത് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന കയർ തൊഴിലാളി സഹകരണ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. തടിവ്യവസായമാകട്ടെ പഞ്ചായത്തിൽ 5 എണ്ണമുണ്ടെങ്കിലും മരത്തിന്റെ ദൗർലഭ്യം കൊണ്ട് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ 3 ഐസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല. മറ്റൊരു പൊതുമേഖല സ്ഥാപനം എന്ന നിലയിൽ പ്രവർത്തിക്കുന്നതു തിരുവങ്ങൂരിലെ നാളികേര കോംപ്ലക്സിന്റെ അനുബന്ധസ്ഥാപനമാണ്. ശരാശരി 8ഉം പത്തും തൊഴിലാളികളെ വെച്ചുകൊണ്ടു നടത്തുന്ന റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കുന്ന എട്ടോളം സ്ഥാപനങ്ങൾ നടക്കുന്നുണ്ട്. ദിവസക്കൂലി മറ്റുമേഖലകളെ അപേക്ഷിച്ചും കുറവാണെങ്കിലും പലരും ഇത്തരം സ്ഥാപനങ്ങളിൽ ജോലിചെയ്യാൻ നിർബന്ധിതരായിത്തീരുന്നു. അതുപോലെ രണ്ടു മണ്ണു സംസ്കരണശാലകൾ പഞ്ചായത്തിൽ സ്വകാര്യ സംരംഭങ്ങളായി പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ ഒരു സോപ്പ് നിർമ്മാണ യൂനിറ്റും ഒരു ചപ്പൽ നിർമാണ യൂനിറ്റും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവ രണ്ടിന്റേയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ 3 ഹോളോ ബ്രിക്സ് നിർമാണ യൂനിറ്റുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

*പട്ടിക. 2*

## വ്യവസായ യൂനിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

| യൂനിറ്റുകൾ | ചുരുങ്ങിയ ശമ്പളം | തൊഴിലാളികൾ |
|---|---|---|
| 1. ഹിന്ദുസ്ഥാൻ പെട്രോളിയം | 2000 | 13 |
| 2. സൗഭാഗ്യഫുഡ് | 700 | 18 |
| 3. റേഡിയന്റ് ബേറ്ററീസ് | 1000 | 8 |
| 4. നേഷനൽ ഡൈമേക്കേർസ് | 1000 | 4 |
| 5. കോക്കനറ്റ് കോംപ്ലക്സ് | 1500 | 4 |
| 6. സുജാത എഞ്ചിനീയറിങ് | 1000 | 3 |
| 7. എസ്.സി.വുഡ് ഇൻഡസ്ട്രീസ് | 1000 | 4 |
| 8. കേരള ഫുട്വെയർ | 1500 | 28 |

| | | |
|---|---|---|
| 9. വിജ്ഞാന കേരളം പ്രിന്റേഴ്സ് | 1000 | 8 |
| 10. ജമിനി ഡിസ്റ്റിലറി | 1000 | 11 |
| 11. രവി ടെക്സ്റ്റൈൽസ് | 1000 | 16 |
| 12. ടെക്ക്നോ കെമിക്കൽസ് | ....... | 4 |
| 13. വനിതാ സോപ്പ് നിർമാണം | ....... | പൂട്ടി |
| 14. ഹിമാലയ ഐസ് | ....... | 5 |
| 15. കുളിർമ ഐസ് | ....... | 5 |
| 16. റാണിപവർ ബേക്കറി | ....... | 3 |
| 17. കിമോണാ പ്ലാസ്റ്റിക്ക് | ....... | പൂട്ടി |
| 18. സീനാ പ്ലാസ്റ്റിക്ക് | ....... | പൂട്ടി |
| 19. പ്രിയാ പ്ലാസ്റ്റിക്ക് | ....... | 5 |
| 20. കരുണാ പ്ലാസ്റ്റിക്ക് | ....... | 2 |
| 21. പുത്തൂർ കയർ വ്യവസായ സഹകരണസംഘം | ....... | 20 |
| 22. എം.എസ്.സോപ്പ് | ....... | 5 |
| 23. പ്രിമോ പൈപ്പ്സ് | ....... | പൂട്ടി |
| 24. സിൻസിയർ ഐസ് | ....... | 6 |
| 25. ഖാദി നെയ്ത്തുശാല | ....... | 15 |
| 26. ഹോളോ ബ്രിക്സ് ശക്തിസായി | ....... | 3 |
| 27. മിനർവാ ലൈം വർക്സ് | ....... | 3 |
| 28. കൈരളി കെമിക്കൽസ് | ....... | 3 |
| 29. എരഞ്ഞിക്കൽ ഡൈമേക്കേർസ് | ....... | 3 |
| 30. അമീത്ത് റെഡിമെയ്ഡ്വെയർ | ....... | 4 |
| 31. പ്ലാസ്റ്റോ ഗ്രാഫിക്സ് | ....... | 5 |
| 32. വിഷ്ണു കേയ്ൻ വർക്സ് | ....... | 5 |
| 33. സബീറ ഗാർമെൻസ് | ....... | 4 |
| 34. കാർത്തിക ഗാർമെൻസ് | ....... | 4 |
| 35. ഡുഡു ടെയ്‌ലറിങ് ഗാർമെന്റ് | ....... | 4 |
| 36. ക്രെയ്സൺ കാർട്ടൺസ് | ....... | |
| 37. രവി റെഡിമെയ്ഡ് ഗാർമെൻസ് | ....... | 4 |



## നടപ്പു പദ്ധതികളുടെ അവലോകനം

വ്യാവസായിക രംഗത്ത് ഇന്നു നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെപ്പറ്റിയുള്ള ശരിയായ വിവരം ലഭിക്കായ്ക പദ്ധതികളുടെ വിജയത്തെ സാരമായി ബാധിക്കുന്നുണ്ട്. പഞ്ചായത്തീരാജ് നിയമം പ്രാബല്യത്തിൽ വന്നതോടെ കേന്ദ്രീകൃതമായി നടപ്പാക്കിയിരുന്ന പല പദ്ധതികളുടെയും നടത്തിപ്പുചുമതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഈ വസ്തുതയെപ്പറ്റിയുള്ള അറിവില്ലായ്മ പദ്ധതികളുടെ നടത്തിപ്പിനെ ബാധിച്ചിട്ടുണ്ട്. ഏതാനും നടപ്പുപദ്ധതികളെപ്പറ്റിയുള്ള വിവരം താഴെ കൊടുക്കുന്നു.

**I കരകൗശല രംഗത്തെ പരിശീലന പരിപാടി.**

*വിഷയം – ഗ്രാന്റ്*

ലക്ഷ്യം – കൂടുതൽ തൊഴിലാളികളെ ഈ രംഗത്ത് ആകർഷിക്കുക.

ഗുണഭോക്താവ് – കരകൗശല രംഗത്ത് പരിശീലനം നേടുവാൻ ആഗ്രഹിക്കുന്നവർ.

ലഭിക്കുന്ന സഹായം – 250 രൂപ പ്രതിമാസ ടെയ്നിങ് ഗ്രാന്റ്.

ആരെ സമീപിക്കണം – ബ്ലോക്ക് പഞ്ചായത്തിലെ വ്യവസായ വികസന ഓഫീസർ. ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുക്കണം.

**II പുതിയ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ**

ലക്ഷ്യം – വ്യവസായ പദ്ധതികൾക്ക് അടിസ്ഥാന സൗകര്യം ഉറപ്പാക്കുക, സംരംഭകരെ ആകർഷിക്കുക.

ഗുണഭോക്താവ് – വ്യവസായ സംരംഭകൻ

ലഭിക്കുന്ന സഹായം – വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ പ്ലോട്ടുകളും കെട്ടിടങ്ങളും ഹയർ പർച്ചേസ് വ്യവസ്ഥയിൽ ലഭ്യമാക്കുക.

ആരെ സമീപിക്കണം - ബ്ലോക്ക് പഞ്ചായത്ത് വ്യവസായ വികസന ആഫീസർ.

ഗ്രാമീണ കൈത്തൊഴിലുകാർക്കുള്ള പരിപാടി (RAP)

**III വായ്പയും ഗ്രാന്റും**

ലക്ഷ്യം - തൊഴിലുപകരണങ്ങൾ നല്കുക. ഗുണഭോക്താവ് - ആശാരി, മൂശാരി, സ്വർണപണിക്കാർ, പ്ലംബർ, ഇലക്ട്രീഷ്യൻ, തുകൽപണിക്കാർ മുതലായവർ.

സഹായം - തൊഴിലുപകരണങ്ങൾ വാങ്ങാൻ 10,000/- രൂപവരെ സ്ഥിരം മൂലധനം പരമാവധി 3000 സബ്സിഡി ബാക്കി വായ്പയും.

ആരെ സമീപിക്കണം - ബ്ലോക്ക് പഞ്ചായത്ത് വ്യവസായ വികസന ആഫീസർ.

**പ്രശ്നങ്ങൾ**

1. കയർ മേഖലയിലെ തൊഴിലാളികൾ കുറഞ്ഞു വരുന്നു. കാരണം ആരോഗ്യപ്രശ്നങ്ങളും കൂലി കുറവും.
2. തടിവ്യവസായത്തിന് മരത്തിന്റെ ലഭ്യതയില്ലായ്മ.
3. കൈത്തറിമേഖലയിൽ തൊഴിലാളികൾ ലഭ്യമാണെങ്കിലും, നൂലിന്റെ അമിത വിലയും ദൗർലഭ്യവും.
4. തൊഴിൽ പരിശീലനത്തിനും സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സംവിധാനവും പഞ്ചായത്തിൽ ഇല്ല.
5. മുഖ്യ ഉത്പന്നമായ തേങ്ങ, മത്സ്യം എന്നിവ വ്യാവസായിക രംഗത്തു വരുന്നതേയില്ല.
6. സർക്കാരിന്റെ ഭാഗത്തു നിന്നായാലും ജനങ്ങളുടെ ഭാഗത്തുനിന്നായാലും ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നായാലും വ്യവസായ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്ന ഒരു സാഹചര്യം നിർഭാഗ്യവശാൽ ഇന്നു നിലവിലുണ്ട്. വൈദ്യുതി, കെട്ടിടം, വെള്ളം, അസംസ്കൃത വസ്തുക്കൾ ലൈസൻസുകൾ തുടങ്ങിയ കാര്യത്തിൽ അസാധാരണമായ കാലതാമസവും ചുവപ്പു നാടക്കുരുക്കിന്റെ പ്രശ്നങ്ങളും ഉണ്ട്. ഇത്തരം സാഹചര്യം ഇല്ലാതാക്കാൻ കഴിഞ്ഞാൽ തന്നെ ഒരു പരിധിവരെ വ്യവസായ സംരംഭകരെ ആകർഷിക്കാൻ കഴിയും. ഇക്കാര്യത്തിൽ ഗുജറാത്തും, കർണാടകവും തമിഴ്നാടും നമുക്കൊരു പാഠമാകേണ്ടതാണ്.

# ഗ്രാമസഭയിൽ നിന്നു ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1. തീരദേശ മേഖലയായ ഈ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ഉത്പന്നം നാളികേരം തന്നെയാണ്. ഉത്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ ഒരു ചെറിയഭാഗം എണ്ണയാക്കുന്നതൊഴിച്ചാൽ ഭൂരിഭാഗവും കമ്പോളത്തിലേക്കൊഴുകുന്നു. കമ്പോളത്തിന്റെ ഏറ്റക്കുറച്ചിലനുസരിച്ചാണ് ഈ രംഗത്തെ കർഷകന്റെ ജീവിത നിരവാരത്തിന്റെ ഉയർച്ചയും താഴ്ചയും. നാളികേരത്തിന്റെ കമ്പോള നിയന്ത്രണം ബോംബെയിലെ വൻകിട മില്ലുടമകളും, കച്ചവടകുത്തകകളുമാണെന്നത് ഒരു സത്യമാണ്. കഴിഞ്ഞ നാലഞ്ചു കൊല്ലമായി നാളികേരത്തിന് കിട്ടിക്കൊണ്ടിരിക്കുന്ന വില കർഷകരെ നാളീകേരകൃഷിയിൽ നിന്നും പിന്തിരിപ്പിക്കാൻ നിർബന്ധിപ്പിക്കുന്നു. ഇത്തരമൊരുവസ്ഥയെ മറികടക്കാൻ പഞ്ചായത്തിലെ മൊത്തം ജനവിഭാഗത്തിന്റെയും ആവശ്യമായി ഉയർന്നുവന്നിട്ടുള്ള നിർദ്ദേശം.

1.a ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നാളികേര കോംപ്ലക്സിന്റെ അനുബന്ധസ്ഥാപനത്തെ ഒരു പൂർണ്ണ നാളികേര കോംപ്ലക്സായി ഉയർത്തുകയും, നാളികേരത്തിന്റെ ഉപോൽപന്നങ്ങൾ, അതായത് നാളികേര പൊടി, പാൽ, എണ്ണ, ചോക്ലൈറ്റ് മുതലായവ നിർമിക്കുന്ന ഒരു വൻ വ്യവസായ സ്ഥാപനമായി ഉയർത്തുകയും ചെയ്യുക. ഇതിന്റെ ആവശ്യത്തിലേക്കായി കെട്ടിടവും സ്ഥലവും ഇന്നത്തേത് തന്നെ ഉപയോഗിക്കാവുന്നതാണ്.

2. കയർ നിർമാണ പ്രവർത്തനത്തിൽ അനുഭവവും പാരമ്പര്യവും ഉള്ള ധാരാളം തൊഴിലാളികൾ ഇന്ന് ഈ രംഗം ഉപേക്ഷിച്ചു പോയ്ക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന ചകിരിയുടെ ഭൂരിഭാഗവും ഇന്ന് വിറകായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. വളരെ ചെറിയ ഒരു ഭാഗം മാത്രമെ കയർ നിർമാണത്തിന് ഉപയോഗിക്കുന്നുള്ളു. അഴുകിയ ചകിരി ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളും വളരെ താഴ്ന്ന കൂലിയും ഈ രംഗത്തേക്കു തൊഴിലാളികളെ തീരെ ആകർഷിക്കുന്നില്ല. അതുകൊണ്ടു ഈ രംഗത്തെ രണ്ടു കയർ സഹകരണ സ്ഥാപനങ്ങളുടെയും പ്രവർത്തനം തൃപ്തികരമല്ല. ഇതിന്നൊരു പരിഹാരമായി നമ്മുടെ പ്രധാനപ്പെട്ട ഈ ഉത്പന്നത്തെ ശരിയായി ഉപയോഗിക്കുവാൻ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശം പച്ചത്തൊണ്ടു നേരിട്ട് നാരാക്കുന്ന ഒരു ജീഫൈബറി യൂനിറ്റും സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുകയെന്നതാണ്. ഇത്തരം സ്ഥാപനങ്ങൾ തമിഴ് നാട്ടിൽ വളരെ വിജയകരമായി പ്രവർത്തിക്കുന്നു എന്നാണറിയാൻ കഴിഞ്ഞത്. വളരെ വലിയ മുതൽമുടക്കൊന്നും ഈ സംരംഭത്തിന് തുടക്കത്തിൽ ആവശ്യമില്ലെന്നുള്ളതാണ് പ്രത്യേകത. മറ്റൊന്ന് ഇതിന്നാവശ്യമായിട്ടുള്ള യന്ത്ര സംവിധാനങ്ങളെല്ലാം തന്നെ ലഭ്യമാണ്. അവശേഷിക്കുന്ന ചകിരിച്ചോർ ജൈവവളമാക്കി മാറ്റാനുള്ള സാദ്ധ്യതയും ധാരാളമുണ്ട്. മേൽപ്പറഞ്ഞ യൂനിറ്റിന്റെ അനുബന്ധസ്ഥാപനമായി ജൈവവളയൂനിറ്റും തുടങ്ങാവുന്നതേയുള്ളു. ഇന്ന് വിറകായുപയോഗിക്കുന്ന ചകരിയെ ഈ രംഗത്തു ഉപയോഗിക്കുമ്പോൾ ഉണ്ടാവുന്ന വിറകു ക്ഷാമം നേരിടാവുന്നതേയുള്ളു.

3. കോഴിക്കോട് നഗരത്തിന്റെ പ്രാന്തപ്രദേശമെന്ന സൗകര്യം ഉപയോഗപ്പെടുത്തിക്കൊണ്ടു നഗരത്തിനാവശ്യമായ പൗൾട്ടറി ഉത്പന്നങ്ങൾ എത്തിച്ചുകൊടുക്കുവാൻ പഞ്ചായത്തിനു കഴിയും. അതിന്ന് പൗൾട്ടറിഫാമും ഒരു ഹാച്ചറിയും കൂടെത്തന്നെ ആവശ്യമായ കോഴിത്തീറ്റ ഉത്പാദിപ്പിക്കുന്ന ഒരു സംരംഭത്തിനെ പ്പറ്റി നിർദ്ദേശം വന്നിട്ടുണ്ട്. ഇത് തന്നെ ഹാച്ചറിയിൽ നിന്നും കുഞ്ഞുങ്ങളെ വീടുകളിൽ എത്തിച്ചുകൊടുത്തുകൊണ്ടും വികേന്ദ്രീകൃതമായും ഈ സംരംഭം നടത്താവുന്നതേയുള്ളു.

4. പഞ്ചായത്തിലെ വളരെ പ്രധാനപ്പെട്ട മറ്റൊരുൽപന്നമായ കടുക്ക വളരെ പ്രചാരമുള്ള ഒരു ഭക്ഷ്യവസ്തുവായി മാറിയിരിക്കുന്നു. ഈ മേഖലയിൽ 450 ഓളം തൊഴിലാളികൾ (സ്ത്രീ തൊഴിലാളികളടക്കം) ജോലി ചെയ്യുന്നുണ്ട്. നല്ല വിപണനസാധ്യത

യുള്ള ഈ ഭക്ഷ്യവസ്തുവിന്റെ വ്യാവസായിക പ്രാധാന്യം കണിക്കിലെടുത്തു കൊണ്ടു പറിച്ചെടുക്കുന്ന കടുക്ക സംസ്കരിച്ചു വായുഹീനമാക്കിയ പാക്കറ്റുകളിലാക്കി വിപണനം നടത്തുകയോ, അച്ചാറും മറ്റു ഉപോൽപന്നങ്ങളാക്കി വിപണനം നടത്തുകയോ ചെയ്യാനുള്ള ഒരു യൂണിറ്റിനുള്ള സംവിധാനം ഉണ്ടാക്കാൻ നിർദ്ദേശം വന്നിട്ടുണ്ട്. ഇത്തരമൊരു സംരംഭത്തിന് കടുക്കയുടെ തുടർച്ചയായ ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന്നായി ഉത്പാദനം തുടർച്ചയായി ഉണ്ടാവാൻ, ഓര് കയറുന്ന നദീമുഖങ്ങളിലും മറ്റും കൃത്രിമമായ സംവിധാനമുപയോഗിച്ച് മറ്റു മാർഗങ്ങൾ ആരായേണ്ടി വരും. കൊച്ചിക്കായൽ പ്രദേശങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

4. പഞ്ചായത്തിൽ നിന്നും ഇന്നു പിടിച്ചെടുക്കുന്ന മത്സ്യസമ്പത്തിന്റെ വിപണനം കാര്യക്ഷമമല്ല. വിപണനം കാര്യക്ഷമമാക്കാൻ, കോൾഡ്സ്റ്റോറേജുകളും, ഐസ്പ്ലാന്റുകളും ശീതികരണിയുള്ള വാഹനങ്ങളും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേന സ്ഥാപിക്കാൻ നിർദ്ദേശം വന്നിട്ടുണ്ട്.
5. കെട്ടിട നിർമാണത്തിനും പരമ്പരാഗതമായി ഉപയോഗിക്കുന്ന വെട്ടുകല്ലു ഇന്നു സുലഭമല്ലാതായിക്കൊണ്ടിരിക്കുന്നു. ഇഷ്ടികയുടെയും മറ്റു കളിമൺ അലങ്കാര വസ്തുക്കളുടെയും ഉപഭോഗം അതുകൊണ്ടുതന്നെ ഉയർന്നിരിക്കുന്നു. ചെറുവണ്ണൂർ, നല്ലളം, കൊളത്തറ പ്രദേശങ്ങൾ വിട്ടാൽ നഗരത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ ഇത്തരം സംരംഭങ്ങൾ ഇല്ലെന്നു തന്നെ പറയാം. അതുകൊണ്ടുതന്നെ ഇടത്തരം ഇഷ്ടിക നിർമാണ യൂനിറ്റിന്നു സാദ്ധ്യതയുണ്ട്.
6. മൈദയും സൂജീയും, ആട്ടയും, റവയും വളരെയധികം വിപണന സാധ്യതയുള്ള ഉത്പന്നങ്ങളാകയാൽ സഹകരണ മേഖലയിലോ പൊതുമേഖലയിലോ സംയുക്തമേഖലയിലോ ഒരു ഇടത്തരം ഫ്ളോർ മില്ലിന്ന് പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്.
7. പുതിയാപ്പ മത്സ്യബന്ധന തുറമുഖം നിലവിൽ വന്നതോടെ യന്ത്രവത്കൃത ബോട്ടുകളുടെ എണ്ണവും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഈ ബോട്ടുകളുടെയും എഞ്ചിനുകളുടെയും അറ്റകുറ്റപണികൾ നടത്താനുള്ള ശരിയായ സംവിധാനമൊന്നും ഈ ഭാഗത്തു ലഭ്യമല്ല. മത്സ്യഫെഡിന്ന് ഇക്കാര്യത്തിൽ നല്ല ഒരു ബോട്ട് റിപ്പയറിങ് യൂനിറ്റ് സ്ഥാപിക്കാൻ കഴിഞ്ഞാൽ ബോട്ടുകളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റ പണികൾ മാത്രമല്ല, ഈ രംഗത്തു സാങ്കേതിക പരിശീലനവും കൊടുക്കാൻ സാധ്യമാവും.
8. ചെറുകിട വ്യവസായ യൂനിറ്റുകൾ തുടങ്ങാൻ സംരംഭകർ മുന്നോട്ടുവരാത്തതിന്റെ ഒരു പ്രധാന കാരണം അതിന്നാവശ്യമായ ഘടനാപരമായ സൗകര്യങ്ങൾ വേണ്ടുവോളം ലഭ്യമല്ലാത്തതാണ്. ഇതിനൊരു പരിഹാരമെന്ന നിലയിൽ വന്നിട്ടുള്ള നിർദ്ദേശം ബ്ലോക്ക് പഞ്ചായത്തിന്റെ നടപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിന്റെ പ്രദേശത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി 10 യൂനിറ്റുകൾ അടങ്ങുന്ന ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കണമെന്നതാണ്. ഈ എസ്റ്റേറ്റിൽ വൈദ്യുതി, വെള്ളം, കെട്ടിടം, ഫോൺ സൗകര്യം റോഡ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ഇപ്പോൾ നടപ്പിലുള്ള ബ്ലോക്ക് പദ്ധതി തന്നെ ഉപയോഗപ്പെടുത്താം. ഈയാവശ്യത്തിലേക്ക് 95-96ൽ 175 ലക്ഷം രൂപ വകയിരുത്തിയാതറിയുന്നു. ഈ വർഷത്തെ തുക എത്രയാണെന്ന് അറിയുന്നില്ല. അടിയന്തിരമായി ചെയ്യാവുന്ന കാര്യമെന്ന നിലയിൽ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

അവസാനമായി **ചെറുകിട, കുടിൽ വ്യവസായ** നിർദ്ദേശങ്ങളെന്ന നിലയിൽ ധാരാളം നിർദ്ദേശങ്ങൾ വാർഡുകളിൽ നിന്നും കിട്ടിയിട്ടുള്ളവ താഴെ പട്ടിക രൂപത്തിൽ കൊടുത്തിരിക്കുന്നു.

| മേഖല | ഉത്പന്നങ്ങൾ. |
|---|---|
| ചെറുകിട വ്യവസായം | 1. ഹോളോ ബ്രിക്സ്<br>2. ബ്രെഡ്, ബേക്കറി<br>3. കേരള സോപ്സിൽ നിന്നും ബേസ് കൊണ്ടുവന്ന് വീടുകളിൽ വിതരണം നടത്തി വനിതകളുടെ സംരംഭം.<br>4. ആഭരണപ്പെട്ടി നിർമാണം.<br>5. ഹവായ്ചപ്പൽ<br>6. യന്ത്രവത്കൃത ഫർണിച്ചറും വയറിങ്ങിന്നാവശ്യമായ മരസ്സാമാനങ്ങളും<br>7. റെഡിമെയ്സ് വസ്തു നിർമാണം<br>8. മത്സ്യ സംസ്കരണം<br>9. ഇലക്ട്രോണിക്ക് ഉപകരണ നിർമാണം<br>10. നോട്ടബുക്ക്, ഓഫീസുപകരണങ്ങൾ തുടങ്ങിയവ. |

**കുടിൽ വ്യവസായങ്ങളുടെ പട്ടിക.**

| മേഖല | ഉത്പന്നങ്ങൾ |
|---|---|
| കുടിൽ ഖാദി | 1. ലിജ്ജത്ത് പപ്പട നിർമാണം, അവരുടെ ആൾ ഇന്ത്യ യൂനിറ്റുകളുമായി സഹകരിച്ചു.<br>2. ചപ്പൽ നിർമാണം<br>3. മുത്തുമാല<br>4. പപ്പട നിർമാണം<br>5. പായ നെയ്ത്ത്<br>6. കുട്ടികളുടെ ഷൂ<br>7. ലതർ ബാഗുകൾ<br>8. മസാലപൊടികൾ, അച്ചാർ<br>9. മെഴുകുതിരി, തീപ്പെട്ടി<br>10. ബലൂൺ, റബ്ബർ കൈയ്യുറകൾ. |



# ഊർജ്ജം

**വെ**സ്റ്റ്ഹിൽ 110 കെ.വി സബ് സ്റ്റേഷനിൽ നിന്നു പുറപ്പെടുന്ന എലത്തൂർ ഫീഡർ, കാക്കൂർ ഫീഡർ, വെള്ളയിൽ ഫീഡർ എന്നീ മൂന്ന് 11 കെ.വി ലൈനുകളിൽ നിന്നാണ് എലത്തൂർ പഞ്ചായത്തിലെ പ്രദേശങ്ങളിലുള്ള വൈദ്യുതവിതരണ ശൃംഖലക്ക് സപ്ലൈ ലഭിക്കുന്നത്.

പഞ്ചായത്തിന്റെ പരിധിയിൽ താഴെ പറയുന്ന കപ്പാസിറ്റിയുള്ള 25 ട്രാൻസ്ഫോർമറുകൾ നിലവിലുണ്ട്.

1. കോരപ്പുഴ 100 കെ.വി.എ
2. എലത്തൂർ 100 കെ.വി.എ
3. റെയിൽവെ ലൈൻ 160 കെ.വി.എ
4. റീന 315 കെ.വി.എ
5. ബി.എസ്.കോവിൽ 160 കെ.വി.എ
6. ചെട്ടികുളം 250 കെ.വി.എ
7. പുതിയനിരത്ത് 100 കെ.വി.എ
8. പുതിയാപ്പ 160 കെ.വി.എ
9. സിൻസിയർ ഐസ് 100 കെ.വി.എ
10. പുതിയാപ്പ ടെമ്പിൾ 160 കെ.വി.എ
11. പി.ആർ.സി പുതിയാപ്പ 150 കെ.വി.എ
12. പുത്തൂർ 250 കെ.വി.എ
13. ഹെർമൻ ജോൺ 200 കെ.വി.എ
14. ജെട്ടിറോഡ് 100 കെ.വി.എ
15. ജെട്ടിറോഡ് 160 കെ.വി.എ
16. രത്ന ഐസ് 63 കെ.വി.എ
17. ജയഭാരത് 100 കെ.വി.എ
18. പ്രീമിയർ 250 കെ.വി.എ
19. കൈപ്പുറത്ത്പാലം 100 കെ.വി.എ
20. മുകവൂർ 160 കെ.വി.എ
21. എരഞ്ഞിക്കൽ 250 കെ.വി.എ
22. അയ്യപ്പൻകാവ് 160 കെ.വി.എ
23. അമ്പലപ്പടി 100 കെ.വി.എ
24. പുളാടിക്കുന്ന് 100 കെ.വി.എ
25. പെരുംതുരുത്തി 100 കെ.വി.എ

ഇതിന്ന് പുറമെ സ്വന്തം ട്രാൻഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതി ഉപയോഗിക്കുന്ന 4 എച്ച്.എസ് ഉപഭോക്താക്കളും പഞ്ചായത്തിലുണ്ട്.

1. ഹിന്ദുസ്ഥാൻ പെട്രോളിയം ഡിമാന്റ് 75 കെ.വി.എ
2. സൗഭാഗ്യ ഫുഡ് 210 കെ.വി.എ
3. പ്രീമൊ പൈപ്പ് 75 കെ.വി.എ
4. കേരള ഫൂട്ട് വിയർ 375 കെ.വി.എ

173 കി.മീ 11 കെ.വി ലൈനും 49 കി.മി എൽ.ടി 3 ഫെയിസ് ലൈനും 64 കി.മി. സിങ്കിൾഫേസ് എൽ.ടി.ലൈനുമാണുള്ളത്.

ഇപ്പോൾ നിലവിലുള്ള 6000 എൽ.ടി.ഉപഭോക്താക്കളുടെ വിശദവിവരം താഴെ കാണിച്ചിരിക്കുന്നു.

( പട്ടിക : 1)

പഞ്ചായത്തിന്റെ കീഴിൽ ആകെയുള്ള സ്ട്രീറ്റ് ലൈറ്റുകൾ 823 എണ്ണമാണ്. അതിൽ 727 എണ്ണം സാധാരണ ബൾബുകളും ഒന്ന് മെർക്കുറി വേപ്പർ ലാമ്പും 95 എണ്ണം ഫ്ളൂറസന്റ് ലാമ്പുമാണ്.

മുകവൂർ തിരുത്തിക്കുന്ന് ചാവാട് എന്നിവയാണ് പഞ്ചായത്തിലെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ.

പണമടച്ച 182 ഉപഭോക്താക്കൾക്ക് ഇനിയും വൈദ്യുതി കണക്ഷൻ നൽകുവാൻ ബാക്കിയുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു. *( പട്ടിക : 2)*

360 മീറ്റർ LT സിങ്കിൾ ഫെയ്സ് ലൈൻ മൂന്ന് ഫെയ്സാക്കി മാറ്റുകയും 348 മീറ്റർ LT മൂന്ന് ഫെയ്സ് ലൈൻ വലിക്കുകയും ചെയ്തുകൊണ്ട് എലത്തൂർ കാട് ലക്ഷം വീട് കോളനിയിലെ 17 കുടുംബങ്ങൾക്ക് വൈദ്യുതി നൽകുവാൻ ബാക്കിയുണ്ട്.

ഈ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം കൂടുതലായുള്ള പ്രദേശങ്ങളിലെ വോൾട്ടേജു കൂട്ടുവാനും ഓവർലോഡ് കാരണം രാത്രികാലങ്ങളിൽ ഉണ്ടാവുന്ന വൈദ്യതി കുഴപ്പം ഇല്ലാതാക്കുവാനും വേണ്ടിയുള്ള താഴെപറയുന്ന ജോലികൾ ബാക്കിയുണ്ട്.

1. മുകവൂരിലെ മുളിയാർനട ഭാഗങ്ങളിലെ വോൾട്ടേജ് കൂട്ടുന്നതിനുവേണ്ടി എണ്ണൂറ് മീ. 11കെ.വി ലൈൻ വലിച്ച് ഒരു 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

പട്ടിക : 1

| നമ്പർ | വിഭാഗം | ഉപഭോക്താക്കളുടെ എണ്ണം | കണക്റ്റഡ് ലോഡ് (കി.വാട്ട്) |
|---|---|---|---|
| 1. | ഗാർഹികം | 5021 | 5295 |
| 2. | വാണിജ്യം | 795 | 448 |
| 3. | വ്യവസായം | 67 | 817 |
| 4. | കൃഷി | 113 | 117 |
| 5. | പബ്ലിക് ലൈറ്റിങ് | 1 | 37 |
| 6. | വാട്ടർ വർക്സ് | 3 | 21 |
| | ആകെ | 6000 | 6735 |

പട്ടിക : 2

| നമ്പർ | വിഭാഗം | | ഉപഭോക്താക്കളുടെ എണ്ണം | ആകെ |
|---|---|---|---|---|
| 1 | ഓർഡിനറി | OH | 74 | |
| | A)ഗാർഹികം | WP | 41 | 115 |
| | B) വാണിജ്യം | OH | ..... | |
| | | WP | 36 | 36 |
| | C) കൃഷി | OH | 2 | |
| | | WP | .... | 2 |
| | D) വ്യവസായം | OH | 1 | |
| | | WP | 1 | 2 |
| 2 | OYEC | OH | 12 | |
| | A) ഗാർഹികം | WP | 5 | 17 |
| | B) വാണിജ്യം | OH | ..... | |
| | | WP | 3 | 3 |
| 3 | OTP | OH | 4 | |
| | | WP | 3 | 7 |
| | | | ആകെ | 182 |

2. ആണ്ടിറോഡ് കണ്ടംകുളം പാറമ്മൽ ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമവും ഓവർ ലോഡും കുറയ്ക്കുന്നതിനു വേണ്ടി 500 മീ. 11 കെ.വി ലൈൻ വലിച്ച് പാറമ്മൽ ഭാഗത്തു ഒരു 160 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

വെതർപ്രൂഫ് കണക്ഷൻ ഒഴികെ മേൽപ്പറഞ്ഞ ബാക്കിയുള്ള ജോലികളെല്ലാം തന്നെ നടക്കാതിരിക്കുവാനുള്ള പ്രധാന കാരണം ജോലിക്ക് വേണ്ടതായ മെറ്റീരിയൽസിന്റെ ലഭ്യത കുറവാണ്.

ഇതിനെല്ലാം പുറമെ സുഗമമായ വൈദ്യുതി വിതരണത്തിനും വോൾട്ടേജ് ക്ഷാമം കുറയ്ക്കുന്നതിനും വേണ്ടി താഴെ പറയുന്ന ജോലികൾ നടത്തുവാനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതായുണ്ട്.

1. വെങ്ങാലി ഭാഗത്ത് പോസ്റ്റ് നമ്പർ 92ൽ നിന്ന് 2/12 വരെ നിലവിലുള്ള 400.മീ. സിങ്കിൾ ഫേസ് ലൈൻ മൂന്ന് ഫേസ് ആക്കുക.
2. എലത്തൂർ ഹിന്ദുസ്ഥാൻ പെട്രോളിയത്തിന് പടിഞ്ഞാറ് ഭാഗം പോസ്റ്റ് നമ്പർ പി.ബി.1മുതൽ 16വരെ നിലവിലുള്ള 640 മീ.സിങ്കിൾ ഫേസ് ലൈൻ 3 ഫേസ് ആക്കുക.
3. എലത്തൂർ ബീച്ച് ഏരിയയിലെ വോൾട്ടേജ് ക്ഷാമം കുറയ്ക്കുന്നതിനും ഓവർ ലോഡ് കാരണമുള്ള വൈദ്യുതി തകരാറ് ഒഴിവാക്കുന്നതിനും വേണ്ടി NH റോഡ് ബീച്ച് റോഡ് ജംഗ്ഷനിൽ പോസ്റ്റ് നമ്പർ 126നും 127നും ഇടയ്ക്ക് നിലവിലുള്ള 11 കെ.വി ലൈനിൽ ഒരു 160 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
4. പെരുംത്തുരുത്തി ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമവും ഓവർലോഡും കുറയ്ക്കുന്നതിന് വേണ്ടി ഇപ്പോൾ നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ അടുത്ത് നിന്ന് 700 മീ. 11 കെ.വി. ലൈൻ വലിച്ച് ഒരു 100 കെ.വി.എ ട്രാൻസ്ഫോർമർ പുതിയതായി സ്ഥാപിക്കുക.
5. എരഞ്ഞിക്കലിലെ മേടയിൽ ലൈൻഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം കുറയ്ക്കുന്നതിന് 600 മീ.11 കെ.വി ലൈൻ വലിച്ച് ഒരു 100 കെ.വി.എ സ്ഥാപിക്കുക.
6. ചാലിറോഡ് ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം കുറയ്ക്കു

ന്നതിന് പൂരത്തറ ട്രാൻസ്ഫോർമറിന്റെ ലോഡ് കുറയ്ക്കുന്നതിനും വേണ്ടി 300 മീ. ലൈൻ വലിച്ച് ഒരു 100 കെവി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

മേൽപ്പറഞ്ഞ ജോലികൾക്കു പുറമെ എലത്തൂർ പഞ്ചായത്തിലെ പ്രധാന ഭാഗങ്ങളിലും ജംഗ്ഷനുകളിലും സോഡിയം വെപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതാണ്.

**കുറിപ്പ്**

ഇപ്പോൾ നിലവിലുള്ള രാത്രികാലങ്ങളിലെ അരമണിക്കൂർ ലോഡ്ഷെഡിങ് പിൻവലിച്ചാൽ കേരളത്തിലെ മിക്കപ്രദേശങ്ങളിലും രാത്രി 6.30 മുതൽ പത്തുമണിവരെ വോൾട്ടേജ് ക്ഷാമം കൂടുതലായി അനുഭവപ്പെടുകയും ഓവർലോഡ് കാരണം ഇടയ്ക്കിടെ വൈദ്യുതി തകരാറ് സംഭവിക്കുകയും ചെയ്യും. കേന്ദ്രവിഹിതമായി ലഭിക്കുന്ന വൈദ്യുതിയും ഇപ്പോൾ കേരളത്തിൽ നിലവിലുള്ള പദ്ധതികളിൽ നിന്ന് ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതി മൊത്തമായും ഉപയോഗിച്ചാൽ പോലും രാത്രി 6.30 മുതൽ പത്തുമണിവരെയുള്ള സമയങ്ങളിലെ വൈദ്യുതിയുടെ ആവശ്യം നിറവേറ്റാൻ കഴിയാത്തതാണ് മേൽപറഞ്ഞ ദുരവസ്ഥകൾക്ക് കാരണം. കേന്ദ്രവിഹിതത്തിൽ കൂടുതൽ വർദ്ധനവ് നാം പ്രതീക്ഷിക്കേണ്ടതില്ല. അതുകൊണ്ട് കേരളത്തിൽ പുതിയ ചെറുകിട വൻകിട പദ്ധതികൾ നിർമ്മിച്ച് ഉൽപാദനം തുടങ്ങിയാൽ മാത്രമേ മേൽപ്പറഞ്ഞ ദുരവസ്ഥക്ക് ഒരു പരിഹാരം ഉണ്ടാകുകയുള്ളു. അതിനുവേണ്ടി പൊതുജനങ്ങളുടെ സഹകരണവും അശ്രാന്തപരിശ്രമവും അധികാര സ്ഥാനങ്ങളിൽ സമ്മർദ്ദവും അത്യന്താപേക്ഷിതമാണ്.

## Pending Service Connection As on 30-9-96

| Slno. | Catagroy | Type | Domestic | Non-Domestic | Agricultural | Industrial |
|---|---|---|---|---|---|---|
| 1 | Ordinary | W/P<br>O/H | 41<br>74 | 36<br>--- | -----<br>2 | 1<br>--- |
| 2 | OYEC | W/P<br>O/H | 5<br>12 | 3<br>--- | ----<br>--- | ---<br>--- |
| 3 | OTP | W/P<br>O/H | 3<br>4 | --<br>--- | ---<br>--- | --<br>-- |

*W/P - പോസ്റ്റില്ലാതെ വയർ മാത്രം വലിച്ചുകൊടുക്കുന്നത്*

*O/H - പോസ്റ്റ് നാട്ടി അലുമിനിയം ലൈൻ വലിച്ചുകൊടുക്കുന്നത്.*

# ഗതാഗതം

വികസനത്തിന് ആവശ്യമായ പശ്ചാത്തലമൊരുക്കുന്നതിൽ ഗതാഗതത്തിനുള്ള സ്ഥാനം വളരെ വലുതാണ്. വ്യോമഗതാഗതം ഒഴികെയുള്ള എല്ലാ ഗതാഗത സൗകര്യങ്ങളും എലത്തൂരിൽ ലഭ്യമാണ്. പക്ഷേ പരിമിതികളുടേയും പരിദേവനങ്ങളുടെയും നീണ്ട പട്ടിക തന്നെ നിരത്താനുണ്ട്.

**റോഡുഗതാഗതം**

പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടിയാണ് നാഷണൽ ഹൈവേ (NH17 കണ്ണൂർ റോഡ്) കടന്നുപോകുന്നത്. കിഴക്കു ഭാഗത്തുകൂടി സ്റ്റേറ്റ് ഹൈവേയും പടിഞ്ഞാറു വശത്തുകൂടി തീരദേശ ഹൈവേയും കടന്നുപോകുന്നു. എന്നാൽ ഈ റോഡുകൾക്കെല്ലാം മതിയായ ഡ്രയിനേജ് സംവിധാനം ഇല്ല. ഹൈവേയിൽ നടപ്പാതയുടെ അഭാവം നിരവധി അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നു. ഇതിനു ബലിയാടുകളാകുന്നതോ പാവം കാൽനടയാത്രക്കാരും. വാഹനങ്ങളുടെ ബാഹുല്യവും മത്സര ഓട്ടവും അമിതവേഗതയും പരിമിതിയുമെല്ലാംകൂടി റോഡുഗതാഗതം ജനത്തിന് ഒരു പേടിസ്വപ്നമായി മാറുന്നു. നിലവിലുള്ള റോഡിന്റെ അറ്റകുറ്റപണി യഥാസമയം നടത്തുന്നതിനും, വീതി വർദ്ധിപ്പിക്കുന്നതിനും സത്വരശ്രദ്ധ വേണ്ടിയിരിക്കുന്നു. കൂടാതെ ഫുഡ്പാത്തുകളുടെ നിർമ്മാണവും അടിയന്തിരമായി നടത്തേണ്ടതുണ്ട്.

നാഷണൽ ഹൈവേ ബൈപാസ് റോഡിന്റെ സ്ഥലമെടുപ്പ് പൂർത്തീകരിച്ചെങ്കിലും റോഡുപണി ആരംഭിച്ചിട്ടില്ല. ആവശ്യത്തിന്റെ ആധിക്യം വെച്ചുനോക്കുമ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ ഇതിന്റെ പണി പൂർത്തീകരിക്കപ്പെടേണ്ടതാണ്.

എലത്തൂർ ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ അപകടമേഖലകളാണ് എരഞ്ഞിക്കൽബസാർ, പാവങ്ങാട് ജംഗ്ഷൻ, എലത്തൂർ തുടങ്ങിയവ. എരഞ്ഞിക്കൽബസാറിലെ ഗതാഗതതിരക്ക് ഒഴിവാക്കാൻ പാലത്തിന്റേയും ബൈപാസ് റോഡിന്റെയും പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതുണ്ട്. പാവങ്ങാട് ജംഗ്ഷൻ, എലത്തൂർ ഭാഗം റോഡിന്റെ വീതി കൂട്ടിയാൽ ചെറിയൊരാശ്വാസം കൈവരും. വർദ്ധിച്ചുവരുന്ന വാഹന തിരക്ക് ഒഴിവാക്കാൻ സമാന്തര റോഡുകളുടെ നിർമ്മാണവും ത്വരിതപ്പെടുത്തേണ്ടതുണ്ട്.

എരഞ്ഞിക്കലിൽനിന്ന് കനോലി കനാലിന് തീരത്തുകൂടി കാരപ്പറമ്പ് ഭാഗത്തേക്ക് സമാന്തര റോഡ് നിർമ്മിച്ചാൽ സിവിൽസ്റ്റേഷൻ, മെഡിക്കൽ കോളേജ് ഭാഗത്തേക്കുള്ള യാത്ര സുഗമവും സുകരവുമാകും. വാഹനതിരക്കും കുരുക്കും ഒരു പരിധിവരെ ഒഴിവാക്കാൻ സഹായകമാവുകയും ചെയ്യും. കാലിക്കറ്റ് മിനിബൈപ്പാസിനായി നിർമ്മിച്ച കൈപ്പുറത്തുപാലം കുണ്ടുപറമ്പ് റോഡ് മെറ്റൽ ചെയ്തി

ട്ടുണ്ട്. പക്ഷേ ടാർ ചെയ്തിട്ടില്ല. ഈ റോഡ് വീതി കൂട്ടി എരഞ്ഞിക്കലുമായി ബന്ധിപ്പിച്ചാൽ സമാന്തര റോഡെന്ന സ്വപ്നവും സാക്ഷാത്ക്കരിക്കപ്പെടും.

കനോലി കനാലിന് കുറുകെയുള്ള ഉപയോഗയോഗ്യമല്ലാത്ത കൈപ്പുറത്തു പാലം പൊളിച്ചു നീക്കി പുതിയ പാലവും, അപ്രോച്ച് റോഡും പണിതാൽ മൊകവൂർ ഭാഗത്തുള്ളവരുടെ യാത്രാക്ലേശവും ഒഴിവായികിട്ടും. എരഞ്ഞിക്കൽ,മൊകവൂർ കുണ്ടുപറമ്പ് റോഡും പൂരത്തറ കൈപ്പുറമ്പത്തു പാലം റോഡും വീതികൂട്ടി ബസ് സർവ്വീസ് ആരംഭിക്കണം. ഇതിനായി സ്ഥലം നൽകുന്നതിൽ സ്ഥലം ഉടമകളും അനുഭാവപൂർവ്വമായ സമീപനം കൈക്കൊള്ളണം.

ഹൈവേയിൽ 100 കണക്കിന് സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി ബസ്സിന്റെ എണ്ണം തുലോം പരിമിതമാണ്. ഈ വീഴ്ച നികത്തുന്നതിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധ പതിഞ്ഞാൽ യാത്രാനിരക്ക് നിമിത്തമുള്ള ദുരിതത്തിനും ചെറിയൊരു ആശ്വാസമാകും.

പഞ്ചായത്തിന്റെ ഉൾഭാഗത്തേക്ക് കടന്നു ചെന്നാൽ നിരവധി മൺപാതകളും, വെട്ടുവഴികളുമുണ്ട്. അധികവും ഗതാഗതയോഗ്യമല്ല. ഇവയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിലും ശ്രദ്ധ വേണം. കൂടാതെ പൂളാടിക്കുന്ന് പെരുംതുരുത്തി റോഡ് വീതികൂട്ടുകയും ഒരു പാലം പണിത് ചെട്ടികുളവുമായി ബന്ധിപ്പിക്കുകയും വേണം. ഇത് സാദ്ധ്യമായാൽ പെരുംതുരുത്തിയുടെ അവശതയും നീങ്ങികിട്ടും. അമ്പലപ്പടിയെ ചെറുകുളവുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ അവശതയും അടിയന്തിര പ്രാധാന്യം നല്കി പരിഹരിക്കപ്പേടേണ്ടതാണ്.

പഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ഒരു ബസ്സ്സ്റ്റാന്റ് എലത്തൂരിൽ ഉണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം ആദായകരവും ഗുണകരവുമല്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള ഗതാഗതസൗകര്യം മെച്ചപ്പെട്ടാൽ ഈ ശോച്യാവസ്ഥക്കും പരിഹാരമാകും.

നമ്മുടെ പഞ്ചായത്ത് ഒരു തീരദേശ മേഖലയായതുകൊണ്ട് പല റോഡുകളിലും മതിയായ ഡ്രയിനേജ് സംവിധാനവും കൾവർട്ടുകളുമില്ല. നിലവിലുള്ളതും പുതുതായി നിർമ്മിക്കുന്നതുമായ റോഡുകളുടെ കാര്യത്തിൽ ഈ അപാകത ഒഴുവാക്കാൻ നടപടി വേണം.

## റെയിൽ ഗതാഗതം.

പഞ്ചായത്തിനെ കീറിമുറിച്ചുകൊണ്ട് റെയിൽപ്പാത കടന്നുപോകുന്നതുകൊണ്ട് അതിവേഗത്തിൽ കുതിച്ച് പാഞ്ഞുപോകുന്ന ദീർഘദൂര തീവണ്ടികളെ അടുത്ത് നിന്ന് കാണാമെന്നതിൽ കവിഞ്ഞ് എലത്തൂർ നിവാസികൾക്ക് കാര്യമായ ഒരു നേട്ടവുമില്ല. മറിച്ച് കോട്ടങ്ങളുണ്ടുതാനും. നാഷണൽ ഹൈവയിലെ വെങ്ങാലി റെയിൽവേ ഗേറ്റ് സൃഷ്ടിക്കുന്ന ഗതാഗത കുരുക്ക് നീങ്ങാൻ മണിക്കൂറുകൾ തന്നെ ചിലപ്പോൾ വേണ്ടിവരാറുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷനിൽ ഗുഡ്സ് ട്രെയിൻ നിറുത്തിയിടുന്നതിനാൽ വഴി യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടൊഴുവാക്കാൻ ഫുട് ഓവർബ്രിഡ്ജില്ലാത്തതും നരകയാതന സൃഷ്ടിക്കുന്നുണ്ട്. ഈ വൈരുദ്ധ്യങ്ങൾക്ക് സത്വരപരിഹാരം കാണേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ എലത്തൂർ ഗ്രാമവാസികളുടെ ആവലാതികൾക്ക് ഇന്ത്യൻ റയിൽവേയോളം തന്നെ പ്രായമുണ്ടെന്നതാണ് വാസ്തവം.

ദീർഘദൂര വണ്ടികൾക്ക് എലത്തൂർ റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കണം. കൂടാതെ വെങ്ങാലി ഭാഗത്ത് ഓവർ ബ്രിഡ്ജ് നിർമ്മിക്കണം. സ്റ്റേഷൻ പരിസരത്ത് ഫുട് ഓവർ ബ്രിഡ്ജും അത്യന്താപേക്ഷിതമാണ്.

അനന്തതയുടെ അപ്രാപ്യതയിലേക്ക് തുല്യ അകലത്തിൽ നീണ്ടുപോകുന്ന റെയിലുകളുടെ അവസ്ഥ ഈ ആവലാതികൾക്കുണ്ടാകാതിരിക്കാൻ ജനപ്രതിനിധികളും ബന്ധപ്പെട്ടവരും മനസ്സ് വെയ്ക്കണം.

## ജലഗതാഗതം

കനോലി കനാൽ കല്ലായി വരെ ആഴം കൂട്ടി കോരപ്പുഴ നിന്നും ബോട്ടു സർവ്വീസ് ആരംഭിച്ചാൽ ജലഗതാഗതവും സുസാദ്ധ്യമാകും. ഹൗസ് ബോട്ട് മാതൃകയിലുള്ള തോണിയാത്രയ്ക്കു സൗകര്യമേർപ്പെടുത്തിയാൽ വിദേശ ടൂറിസ്റ്റുകളെയടക്കം ആകർഷിക്കാൻ കഴിയും. ഇതിലൂടെ ജലഗതാഗത ഭൂപടത്തിൽ മാത്രമല്ല ടൂറിസ്റ്റ് ഭൂപടത്തിലും എലത്തൂരിന് സ്ഥാനം ലഭിക്കും. കൂടാതെ ജലമാർഗ്ഗമുള്ള ചരക്കു ഗതാഗതവും ആദായകരമായിരിക്കും.

വികസനത്തിന്റെയും, പുരോഗതിയുടെയും ചക്രവാളം പിടിച്ചടക്കാൻ വെമ്പുന്ന നമുക്ക് ഗതാഗതം ഒരിക്കലും ഒരു വൈതരണിയാകാതിരിക്കാൻ പ്രത്യേകം മനസ്സ് വെയ്ക്കേണ്ടതുണ്ട്.

## ഗതാഗതം

*പുതുതായി നിർമ്മിക്കേണ്ടുന്ന റോഡുകൾ*

**വാർഡ് – I**

1. എലത്തൂർ റെയിൽവെ സ്റ്റേഷൻ മുതൽ അഴിക്കൽ വരെ വാഹന ഗതാഗത യോഗ്യമാക്കുക.
2. പുത്തൻപുര ഇടവഴി ഗതാഗതയോഗ്യമാക്കുക.
3. ഹിന്ദുസ്ഥാൻ പെട്രോളിയം – പടന്നയിൽ പാലം – എലത്തൂർ ബസ്സ്റ്റാന്റ് വരെ പുതിയ റോഡ്.

**വാർഡ് - II** : വില്ലേജ് ഓഫീസ് – ബീച്ച് റോഡ്. എലത്തൂർ – ബീച്ച് റോഡ് മുതൽ നരിച്ചാൽ ബീച്ചു റോഡ് (തീരദേശം) ഗതാഗത യോഗ്യമാക്കുക.

**വാർഡ് - III** : ഹാർബർ റോഡ് – കറുവാടത്ത് നടറോഡ് ബന്ധിപ്പിക്കുക. ലക്ഷംവീട് കോളനിയിലേക്കുള്ള റോഡു നിർമ്മിക്കുക. അംഗനവാടിയിലേക്കുള്ള റോഡുനിർമ്മിക്കുക. ആനന്ദപുരം ബീച്ചു റോഡ് കയനാംകുളം വരെ നീട്ടുക(50ങ)

**വാർഡ് - IV** : എം.എൽ.എ റോഡു മുതൽ പുതിയാപ്പ ഹൈസ്ക്കൂൾ മുമ്പിലൂടെ വെങ്ങാലി വരെയുള്ള ഇടവഴി റോഡ് ആക്കിമാറ്റുക.

**വാർഡ് - V** :എലത്തൂർ പുതിയോട്ടിൽ കടവ് റോഡ്, നടുത്തിരുത്തി കടവ് റോഡ്, മുല്ലോളി ഇടവഴി, പുതുക്കാട്ട് കടവ് റോഡ്, പെരുത്തുരുത്തി കടവ് റോഡ്, വെങ്ങാലി പുതിയോട്ട് കടവ് വരെ (റെയിൽവെ ലൈനിൽ സമാന്തരമായി) പുതിയ റോഡ് നിർമ്മിക്കുക.

**വാർഡ് - VI** : ചിറ്റടിതാഴം ഇടവഴി, കാരിയേരി ഇടവഴി, ചളിക്കണ്ടി ഇടവഴി. കോഴിശ്ശേരി, ചെട്ടികുളം പെരുത്തുരത്തി റോഡ് വാഹന ഗതാഗത യോഗ്യമാക്കുക.

**വാർഡ് – VII** : കാരംവള്ളിതാഴം – എരഞ്ഞിക്കൽ പാലം റോഡ് നിർമ്മിക്കുക. ചാളപ്പാട്ട് – കൊന്നാരി റോഡ് ഗതാഗത യോഗ്യമാക്കുക. അംബാപ്പുറം റോഡ് നന്നാക്കുക.

**വാർഡ് – VIII** : കൊതോളിതാഴം – ചാലിറോഡ്, മിനി സ്റ്റേഡിയം വഴിയുള്ള റോഡ് – പൂർത്തീകരിക്കുക. എരഞ്ഞിക്കൽ പുളിയക്കാടിത്താഴം റോഡ് ഗതാഗതയോഗ്യമാക്കുക. അബൂബക്കർ ഹാജി റോഡ് പാനൂർ താഴം ബണ്ട് കെട്ടി പൂർത്തീകരിക്കണം.

**വാർഡ് – IX** : അമ്പലപ്പടി – പെരുത്തുരുത്തി റോഡ് വാഹന ഗതാഗതയോഗ്യമാക്കുക.

**വാർഡ് – X** : ചെറുകുളം – അമ്പലപ്പടി റോഡ് നിർമ്മിക്കുക, വൈദ്യരങ്ങാടി – ചിറ്റംവീട്ടിൽ ബണ്ട്വരെ റോഡ് നിർമ്മിക്കുക, പുറക്കാട്ടിരിപാലം – ചിറ്റംവീട്ടിൽ ബണ്ടു വരെ റോഡ്, എരഞ്ഞിക്കൽ പാലം – ഹിദായത്തൂർ ഇസ്ലാം സ്ക്കൂൾ – മുകവൂർ റോഡ് വരെ പുതുതായി റോഡ് നിർമ്മിക്കുക.

## പുതുതായി നിർമ്മിക്കേണ്ടുന്ന ഫുട്പാത്തുകൾ

**വാർഡ് –X** മേലേടത്ത് ഇടവഴി, പറമ്പത്തിനി മുതൽ താഴത്തിടത്തിൽ താഴംവരെ റോഡ് നിർമ്മിക്കുക. അടിച്ചാടത്ത് ഇടവഴി, മുകവൂർ ടി.വി. സെന്റർ മുതൽ മേത്തലയിൽ ഇടവഴി വരെ വാഹന ഗതാഗത യോഗ്യമാക്കുക. എടക്കണ്ടി – ചിറ്റാടിതാഴം റോഡ് നിർമ്മിച്ച് ഗതാഗത യോഗ്യമാക്കുക

**വാർഡ് –IX** പുതിയാപ്പ ക്ഷേത്രംമുതൽ–റെയിൽവെ വരെ റോഡ് ആക്കുക. പുത്തൂർ അമ്പലത്തിന്റെ തെക്കുമുതൽ പാവങ്ങാട് വരെ ഗതാഗത യോഗ്യമാക്കുക. പാവങ്ങാട് to പുതിയാപ്പ് റോഡിൽ റെയിൽവെ ഗേറ്റ് അനുവദിച്ച് വാഗനഗതാഗത യോഗ്യമാക്കി മാറ്റുക. ബീച്ച്റോഡ്–പഞ്ചായത്ത് ഡിസ്പൻസറി റോഡ് നിർമ്മിക്കുക. പുതിയാപ്പക്ഷേത്രം വടക്ക് ഭാഗത്തുനിന്ന് തുടങ്ങി സ്കൂളിന്റെ കിഴക്ക്ഭാഗത്തുകൂടി മോവനാരിക്ഷേത്രം ബന്ധപ്പെട്ട റോഡ് നിർമ്മിക്കുക. പിബിറത്താഴം – പുനത്തിൽ റോഡ്, പുതിയാപ്പ ശ്മശാനം – മോവനാരിക്ഷേത്രം റോഡ് നിർമ്മിക്കുക.

**വാർഡ് –VIII** ആട്ടങ്ങാട് മുതൽ കളത്തും പറമ്പ് റോഡ് ചാത്തൻകാവിൽ – കനോലി കനാലിനു ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക. കാരെകാട്ടിൽ – ചിറ്റാടികടവ് റോഡ്, ചരിച്ചിയിൽ ഇടവഴി – നരിക്കുനി താഴംവരെ റോഡ്.

## ഗതാഗതം

**വാർഡ് – IV**

അരയസമാജത്തിനു വടക്ക് വശത്ത് നിന്നു തുടങ്ങി കുനിയിൽ ഇടവഴി (റെയിൽവെ) വരെ ഫുട്പാത്ത് നിർമ്മിക്കുക.

**വാർഡ് – V** – പട്ടയാട്ട് ഇടവഴി ഫുട്പാത്ത് നിർമ്മിക്കുക.

**വാർഡ് – VI**– പുതിയനിരത്ത് ടു റെയിൽവെ ലൈൻ റോഡ് മണ്ണിട്ടു ഉയർത്തുക.

**വാർഡ് – IX**

ഒറ്റക്കുനിയിൽ നിന്നു വടക്കോട്ടുള്ള വഴിയിൽ ഫുട്പാത്ത് കെട്ടുക. പുതിയോട്ട് മുതൽ – കയറ്റുകൊള്ള് ഫുട്പാത്ത് നിർമ്മിക്കുക.

**വാർഡ് – X**

തേവർമഠം മുതൽ പി.വി.എസ് ഹൈസ്ക്കൂൾ വരെ നടപ്പാത. കഴുക്കാൽ നിലത്തു മുതൽ – കിഴക്കെ വളപ്പ് വരെ നടപ്പാത.

**വാർഡ് – XI**

മാർക്കറ്റിങ് സൊസൈറ്റി ഓഫീസിന്റെ മുൻവശത്ത് നിന്നു കിഴക്കോട്ട് പോകുന്നതിന് ഫുട്പാത്ത് നിർമ്മിക്കുക.

**വാർഡ് – XII** പാലക്കട റോഡ് ടു ബി.ഇ.എം. റോഡ് മുതവാട്ട് ഇടവഴി. പുത്തൂർ റേഡിയോ സ്റ്റേഷൻ നിന്നു പടിഞ്ഞാറോട്ടുള്ള വഴി. കമ്മ്യൂണിറ്റിഹാളിൽ നിന്നു കിഴക്കു ഭാഗത്ത് ബാക്കിഭാഗം, പാവങ്ങാട് മുസ്ലീം പള്ളിമുതൽ മാടച്ചാൽ വയൽ, പുത്തൂർ അമ്പലം – അത്തോളി റോഡ് വരെ, കെ.എസ്.ഇ.ബി.സബ്സ്റ്റേഷൻ – മിഷ്യൻ സ്ക്കൂൾ ഇടവഴി.

ടി.വി.സ്റ്റേഷൻ – അയ്യപ്പൻ കാവ് റോഡ്, മണലിൽ ഇടവഴി, മുകവൂർ സ്ക്കൂളിന്റെ കിഴക്ക് വശത്ത്, ടി.വി. സ്റ്റേഷൻ നരിക്കുനിത്താഴം വഴി, വാഴക്കപ്പുറത്ത്താഴം – കോക്കുളം ഫുട്പാത്ത്, തിരുത്തിക്കുന്നത്ത് വാഴക്കുപറത്തുതാഴം, ആട്ടങ്ങാട്ട് താഴം കനാൽ വരെ.

## ഗതാഗതം – മറ്റുകാര്യങ്ങൾ

**വാർഡ് – I** എലത്തൂർ ബസ്സ്റ്റാന്റ് (പടിഞ്ഞാറ്) അഴിമുഖം വരെയുള്ള സ്വകാര്യ റോഡ് പൊതിവഴിയാക്കിമാറ്റുക.

**വാർഡ് – II** പീരത്തിൽ തോടിനു പാലം നിർമ്മിക്കുക.

**വാർഡ് – IV** പുതിയാപ്പ മാർക്കറ്റിങ് സൊസൈറ്റിക്കടുത്തുള്ള ബസ് സ്റ്റോപ്പ് വെങ്ങാലി പഴയ പഞ്ചായത്ത് ആപ്പീസിനടുത്തേക്ക് മാറ്റുക.

**വാർഡ് – V** എലത്തൂർ റെയിൽവേ സ്റ്റേഷൻ വികസിപ്പിക്കുക. തിരുവനന്തപുരം എറണാകുളം ട്രെയ്നുകൾ (സ്റ്റോപ്പ്) അനുവദിക്കുക. പുതിയോട്ട് കടവ് റോഡിൽ ഫുട് ബ്രിഡ്ജ് നിർമ്മിക്കുക. (റെയിൽവേ സ്റ്റേഷൻ)

**വാർഡ് – VI** അംബാപ്പുറത്ത് ചീപ്പ് ഒഴിവാക്കി വാഹനഗതാഗത യോഗ്യമാക്കി പാലം നിർമ്മിക്കുക.

**വാർഡ് – VI** റെയിൽവികസനം വരുമ്പോൾ ജെട്ടി റോഡ് നഷ്ടപ്പെടുത്തരുത്.

**വാർഡ് – VII** ആണ്ടിറോഡ് – ഞേറക്കാതോട് വരെ ഓട നിർമ്മിക്കുക.

**വാർഡ് – IX** മംഗലപ്പുഴയുടെ കിഴക്ക് ഭാഗത്ത് എരഞ്ഞിക്കൽ ബസാറുമുതൽ വലിയ തിരുത്തിവരെ ചീപ്പ് നിർമ്മിക്കുക. പെരുത്തുരത്തി – എരഞ്ഞോളിപാലം ഗതാഗത യോഗ്യമാക്കുക.

**വാർഡ് – XI** മുകവൂരിലേക്ക് കെ.എസ്.ആർ.ടി.സി അനുവദിക്കുക. മുകവൂർ – എരഞ്ഞിക്കൽ വഴി ബസ് അനുവദിക്കുക. മുകവൂർ – കൈപുറത്തുപാലം ബസ് റൂട്ട് അനുവദിക്കുക. അയ്യപ്പൻകാവ് – കീവക്കീൽ ഇടവഴിയിൽ ഓവുപാലം നിർമ്മിക്കുക. പുതിയോട്ടിൽ – ചാത്തനാടത്തു ഇടവഴി, തടങ്ങാട്ടവയൽ റോഡിൽ വായക്കാപ്പുറത്ത് താഴം ഫുട്പാത്ത് അവസാനിക്കുന്ന സ്ഥലത്ത് നരിക്കുനിതാഴം റോഡ്, ഓവുചാലുകൾ നിർമ്മിക്കുക. ചാത്തനാടത്ത്–കാമ്പുറത്ത് കാവ് ഇടവഴിയിൽ ട്രെയ്നേജ് ഉണ്ടാക്കുക.

**വാർഡ് – XII** മുകവൂർ കൈപുറത്തുപാലം പുതുതായി നിർമ്മിച്ചു ഗതാഗത യോഗ്യമാക്കിമാറ്റുക.

### പൊതുവായ നിർദ്ദേശങ്ങൾ

*ഗതാഗതം*

1) റോഡുകൾ സംരക്ഷിക്കുന്നതിനു ഓടകൾ നിർമ്മിക്കുക
2) എൻ.എച്ച് റോഡിന്റെ ഒരുവശത്തെങ്കിലും ഫുട്പാത്ത് നിർമ്മിക്കുക.
3) റെയിൽ ലൈനിനു സൈഡിൽ കൂടിയുള്ള റോഡിലെ വാഹന ഗതാഗത്തിന്റെ തടസ്സം ഒഴിവാക്കുക.
4) റോഡ് കൈയേറ്റം തടയുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക.
5) നിലവിലുള്ള റോഡുകളിലെ അറ്റകുറ്റപ്പണി അടിയന്തരമായി നടത്തുക.
6) റോഡ് പണിയിലെ കാലതാമസം ഒഴിവാക്കുക.

## *ഗതാഗതം:–* ടാർചെയ്യേണ്ട റോഡുകൾ

**വാർഡ് – I** എലത്തൂർ ബസ് സ്റ്റാന്റ് ടാർ ചെയ്യുക.

**വാർഡ് – II** കോട്ടേടത്ത് ബസാർ മുതൽ ബീച്ച് റോഡ് ടെലിഫോൺ എക്സ്ചേഞ്ച് റോഡ് സുബ്രമഹ്ണ്യം കോവിൽ റോഡ്

**വാർഡ് – X** ചെറുകുളം – അമ്പലപ്പടി റോഡ്

**വാർഡ്–XIII** കെ.എസ്.ഇ.ബി മുതൽ മുകവൂർ ഭാഗത്ത് വരെയുള്ള റോഡ് ബി.ഇ.എം.സ്ക്കൂൾ മുതൽ മാടച്ചാലിൽ വരെ റോഡ് കൈപ്പുറത്തുപാലം മുതൽ ശ്മശാനം റോഡ്

**വാർഡ്– XI** തടങ്ങാട്ട് വയൽ റോഡ് ഹെൽത്ത് സെന്റർ – ചിറ്റടിക്കടവ് റോഡ്.

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

**പാർപ്പിടം :-**

കോഴിക്കോട് കോർപ്പറേഷനുമായി തൊട്ടുരുമ്മി നിൽക്കുന്ന ഈ പഞ്ചായത്ത് വിദ്യാഭ്യാസപരമായും സാംസ്കാരികമായും സാമ്പത്തികമായും ഏറെ മുന്നിട്ടു നിൽക്കുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിലെ അതിപ്രധാനമായ ഒരുഘടകമാണ്. ഗൾഫ് പണം ക്രിയാത്മകവും ഉൽപാദനപരവുമായ മേഖലയിലേക്ക് തിരിച്ചു വിടുന്നതിനു പകരം മണിമാളികകൾ നിർമ്മിക്കുന്നതിൽ മാത്രം ഒതുങ്ങിപ്പോയതായിട്ടാണ് അനുഭവം. നഗരത്തിന്റെ സുഖസൗകര്യങ്ങളും ഗ്രാമീണ അന്തരീക്ഷവും ഈ പഞ്ചായത്തിന് ഉള്ളത്കൊണ്ട് കൃഷിയോഗ്യമായ വയലുകൾ നികത്തിയും മറ്റും വീട് നിർമ്മിക്കുക എന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. ഇത് തടയപ്പെടേണ്ടതാണ്. പഞ്ചായത്തിന്റെ 1,2,3,4,12 വാർഡുകളുടെ ഭൂരിഭാഗം പ്രദേശവും തീരപ്രദേശത്തായതിനാൽ മത്സ്യത്തൊഴിലാളികൾ ഇവിടങ്ങളിൽ ചെറിയ വീടുകളിൽ തിങ്ങി പാർക്കുന്നു. ഒരു ഭാഗത്ത് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് പോലും സൗകര്യമില്ലാത്ത വീടുകൾ മറു ഭാഗത്ത് ആർഭാടകരമായ മണിമാളികകൾ എന്നതാണ് പഞ്ചായത്തിന്റെ പൊതു സ്ഥിതി. (ചാർട്ട് കാണുക)

**ജനങ്ങൾ ഉപയോഗപ്പെടുത്തിയ വിവിധയിനം ഭവന നിർമ്മാണ വായ്പാ പദ്ധതികൾ.**

1) LIGH
2) MIGH
3) ഹൗസിങ് ബോർഡ് പദ്ധതി
4) ലക്ഷം വീടുപദ്ധതി.
5) രാജീവ് ദശലക്ഷം വീട് പദ്ധതി
6) കൈരളി ഭവനനിർമ്മാണ പദ്ധതി.

കൂലി നിരക്കും സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളുമായി ബ്ലോക്കു വഴി നൽകുന്ന RLEGP, NREP, IAY, JRY, MWS എന്നീ പദ്ധതികളുടെ വായ്പാ പരിധിയും രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കാനും, വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്.

**പഞ്ചായത്തിലെ പ്രധാന കോളനികൾ**

| വാർഡ് | പേര് |
|---|---|
| 1 | ചാപ്പവളപ്പ് പുറമ്പോക്ക് കോളനി. |
| 2 | ആരാച്ചംകുനി ലക്ഷം വീട് |
| 3 | എലത്തുക്കാട് ലക്ഷംവീട് കോളനി. |
| 4 | ഫിഷർമെൻ കോളനി. |
| 5 | ചാവട്ട് ഹരിജൻ കോളനി |
| 7 | പുതിയോട്ടിൽ ലക്ഷംവീട് കോളനി |
| 8 | മുതിരക്കാത്തറ 4 സെന്റ് കോളനി |
| 9 | ചെറുകാട് ലക്ഷംവീട് |
| 10 | എടക്കണ്ടി 4 സെന്റ് കോളനി |
| 11 | നെരവത്ത് ലക്ഷംവീട് കോളനി |
| 12 | കോരാച്ചിനി 4 സെന്റ് കോളനി |
| 13 | തിരുത്തിക്കുന്ന് ഹരിജൻ കോളനി |
| 14 | മാപ്പിളക്കണ്ടി കോളനി |

മത്സ്യത്തൊഴിലാളികളും കർഷകതൊഴിലാളികളും തിങ്ങി പാർക്കുന്ന ഇവിടങ്ങളിൽ കുടിവെള്ളം, വൈദ്യുതി, പൊതുവഴി, കക്കൂസ് എന്നിവ ഇനിയും ശാസ്ത്രീയമായി ക്രമീകരിക്കേണ്ടതുണ്ട്.

പാർപ്പിട രംഗത്ത് പുതിയ തീരദേശ സംരക്ഷണ നിയമം സങ്കീർണമായ പ്രശ്നങ്ങളാണ് പഞ്ചായത്തിൽ സൃഷ്ടിച്ചിരിക്കുന്നത്. പ്രസ്തുത നിയമം മൂലം നിർമാണ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്ന തീരദേശ വാർഡുകളിൽ ചെറിയ കുടിലുകൾ കെട്ടുന്നതും തടഞ്ഞിരിക്കയാണ്. ഇതുവഴി പുതിയ റേഷൻ കാർഡും ലഭിക്കുന്നില്ല. കാലങ്ങളായി ഇങ്ങനെ താമസിക്കുന്നവർക്ക് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല. ഭവനരഹിതരായ കുടുംബങ്ങളെയും മറ്റും ദോഷകരമായി ബാധിക്കുന്ന ഈ നിയമം കൃഷിസ്ഥലങ്ങൾ നികത്തി വീട് നിർമിക്കുന്നതിലേക്ക് ജനങ്ങളെ കൊണ്ടെത്തിക്കുകയും അതിനാൽ തന്നെ സ്ഥലത്തിന്റെ രൂക്ഷമായ വിലക്കയറ്റത്തിന് വഴിവെക്കുകയും ചെയ്യുന്നുണ്ട്.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കാനും ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾകൊണ്ടും സഹായങ്ങൾ കൊണ്ടും

കാര്യമായി കഴിയില്ല എന്ന് നമുക്കറിയാം. വാർഡ് തലത്തിൽ ഗുണ ഭോക്താക്കളെ കൂടി ഉൾപ്പെടുത്തി പുതിയ ഏജൻസികളെ രൂപപ്പെടുത്തുകയും അതുവഴി സമാഹരിക്കുന്ന കഴിവുകൾ ഉപയോഗപ്പെടുത്തിയും ഈ രംഗം പരമാവധി ജനകീയവൽക്കരിക്കുകയും വേണം. പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം. ഭവനനിർമാണവുമായി ബന്ധപ്പെട്ട അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യപ്പെടണം. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുകയും വേണം.

പഞ്ചായത്തിന്റെ 1,2 വാർഡുകളിൽ പ്രകൃതി ക്ഷോഭം മൂലം പൂർണ്ണമായോ ഭാഗികമായോ വർഷംതോറും നിരവധി വീടുകൾ നശിക്കാറുണ്ട്. ഇവ പുനർനിർമ്മിക്കാനും മറ്റുമുള്ള അടിയന്തിര സഹായം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടാവണം. 4, 12 വാർഡുകളിൽ പത്തും പതിനഞ്ചും കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്ന സ്ഥിതിയുണ്ട്. കൂട്ടായ്മയിലൂടെ ഫ്ളാറ്റുകൾ നിർമിച്ചും മറ്റും ഓരോ കുടുംബത്തേയും മാറ്റി പാർപ്പിക്കേണ്ടതുണ്ട്. 11-ാം വാർഡിലെ ലക്ഷം വീടിലെ രണ്ട് കുടുംബത്തിന് ഒരു വീട് എന്ന സ്ഥിതിയും മാറ്റേണ്ടതാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പുറമ്പോക്ക് ഭൂമി ഉപയോഗപ്പെടുത്തിയാലേ ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കാനാകൂ.

2000-മാണ്ട് പൂർത്തിയാകുന്നതോടെ പഞ്ചായത്തിലെ ഭവനരഹിതർക്ക് മുഴുവൻ വീട് എന്ന ലക്ഷ്യത്തോടെ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

## സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമരംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമാർജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്. കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ ദാരിദ്ര്യ നിർമാർജന പദ്ധതിയും തൊഴിലാളി തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമാണ്. പട്ടികജാതി വികസന കോർപ്പറേഷനും വനിതാ വികസന കോർപ്പറേഷനും ബന്ധപ്പെട്ടു ഈ രംഗത്ത് പ്രവർത്തിക്കുന്നു. പദ്ധതിയെക്കുറിച്ച് അറിവില്ലായ്മ, അർഹതപ്പെടുന്നവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണത്തിന്റെ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്ത് പറയേണ്ടത് തന്നെ.

പഞ്ചായത്തിൽ കയർ തൊഴിലാളികൾ കെട്ടിട നിർമാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ മത്സ്യത്തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും ഭൂരിപക്ഷം തൊഴിലാളികളും ക്ഷേമപദ്ധതികളിൽ അംഗങ്ങളായിട്ടില്ല.

സാമൂഹ്യ ക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ചേളന്നൂർ ബ്ലോക്ക് ഓഫീസിന് കീഴിലെ വില്ലേജ് സർക്കിളുകൾ വഴിയാണ്.

## I.R.D.P സഹായ ലഭ്യതാകണക്ക്

ദേശസാൽകൃത ബാങ്കുകൾ വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണ മേഖലക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണ ബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ല-സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശസാൽകൃത ബാങ്കുകളെ കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവെ നടത്തണം.

പത്തോ അതിലധികമോ വനിതകൾ കൂട്ടായി പ്രവർത്തിക്കുന്ന സംരംഭത്തിന്റെ ഭാഗമായി പഞ്ചായത്തിൽ തുടങ്ങിയിരുന്ന വനിതാ സോപ്പ് നിർമാണ യൂണിറ്റ് പുനരുദ്ധരിക്കാനും ആതിര പ്രിന്റിംഗ് പ്രസിനെ ലാഭകരമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. താൽപര്യമുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ യൂനിറ്റുകൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. ഈ സ്കീമിലൂടെ ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇതിലൂടെയുള്ള ഉൽപന്നങ്ങൾ സർക്കാർ ഏജൻസികൾ മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള ധനസഹായം നൽകുന്ന പദ്ധതിയിൽ വർഷം തോറും ചുരുങ്ങിയ ആളുകൾക്ക് മാത്രമേ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളൂ. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും സംഖ്യ വർദ്ധിപ്പിക്കുകയും വേണം.

## സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾ

1. കർഷക തൊഴിലാളി പെൻഷൻ
2. വിധവ/വാർദ്ധക്യകാല/വികലാംഗ പെൻഷൻ
3. അവശതയനുഭവിക്കുന്ന പത്രപ്രവർത്തകർക്കും ആശ്രിതർക്കും സാമ്പത്തികസഹായം.
4. അവശ കലാകരൻമാർക്കും ആശ്രിതർക്കും പെൻഷൻ
5. കായികതാരങ്ങൾക്കുള്ള പെൻഷൻ
6. കയർതൊഴിലാളി പെൻഷൻ
7. സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ മാതാപിതാക്കന്മാർക്കുള്ള കുടുംബപെൻഷൻ
8. അവശ കലാകാരന്മാർക്കും സാഹിത്യ കലാകാരന്മാർക്കും പെൻഷൻ.
9. കരകൗശല പണിക്കാർക്ക് വാർദ്ധക്യകാലപെൻഷൻ.
10. അവശ സർക്കസ് താരങ്ങൾക്ക് പെൻഷൻ.
11. സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹസഹായധനം.
12. പ്രകൃതി ക്ഷോഭങ്ങൾക്ക് ഇരയാകുന്നവർക്ക് ധനസഹായം. (തീപ്പിടുത്തം, ഇടിമിന്നൽ, കൊടുങ്കാറ്റ്, കടലാക്രമം)
13. മുഖ്യമന്ത്രിയുടെ ദുരുതാശ്വാസ നിധിയിൽ നിന്നും സഹായധനം.
14. മിശ്രവിവാഹ ദമ്പതികൾക്കുള്ള ധനസഹായം.
15. ക്ഷയരോഗ ചികിത്സയ്ക്കുള്ള ധനസഹായം.
16. കുഷ്ഠ രോഗ ചികിത്സക്കുള്ള ധനസഹായം.
17. കാൻസർ ചികിത്സയ്ക്കുള്ള ധനസഹായം.
18. തൊഴിലില്ലായ്മ വേതനം.
19. സ്വയം തൊഴിൽ പദ്ധതി.
20. പാവപ്പെട്ടവർക്ക് അപകട ഇൻഷൂറൻസ്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹരായ കുറേ പേർ ആനുകൂല്യം കൈപറ്റുന്നതായും ഈ ക്ഷേമ പദ്ധതികളെപറ്റി വിലയിരുത്തുമ്പോൾ മനസിലാവുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്ത് നിലവാരത്തിൽ ഇത്തരം ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടി ഒരു പ്രത്യേക ഏജൻസി രൂപീകരിക്കണം.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വെയ്ക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം പഞ്ചായത്തിലും പ്രകടമാണ്. നില വിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാകുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടത്താത്തതും കളിപ്പാട്ടങ്ങളില്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. അങ്കൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർകർ, ഹെൽപർ എന്നീ രണ്ട് തസ്ഥികകകളാണ് ഇതിലുള്ളത്. പ്രയാസം സഹിച്ചും നാടിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.



അംഗൻവാടി – വർകർ ഹെൽപർ എന്നിവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണം. പഞ്ചായത്ത് ബാലവാടിക്ക് വേണ്ടി വാങ്ങിയിട്ടുള്ള 3–ാം വാർഡിലെ സ്ഥലത്ത് സ്വന്തം കെട്ടിടം പണിയേണ്ടതാണ്. കൂടാതെ അംഗൻവാടി, ബാലവാടി, ഫീഡിംഗ് സെന്ററുകൾ ഇല്ലാത്ത വാർഡുകളിൽ ഇവ സ്ഥാപിച്ച് വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണത്തേയും വരേണ്യവൽക്കരണത്തെയും തടയേണ്ടത് സമൂഹത്തിന്റെ മൊത്തം ബാദ്ധ്യതയാണ്.

നമ്മുടെ പഞ്ചായത്തിൽ 6–ാം വാർഡിലുള്ള 'ആശാഭവൻ' ബുദ്ധിഭ്രമം സംഭവിച്ച വൃദ്ധരായ അഗതികളുടെ ആശാകേന്ദ്രം തന്നെയാണ്.

3, 4, 8 വാർഡുകളിൽ വൃദ്ധമന്ദിരം സ്ഥാപിക്കണം. എങ്കിൽ മാത്രമേ ജീവിത സായാഹ്നത്തിൽ അഗതികളാവുന്നവർക്ക് സംരക്ഷണം ഉണ്ടാവൂ. വിവിധ ക്ഷേമ പദ്ധതികളിൽ, തൊഴിലാളികളെ ബോധവൽക്കരിച്ച് പങ്കാളികളാക്കുന്നതിൽ ആർട്ടിസാൻസ് യൂണിയനും, കർഷക തൊഴിലാളി യൂണിയനും മാതൃകാപരമായ പങ്കാണ് നിർവഹിക്കുന്നത്.

സർക്കാർ പ്രഖ്യാപിച്ച കർഷക പെൻഷൻ ഗ്രാമപഞ്ചായത്തിൽ കൂടെ വിതരണം ചെയ്ത് അർഹരായവർക്ക് എത്തിക്കേണ്ടതാണ്.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | ഒരുനിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 543 | 35 | 148 | 252 | 74 | 32 | 2 |
| II | 960 | 80 | 220 | 360 | 147 | 91 | 2 |
| III | 543 | 47 | 144 | 251 | 56 | 40 | 5 |
| IV | 495 | 38 | 133 | 223 | 69 | 32 | |
| V | 891 | 134 | 214 | 366 | 100 | 77 | |
| VI | 666 | 57 | 177 | 299 | 70 | 63 | |
| VII | 622 | 113 | 100 | 285 | 62 | 60 | 2 |
| VIII | 638 | 115 | 95 | 298 | 68 | 60 | 2 |
| IX | 711 | 33 | 199 | 338 | 101 | 40 | |
| X | 885 | 76 | 230 | 402 | 109 | 68 | |
| XI | 705 | 57 | 187 | 321 | 60 | 80 | |
| XII | 478 | 27 | 131 | 224 | 59 | 32 | |
| XII | 653 | 42 | 180 | 300 | 71 | 60 | |
| ആകെ | 8730 | 854 | 2158 | 3919 | 1046 | 740 | 13 |

| (b) പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 1991 - 92 | 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 | |
|---|---|---|---|---|---|---|
| | 7749 | 7834 | 8039 | 8333 | 8717 | |



# സാംസ്കാരിക രംഗം

## പ്രശ്നങ്ങളിലേക്കൊരു എത്തിനോട്ടം

ആചാരങ്ങളുടെ ബാഹുല്യം ഒരു സമൂഹത്തിന്റെ സാംസ്കാരികമായ അസ്വാതന്ത്ര്യത്തിന്റെ ചൂണ്ടുപലകയാണ്. പല അനാചാരങ്ങളും ആധുനിക സാങ്കേതിക വിദ്യക്ക് ഒപ്പം തന്നെ നമ്മുടെ ഗ്രാമത്തിൽ പടർന്നു പിടിക്കുന്നുണ്ട്. എലത്തൂർ ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക പ്രശ്നം ഒറ്റ തിരിഞ്ഞു നോക്കിക്കാണാൻ കഴിയില്ല; മറിച്ചു, കേളീയ സമൂഹത്തിൽ മൊത്തം സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയുടെ ഭാഗമായിവേണം അതിനെ നോക്കിക്കാണാൻ. സംസ്കാരമെന്നാൽ അടിച്ചുപൊളിയാണെന്നും ആത്മബോധമെന്നാൽ അടിമത്തമാണെന്നും അതിവേഗം ഇവിടെ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. സാംസ്കാരിക രംഗത്ത് വിവിധ സംഘടനകളും മറ്റും നടത്തുന്ന ശ്രമങ്ങൾ പലപ്പോഴും ഉപരിപ്ലവമായി തീരുന്നതുകൊണ്ട് ഉപഭോഗ സംസ്കാരത്തിന്റെ സന്തതികളായി വളരുന്ന സാംസ്കാരിക ജീർണ്ണതകളെ തടയിടുവാൻ കഴിയുന്നില്ല.

സാംസ്കാരിക പ്രവർത്തകരുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടുന്ന ചില പ്രശ്നങ്ങളാണ് താഴെ കൊടുക്കുന്നത്.

### വിവാഹ ധൂർത്ത്:

സാമ്പത്തികമായ നിലനിൽപ്പിനെ പാടെ അവഗണിച്ചുകൊണ്ട് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന വിവാഹ ആഘോഷങ്ങൾ നമ്മുടെ പഞ്ചായത്തിലും ഒരു പതിവാണ്. ചെറുപ്പക്കാരെ മദ്യാസക്തരാക്കുവാനുള്ള ഒരു പരിശീലനക്കളരിയായാണ് ഇവ മാറുന്നത്. വിശ്വാസ പ്രമാണങ്ങളിലെ വ്യത്യാസങ്ങൾ ഇവിടെ പ്രകടമല്ലെന്നും ഇതര രംഗങ്ങളിൽ ആദരണീയരായവർ പോലും ഇതൊരു അനിവാര്യതയായി കണക്കാക്കുന്നു എന്നതുമാണ് നാൾക്കുനാൾ ഇതു പടർന്നു പിടിക്കാൻ ഇടയാകുന്നത്.

### 2) വീടു നിർമ്മാണം :

വീട് വസിക്കുവാനുള്ളത് എന്നതിനപ്പുറം കാഴ്ചക്കാരനെ അമ്പരപ്പിക്കുവാനുള്ളതാണ് എന്ന ബോധമാണ് നമ്മെ നയിക്കുന്നത് എന്നു തോന്നുന്നു. സാമ്പത്തിക ശേഷി കണക്കിലെടുക്കാതെ ആരംഭിക്കുന്ന വീടു നിർമ്മാണം വ്യക്തിയെ കടക്കെണിയിലകപ്പെടുത്തി, വീട് പൂർത്തിയാകാതെ തന്നെ വിൽക്കാൻ നിർബന്ധിക്കുന്നു.

### 3) ഉപഭോഗവസ്തുഭ്രമം:

എല്ലാം അനുകരിക്കുക എന്നും ജീവിക്കുകയാണെങ്കിൽ 'സായിപ്പിനെപോലെ' ജീവിക്കണമെന്നുമാണ് നമ്മുടെ ചിന്ത. അതുകൊണ്ടു തന്നെ ദൃശ്യമാധ്യമങ്ങളിലൂടെയും മറ്റും പ്രചരിപ്പിക്കപ്പെടുന്ന ആഡംബരവസ്തുക്കൾ എങ്ങനെയും സ്വന്തമാക്കുക എന്നതാണ് ജീവിത നിലവാരത്തിന്റെ സൂചിക എന്നു തെറ്റിദ്ധരിച്ചു കടക്കെണിയുടെ കയത്തിൽ താഴുന്ന കുടുംബങ്ങൾ നിരവധിയാണ്.

### 4. ബ്ലേഡു പണിമിടപാടുകൾ:

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ഊർജ്ജം പകർന്നുകൊണ്ട് അതിന്റെ സന്തതിയായും മാതാവായും ഒരേ സമയം പ്രവർത്തിക്കുന്നതാണ് ബ്ലേഡുകൾ എന്ന പേരിലറിയപ്പെടുന്ന സ്വകാര്യ പണമിടപാടുകൾ. വർഷത്തിൽ 96% മുതൽ 120% വരെയാണ് ഇതിലെ സാധാരണ പലിശ നിരക്ക്. നമ്മുടെ പഞ്ചായത്തിൽ മാത്രം ഏറ്റവും ചുരുങ്ങിയത് 100 (നൂറ്) ഇത്തരം സ്ഥാപനങ്ങളോ വ്യക്തികളോ ഉണ്ട്. എന്നിട്ടും എല്ലാവരുടേയും ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ കഴിയുന്നില്ലത്രെ. അതുകൊണ്ട് തന്നെ ആകർഷണീയമായ ഈ രംഗത്തേക്കു പുതിയ ആളുകൾ പ്രവേശിക്കുകയാണ്. ഫലം എല്ലാ പണമിടപാടുകളും ഇന്ന് ബ്ലേഡുകളിലൂടെ ആകുകയാണ്. ഉത്തരവാദിത്വമില്ലാതെ ലാഭം എന്നതാണ് ആധുനിക കമ്പോള സംസ്കാരത്തിന്റെ മുഖമുദ്ര. ഇതുതന്നെയാണ് ബ്ലേഡുകളും ചെയ്യുന്നത്. ഇത് ഉത്തരവാദിത്വമില്ലാത്ത ജീവിതചര്യയുടെ മുന്നോടിയാകുന്നു.

### 5. വ്യാജവാറ്റ്:

കേരളത്തിലെ ചാരായ നിരോധനം വ്യാജവാറ്റിനെ ഒരു പുതിയ തലത്തിലേക്ക് എത്തിച്ചിരിക്കുന്നു. ബ്ലേഡുകളെപോലും നിഷ്പ്രഭമാക്കിക്കൊണ്ട് മാസങ്ങൾ കൊണ്ട് വ്യാജവാറ്റ് നടത്തി ലക്ഷപ്രഭുക്കളാകാം എന്നു ഇന്നു പലരും കണ്ടെത്തുന്നുണ്ട്. ഉപജീവനത്തിനായി എന്നു അവകാശപ്പെട്ടുകൊണ്ട് നടത്തുന്നതു മുതൽ അത്തരക്കാരെ ഉപയോഗപ്പെടുത്തി കൊണ്ട് മൊത്തവിൽപ്പനക്കു ചുക്കാൻ പിടിക്കുന്ന വമ്പൻ സ്രാവുകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് അടക്കം പറച്ചിലുകളെ ആധാരമാക്കി ഊഹിക്കാം.

**6. ഇതര രംഗങ്ങൾ:**

സംസ്കാരത്തിന് നിറം ചാർത്തുന്ന ലൈംഗീക അരാജകത്വത്തിന്റേതായ നീല സംസ്കാരം ഭീഷണമായ രീതിയിൽ പഞ്ചായത്തിൽ കടന്നു വന്നിട്ടില്ലെങ്കിലും ഇവിടുത്തെ സിനിമാ ടാക്കീസിൽ നിന്നും ബ്ലൂഫിലിം പിടിച്ച സംഭവങ്ങളെ കൂട്ടിവായിക്കുമ്പോൾ ഈ വിപത്തു ചെറിയ തോതിലെങ്കിലും ഇവിടെ പ്രചരിക്കുന്നുണ്ട് എന്നു മനസ്സിലാക്കാം. ഡിഷ് ആന്റിനകളും വീഡിയോ കാസറ്റുകളും പടർന്നു കൊണ്ടിരിക്കുന്ന ഈ മേഖലയിൽ നീല സംസ്കാരം വേരുപിടിക്കുന്നതു തടയാൻ ജാഗ്രത ആവശ്യമാണ്.

രോഗം പോലും ആഡംബര വിളമ്പരം ചെയ്യാനുള്ള ഉപാധിയായി മാറിക്കൊണ്ടിരിക്കുമ്പോൾ ഏറ്റവും കൂടുതൽ ഫീസുവാങ്ങുന്ന ആൾ നല്ല ഡോക്ടറായും ഏറ്റവം കൂടുതൽ ഫീസു ചുമത്തപ്പെടുന്ന സ്ഥലം നല്ല ആശുപത്രിയായും ഗണിക്കപ്പെടുക സാധാരണം. നഗരത്തോടു തൊട്ടുരുമ്മി നിൽക്കുന്ന ഈ പഞ്ചായത്തിലും ഈ ബോധം വന്നിട്ടില്ല എന്നു തറപ്പിച്ചു പറയാൻ പറ്റില്ല.

**എന്തുചെയ്യണം ?**

സംസ്കാരമെന്നത് ഔദ്യോഗിക ഗ്രാന്റുകളിലൂടെ മാത്രം നിലനിൽക്കുന്ന ഒരു നേരമ്പോക്ക് അല്ല എന്നും, അത് ജനതയുടെ ബോധവും ജീവിത രീതിയുമാണെന്ന്, കുറഞ്ഞത്, സാമൂഹ്യസാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്നവരെങ്കിലും മനസ്സിലാക്കുക എന്നതാണ് പ്രധാന കാര്യം. സാമൂഹ്യവികാസം എന്നുള്ളത് താനേ ഉണ്ടാകുന്നതല്ല എന്നും അത് ഉണ്ടാക്കുന്നതാണെന്ന ഈ തിരിച്ചറിയലിൽ നിന്നേ ഒരു സമൂഹത്തിന്റെ സർഗ്ഗശക്തിയെ വികസനകാര്യങ്ങളിൽ പങ്കാളികളാക്കുവാൻ പറ്റൂ. എന്നുവെച്ചാൽ സാംസ്കാരിക രംഗത്തേ അവഗണിച്ചുകൊണ്ടുള്ള ഏതൊരു വികസന സംരംഭവും ഭസ്മാസുരന്റെ വരം പോലെ തിരിച്ചടിക്കപ്പെടും എന്നതും.

**വരുംവർഷങ്ങളിൽ പഞ്ചായത്തിൽ ഈ രംഗത്തു നടത്തേണ്ടതെന്നു തോന്നുന്ന ചില പരിപാടികൾ താഴെ കൊടുക്കുന്നു.**

1. പഞ്ചായത്തിന്റെ സാംസ്കാരിക അജണ്ട സാംസ്കാരിക ജീർണ്ണതകൾക്കെതിരെയുള്ള സമരമാണെന്ന് പ്രഖ്യാപിക്കുക.

2. അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം ലക്ഷ്യമാക്കി സന്നദ്ധപ്രവർത്തകരുടെ ഒരു സമിതി രൂപീകരിക്കുക.

3. ഈ സമിതി, വിവിധ ആഡംബര ശൈലി കാരണം പഞ്ചായത്തിൽ പാപ്പരായ കുടുംബങ്ങളുടെ ഒരു സ്ഥിതി വിവരക്കണക്ക് ശേഖരിക്കുകയും വ്യക്തികളുടെ പേരു വിവരം ഒഴിവാക്കി അതു വ്യാപകമായി പ്രചരിപ്പിക്കുകയും വേണം.

4) വീടു നിർമ്മാണത്തിന്റെ കാര്യത്തിലും ഇതു തന്നെ ചെയ്യാവുന്നതാണ്.

5) അല്പം സുഹൃദ് പങ്കാളിത്തത്തോടെ തന്നെ വിവാഹ ആഘോഷങ്ങൾ വേണം എന്നു തോന്നുന്നവർക്കു പോലും സ്വീകാര്യമായ ഒരു വിവാഹമാതൃക കണ്ടെത്തുകയും മുന്നോട്ടു വെക്കുകയും വേണം.

6) അനാവശ്യമായ ചെലവിനുള്ള ഭ്രമം കുറയുന്നതിന് ആനുപാതികമായി ബ്ലേഡു സംസാകരവും കുറഞ്ഞു കൊള്ളും.

7) വ്യാജവാറ്റ് ഉപജീവനത്തിനാണ് എന്ന് അവകാശപ്പെടുന്നവർക്ക് മറ്റൊരു ഉപജീവനമാർഗ്ഗം കണ്ടെത്താൻ സഹായിക്കാൻ കഴിയുമോ എന്ന് നോക്കുക. അങ്ങനെ കഴിഞ്ഞാൽ അത്തരമാളുകളെ ജനകീയമായ മോണിട്ടറിങ്ങിന് വിധേയരാക്കുക.

8) വ്യാജവാറ്റു സ്പോൺസർ ചെയ്യുന്ന വമ്പൻ സ്രാവുകളെ മൊത്തത്തിലുള്ള മുന്നേറ്റങ്ങളുടെ ഫലമായി തളയ്ക്കാൻ സാധിക്കും. സർക്കാർ സംവിധാനങ്ങൾ ഇതിന് കാര്യമായ സഹായങ്ങൾ നൽകണം.

## കല-സംസ്കാരം-സാംസ്കാരിക സംഘടനകൾ

ഒരു ജനതയുടെ സംസ്കാരം എന്നുള്ളത് ഒരു ദിവസം കൊണ്ടു മുളച്ചു പൊന്തുന്നതല്ല. അതു ഇന്നലകളിൽ രൂപം കൊണ്ടു ഇന്നിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് നാളെയെ നോക്കി കുതിയ്ക്കുന്ന ഒരു പ്രവാഹമാണ്.

എലത്തൂരിന്റെ ഇന്നലകളും നിരവധി കലാ-സാംസ്കാരിക പ്രതിഭകൾക്ക് ജന്മം നൽകിയിട്ടുണ്ടാകാം. എന്നാൽ വിദൂര ഭൂതകാലങ്ങളിലെ അത്തരം വ്യക്തികളെക്കുറിച്ചു നമുക്ക് ഇപ്പോൾ വാമൊഴിയായിപോലും സൂചനകളില്ല. തിറയുത്സവങ്ങൾക്കു വേദിയൊരുക്കുന്ന കാവുകൾ പോയകാല സംസ്കൃതിയുടെ നാഡിമിടിപ്പുകളായി ഇന്നും ഇവിടെ അങ്ങോളമിങ്ങോളമുണ്ട്.

തിറകെട്ടിയാടുന്നതിൽ രണ്ടു തലമുറക്കു മുമ്പു ജീവിച്ചിരുന്ന നാഗത്താൻ വള്ളി നമ്പി ഒരു പ്രധാനിയായിരുന്നു. അദ്ദേഹത്തിന്റെ മകൻ ഗോവിന്ദൻകുട്ടി, വെങ്ങാലി തറവാട്ടിലെ രാമരു എന്നിവർ മുകവൂർ കാമ്പുറത്തുകാവിലെ ഉത്സവങ്ങൾക്ക് അർത്ഥം പകർന്നവരാണ്. രാമരുവിന്റെ മകൻ ഹരിദാസൻ നാദ (നാഗ) സ്വരവിദ്വാനാണ്. കേരളത്തിലങ്ങോളമിങ്ങോളവും പുറത്തും ക്ഷേത്രാങ്കണങ്ങളിലും അല്ലാതെയും അദ്ദേഹം പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്.

കേരളത്തിന്റെ ക്ലാസിക് കലയായ കഥകളിയിൽ ചുട്ടികുത്തുന്നതിൽ പ്രാവണ്യം നേടിയ വ്യക്തിയായിരുന്നു കുമ്മങ്ങാടി അപ്പുക്കുട്ടിനായർ. വടക്കൻ മലബാറിലെ കഥകളി വേഷങ്ങൾക്ക് ജീവൻ പകരുന്നതിൽ അപ്പുക്കുട്ടി നായരുടെ പങ്ക് വലുതായിരുന്നു.

മലബാറിലെന്നല്ല, കേരളത്തിൽ മുഴുവൻ സ്ത്രീകളുടെ ഭാഗം പുരുഷന്മാർ വേഷംകെട്ടിയഭിനയിക്കുന്ന ഒരു കാലത്ത് സ്ത്രീകളെത്തന്നെ അഭിനയിപ്പിച്ചുകൊണ്ടുള്ള നാടകട്രൂപ്പ് ഇവിടെ ഉടലെടുത്തു. പിന്നീട് ഇതിലഭിനയിച്ച - മാധവി- ടീച്ചറുടെ സർട്ടിഫിക്കറ്റ് കാൻസൽ ചെയ്യപ്പെടുകയുണ്ടായി. കല്ലിങ്ങൽ ശേഖരേട്ടൻ ആദ്യകാല നാടകനടന്മാരിൽ പ്രമുഖനായിരുന്നു. ഫ്രെസ്കോ പെയ്ന്റിങ്ങിൽ പ്രതിഭ തെളിയിച്ച സി.ശ്രീധരനും റിയലിസ്റ്റിക് പാരമ്പര്യത്തിലൂന്നി നിന്നുകൊണ്ട് സിമന്റ് കോൺക്രീറ്റ് മാധ്യമമാക്കി ശില്പങ്ങൾ ഒരുക്കുന്ന പുത്തലത്തു രാഘവനും നമുക്കു സമകാലീനരാണ്. നാടകരംഗത്ത് യബക്സ് എരഞ്ഞിക്കൽ പോലുള്ള സംഘടനകളിൽ നിന്നും പ്രതിഭാധനരായ കലാകാരന്മാർ ഉയർന്നു വരുന്നുണ്ട്.

## സാസംകാരിക രംഗം : സംഘടനാപ്രവർത്തനങ്ങളിലൂടെ

സാംസ്കാരിക സംഘടനകളുടെ എണ്ണം കൊണ്ട് സമ്പന്നമാണ് എലത്തൂർ. ഏകദേശം എഴുപതോളം സംഘടനകൾ ഇവിടെയുണ്ട്. സംഘനടകളുടെ ബാഹുല്യം ഉയർന്ന സാംസ്കാരിക പ്രവർത്തനത്തിനു ചൂണ്ടുപലകയാണെങ്കിലും പലപ്പോഴും അത് കൂട്ടായ്മക്ക് പകരം ശിഥിലീകരണത്തിന് ആക്കം കൂട്ടുന്നുവോ എന്നും സംശയിച്ച് പോകും.

എലത്തൂർ ചെട്ടികുളം ഭാഗത്തു പ്രവർത്തിച്ചിരുന്ന ആശാൻ

സ്മാരകവായനശാല സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ രാഷ്ട്രീയ വിദ്യാഭ്യാസം വളർത്തുന്നതിനു നിസ്തുലമായ പങ്കു വഹിച്ച ഒന്നായിരുന്നു. പിന്നീട് നിലവിൽ വന്ന ദേശോദ്ധാരണി വായനശാല എല്ലാ അർത്ഥത്തിലും ആദ്യത്തേതിന്റെ ഒരു തുടർച്ചയായിരുന്നു. രണ്ടും ഇന്നു പ്രവർത്തിക്കുന്നില്ല. ഉദയാലൈബ്രറി എരഞ്ഞിക്കൽ, നവചേതന ലൈബ്രറി പുതിയനിരത്ത്, ജവഹർ ലൈബ്രറി ആന്റ് സുന്ദരകല പുതിയ നിരത്ത്, നേഷണൽ ലൈബ്രറി ചെട്ടികുളം എന്നിവയാണ് നിലവിലുള്ള ഗ്രന്ഥാലയങ്ങൾ. ഗ്രാമത്തിലെ പതിമൂന്നു വാർഡുകളിൽ നാലെണ്ണത്തിൽ മാത്രമേ ഗ്രന്ഥാലയങ്ങൾ ഉള്ളൂ എന്നതുകൊണ്ടു തന്നെ നിലവിലുള്ള ഈ ഗ്രന്ഥാലയങ്ങൾക്കു സർവ്വവിധ പ്രോത്സാഹനങ്ങളും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. കൂടാതെ ഓരോ വാർഡിലും ഒരു ഗ്രന്ഥശാല സ്ഥാപിക്കാൻ ജനകീയ പങ്കാളിത്തത്തോടെ ശ്രമം തുടങ്ങണം.

നാടകരംഗത്തും മറ്റും ജില്ലക്ക് പുറത്തും പ്രസിദ്ധി നേടിയിട്ടുള്ള ഒരു സംഘടനയാണ് 'യബക്സ് എരഞ്ഞിക്കൽ'. വളർന്നു വരുന്ന കലാകാരന്മാരുടെ ഈ കൂട്ടായ്മക്ക് കൂടുതൽ പ്രോത്സാഹനം നൽകേണ്ടതുണ്ട്.

കേരളത്തിൽ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന നാലോ അഞ്ചോ ഫിലിം സൊസൈറ്റികളിൽ ഒന്നായിരുന്നു എഴുപതുകളിൽ പ്രവർത്തിച്ചിരുന്നസംസ്കാര ഫിലിം സൊസൈറ്റി. ഇന്നിപ്പോൾ ഇത് നിർജ്ജീവമാണ്. അരങ്ങിന്റെ അണിയലുകളും ആർഭാടങ്ങളും ഒഴിവാക്കിക്കൊണ്ട് നാടകങ്ങളിൽ തനതുരീതി അവലംബിച്ച സംസ്കാര കലാസാംസ്കാരിക രംഗം എഴുപതുകളിലും എൺപതുകളിലും ഇവിടെ നിറഞ്ഞുനിന്നിരുന്നു

കേരളത്തിലെ ആനുകാലികങ്ങളിൽ എന്തുകൊണ്ടും വേറിട്ടൊരു ശബ്ദമായി ഗണിക്കപ്പെടുന്ന വൈദ്യശാസ്ത്രം മാസിക ഇവിടെനിന്നാണ് പ്രസിദ്ധീകരിക്കുന്നത്. ശ്രീ. പി.എൻ. ദാസാണ് ഇതിന്റെ പത്രാധിപർ.

## കായികരംഗം

കുറച്ചൊന്നു ശ്രദ്ധ കൊടുത്താൽ കായിക രംഗത്തു, ഒരു പക്ഷേ അന്തർദേശീയ തലത്തിൽ തന്നെ ശ്രദ്ധപിടിച്ചുപറ്റാൻ നമ്മുടെ പഞ്ചായത്തിനു കഴിയും. ഫ്രണ്ട്സ് കൾച്ചറൽ സൊസറ്റി കായിക രംഗത്ത് അർപ്പണ ബോധത്തിന്റെ ഒരു പുതിയ അദ്ധ്യായം തന്നെ കുറിച്ചിട്ടുണ്ട്. ഇവിടുത്തെ പരിശീലനം ദേശീയ ബോക്സിങ്ങിൽ സ്വർണ്ണമെഡൽ ജേതാക്കളെ സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ അംഗീകാരം നേടിയ നിരവധി കളിക്കാർ ഇവിടെയുണ്ട്. കഴിഞ്ഞ മൂന്നു തവണത്തെയും സംസാഥന അമേച്ചർ ജൂനിയർ ബോക്സിങ്ങ് ചാമ്പ്യൻഷിപ്പ് പൂളാടിക്കുന്നിൽ വെച്ചാണ് നടന്നത്.

കായികരംഗത്തു തുടക്കത്തിലുള്ള പ്രോത്സാഹനമാണ് പരമപ്രധാനം. ഇക്കാര്യത്തിൽ നാം വേണ്ടത്ര ബോധവാന്മാരല്ല. പഞ്ചായത്തിന്റെ ഔദ്യോഗിക അംഗീകാരം ഇവിടത്തെ ജേതാക്കളെ നാളിതുവരെ തേടിച്ചെന്നില്ല എന്നത് ഒരു പോരായ്മ എന്നതിലപ്പുറം ആലോചനാവിഷയവും ആകേണ്ടതാണ്.

അന്തർദേശീയ അംഗീകാരം ലക്ഷ്യമാക്കി പ്രായോഗിക ജ്ഞാനവും ഇച്ഛാശക്തിയുമുള്ള വ്യക്തികളെ കണ്ടെത്തി പരിശീലനം നൽകി അംഗീകാരം നേടുന്നതിൽ ഫ്രണ്ട്സ് കൾച്ചറൽ സൊസൈറ്റിയുടെ സേവനം നിസ്തുലമാണ്. പഞ്ചായത്തിലെ കായിക അജണ്ടയുടെ പ്രധാന പരിപാടിയായിത്തന്നെ കാണേണ്ടതുണ്ട്.

കേരളത്തിന്റെ അയോധനകലകളായ പയറ്റുകളരികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ശ്രീശാസ്താ കളരി സംഘം ആന്റ് ജിംനേഷ്യവും സി.വി.എൻ കളരി സംഘത്തിന്റെ ശാഖകളും ഇപ്പോൾ പ്രവർത്തന നിരതമാണ്. ശ്രീ ഭാർഗ്ഗവകളരി സംഘവും മുൻപു പ്രവർത്തിച്ചിരുന്നു. കരാത്തേ, കങ്ഫൂ മുതലായവ പഠിപ്പിക്കുന്ന കേന്ദ്രങ്ങളും ഇവിടെയുണ്ട്.

വോളിബോൾ ഫുട്ബോൾ മത്സരങ്ങൾ പഞ്ചായത്തിൽ സജീവമായി നടത്തപ്പെടുന്നുണ്ട്. കിഴക്കൻ മേഖലയിൽ വോളീബോളിനും ഫുട്ബോളിനും പടിഞ്ഞാറൻ മേഖലയിൽ ഫ്ടുബോളിനുമാണ് പ്രാമുഖ്യം. ജില്ലാ തലത്തിലുള്ള വോളീബോൾ കളിക്കാരെ വളർത്തുന്നതിൽ ജോളി എരഞ്ഞിക്കൽ, വോയ്സ് അമ്പലപ്പടി തുടങ്ങിയ സംഘടനകൾ പ്രമുഖ പങ്കുവഹിച്ചിട്ടുണ്ട്.

## എന്തുചെയ്യണം?

1) കായികരംഗത്തിന്റെ വളർച്ചക്ക് ഏറ്റവും ചുരുങ്ങിയത് 200 മീറ്റർ ട്രാക്കെങ്കിലുമുള്ള ഒരു മിനി സ്റ്റേഡിയം അത്യാവശ്യമാണ്. സ്റ്റേറ്റ് ഹൈവേയോട് ചേർന്ന ഒമ്പതാം വാർഡിൽ ഇതിനുസ്ഥലം കണ്ടെത്താൻ ശ്രമിക്കണം.

2) പഞ്ചായത്തിൽ ഒരു കേന്ദ്ര സാംസ്കാരിക സമിതിയും കായിക സമിതിയും രൂപീകരിക്കണം. അതത് മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളെ ഇതിൽ അഫിലിയേറ്റ് ചെയ്യിക്കണം.

3) കേന്ദ്രസമിതികൾ പഞ്ചായത്തിന് ഒരു കലാസാംസ്കാരിക കലണ്ടറും കായിക കലണ്ടറും ഉണ്ടാക്കണം.

4) അഫിലിയേറ്റ്സ് സംഘടനകൾ കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ സ്വീകാര്യമായവ സംഘടിപ്പിക്കണം. ഇതിന്റെ ചെലവിന്റെ ഒരു പങ്ക് പഞ്ചായത്ത് വഹിക്കണം.

5) ജില്ലാനിലവാരത്തിലെങ്കിലും അംഗീകാരം ലഭിക്കുന്ന കലാ-കായിക രംഗത്തെ പ്രതിഭകളായ വിദ്യാർത്ഥികൾക്കെങ്കിലും സ്റ്റൈപ്പന്റ് നൽകുവാൻ ശ്രമിക്കണം.

6) കായികരംഗത്തെ പ്രതിഭകളെ കണ്ടെത്താൻ അവധിക്കാലത്ത് വിവിധ കോച്ചിങ്ങ് കേമ്പുകൾ സംഘടിപ്പിക്കണം.

7) സാക്ഷരതാ തുടർ വിദ്യാഭ്യാസം ഒരു മുഖ്യ പരിപാടിയായി ഏറ്റെടുക്കണം. മത്സ്യമേഖല കേന്ദ്രീകരിച്ച് ജനവിദ്യാകേന്ദ്രങ്ങൾ കൂടുതൽ തുറക്കണം.

8) ഓരോ വാർഡിലും ഒരു ഗ്രന്ഥശാല സ്ഥാപിക്കാൻ ശ്രമിക്കണം. നിലവിലുള്ളവയുടെ പ്രവർത്തനങ്ങൾക്ക് പരമാവധി സഹായങ്ങൾ നൽകണം.

9) 13-ാം വാർഡിലെ ചാലിപ്രദേശം ആഴം കൂട്ടി കളിപൊയ്കയാക്കുവാൻ സാദ്ധ്യമാണോ എന്നു പരിശോധിക്കുക.

10) അന്യംവന്നുപോകുന്ന നാടൻ കലകളെ പരിരക്ഷിക്കാൻ നടപടികൾ കൈകൊള്ളണം.

11) പ്രദേശത്തു വാമൊഴിയിൽ നിലനിൽക്കുന്ന നാടൻപാട്ടുകൾ ശേഖരിച്ചു രേഖപ്പെടുത്തുക.

12) പഞ്ചായത്തിലെ സ്ഥലനാമങ്ങളുടെ ഉത്ഭവ പരിവർത്തനങ്ങൾ കണ്ടെത്താൻ ശ്രമിക്കുക.

13) പ്രാചീന ആരാധനാലയങ്ങളുടെ ചരിത്ര സാംസ്കാരിക പശ്ചാത്തലം കണ്ടെത്തുവാൻ ശ്രമിക്കുക.

## എലത്തൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന സാംസ്കാരിക കേന്ദ്രങ്ങൾ

1. ബ്യൂട്ടി ആർട്സ് & സ്പോർട്സ് – മൊകവൂർ
2. രചനാ മാതൃഭൂമി സ്റ്റഡി സർക്കിൾ
3. യുവതരംഗം, മൊകവൂർ
4. പ്രിയദർശിനി, മൊകവൂർ
5. ഫ്രന്റ്സ് ആർട്ട്സ് & സ്പോർട്ട്സ് മൊകവൂർ
6. ഹാപ്പി, തടങ്ങാട്ടുവയൽ.
7. പൗരസമിതി, തടങ്ങാട്ടുവയൽ
8. കലാലയ, പുത്തൂർ
9. മഹിളാസമാജം, കണ്ടംകുളം, എരഞ്ഞിക്കൽ, പൂളാടിക്കുന്ന്, എലത്തൂർകാട്ടിൽ
10. ന്യൂവോയ്സ്, പുത്തൂർ
11. പുത്തൂർ ആർട്ട്സ് & സ്പോർട്ട്സ്
12. യൂത്ത്കലാസാഗർ, പാവങ്ങാട്,
13. പ്രിയദർശിനി, കണ്ടംകുളം
14. ദർശന കലാസാഗർ, കണ്ടെകുളം
15. ടാഗോർ കലാനിലയം – എരഞ്ഞിക്കൽ
16. ഉദയാ ലൈബ്രറി, എരഞ്ഞിക്കൽ
17. എസ്കസ് – എരഞ്ഞിക്കൽ
18. യബക്സ് – എരഞ്ഞിക്കൽ
19. പ്രിയദർശിനി – എരഞ്ഞിക്കൽ
20. ജോളി – എരഞ്ഞിക്കൽ
21. വോയ്സ് അമ്പലപ്പടി
22. ഫ്രന്റ്സ് കൾച്ചറൽ സൊസൈറ്റി – പൂളാടിക്കുന്ന്
23. യംങ്ങ് ബ്രദേർസ്, പെരുത്തിരുത്തി
24. ശാസ്ത്രസാഹിത്യപരിഷത്ത്
25. ക്രേസി വോയ്സ്, പുതിയനിരത്ത്.
26. സുകുമാര കലാനിലയം പുതിയനിരത്ത്
27. നവചേതന ലൈബ്രറി പുതിയനിരത്ത്
28. ജവഹർ ലൈബ്രറി & സുന്ദരകലാ
29. കേരളീയ കലാ സാംസ്കാരിക പഠന കേന്ദ്രം
30. ബാബുരാജ് മഹേന്ദ്ര, വെങ്ങാലി
31. ഏതൻസ്, ചെട്ടികുളം
32. സീബ്രി, ചെട്ടികുളം
33. വാസ്ക, ചെട്ടികുളം
34. സാഗര, ചെട്ടികുളം
35. നാഷണൽ ലൈബ്രറി, ചെട്ടികുളം
36. AKG സ്റ്റഡിസെന്റർ, ചെട്ടികുളം
37. ക്ലിന്റ് കലാകായിക സംസ്കാരകേന്ദ്രം
38. ഇന്ദു കലാവേദി
39. ഫ്രന്റ്ലി
40. ബ്രദേർസ്, എലത്തൂർ
41. ജേസീസ് ജൂനിയർ, എലത്തൂർ
42. തൃഷ്ണ കലാ സംസ്കാര കേന്ദ്രം
43. ചലന
44. ഫൈറ്റേർസ്
45. പ്രിയദർശിനി
46. മൈത്രി
47. ദർശന
48. ജൻസ്
49. സിംഫണി
50. ജോളി
51. സംസ്കാര
52. അൽമേക്
53. യുവതരംഗ്, എലത്തൂർ
54. ഇന്നർവിൽ, പാവങ്ങാട്
55. അഗ്രിമ കലാകായിക സംസ്കാര സംഘം
56. ഹീറോസ്, വലിയതുരുത്തി
57. കെ.വൈ.ബി. പൂളാടിക്കുന്ന്
58. യവനിക, എലത്തൂർ
59. സംഹിത, പൂളാടിക്കുന്ന്
60. ശ്രീരഞ്ജിനി, മൊകവൂർ
61. പുരോഗമന കലാസാഹിത്യസംഘം

# വനിത



സ്ത്രീമോചനത്തിനും തുല്യതയ്ക്കുമുള്ള സംഘടിത പോരാട്ടങ്ങൾ ദേശീയ – സാർവ്വദേശീയ അടിസ്ഥാനത്തിൽ ശക്തിപ്പെട്ടുവരുന്നതും ഭൂപരിഷ്ക്കരണം, സാക്ഷരത, സാമൂഹ്യക്ഷേമം എന്നീ മേഖലകളിൽ പുരോഗമന പ്രസ്ഥാനങ്ങൾ മുന്നേറുന്നതും കാരണം, പരമ്പരാഗത ഉച്ചനീചത്വങ്ങൾ വളരെ കുറഞ്ഞുവെങ്കിലും സ്ത്രീകൾക്കുള്ള തനതായ പ്രശ്നങ്ങൾ സജീവമായി നിലനിൽക്കുന്നു. ഇതുമൂലം വികസന പ്രക്രിയയിൽ വനിതകളുടെ പങ്ക് കുറഞ്ഞുവരികയാണ്. രാജ്യത്തിനാകെ ശാപമായിക്കൊണ്ടിരിക്കുന്ന സ്ത്രീപീഡനം, വിവാഹമോചനം, സ്ത്രീകൾക്കു നേരെയുള്ള അതിക്രമം എന്നിവ താരതമ്യേന എലത്തൂർ പഞ്ചായത്തിൽ കുറവാണ്.

1991ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് പഞ്ചായത്തിൽ 18,730 വനിതകളാണ് ഉള്ളത്. ഇതിൽ ആറ് വയസ്സിന് താഴെയുള്ള 1682 പെൺകുട്ടികളുമുണ്ട്. 14813 പേർ സാക്ഷരരാണ്. പട്ടിക ജാതിക്കാരായ 1027 സ്ത്രീകൾ ഗ്രാമപഞ്ചായത്തിലുണ്ട്. ആരോഗ്യ – വിദ്യാഭ്യാസ രംഗങ്ങളിൽ തുല്യത കാണാമെങ്കിലും കേവലം 20%ത്തോളം വനിതകളെ ഔപചാരിക തൊഴിലെടുക്കുന്നവരായുള്ളൂ. ഇതിൽ തന്നെ 12% പരമ്പരാഗത കയർ, മത്സ്യം, കർഷക തൊഴിലാളി, നെയ്ത്ത്, തയ്യൽ തുടങ്ങിയ മേഖലകളിലും ശേഷിക്കുന്ന വിഭാഗം സർക്കാർ അർദ്ധസർക്കാർ, വിദ്യാഭ്യാസം, ഖാദി, ഫാക്ടറി എന്നിവയിലും സേവനം ചെയ്യുന്നു.

കയർ (തൊണ്ട് തല്ല് – ചകിരിപിരി) മത്സ്യ സംസ്ക്കരണം – വില്പന, കർഷക തൊഴിലാളി എന്നീരംഗങ്ങളിൽ മുമ്പ് വലിയവിഭാഗം വനിതകൾ ജോലി ചെയ്തിരുന്നു. യന്ത്രവൽക്കരണവും, നെൽപ്പാടങ്ങൾ നികത്തി കെട്ടിടം പണിയൽ, പരമ്പരാഗത തൊഴിൽ രംഗത്തെ അശാസ്ത്രീയതയും, സംരക്ഷണമില്ലായ്മയും, ലിംഗവിവേചനം കൂലിയിൽ സൃഷ്ടിച്ച അന്തരം, അദ്ധ്വാന ഭാരത്തിനനുസരിച്ച് കൂലിലഭിയ്ക്കായ്മ എന്നിവ സ്ത്രീകളെ തൊഴിൽ മേഖലയിൽ നിന്ന കറ്റി നിർത്തുന്നതിന്നുള്ള കാരണങ്ങളാണ്.

പൊതുരംഗങ്ങളിൽ വനിതകളുടെ പങ്കാളിത്തം നാമമാത്രമാണ്. ബഹുജന സംഘടനകളുടെ നേതൃത്വത്തിലേക്കു കടന്നു വരുന്ന വനിതകളുടെ എണ്ണം തുലോം കുറവാണ്.

പഞ്ചായത്ത് രാജ് സംവിധാനം ഭരണ തലത്തിൽ വനിതകൾക്ക് 33% സംവരണം നടപ്പിലാക്കിയതിന്റെ ഭാഗമായി. അഞ്ച് സ്ത്രീകൾ ഗ്രാമപഞ്ചായത്തിലും ഓരോ സ്ത്രീകൾ വീതം ബ്ലോക്ക്, ജില്ലാപഞ്ചായത്തിലേക്കും, തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ഭരണ–സാമൂഹ്യ പ്രശ്നങ്ങൾ പഠിയ്ക്കാനും പരിശീലനം നേടാനും പരിഹാരങ്ങൾക്കായി നിരന്തരമായി ഇടപെടാനും തെരഞ്ഞെടുക്കപ്പെട്ട വനിതകൾ ആത്മാർത്ഥമായി മുന്നോട്ട് വരികയും വേണം.

ആഗോളവൽക്കരണത്തിന്റെ ഭാഗമായി സ്ത്രീ കൂടുതൽ കൂടുതൽ കച്ചവടച്ചരക്കായി മാറുന്നതിന്റെ ഭാഗമായി നമ്മുടെ പ്രചരണ, ദൃശ്യമാദ്ധ്യമങ്ങൾ പ്രചരിപ്പിക്കുന്ന സ്ത്രീ വിരുദ്ധ ആശയങ്ങൾക്കെതിരെ നാം ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു. സ്ത്രീപീഡനം കുറവായ നമ്മുടേതുപോലുള്ള പ്രദേ

**കൈവശം വെക്കാവുന്നതും, അണിയാവുന്നതുമായ സ്വർണ്ണത്തിന് പരിധികൊണ്ടുവരുന്നതും നന്നായിരിക്കും. വിവാഹത്തിന്റെ പേരിലുള്ള ധൂർത്ത് നിയമം മൂലം നിരോധിക്കണം. ആർഭാടരഹിതമായ ലളിത വിവാഹവും, സമൂഹവിവാഹവും പ്രോത്സാഹിപ്പിക്കണം.**

ശങ്ങളിൽ താർതമ്യേന നില്ക്കുന്ന സ്വസ്ഥ്യംകൂടി ഇതുവഴി തകർക്കപ്പെടാൻ ഇടയാകുമെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

എലത്തൂർ പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത മഹിളാ സമാജങ്ങൾ

1. ചൈതന്യമഹിളാ സമാജം എലത്തൂർ, പി.ഒ.എരഞ്ഞിക്കൽ.

2. ഐശ്വര്യ മഹിളാ സമാജം എലത്തൂർ, പി.ഒ.എരഞ്ഞിക്കൽ.

3. എലത്തൂർ മഹിളാ സമാജം പി.ഒ.എലത്തൂർ

4. കാരന്ദൂർ മഹിളാ സമാജം പി.ഒ.എരഞ്ഞിക്കൽ

5. പുത്തൂർ മഹിളാ സമാജം പി.ഒ. പുതിയങ്ങാടി

6. 8-ാം വാർഡ് മഹിളാ സമാജം പി.ഒ.പുതിയങ്ങാടി

7. D 2501 എലത്തൂർ മഹിളാ സൊസൈറ്റി.




**വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ**

1. തൊഴിൽ മേഖലയിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നു.
2. സാമൂഹ്യ സേവനരംഗത്തേക്ക് സ്ത്രീകൾ കടന്ന് വരുന്നില്ല.
3. സംവരണം ഇല്ലാത്ത മേഖലകളിൽ സ്ത്രീകൾക്ക് അവസരം ലഭിക്കുന്നില്ല.
4. കലാ - കായിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് സഹായകരമായ കാഴ്ചപ്പാട് സമൂഹത്തിനില്ല.
5. പല കാരണങ്ങളാൽ വിധവ - അഗതി പെൻഷനുകൾ, മറ്റു ആനുകൂല്യങ്ങൾ വേണ്ടവിധത്തിൽ ലഭിക്കുന്നില്ല.

**സാദ്ധ്യതകൾ**

പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

ജനസംഖ്യാനുപാതികമായി ഏത് രംഗത്തും സ്ത്രീകൾക്ക് ആനുപാതിക പ്രാതിനിത്യം എല്ലാരാഷ്ട്രീയ - സാംസ്കാരിക സംഘടനകളും നടപ്പിലാക്കുക.

പരമ്പരാഗത തൊഴിൽ രംഗത്തടക്കം ആധുനിക വിദ്യ പ്രയോഗിച്ചും വ്യാവസായിക സംരഭകത്വം വികസിപ്പിച്ചും സ്ത്രീകളെ തൊഴിൽ സമ്പാദകരും തൊഴിൽദായകരുമായി മാറ്റുക.

കയർ, ആധുനിക തയ്യൽ, എംബ്രോയ്ഡറി, നെയ്ത്ത്, വല നിർമ്മാണം, അടുക്കളത്തോട്ടം (പച്ചക്കറി) ടിഷ്യു കൾച്ചർ, ജൈവ വള നിർമ്മാണം, കോഴി, മാട്, ആട് വളർത്തൽ ഭക്ഷ്യസംസ്ക്കരണം എന്നിവയിൽ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നല്കി ജീവിത നിലവാരം മെച്ചപ്പെടുത്താനാവശ്യമായ സംരംഭങ്ങൾ ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കണം.

ആർഭാടജീവിതം സൃഷ്ടിക്കുന്ന കടക്കെണിയാണ് കൂട്ട കുടുംബ ആത്മഹൂതിക്കിടയാക്കുന്നത്. ഇക്കാര്യത്തിൽ വനിതകൾക്കുള്ള പങ്ക് ചെറുതല്ല. വരുമാനത്തിനനുസരണമായി ദൈനംദിന ചെലവുകൾ ഒതുക്കി നിറുത്തുന്നതിൽ ബോധവല്ക്കരണം നൽകുന്നത് ഇത്തരം സാമൂഹിക ശാപങ്ങൾ നമ്മുടെ പഞ്ചായത്തിലേക്ക് കടന്നു വരാതിരിക്കാൻ ഉപകരിക്കും.

സ്ത്രീകൾക്ക് സ്വർണ്ണാഭരണങ്ങളോടുള്ള ഭ്രമം ചൂഷണം ചെയ്തു വിവാഹക്കമ്പോളത്തിൽ സ്ത്രീധനത്തിന്റെ അപരരൂപമായി സ്വർണ്ണം കടന്നുകയറ്റം തുടങ്ങിയിരിക്കുന്നു. ഇത് ഉയർത്തുന്ന ഭീഷണി ദരിദ്രവിഭാഗത്തിന് നിരാശത സമ്മാനിക്കും. സമൂഹത്തിൽ സ്ത്രീപീഡനവും, പെൺകുഞ്ഞുങ്ങളെ ഭ്രൂണത്തിൽതന്നെ കൊന്നൊടുക്കാനുമുള്ള വാസനയും, രൂക്ഷമാക്കും. വരാനിരിക്കുന്ന വിപത്തിനെ ചെറുക്കാൻ നാം ഇപ്പോഴെ ജാഗരൂകരാകണം.

കൈവശം വെക്കാവുന്നതും, അണിയാവുന്നതുമായ സ്വർണ്ണത്തിന് പരിധികൊണ്ടുവരുന്നതും നന്നായിരിക്കും.

വിവാഹത്തിന്റെ പേരിലുള്ള ധൂർത്ത് നിയമം മൂലം നിരോധിക്കണം. ആർഭാടരഹിതമായ ലളിത വിവാഹവും, സമൂഹ വിവാഹവും പ്രോത്സാഹിപ്പിക്കണം.



# സഹകരണ മേഖല

ഇന്ത്യയിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, കൃത്യമായി പറഞ്ഞാൽ 1904ൽ പരിമിതമായ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ആരംഭിച്ച സഹകരണ പ്രസ്ഥാനം കഴിഞ്ഞ ഒമ്പത് ദശാബ്ദക്കാലത്തെ പ്രവർത്തനംകൊണ്ട് ജനജീവിതത്തെ സ്പർശിക്കുന്ന എല്ലാ സാമ്പത്തിക മണ്ഡലങ്ങളിലും ഗണ്യമായ സ്വാധീനമുള്ള ഒരു മേഖലയായി വളർന്നുകഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ ദൈനംദിന ജീവിതത്തെ സ്പർശിക്കുന്ന എല്ലാ സാമ്പത്തിക മേഖലകളിലും സഹകരണ തത്വങ്ങൾക്ക് വിധേയമായി പ്രവർത്തനം നടത്തുന്ന സ്വയംഭരണ സ്ഥാപനങ്ങളാണ് സഹകരണസംഘങ്ങൾ.

പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായി സ്വകാര്യമേഖലയുമായി തുറന്ന വിപണിയിൽ മത്സരിച്ച് ജീവനക്ഷമമായി പ്രവർത്തിക്കേണ്ട ഒരു സാഹചര്യമാണ് അതിവേഗത്തിൽ രൂപപ്പെട്ടുവരുന്നത്.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുടെ സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ സംസ്ഥാന സഹകരണ മേഖലയുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണെന്ന് കാണാം. സഹകരണ വായ്പാ മേഖല ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്നത് ഇവിടെയാണ്. പ്രാഥമിക വായ്പാ സംഘങ്ങളുടെ ശരാശരി അംഗസംഖ്യ, ഓഹരി മൂലധനം, റിസർവുകൾ, കൊടുക്കുന്ന വായ്പകൾ, സമാഹരിച്ച നിക്ഷേപം എന്നിവയിലെല്ലാംതന്നെ സംസ്ഥാനമാണ് തുടർച്ചയായി ഒന്നാം സ്ഥാനത്ത് നില്ക്കുന്നത്. എന്നാൽ കൺസ്യൂമർ, മാർക്കറ്റിംഗ്, ഹരിജനക്ഷേമം, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിൽ നമുക്ക് പ്രതീക്ഷയ്ക്കൊത്ത് വളരുവാൻ കഴിഞ്ഞിട്ടില്ല.

## കേരളം ഒരു എത്തിനോട്ടം:-

കേരളത്തിൽ സംസ്ഥാന സഹകരണ യൂണിയനും പതിനഞ്ച് സംസ്ഥാനതല സഹകരണ ഫെഡറേഷനുകളും ജില്ലാ/മേഖലാ തലത്തിൽ വായ്പ, കൺസ്യൂമർ, ക്ഷീരം മത്സ്യബന്ധനം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന 35 കേന്ദ്രസ്ഥാപനങ്ങളും 20000ത്തോളം വരുന്ന പ്രാഥമിക സഹകരണ സംഘങ്ങളും അടങ്ങുന്ന സഹകരണ മേഖലകളാണുള്ളത്. രണ്ടുകോടിയിലധികം ജനങ്ങൾ വിവധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ അംഗത്വമെടുത്തിട്ടുണ്ട്. മെച്ചപ്പെട്ട പ്രവർത്തനത്തിൽക്കൂടി ജനങ്ങളുടെ വിശ്വാസം നേടിയെടുക്കുന്നതിന് വായ്പാ മേഖലയ്ക്ക് കഴിഞ്ഞുവെന്നുള്ളതാണ് അഖിലേന്ത്യാ തലത്തിൽ മുൻനിരയിലെത്തുന്നതിന് സഹായിച്ചിട്ടുള്ളത്.

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് നേതൃത്വം നല്കുന്ന സംസ്ഥാന സഹകരണയൂണിയന്റെ കീഴിൽ 60ലധികം സർക്കിൾ സഹകരണ യൂണിയനുകൾ പ്രവർത്തിക്കുന്നു. സഹകരണം ഒരു അനുദ്യോഗസ്ഥ പ്രസ്ഥാനം എന്ന നിലയിൽ ഈ മേഖലയുടെ ചുമതലകൾ വളരെ പ്രധാനപ്പെട്ടവയാണ്. പ്രസ്ഥാനത്തിന്റെ മൂല്യങ്ങൾ കാത്തുസൂക്ഷിച്ചുകൊണ്ട് എല്ലാ മേഖലകളിലും വികസനം ഉറപ്പിക്കുകയും ദൈനംദിന പ്രവർത്തനത്തിൽ മറ്റ് മേഖലകളുമായി മത്സരിച്ച് മുന്നേറുന്നതിനുള്ള ശക്തി ആർജ്ജിക്കത്തക്കവണ്ണം വികസനപദ്ധതികൾ ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കുന്നതിന് നേതൃത്വം നല്കേണ്ടതും ഈ മേഖലയാണ്.

## പഞ്ചായത്തിലെ സഹകരണ രംഗം:-

പഞ്ചായത്തിൽ എണ്ണത്തിൽ സാമാന്യം തരക്കേടില്ലാത്തത്ര സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും വണ്ണത്തിലും പ്രവർത്തനത്തിലും ഏറെ തൃപ്തികരമല്ലെന്ന് കാണാം. പഞ്ചായത്തിൽ രജിസ്റ്റ്ര് ചെയ്ത് പ്രവർത്തനമാരംഭിച്ച സംഘങ്ങളുടെ വിവരണം പട്ടിക I ൽ കൊടുത്തിരിക്കുന്നു.

"സഹകരണം മാധുര്യമുള്ളതാണ്,
സഹകാരികളിൽ ദുർബലനോ
ബലവാനോ ആയി ആരുതന്നെ
ഇല്ല ഓരോരുത്തരും മറ്റുള്ള-
വർക്ക് സമൻമാരാണ്".

## കാർഷികമേഖല:-

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കൃഷിക്കുള്ള പ്രാധാന്യം ഒരിക്കലും കുറയുകയില്ല. കൂടുതൽ തൊഴിൽ സൗകര്യങ്ങൾ സൃഷ്ടിക്കുവാൻ ഈ രംഗത്തിനുള്ള കെല്പ് നിത്യഹരിതമാണ്. ഭക്ഷ്യ ധാന്യങ്ങളുടെയും നാണ്യവിളവുകളുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്ന്, കർഷകന്ന് ആവശ്യമായ കാർഷികവായ്പ, വളം, കീടനാശിനി, തുടങ്ങിയ എല്ലാം ആവശ്യത്തിനൊത്ത് വിതരണം ചെയ്യുന്നതിന് നമ്മുടെ സഹകരണ പ്രസ്ഥാനം ഇന്ന് സജ്ജമാണ്. സഹകരണ വായ്പാ വിതരണ സംവിധാനത്തിൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബേങ്കുകൾ, സംസ്ഥാന സഹകരണ ബേങ്ക്, എന്നീ സ്ഥാപനങ്ങൾ ഉൾപ്പെട്ട ഹ്രസ്വകാല വായ്പാ മേഖലയും, പ്രാഥമിക കാർഷിക ഭൂവികസന ബേങ്കുകൾ, സംസ്ഥാന കാർഷിക ഭൂവികസന ബേങ്ക് എന്നിവയുൾപ്പെട്ട ദീർഘകാല വായ്പാ മേഘലയുമാണുള്ളത്.

കാർഷിക വായ്പാ രംഗത്തുള്ള ശക്തമായ സ്ഥാപനമെന്ന നിലയിൽ 1964-ൽ സ്ഥാപിച്ച് പ്രവർത്തനം നടത്തുന്ന "കാരന്നൂർ സർവ്വീസ് സഹകരണ ബേങ്ക്" പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന് അഭിമാനാർഹമായ ഒരു സ്ഥാപനമാണ്. സഹകരണ ആഡിറ്റിൽ "എ-ക്ലാസ്സ്" വിഭാഗത്തിൽ പെടുന്ന പ്രസ്തുത ബേങ്ക്, കേരളത്തിലെ തന്നെ ചുരുക്കം ഒന്നാംകിട സർവ്വീസ് ബേങ്കുകളിൽ പെടുന്നു. ഏകദേശം 17000 ലധികം അംഗങ്ങളും 47 ലക്ഷത്തോളം രൂപ പിരിഞ്ഞുകിട്ടിയ മൂലധനവുമുള്ള ബേങ്കിന്റെ നിക്ഷേപസംഖ്യ 728 ലക്ഷത്തിൽ കവിഞ്ഞിരിക്കുന്നു. എങ്കിലും ഒന്നിലധികം പഞ്ചായത്തുകളിൽ പ്രവർത്തനപരിധിയുള്ള ഈ സ്ഥാപനത്തിന്റെ വായാപാ വിതരണശേഷി പഞ്ചായത്തിലെ ആവശ്യക്കാരായ വ്യക്തികൾക്ക് മുഴുവനായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. മറ്റു സേവനതുറകളായി കൊപ്രസംഭരണം, വളം-കീടനാശിനി വിതരണം, ഓണച്ചന്തകൾ തുടങ്ങിയ രംഗത്തും ബേങ്ക് സേവനമർപ്പിക്കുന്നുണ്ട്. ഏലത്തൂർ പഞ്ചായത്തിലെ പ്രധാന കൃഷിയായ നാളികേരകൃഷിക്കാവശ്യമായ ഹ്രസ്വകാല വായ്പാ വിതരണത്തിൽ ബേങ്ക് സ്തുത്യർഹ്യമായ പങ്ക് വഹിക്കുന്നു.

ദീർഘകാല വായ്പാ വിതരണത്തിൽ കോഴിക്കോട് കാർഷിക ഭൂവികസന ബേങ്കിന്റെ സേവനം പഞ്ചായത്തിൽ ലഭ്യമാണ്. ഭക്ഷണം കഴിഞ്ഞാൽ ഏറ്റവും മുഖ്യമായ പാർപ്പിടപ്രശ്നം പഞ്ചായത്തിൽ രൂക്ഷമാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന തലക്കുളത്തൂർ ഗ്രാമീണ ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമല്ല. പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം കുറെകൂടെ മെച്ചപ്പെടുത്തുകയും സാമ്പത്തികസഹായം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. നിശ്ചിത വരുമാനമുള്ള ജീവനക്കാരുടെ സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിലില്ല.

കാർഷികേതര സഹകരണസംഘങ്ങളായ വിപണനസംഘം, ഉപഭോത്കൃ സംഘം എന്നിവ ഇവിടെ പ്രവർത്തിക്കുന്നില്ല.

## വിപണന സഹകരണ സംഘങ്ങൾ:-

ഉത്പാദനം, സംഭരണം, സംസ്കരണം വിപണനം, വിതരണം, എന്നീ അഞ്ച് പ്രധാന ഘടകങ്ങളെ ആശ്രയിച്ചാണ് നമ്മുടെ കാർഷിക മേഖലയുടെ വളർച്ചയും തളർച്ചയും. കർഷകന്റെ ഉത്പന്നത്തിനും ന്യായയമായ വില ഉറപ്പുവരുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കർഷകർ ഗ്രാമതലം തൊട്ടു അന്താരാഷ്ട്രവിപണികൾ വരെ മധ്യവർത്തികളുടെ നീരാളിപ്പിടുത്തത്തിലാണ്. പഞ്ചായത്തിലെ പ്രധാന വിളവായ നാളികേരവും അതിന്റെ ഉപോല്പന്നങ്ങളും സഹകരണ മേഖലയിലൂടെ വിറ്റഴിക്കുവാൻ വിപണന സംഘങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിന്ന് ഉപഭോത്കൃത് സംഘങ്ങളും നമുക്കാവശ്യമാണ്.

## ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ:-

കാർഷിക മേഖല പൊതുവെ അനിശ്ചിതത്തിന്റെ നിഴലാട്ടത്തിലാണെന്ന് കാണാം. വർദ്ധിച്ചുവരുന്ന ഉല്പാദനചെലവും, ഉല്പന്നത്തിന്റെ വിലക്കുറവും, വിപണി മാന്ദ്യവും നമ്മുടെ കാർഷിക വിളവുകളുടെ ഉല്പാദനക്ഷമതയെത്തന്നെ തകർത്തിരിക്കുകയാണ്. എന്നാൽ അല്പം ആശ്വാസം കാണുന്നത് ക്ഷീര മേഖലയിലാണ്. പട്ടണങ്ങളുടെ പിറവിയാണ് പാൽവ്യവസായത്തിന് വഴിയൊരുക്കിയത്. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ "ഓപ്പറേഷൻ ഫ്ളഡ്" നടപ്പിലാക്കിയതോടെ ക്ഷീരഭൂപടത്തിൽ കേരളത്തിന് സ്ഥാനം ലഭിച്ചു. ക്ഷീരോല്പാദകർക്ക് മാത്രം വോട്ടവകാശമുള്ള "ആനന്ദ് മാതൃകാ" ഗ്രാമീണ ക്ഷീരോല്പാദക സംഘങ്ങൾ കേരളത്തിൽ നിലവിൽവന്നു.

ക്ഷീരോല്പാദനരംഗത്ത് പഞ്ചായത്തിന്റെ പങ്ക് വളരെ ചെറുതാണ്. 13 വാർഡുകളുള്ള എലത്തൂർ പഞ്ചായത്തിൽ സഹകരണമേഖലയുടെ പങ്ക് ഏകദേശം 500 ലിറ്റർ പാലിന്റെ പ്രതിദിന ഉത്പാദനത്തിൽ ഒതുങ്ങിനില്ക്കുന്നു. അതിൽ എലത്തൂർ ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ ഉത്പാദനം 350 ലിറ്ററോളമാണ്. ഏറ്റവും ചുരുങ്ങിയത് രണ്ടോ മൂന്നോ, വാർഡുകൾ പ്രവർത്തന പരിധിയായി 4 ക്ഷീരോല്പാദന സഹകരണ സംഘങ്ങളെങ്കിലും രൂപീകരിച്ചു പ്രവർത്തിച്ചാൽ മാത്രമേ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെ ആവശ്യവും, തൊട്ടടുത്ത കോഴിക്കോട് നഗരത്തിലെ ഡിമാന്റും നേരിടാനാവൂ. പ്രസ്തുത സംഘങ്ങളുടെ അനുബന്ധമായി പശുങ്ങളെ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം, കൃത്രിമ ബീജസംങ്കലനം, മൃഗാശുപത്രി എന്നിവയ്ക്കുള്ള സംവിധാനവും വിപുലീകരിക്കേണ്ടിയിരിക്കുന്നു.

## കയർ വ്യവസായസംഘങ്ങൾ:-

നാളികേരം പ്രധാനവിളയായിട്ടുള്ള എലത്തൂർ പഞ്ചായത്തിൽ ധാരാളം നാളികേരവും പച്ചത്തൊണ്ടും ലഭ്യമാണെങ്കിലും 5 കയർ വ്യവസായ സഹകരണ സംഘങ്ങൾ മിക്കവാറും പ്രവർത്തനരഹിതമായി, ലികിഡേഷന്റെ വക്കിലെത്തി നിൽക്കുന്നു. നാളികേരത്തിന്റെ വിലക്കുറവ് മാത്രമല്ല, അത് വിറ്റഴിക്കുവാനും പ്രയാസം നേരിടുന്നു. മദ്ധ്യവർത്തികൾ ഈ രംഗം പാടെ കയ്യടക്കിയിരിക്കുന്നു. അഴുകിയ തൊണ്ട് അടിച്ചു ചകിരിയാക്കുവാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന സത്രീ തൊഴിലാളികൾ വിമുഖരാണ്. കൂലി കുറവ്, ജോലിയുടെ അനാരോഗ്യകരമായ സാഹചര്യം എന്നിവതന്നെ പ്രധാന കാരണങ്ങൾ. പച്ചത്തേങ്ങയിൽനിന്ന് മണിക്കൂറുകൾകൊണ്ട് കൊപ്രയുണ്ടാക്കുവാനും, പച്ചത്തൊണ്ടിൽനിന്ന് ചകിരിനാരുണ്ടാക്കുവാനും പറ്റിയ യന്ത്രസംവിധാനങ്ങളുള്ള "നാളികേര പ്രോസസിങ്ങ്" യൂനിറ്റും, "ഡീ-ഫൈബറിങ്ങ് യൂനിറ്റും" സ്ഥാപിക്കുവാൻ ഒരു പുതിയ സഹകരണസംഘം രൂപീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. തദ്വാരാ ഇന്ന് പ്രവർത്തനരഹിതമായ 5 കയർ സഹകരണസംഘങ്ങൾക്കും ചൂടി, കയർ, കയറ്റുപായ തുടങ്ങിയവ നിർമ്മിക്കുവാനുള്ള അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കാവുന്നതാണ്.

## മത്സ്യബന്ധന സഹകരണ മേഖല:-

മത്സ്യസമ്പത്തിനാൽ സമ്പന്നമായ നമ്മുടെ സംസ്ഥാനത്ത് അത് പൂർണ്ണമായും ചൂഷണം ചെയ്യുവാൻ ഇന്നും കഴിഞ്ഞിട്ടില്ല. ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിച്ച് തീരക്കടൽ മത്സ്യബന്ധനരീതിയിൽനിന്നും വ്യത്യസ്തമായ സംവിധാനം സ്വീകരിച്ചെങ്കിൽ മാത്രമേ മത്സ്യസമ്പത്ത് പരമാവധി നമുക്ക് പ്രയോജനപ്പെടുത്തുവാൻ സാധിക്കൂ. സംഭരണവും സംസ്കരണവും വിപണനവും ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട ഘടകങ്ങളാണ്. കേരളത്തിലാദ്യമായി ഫിഷറീസ് വകുപ്പ് സംഘടിപ്പിച്ച് മത്സ്യതൊഴിലാളികൾക്കുള്ള വായ്പാ സഹകരണ സംഘങ്ങൾ രൂപീകരിച്ചതും, പഴയ മദിരാശി പ്രസിഡൻസിയിലെ ആദ്യത്തെ ഫിഷറീസ് ഹോണററി ഡയറക്ടറായിരുന്ന ഫ്രെഡറിക് നിക്കോൾസൺ എന്ന യൂറോപ്യൻ ആയിരുന്നു. 1957-ൽ അധികാരത്തിൽ വന്ന ശ്രീ. ഇ.എം.എസ്സ്. നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭയിൽ ഫിഷറീസ് മന്ത്രിയായിരുന്ന പ്രൊ. ജോസഫ് മുണ്ടശ്ശേരിയാണ് കേരളത്തിൽ മത്സ്യത്തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക് തുടക്കമിട്ടത്.

പഞ്ചായത്തിൽ മത്സ്യഫെഡിന്റെ സഹകരണത്തോടെയും സാമ്പത്തിക സഹായത്തോടെയും പ്രവർത്തിക്കുന്ന നാലു മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘങ്ങൾ മത്സ്യോല്പാദനരംഗത്ത് പ്രവർത്തിക്കുന്നു. എങ്കിലും വിപണനരംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുവാൻ അവയെ സജ്ജമാക്കേണ്ടതുണ്ട്. അതേപോലെ ആയിരക്കണക്കിന് യന്ത്രവൽക്കൃത വള്ളങ്ങൾ, ബോട്ടുകൾ, മഞ്ചികൾ എന്നിവ നിർത്തിയിടുന്നതും പോക്കുവരവുള്ളതുമായ പുതിയാപ്പ മത്സ്യബന്ധന തുറമുഖത്ത് സഹകരണാടിസ്ഥാനത്തിൽ ഒരു സമ്പൂർണ്ണ "ബോട്ട് റിപ്പയറിങ്ങ് വർക്ക്ഷോപ്പ്" സ്ഥാപിക്കുന്നതിന് മത്സ്യഫെഡ്

ആവശ്യമായ നടപടികളെടുക്കേണ്ടിയിരിക്കുന്നു.

## സഹകരണ ആശുപത്രികൾ:-

സ്വയംതൊഴിൽ കണ്ടെത്തുന്ന പ്രോജക്ടിന്റെ ഒരു ഭാഗമായിട്ടാണ് നമ്മുടെ സംസ്ഥാനത്ത് സഹകരണ ആശുപത്രികൾ പ്രവർത്തനമാരംഭിച്ചത്. ഏകദേശം 200ലധികം സഹകരണ ആശുപത്രികളും ഡിസ്പൻസറികളും കേരളത്തിൽ പ്രവർത്തിക്കുന്നു. ഇവയിൽ പകുതിയിലധികം നഷ്ടത്തിലാണെന്ന് കാണാം. പ്രധാന പ്രശ്നം വിദഗ്ദ്ധ ഭിഷഗ്വരന്മാരെ കിട്ടാനില്ലെന്നതു തന്നെ. സ്വന്ത മായി സേവന വേതന വ്യവസ്ഥകൾ ഏർപ്പെടുത്തി പ്രാപ്തരായ ഭിഷഗ്വര ന്മാരെ നിയമിക്കുവാൻ പല സംഘങ്ങളും ഭയപ്പെടുന്നു.

പഞ്ചായത്തിൽ അലോപ്പതി ചികിൽസ നടത്തുന്ന ഒരു സഹകരണ ഡിസ്പൻസറിയും ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ആയുർവ്വേദാസ്പ ത്രിയും നിലവിലുണ്ട്. അലോപ്പതി ഡിസ്പൻസറിയിൽ, ഒരു വർഷത്തിൽ ഏക ദേശം 600 ഓളം രോഗികളെ കിടത്തി ചികിൽസിക്കുകയും 18,000 രോഗികൾ വന്ന് ചികിത്സ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇവിടെ 18 കിടക്കകളുണ്ട്. ഇതുകൂടാതെ മുഴുവൻ സമയം പ്രവർത്തിക്കുന്ന ഡോക്ടറുടെ സേവനം, മരുന്ന് ഷാപ്പ്, ഇ.സി.ജി യൂണിറ്റ്, ആംബുലൻസ് എന്നിവയും ഉണ്ട്. വളരെ വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സംഘം ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. ആയുർവ്വേദാശുപത്രിയിൽ രോഗികൾ വളരെ കുറവാണ്. പഞ്ചകർമ്മ ചികിത്സ, ഉഴിച്ചിൽ, പിഴിച്ചിൽ തുടങ്ങിയ എല്ലാ സമ്പ്രദായത്തി ലുമുള്ള ചികിത്സ ഇവിടെ ലഭിക്കുന്നുണ്ട്.

സർക്കാരിൽനിന്ന് ഒരു ഡോക്ടറുടെ സേവനമെങ്കിലും ഓരോ പഞ്ചാ യത്ത് ഡിസ്പൻസറിയിലേക്കും പൂർണ്ണമായി കിട്ടാനുള്ള സംവിധാനമുണ്ടാ ക്കിയാൽ സഹകരണാടിസ്ഥാനത്തിലുള്ള ആതുരസേവനരംഗത്ത് വൻവിജ യമുണ്ടാക്കുവാൻ സാധിക്കും.

## വനിതാ സഹകരണ സംഘം:-

1953-ൽ സാമൂഹ്യക്ഷേമ ബോർഡും പിന്നീട് സാമൂഹ്യ ക്ഷേമവകുപ്പും, സഹകരണ വകുപ്പും, വ്യവസായവകുപ്പും, ഖാദി ഗ്രാമവ്യവസായ ബോർഡും, 1989 മുതൽ വനിതാ വികസന കോർപ്പറേഷനും, വനിതാ സംഘംവഴി വിക സന-ക്ഷേമ-വ്യവസായ മേഖലകളിൽ വനിതകൾക്ക് തൊഴിൽ നൽകാൻ ശ്രമം തുടങ്ങി. 1984-ൽ നടന്ന 30ാം സഹകരണ കോൺഗ്രസ്സ്, വനിത സഹകരണ സംഘ ങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒട്ടേറെ നിർദ്ദേശങ്ങൾ വെച്ചു. ഇന്നും അവയിൽ പലതും ശ്രദ്ധിക്കപ്പെട്ടിട്ടില്ല. പാവപ്പെട്ട സ്ത്രീകളുടെ തൊഴിൽസാ ധ്യത വർദ്ധിപ്പിക്കുവാനും സ്വായത്തമാക്കിയ തൊഴിൽ വികസിപ്പിക്കുവാനും അഭ്യ സ്തവിദ്യരായ യുവതികൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും വനിതാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ച ഏലത്തൂർ മഹിളാ സഹകരണ സംഘം നാളിതുവരെ സ്ത്രീകൾക്ക് ഉപകാരപ്രദമായ യാതൊരു പ്രവർത്തനവും നട ത്തിയിട്ടില്ല. പ്രവർത്തനമില്ലാതെ പുസ്തകങ്ങളിൽ മാത്രം ഒതുങ്ങിക്കഴിയുന്ന സംഘത്തിന് ഇപ്പോൾ നിയമാനുസൃതമുള്ള ഒരു ഭരണസമിതിയില്ല. പ്രസ്തുത സംഘത്തെ പ്രവർത്തനക്ഷമമാക്കുകയും ഒന്നോ, രണ്ടോ വനിതാ സഹകരണ സംഘങ്ങൾ കൂടി രൂപീകരിക്കുകയും ചെയ്യേണ്ടത് വനിതകളുടെ തൊഴിൽ ലഭ്യ തയ്ക്കും സാമൂഹ്യമായുള്ള ഉയർച്ചയ്ക്കും ആവശ്യമാണ്. വസ്ത്രനിർമ്മാണ രംഗത്ത് സ്ത്രീകൾക്ക് വൻസാധ്യതകളാണുള്ളത്. ആ വഴിക്ക് അവരെ സംഘ ടിപ്പിക്കണമെന്ന് മാത്രം.

## മറ്റു സഹകരണ സംഘങ്ങൾ:-

ധാരാളം കെട്ടിടനിർമ്മാണ തൊഴിലാളികളും അതോടനുബന്ധിച്ചുള്ള മറ്റു വിവധതരം തൊഴിലാളികളും തിങ്ങിത്താമസിക്കുന്ന ഈ പഞ്ചായത്തിൽ, സർക്കാർ അതാത് കാലത്ത് നടത്തുന്ന പൊതു മരാമത്ത് പ്രവർത്തികൾ കരാറ ടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുന്ന തൊഴിലാളികളുടെ "ലേബർ കോൺട്രാക്ട് സംഹകരണ സംഘങ്ങൾ" ക്കുള്ള സാദ്ധ്യത വളരെയേറെയുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെയും പഴം-പച്ചക്കറികളുടെയും കുതി ച്ചുയരുന്ന വിലനിലവാരം പിടിച്ചുനിർത്തുവാനും, ഗുണമേന്മയുള്ള സാധന ങ്ങൾ മിതമായ വിലയ്ക്ക് കൃത്യമായ അളവിലും തൂക്കത്തിലും സാധാരണ ജനങ്ങൾക്ക് ലഭിക്കുവാൻ ഏറ്റവും ചുരുങ്ങിയത് പഞ്ചായത്തിൽ ഒരു കൺസ്യൂ മർ സ്റ്റോറെങ്കിലും അത്യന്താപേക്ഷിതമാണ്.

കോഴിയിറച്ചിക്കും കോഴിമുട്ടയ്ക്കും എന്നും തമിഴ്നാട്ടിലെയും ആന്ധ്ര യിലെയും കോഴിവളർത്തു കേന്ദ്രങ്ങളിൽ നിന്ന് വരുന്ന ലോറികളെ കാത്തു കഴിയുന്ന നമ്മുക്ക് പഞ്ചായത്തിൽ ഓരോ വാർഡിലും ചുരുങ്ങിയത് 100 കോഴി കളെ വളർത്തുവാൻ കഴിയുന്ന 10 യൂനിറ്റുകളുടെയെങ്കിലും ഒരു ശൃംഖലയു ണ്ടാക്കി, അതിന്ന് ഒരു കോഴിവളർത്തു സഹകരണസംഘം നേതൃത്വം നല്കി യാൽ വിജയപ്രദമായി മുന്നോട്ടു പോകുവാൻ പ്രയാസമില്ല. ധാരാളം പുഴ കളും തോടുകളുമുള്ള നമ്മുടെ പഞ്ചായത്തിൽ കൂടുതൽ ഉത്പാദനശേഷി യുള്ള "കാക്കികേമ്പൽ" വർഗ്ഗത്തിലുള്ള താറാവുകളെയും ലാഭകരമായി വളർത്തുവാൻ വേണ്ട സഹായങ്ങൾ സംഘത്തിന് ചെയ്തുകൊടുക്കുവാൻ സാധിക്കുന്നതാണ്.

പട്ടികജാതിയിൽപ്പെട്ട ധാരാളം ആളുകളുള്ള പഞ്ചായത്തിൽ അവരുടെ ക്ഷേമത്തിനായി കല്ല് പൊട്ടിക്കൽ, ഓലമെടയൽ, പായനെയ്ത്ത്, കുട്ടമെട യൽ തുടങ്ങിയ ജോലികൾ വിപുലമായി ചെയ്യത്തക്കവണ്ണം പട്ടികജാതി സഹ കരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. സർക്കാരിൽനിന്ന് ഷെയർ, ധന സഹായം, പ്രവർത്തന മൂലധനം മാനേജീരിയൽ സബ്സിഡി, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ ലഭ്യമാണ്.

പഞ്ചായത്തിന്റെ മുന്ന് ഭാഗത്തുമുള്ള ജലാശയങ്ങളിൽ വളരെയധികം വിപ ണന സാദ്ധ്യതയുള്ളതും നല്ല വില ലഭിക്കുന്നതുമായ "ഞണ്ട് കൃഷി" ചെമ്മീൻ കൃഷി എന്നിവ നടത്തുന്നതിന് ഉൾനാടൻ ജലാശയ മത്സ്യസഹകരണ സംഘ ങ്ങൾക്ക് സാധ്യതകളേറെയുണ്ട്.

പഞ്ചായത്തിലെ ചില സംഘങ്ങളെക്കുറിച്ചുള്ള പ്രവർത്തന വിവരങ്ങൾ പട്ടിക II-ൽ കാണുക.

## നിർദ്ദേശങ്ങൾ ചുരുക്കത്തിൽ:-

1. കാരന്നൂർ സർവ്വീസ് സഹരണ ബേങ്കിൽ യഥാർത്ഥത്തിൽ വായ്പ ആവ ശ്യമുള്ള വ്യക്തികളെ മുഴുവൻ, ജാതി-മത-രാഷ്ട്രീയ ഭേദമില്ലാതെ അംഗ ങ്ങളാക്കി വായ്പ നൽകുക.

2. നാളികേരത്തിനും, പച്ചത്തൊണ്ടിനും പരമാവധി വിലകിട്ടുന്നതിനു വേണ്ടി നാളികേര പ്രോസസിങ്ങ് യൂണിറ്റും, ഡീ- ഫൈബറിങ്ങ് യൂണിറ്റും ഏറ്റെടുത്ത് നടത്തുവാൻ ഒരു പുതിയ സഹകരണസംഘം രൂപീകരിക്കുക.

3. കാർഷിക മേഖലയിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ, പഴങ്ങൾ, പുഷ്പങ്ങൾ തുടങ്ങിയവയ്ക്ക് വിപണി കണ്ടെത്തുവാനും അവയുടെ കൃഷി പ്രോത്സാഹിപ്പിക്കുവാനും ആവശ്യമായ നിത്യോപയോഗസാധനങ്ങളുടെ നീതിപൂർവ്വമായ വിപണനത്തിനും വേണ്ടി ഒരു കൺസ്യൂമർ സ്റ്റോർ രൂപീക രിക്കുക.

4. ധാന്യങ്ങളും പലവ്യഞ്ജനങ്ങളും പൊടിച്ചു പേക്ക് ചെയ്തു വില്ക്കുക, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, മെഴുകുതിരി നിർമ്മാണം, കളിപ്പാട്ട നിർമ്മാണം എന്നീ വ്യവസായങ്ങൾ നടത്തുവാൻ പഞ്ചായത്തിൽ രണ്ടോ മൂന്നോ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും നിലവിലുള്ള സംഘത്തെ പ്രവർത്തന ക്ഷമമാക്കുകയും ചെയ്യുക.

5. രണ്ടോ മൂന്നോ വാർഡുകൾ പ്രവർത്തന പരിധിയായി മൂന്നോ നാലോ ക്ഷിരവ്യവസായയ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

6. പുതിയാപ്പ മത്സ്യബന്ധന തുറമുഖത്ത് യന്ത്രവത്കൃത വള്ളങ്ങളും ബോട്ടുകളും മറ്റും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മത്സ്യഫെഡിന്റെ നേതൃത്വത്തിൽ ഒരു വർക്ക്ഷാപ്പ് നടത്തുക.

7. സഹകരണ ഡിസ്പൻസറിയിൽ ഒരു ഡോക്ടറുടെ സേവനം വിട്ടുതരുവാൻ സർക്കാറിനോട് അപേക്ഷിക്കുകയും, ഒരു എക്സ്-റേ യൂനിറ്റിന്നും കെട്ടിട നിർമ്മാണ ഗ്രാന്റിനും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുക.

8. കോഴിമുട്ടയുടെയും കോഴിയിറച്ചിയുടെയും ക്ഷാമം തീർക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു കോഴി-ആട് വളർത്തൽ സഹകരണസംഘം രൂപീകരിക്കുക.

9. പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി അവരുടെ കുലത്തൊഴിൽ വികസിപ്പിക്കുവാനും മറ്റുമായി ഒരു പട്ടികജാതി സർവ്വീസ് സഹകരണ സംഘം രൂപീകരിക്കുക.

10. ഞണ്ട്, ചെമ്മീൻ തുടങ്ങിയ മത്സ്യങ്ങൾ വളർത്തി വിപണനം ചെയ്യുവാൻ ഉതകുമാറ് ഒരു ഉൾനാടൻ ജലാശയ മത്സ്യസഹകരണ സംഘം സ്ഥാപിക്കുക.

11. കയർ വ്യവസായ സഹകരണ സംഘങ്ങൾ യന്ത്രവല്ക്കരിച്ചുകൊണ്ടും ആധുനികവൽക്കരിച്ചുകൊണ്ടും പുനരുദ്ധരിക്കുവാൻ നടപടിയെടുക്കുക.

12. മത്സ്യത്തൊഴിലാളി വികസനക്ഷേമ സംഘങ്ങളിൽ വിപണനത്തിന് സഹായം ലഭിക്കുമാറ് ശീതീകരണികൾ (Cold Storage) സംവിധാനം ചെയ്യുക. മത്സ്യബന്ധനത്തിന് ആവശ്യമായ വല, മോട്ടോറുകൾ എന്നീ ഉപകരണങ്ങൾ വിതരണം ചെയ്യുക. തുടങ്ങിയ എന്നീ പദ്ധതികൾ നടപ്പിലാക്കുക.

13. ഗൃഹനിർമ്മാണ സാമഗ്രികളായ ജനൽ-വാതിൽ കട്ടിലകൾ, കതകുകൾ ഫർണ്ണിച്ചർ തുടങ്ങിയ മരംകൊണ്ടുള്ള സാധനങ്ങൾ ഉണ്ടാക്കി വില്ക്കുന്ന ഒരു യന്ത്രവല്ക്കൃത സഹകരണസംഘത്തിനുള്ള സാദ്ധ്യതകൾ ചൂഷണം ചെയ്യേണ്ടതാണ്.

14. രൂക്ഷമായ പാർപ്പിട പ്രശ്നത്തിന് അറുതി വരുത്തുവാൻ പഞ്ചായത്തിന് മാത്രമായി ഒരു ഭവനനിർമ്മാണ സഹകരണ സംഘത്തിന്ന് രൂപം കൊടുക്കുക.

15. ജില്ലാ ആയൂർവ്വേദാസ്പത്രി ഇന്നുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വികസിപ്പിക്കുക.

16. റെയിൽവെ പുറംപോക്ക് ഭൂമിയും വയലുകളും മറ്റും കൂട്ടിച്ചേർത്ത് സഹകരണ കൂട്ടുകൃഷിക്കുള്ള സാധ്യത ആരായുക.

17. സഹകരണ സംഘങ്ങളിൽ രാഷ്ട്രീയ അതിപ്രസരംകൊണ്ടുള്ള ചേരിതിരിവ് ഒഴിവാക്കി, വ്യാപകമായി അംഗത്വം നല്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

(പട്ടിക - 1)

## I വായ്പാ സംഘങ്ങൾ

i) കാർഷിക വായ്പാ സംഘങ്ങൾ

1. കാരന്നൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് (ക്ലി) നമ്പ്ര് F 1244
2. കോഴിക്കോട് ജില്ലാ ഭൂവികസന ബേങ്ക്.

ii) കാർഷികേതര മദ്ധ്യകാല/ദീർഘകാല വായ്പാ

1. കോഴിക്കോട് സഹകരണ അർബ്ബൻ ബേങ്ക്
2. തലക്കുളത്തൂർ ഭവന നിർമ്മാണ സഹകരണ സംഘം (ക്ലി) നമ്പ്ര് D 2297

## II ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

1. എലത്തൂർ ഷീരവ്യവസായ സഹകരണ സംഘം (ക്ലി) നമ്പ്ര് D35 (D)

സ്ക്കൂൾ സഹകരണ സംഘങ്ങൾ

## III സഹകരണ സംഘങ്ങൾ

1) സി.എം.സി. ബോയ്സ് ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി F 1399
2) സി.എംസി. ഗേൾസ് ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി D 2050
3) പി.വി.എസ്സ്. ഹൈസ്ക്കൂൾ കോ-ഓപ്പ്റേറ്റീസ് സൊസൈറ്റി D 2419
4) ഗവ: ഫിഷറീസ് ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പുതിയാപ്പ D 2428
5) കാരന്നൂർ യു.പി. സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി D 2215
6) പുത്തൂർ യു.പി.സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി D 2156

## IV മറ്റു കാർഷികേതരസംഘങ്ങൾ

1.) എലത്തൂർ പഞ്ചായത്ത് കോ-ഓപ്പറേറ്റീവ് ഡിസ്പൻസറി സൊസൈറ്റി (ക്ലി) നമ്പ്ര് D 2406
2) കോഴിക്കോട് ഡിസ്ട്രിക്ട് ആയൂർവ്വേദ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ (ക്ലി) നമ്പ്ര് D 2340
3) എലത്തൂർ മഹിളാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലി) നമ്പ്ര് D 2501

## V വ്യവസായ സഹകരണ സംഘങ്ങൾ:-

1) എലത്തൂർ കെട്ടിട നിർമ്മാണ തൊഴിലാളി വ്യവസായ സഹകരണ സംഘം (ക്ലി) നമ്പ്ര് S. Ind. (D) 273

2) വിജ്ഞാനകേരളം പ്രിന്റേർസ് എസ്സ്.എസ്സ്.ഐ. കോ-ഓപ്പറ്റേറ്റീവ് സൊസൈറ്റി (ക്ലി) നമ്പ്ര് S. Ind (D) 156

3) കോഴിക്കോട് ഡിസ്ട്രിക്ട് S.C.S.T. എക്സ് ട്രെയിനീസ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലി) നമ്പ്ര് S. Ind (D) 258

## VI കയർ സഹകരണ സംഘങ്ങൾ

1) കാരന്നൂർ കയർ വ്യവസായ സഹകരണ സംഘം നമ്പ്ര് 245
2) കോരപ്പുഴ കയർ വ്യവസായ സഹകരണ സംഘം നമ്പ്ര് D 701
3) എലത്തൂർ കയർ വ്യവസായ സഹകരണ സംഘം നമ്പ്ര്
4) പുത്തൂർ കയർ വ്യവസായ സഹകരണ സംഘം നമ്പ്ര് 481
5) മൊകവൂർ കയർ വ്യവസായ സഹകരണ സംഘം നമ്പ്ര് 245

## VII മത്സ്യോല്പാദക സഹകരണ സംഘങ്ങൾ

1) പുതിയാപ്പ നോർത്ത് മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘം Df (c) 163/93

2) പുതിയാപ്പ സൗത്ത് മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘം Df (c) 162/93

4) എലത്തൂർ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘം Df (c) 164/93

5) പുതിയങ്ങാടി-എലത്തൂർ നോർത്ത് മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘം F (k) 15

പട്ടിക II

| ക്രമ നമ്പർ സംഘത്തിന്റെ പേര്, | അംഗങ്ങളുടെ എണ്ണം | പിരിഞ്ഞുകിട്ടിയ മൂലധനം | സ്ഥിര നിക്ഷേപം | വായ്പ കൊടുത്തത് | വിറ്റുവരവ് | മൊത്തം | തൊഴിലാളികളുടെ എണ്ണം, | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|---|---|
| 1. കാരന്നൂർ സർവ്വീസ് സഹകരണ ബേങ്ക് (ക്ലി) നമ്പ്ര് | 1244, | 17164, | 47.00, | 728.00, | 916.00, | –, | 31, | ലാഭം (+) |
| 2. തലക്കുളത്തൂർ ഭവന നിർമ്മാണ സഹകരണ സംഘം (ക്ലി) ഡി | 2297, | 590, | 8.00, | –, | 30.42, | –, | 2, | നഷ്ടം (-) |
| 3. എലത്തൂർ ക്ഷീരവ്യവസായ സഹകരണ സംഘം (ക്ലി) ഡി. 35 (ഡി) | | | –, | –, | –, | –, | 10.3, | ലാഭം (+) |
| 4. എലത്തൂർ പഞ്ചായത്ത് കോ-ഓപ്പറേറ്റീവ് ഡിസ്പൻസറി (ക്ലി) ഡി. | 2406, | 4664, | 1.75, | –, | –, | 8.67, | 15, | നഷ്ടം (-) |
| 5. വിജ്ഞാനകേരളം പ്രിന്റേർസ് S.S.I. കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലി) S. Ind (D) | 156, | 239, | 0.62, | –, | –, | 2.66, | 9, | നഷ്ടം (-) |



# പട്ടികജാതി പട്ടിക വർഗക്ഷേമം

**പ**രമ്പരാഗത തൊഴിലെടുത്തു വരുന്ന പിന്നോക്കവിഭാഗം തൊഴിൽ പരമായും പിന്നോക്കാവസ്ഥയിലാണ്. ചെറുമൻ, വെട്ടുവൻ, മണ്ണാൻ, പെരുമണ്ണാൻ, പാണൻ, പറയൻ, കണക്കൻ, വണ്ണാൻ തുടങ്ങിയ സമുദായക്കാരാണ് ഈ ഗ്രാമപഞ്ചായത്തിലുള്ളത്. ഇവർ ഒറ്റക്കും കൂട്ടുകുടുംബങ്ങളിലുമായി കഴിയുന്നു. നിലവിലുള്ള ആനുകൂല്യങ്ങളും ഭരണപരിഷ്കാരങ്ങളും ഇവരുടെ ജീവിത രീതിയിലും, ജീവിത സൗകര്യത്തിലും ഗണ്യമായ പരിവർത്തനുമുണ്ടാക്കിയിട്ടുണ്ട്. എങ്കിലും കാലാനുസൃതമായ പല നേട്ടങ്ങളും ഇനിയും ആർജ്ജിക്കാനുണ്ട്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ആനയിക്കുന്നതിൽ സാമൂഹ്യ സാംസ്കാരിക മേഖലക്കു പ്രമുഖമായ പങ്ക് വഹിക്കാൻ കഴിയും.

സാമൂഹ്യ പരിവർത്തന പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി അയിത്തം തുടങ്ങിയ അനാചാരങ്ങൾ ഒരു പരിധിവരെ അമർച്ച ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും സമൂഹത്തിന്റെ ചില ഭാഗങ്ങളിൽ ചില യാഥാസ്ഥിതികരിൽ ഒരു മാറാവ്യാധിയെന്നോണം ഈ ജീർണ്ണ സംസ്കാരം നിലനില്ക്കുന്നുണ്ട്. ഇത് മാറ്റിയെടുക്കുന്നതിൽ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരും, സംഘടനകളും കൂടുതൽ ജാഗരൂകരാകേണ്ടതുണ്ട്.

വിദ്യാഭ്യാസ സാംസ്കാരിക തൊഴിൽ മേഖലകളിൽ നിർണ്ണായക പുരോഗതി ഇനിയും നേടിക്കഴിഞ്ഞിട്ടില്ല. ഈ രംഗത്ത് ഉന്നമനം സാദ്ധ്യമാക്കുന്നതിനെക്കുറിച്ച് തുടർന്ന് പരിശോധിക്കാം.

## വിദ്യാഭ്യാസം

സാക്ഷരതാ പ്രവർത്തനത്തിലൂടെ നിരക്ഷരരുടെ സംഖ്യ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം സാക്ഷരത നേടിയവരെപ്പോലും നിരക്ഷരതയിലേക്ക് നയിക്കാനിടയാക്കിയിട്ടുണ്ട്. അജ്ഞത അവകാശത്തെക്കുറിച്ച് ബോധവാന്മാരാകുന്നതിൽ അജ്ഞത പ്രതിബന്ധം സൃഷ്ടിക്കുന്നുണ്ട്.

സാമ്പത്തിക ഭദ്രത കൈവരിച്ചിട്ടുള്ളവർക്ക് മാത്രമാണ് വിദ്യാഭ്യാസം കൊണ്ടുള്ള നേട്ടം പൂർണ്ണമായും കൈവരിക്കാനാവുന്നത്. കൂലിപ്പണിക്കാരുടെ കുട്ടികളും സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കാതെ രക്ഷിതാവിന്റെ പന്ഥാവ് പിന്തുടരുന്ന പ്രവണതയുമുണ്ട്. ഈ വഴിത്തിരുവിനുള്ള പ്രേരണ സാമ്പത്തിക നേട്ടത്തോടുള്ള താല്പര്യം മാത്രമാണ്. ബോധവത്ക്കരണത്തിലൂടെ മാത്രമേ ഇതിന് പരിഹാരം കാണാനാവൂ.

ഇക്കൂട്ടത്തിൽ നല്ലൊരു വിഭാഗം എസ്.എസ്.എൽ.സി.യോടെ വിദ്യാഭ്യാസം നിറുത്തുന്നവരാണ്. തുടർ വിദ്യാഭ്യാസത്തിനുള്ള നിരവധി ആനുകൂല്യങ്ങൾ സർക്കാർ തലത്തിൽ നൽകുന്നുണ്ടെങ്കിലും മതിയായ രീതിയിൽ ഇവ പ്രയോജനപ്പെടുത്തി കാണുന്നില്ല. സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, ഡോക്ടർ തുടങ്ങിയ തസ്തികകളിലെല്ലാം ഈ വിഭാഗത്തിലുള്ളവർ കടന്നുവന്നിട്ടുണ്ടെന്ന കാര്യം അഭിമാനാർഹമാണ്.

പിന്നോക്കവിഭാഗത്തിൽ തന്നെ കായികമായി മുന്നോക്കാവസ്ഥയിലുള്ളവരുണ്ട്. അവരെ കണ്ടെത്തി അർഹമായ പ്രോത്സാഹനം നൽകേണ്ടതാണ്. വീട്ടിലെ പരിമിതികൾ വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കാനിടയാകുന്ന സാഹചര്യവും നിലവിലുണ്ട്. പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യമുണ്ടെങ്കിലും വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തി കാണുന്നില്ല.

ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ പിന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ക്ലാസ്സ് നൽകുന്ന രീതി ഇപ്പോൾ നിലച്ചമട്ടാണ്. അതിനു പകരം എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് റാങ്ക് ഫയൽ വിതരണം ചെയ്യുന്നുണ്ടെങ്കിലും അത് വേണ്ടത്ര ഫലപ്രദമാകാറില്ല. അതുകൊണ്ട് റാങ്ക് ഫയൽ നൽകുകയും, അദ്ധ്യാപകർ അതിന്റെ സഹായത്തോടെ പരീക്ഷ വിജയകരമായി തരണം ചെയ്യാൻ വേണ്ട നിർദ്ദേശം നല്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്താൻ ഏറെ ഗുണകരമാകാനിടയുണ്ട്.

പ്രൈമറി വിദ്യാർത്ഥികൾക്ക് വെക്കേഷൻ കാലയളവിൽ സംഘടിപ്പിക്കാറുള്ള സഹവാസ ക്യാമ്പ് ഗുണകരമാണെങ്കിലും മതിയായ പ്രാധിനിധ്യം കൊണ്ട് വേണ്ടത്ര സമ്പുഷ്ടമാകാറില്ല. ഇതിലുള്ള വിമുഖത മാറ്റിയെടുക്കാനും ബോധവത്ക്കരണം ആവശ്യമാണ്. ഈ വിഭാഗത്തിന് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിനുള്ള സാങ്കതിക വിദ്യാഭ്യാസ സ്ഥാപനവും പഞ്ചായത്തിലുണ്ട്.

ഈ വിഭാഗത്തിന് നല്കാറുള്ള ലംസം ഗ്രാന്റ് കാലോചിതമായി പരിഷ്കരിക്കണം. കൂടാതെ വിദ്യാലയ വർഷാരംഭത്തിൽ തന്നെ അവ നൽകിയാൽ ഏറെ പ്രയോജനപ്രദമാകും.

## സാംസ്കാരികം

സാംസ്കാരിക പ്രവർത്തനത്തിന്റെ ഫലമായി എല്ലാ വിഭാഗം ജനങ്ങളിലും വളർന്നുവന്ന സൻമനോഭാവം എല്ലാ മേഖലയിലും പരസ്പര ഐക്യത്തിന്റെയും, കൂട്ടായ്മയുടെയും ചൈതന്യ ധന്യമായ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. ജാതിമതസങ്കുചിത ചിന്ത

കൾ അകലാനും, മതേതര കാഴ്ചപ്പാട് വേരുറക്കാനും ഇടയാക്കിയതിന്റെ ഗുണഭോക്താക്കളാകാൻ ഈ സമുദായത്തിൽപ്പെട്ട വർക്ക് അവസരം സിദ്ധിച്ചിട്ടുണ്ട്. മിശ്ര വിവാഹിതരെ അംഗീകരിക്കാനും, ജീവിതത്തിന്റെ വിവിധ തുറകളിലുള്ള ചടങ്ങുകളിൽ സഹകരിപ്പിക്കാനും പ്രകടിപ്പിക്കുന്ന ഉല്പതിഷ്ണുത്വം ഇതിന് മികച്ച ദൃഷ്ടാന്തങ്ങളാണ്.

കോളനി സംവിധാനം മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സമൂഹത്തിന്റെ വിവിധ ഭാഗങ്ങളിൽ വിഭിന്ന വിഭാഗക്കാരുമായി ഇടപഴകി ജീവിക്കാനുതകുന്ന അവസരം സംജാതമാക്കണം. സാംസ്കാരിക രംഗത്തുള്ള പുരോഗമനക്ഷമമല്ലാത്ത മരവിപ്പ് ഒഴുവാക്കുന്നതിൽ ഈ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾ തന്നെ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. തൊഴിലിന്റെ മാന്യത പ്രചരിപ്പിക്കുന്നതിലും ശ്രദ്ധ വേണം. പുരാതന കലാരൂപങ്ങളും നാടൻ പാട്ടുകളും കാലഹാരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇക്കൂട്ടത്തിൽ അടിച്ചമർത്തപ്പെട്ട വർഗ്ഗത്തിന്റെ അമത്വത്തിനെതിരെ പ്രതികരിക്കുന്ന നാടൻ പാട്ടുകൾ പ്രത്യേകം പരിഗണന അർഹിക്കുന്നു. ശ്രദ്ധേയമായ നാടൻ പാട്ടുകളുടെ ശേഖരം ഗ്രാമപഞ്ചായത്തിൽ നിന്നും സ്വരൂപിക്കാൻ കഴിയും. ഇതൊരു കാസറ്റായി പ്രസിദ്ധീകരിക്കുന്നത് സാംസ്കാരിക തനിമ മനസ്സിലാക്കാനും നിലനിർത്താനും ഉപകരിക്കും.

സമീപകാലത്തുണ്ടാകുന്ന സ്ത്രീകളുടെ നേർക്കുള്ള അതിക്രമത്തിനും, ലൈംഗീക പീഡനത്തിനും, ചൂഷണത്തിനും ഏറെ വിധേയമാകുന്നത് പിന്നോക്കസമുദായത്തിൽപ്പെട്ട പെൺകുട്ടികളാണ്. വെളുത്തതെല്ലാം പാലെന്ന് കരുതുന്ന കൗമാര പ്രായക്കാരാണ് ഈ ചൂഷണത്തിന് ഏറെ വിധേയരാകുന്നത്. നമ്മുടെ മേഖലയിലേക്ക് ഈ സാമൂഹിക വിപത്ത് കടന്നു വരാതിരിക്കാൻ പ്രത്യേക ജാഗ്രതയും, ബോധവത്ക്കരണവും അനുപേക്ഷണീയമാണ്.

### തൊഴിൽ

കെട്ടിടനിർമ്മാണം, മത്സ്യബന്ധനം, തയ്യൽ എന്നീ മേഖലകളിൽ പണിയെടുക്കുന്ന കൂലിപ്പണിക്കാരാണധികവും. പരമ്പരാഗത തൊഴിലിനോടുള്ള വിമുഖത ദൃശ്യമാണ്.

സ്വയം തൊഴിൽ പരിശീലനവും, പോഷണവും, തൊഴിൽപരമായ പുതിയ മേച്ചിൽ പുറങ്ങൾ കണ്ടെത്തലും, വിപണി കണ്ടെത്തലുമൊക്കെ ഈ മേഖലയിലെ ഗൗരവ പ്രാധാന്യമർഹിക്കുന്ന പ്രശ്നങ്ങളാണ്. സ്വയം തൊഴിൽ കണ്ടെത്തുന്നവർക്ക് സാമ്പത്തിക സഹായം നല്കാനും, ഉല്പന്ന വിപണത്തിനും ഉപകരിക്കുന്നതരത്തിൽ സഹകരണസംഘങ്ങളും പഞ്ചായത്ത് തലത്തിൽ നിലവിൽ വരുന്നത് നന്നായിരിക്കും. ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുപകരിക്കുന്ന പരിശീലനം നൽകുന്നതിനായി പരിശീലന കേന്ദ്രമോ അതിനുള്ള സംവിധാനമോ ഉണ്ടാകണം.

പായനെയ്ത്ത്, വട്ടി, കുട്ട, മുറം മുതലായവയുടെ നിർമ്മാണം സഹകരണാടിസ്ഥാനത്തിൽ വിപുലപ്പെടുത്തണം. അതിനുള്ള അസംസ്കൃതവസ്തുക്കളുടെ ലഭ്യതയും ഉറപ്പു വരുത്തണം.

സ്ത്രീ തൊഴിലാളികൾ കൂലിയുടെ കാര്യത്തിൽ ചൂഷണത്തിന് വിധേയരാകുന്നുണ്ട്. കൂടുതൽ കായികാദ്ധ്വാനമുള്ള ജോലി അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന തൊഴിലാളികൾക്കായി ഉഴിഞ്ഞുവെച്ച് ഒഴിഞ്ഞു മാറുന്ന പ്രവണതയും മാറേണ്ടതാണ്. ഇവിടെയാണ് തൊഴിലിന്റെ മാന്യത മനസ്സിലാക്കേണ്ടതിന്റെ ആവശ്യകത മുഖ്യമായും പ്രതിഫലിച്ചുകാണുന്നത്. ഇത് ഈ ഒരു വിഭാഗത്തിൽ മാത്രം ഒതുങ്ങി നില്ക്കേണ്ടകാര്യമില്ല.

### പാർപ്പിടം

പ്രധാനമായും കൂട്ടുകുടംബമാണ് ഒറ്റ വീടുകളിലും കോളനികളിലും താമസിക്കുന്നു. സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്തവരാണ് അധികവും. സർക്കാരിന്റെ പദ്ധതികളിലൂടെ ചില കോളനികളും വീടുകളും കിട്ടിയതിനാൽ ചെറിയ ശതമാനം കുടുംബത്തിന് സ്വന്തമായി വീടുകൾ ഉണ്ട്. ഭൂമിയില്ലാത്തവർക്ക് ഭൂമിയും, പാർപ്പിടവും, വെള്ളവും, വെളിച്ചവും, റോഡുകൾ, ചികിത്സാ സൗകര്യങ്ങൾ എന്നിവയും ലഭ്യമാക്കേണ്ടതുണ്ട്. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കുടിലുകൾ ഒന്നും തന്നെയില്ലെങ്കിലും മറ്റുള്ളവയ്ക്കും വേണ്ടുന്ന സൗകര്യങ്ങൾ കൂട്ടണം. ഒറ്റപ്പെട്ട കുടുംബങ്ങൾ വളരെ ദുരിതമനുഭവിക്കുന്നു. സർക്കാർ, മറ്റ് ഏജൻസികൾ എന്നിവയുടെ വായ്പകൾ തിരിച്ചടക്കാൻ പറയുന്നില്ല. ഭൂരേഖകൾ വിവിധ ഓഫീസുകളിലും ബാങ്കുകളിലും സെക്യൂരിറ്റി നൽകിയതിനാൽ കടം വർദ്ധിക്കുന്നു. വായ്പകൾ അപര്യാപ്തമാണ്.

### പ്രശ്നങ്ങളും സാദ്ധ്യതകളും.

1. കോളനികളിൽ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം സജ്ജമാക്കുക.
2. ചികിത്സക്കും, പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം ലഭ്യമാക്കുക.
3. ബോധവത്ക്കരണത്തിലൂടെ ക്ഷേമ പ്രവർത്തനത്തിന്റെ ആവശ്യകത മനസ്സിലാക്കികൊടുക്കുക.
4. പട്ടികജാതി/വർഗ്ഗത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങളുടെ വിവരം തക്കസമത്ത് ലഭ്യമാക്കുക.
5. വ്യവസായസംരഭകർക്കും, സ്വയംതൊഴിൽ കണ്ടെത്തുന്നവർക്കും വേണ്ട മാർഗ്ഗനിർദ്ദേശം നൽകാൻ സംവിധാനമുണ്ടാക്കുക, സഹായം യഥാസമയം ലഭ്യമാക്കുക.
6. കോളനികളിൽ വൈദ്യുതി എത്തിക്കുക.
7. കോളനികളും ലക്ഷം വീടുകളും ഒറ്റവീടായി വിഭജിച്ച് നല്കുക. അല്ലെങ്കിൽ ഫ്ളാറ്റ് നിർമ്മിച്ച് ബാക്കി സ്ഥലം കൃഷിക്ക് ഉപയുക്തമാക്കുക.
8. വീടുകൾ പുതുക്കി പണിയാൻ പലിശരഹിത വായ്പയും ഗ്രാന്റും നല്കുക.
9. ഭൂരഹിത – ഭവനരഹിത – പുനരധിവാസ പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക
10. ലക്ഷംവീട്, നാല്സെന്റ് കോളനികളിലെ വീടുകൾ പുതുക്കി പണിയുക, സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. 1
1. വായനശാലകൾ സ്ഥാപിക്കുക, വായനാശീലം വളർത്തുക.
12. ടി.വി.സെറ്റുകൾ കോളനികളിൽ സ്ഥാപിക്കുക.

പട്ടിക –1

| | |
|---|---|
| എലത്തൂർ ഗ്രാമപഞ്ചായത്തിലെ ആകെ പട്ടികജാതിക്കാർ | 1993 |
| പുരുഷന്മാർ | 966 |
| സ്ത്രീകൾ | 1027 |
| പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ | 5.42% |

# വിഭവസമാഹരണം



വിഭവസമാഹരണത്തെക്കുറിച്ച് അവലോകനം ചെയ്യുമ്പോൾ നമ്മുടെ പഞ്ചായത്തിലെ കാർഷിക-വ്യാവസായിക-മത്സ്യ മേഖലകൾ പ്രഥമ പരിഗണന അർഹിക്കുന്നു.

നാളികേര വിലയിടിവും, ഉൽപ്പാദനച്ചെലവിന്റെ വർദ്ധനവും കാർഷിക രംഗത്തെ വളർച്ചക്ക് തടസ്സമാവുകയാണ്. വർദ്ധമാനമായ തോതിൽ വയൽ നികത്തി വീട് വെക്കുന്നതിനുള്ള പ്രവണതയും, ജലദൗർലഭ്യവും, വർദ്ധിച്ചുവരുന്ന ഉൽപ്പാദന ച്ചെലവുകളും നെല്ലുല്പാദനം നാമമാത്രമാക്കിയിരിക്കയാണ്. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ചും, ജൈവവളപ്രയോഗത്തിന് പ്രാമുഖ്യം നൽകിയും, മാന്യമായ ഒരു തൊഴിൽ മേഖലയാണ് ഇതെന്നുള്ള ബോധവല്ക്കരണം നടത്തി അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരെ കൂടുതലായി ഈ മേഖലയിലേക്ക് ആകർഷിച്ചും കാർഷിക രംഗത്തെ വിഭവസമാഹാരണത്തിന് ആക്കം കൂട്ടാവുന്നതാണ്.

വ്യാവസായിക രംഗം മുരടിച്ചു നിൽക്കുകയാണ്. പൊതുമേഖലയിൽ നമുക്കുള്ള രണ്ടു വ്യവസായ സ്ഥാപനങ്ങളിൽ ഒന്നായ പ്രിമൊ പൈപ്പ് ഫാക്ടറി അടഞ്ഞുകിടക്കുന്നു. മറ്റൊരു സ്ഥാപനം സമഗ്രനാളികേര വികസന കോർപ്പറേഷന്റെ അനുബന്ധ ഘടകമായി എലത്തൂരിൽ സ്ഥിതിചെയ്യുന്ന ഹെയർ ഓയിൽ യൂനിറ്റ് – അടുത്തകാലത്തായി വീണ്ടും പ്രവർത്തനമാരംഭിച്ചത് ആശാവഹമാണ്. സ്വകാര്യമേഖലയിലുള്ള പ്രീമിയർ ചപ്പൽസ്, റേഡിയന്റ് ബാറ്ററീസ്, ജെമിനി ഡിസ്റ്റിലറി, സൗഭാഗ്യ ഫുഡ് ഇൻഡസ്ട്രീസ് തുടങ്ങിയ സ്ഥാപനങ്ങളിലായി ഏകദേശം മുന്നൂറോളം പേർ ജോലി ചെയ്തുവരുന്നുണ്ട്. വർദ്ധിച്ചുവരുന്ന തൊഴിൽ ശക്തിയെ ഉൽപ്പാദനപരമായി ഉൾക്കൊള്ളുന്നതിന് ഈ മേഖല പുഷ്ടിപ്പെടുത്തേണ്ടതുണ്ട്. പ്രാദേശികമായി സുലഭമായ അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ചുള്ള ചെറുകിട-കുടിൽ വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്. ഉദാഹരണമായി നാളികേരസംസ്ക്കരണം, സോപ്പ് നിർമ്മാണം, റെഡിമെയ്ഡ് തുണിത്തരങ്ങളുടെ നിർമ്മാണം തുടങ്ങിയവ പരിഗണിക്കാവുന്നതാണ്.

ദേശീയപാതയുടെ പടിഞ്ഞാറു വശത്തായി ഏഴുകിലോമീറ്ററോളം നീണ്ടുകിടക്കുന്ന കടൽത്തീരമുള്ള നമ്മുടെ പഞ്ചായത്ത്, മത്സ്യസമ്പത്തിന്റെ കാര്യത്തിൽ ധന്യമാണ്. ലഭിക്കുന്ന മത്സ്യം സ്റ്റോർചെയ്യാനുള്ള സൗകര്യങ്ങളുടെ അഭാവം കാരണം, ഇടനിലക്കാരുടെ ചൂഷണത്തിന് മത്സ്യബന്ധനം നടത്തുന്നവർ വിധേയമാവുന്ന സ്ഥിതിവിശേഷം ഇവിടെയുണ്ട്. ശീതീകരണ പ്ലാന്റുകളും, സ്റ്റോറേജുകളും നിർമ്മിക്കുകയും വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യാത്ത പക്ഷം വിഭവസമാഹരണം ഈ മേഖലയിൽ വർദ്ധിപ്പിക്കാനാവില്ല. ഈ രംഗത്ത് മത്സ്യഫെഡ്, ഫിഷറീസ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായം തേടാവുന്നതാണ്.

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 750ഓളം വരും എന്നു കാണുന്നു. ഇവരിൽ സാങ്കേതിക ശാസ്ത്ര രംഗങ്ങളിൽ വൈദഗ്ദ്ധ്യം നേടിയവർ വളരെ കുറവാണ്. ഉയർന്ന സാമ്പത്തിക നില കൈവരിച്ചവരും കുറവാണ്.

സർക്കാർ ഗ്രാന്റുകൾ യഥാസമയം ലഭ്യമാകാത്തത് കാരണം പലപ്പോഴും അവ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ല. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റുകൾ പോലുള്ളവ അതാതു മേഖലകളിൽ വെച്ചുതന്നെ പഞ്ചായത്തുകൾക്ക് ലഭ്യമാക്കാൻ നടപടികൾ ഉണ്ടാവേണ്ടതാണ്.

( പട്ടിക : 1)

1995–96 വർഷത്തിൽ ലൈസൻസ് ഫീസായി 17,150ക. പഞ്ചായത്തിൽ വരവു വന്നിട്ടുണ്ട്. മൊത്തം കച്ചവടക്കാരുടെ കണക്ക് പരിശോധിക്കുമ്പോൾ ഇത് കുറവാണെന്നു കാണാം. മുഴുവൻ കച്ചവടക്കാരെയും ലൈസൻസിന്റെ പരിധിയിൽ വരുത്തേണ്ടതാണ്. പല ലൈസൻസുകളും തുടർന്നു വരുന്നതായി കാണുന്നില്ല. ബാങ്ക് ലോൺ കിട്ടുന്നതിനു മാത്രമായി ലൈസൻസ് എടുക്കുകയും, പിന്നീട് നിർത്തി പോവുന്നതായും കാണുന്നു. ഇക്കാര്യത്തിൽ ശ്രദ്ധപതിയേണ്ടതുണ്ട്. നിലവിലുള്ള വിറ്റുവരവ്. അടിസ്ഥാനത്തിലുള്ള ഫീസ് ഒഴിവാക്കി, ഓരോ സാധനങ്ങൾക്കും പ്രത്യേകം പ്രത്യേകം ഫീസ് നിജപ്പെടുത്തി ഈ വിഷയത്തിൽ കൂടുതൽ ധനാഗമമാർഗ്ഗം കണ്ടെത്താവുന്നതാണ്. ടെലിവിഷനുകൾക്ക് കാഴ്ച നികുതി ഏർപ്പെടുത്തുക വഴി ഉണ്ടാവുന്ന മറ്റൊരു ധനാഗമമാർഗ്ഗവും പരിഗണിക്കാവുന്നതാണ്. പഞ്ചായത്തിന്റെ വികസനത്തിന് അവശ്യം ആവശ്യമായ നികുതി പിരിവ് പൂർണ്ണ വിജ

യമാക്കുന്നതിന് പഞ്ചായത്തിലെ വാർഡ് പ്രതിനിധികളും, സാമൂഹ്യപ്രവർത്തകരും നേതൃത്വം നൽകേണ്ടതാണ്.

**കെട്ടിടനികുതി:-** ഓരോ വാർഡിലേയും ജനപ്രതിനിധിയുടെ സഹായത്തോടെ കേന്ദ്രീകൃതനികുതി പിരിവ് നടത്തുക വഴി ഈ വർഷത്തേക്കുള്ള കെട്ടിടനികുതിയുടെ വലിയൊരു ഭാഗം നമ്മൾ പിരിച്ചെടുക്കുകയുണ്ടായി. പൊതുജനങ്ങളെ സംബന്ധിച്ച് കൂടുതൽ സൗകര്യപ്രദമായ ഇത്തരം ക്യാമ്പുകലക്ഷനുകൾ നികുതി അടക്കുന്നതു സംബന്ധിച്ച് ജനങ്ങൾക്കിടയിൽ നടത്തുന്ന ബോധവൽക്കരണവും ഈ വഴിക്കുള്ള വിഭവസമാഹരണം മെച്ചപ്പെടുത്തുന്നു. കെട്ടിടനികുതി നിർണ്ണയത്തിന് വാർഷിക വാടക നിർമ്മാണച്ചെലവ് നിജപ്പെടുത്തുമ്പോൾ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, ആഡംബരച്ചെലവ്, സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ സ്വഭാവം എന്നിവ കൂടി കണക്കിലെടുത്ത് നികുതി ചുമത്തേണ്ടതുണ്ട്.

**തൊഴിൽ നികുതി:-**

സർക്കാർ ഉദ്യോഗസ്ഥന്മാരിൽനിന്നും, മറ്റു സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നും മാത്രമേ ഇപ്പോൾ തൊഴിൽ നികുതി ലഭ്യമാവുന്നുള്ളു. എന്നാൽ ഭൂരിപക്ഷംവരുന്ന അസംഘടിതമേഖലയിലെ വരുമാനമുള്ള തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ലഭിക്കുന്നില്ല. ഇതിന് ഒരു സംവിധാനം ഉണ്ടാക്കേണ്ടതാണ്. വിവിധ ക്ഷേമനിധികളിൽ അംഗത്വം ലഭിക്കാൻ പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിരിക്കണമെന്നു നിഷ്കർഷിച്ചുകൊണ്ട് ഈയിനത്തിലൂടെ വിഭവസമാഹരണം വർദ്ധിപ്പിക്കാവുന്നതാണ്.

**വിനോദനികുതി:-**

നിലവിലുള്ള സിനിമാടാക്കീസുകളിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ചും, സാധ്യതയുള്ളവ തിയ്യേറ്ററുകളാക്കി മാറ്റിയും, കാലാനുസൃതപരിഷ്ക്കാരങ്ങൾ വരുത്തിയും കൂടുതൽ പ്രേക്ഷകരെ ആകർഷിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതും തദ്വാരാ വിനോദനികുതി കൂടുതൽ സമാഹരിക്കാവുന്നതുമാണ്. പുതിയനിരത്ത് ജെട്ടി കേന്ദ്രീകരിച്ച് ഹെൽത്ത് ക്ലബ്, കളിപ്പൊയ്ക എന്നിവ നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളും 95, 96 വർഷത്തെ JRY പ്രകാരം നിർമ്മിച്ച ഡൈനിംഗ് ഹാളും വഴി ലഭിക്കേണ്ട വരുമാനം തടസ്സപ്പെടുകയാണ്. പഞ്ചായത്തിന് സ്വന്തമായി വെങ്ങാലിയിലുണ്ടായിരുന്ന കെട്ടിടം കാലപ്പഴക്കം കാരണം തകർന്നുപോയതിനാൽ പത്തുവർഷത്തിലേറെയായി വാടക കെട്ടിടങ്ങളിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. 1.3.96 മുതൽ പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിച്ചു വരുന്ന ഓഫീസിന് പുതിയ ഒരു കെട്ടിടം അനിവാര്യമാണ്. അതുവഴി കമ്മ്യൂണിറ്റിഹാൾ അതിന്റേതായ ആവശ്യങ്ങൾക്ക് വിട്ടുകിട്ടുകയും അതുവഴിയുള്ള വരുമാനം പഞ്ചായത്തിന് ലഭ്യമാവുകയും ചെയ്യും.

### മറ്റു ധനാഗമ മാർഗ്ഗങ്ങൾ

ലീസ്ഭൂമി :- പുഴപുറമ്പോക്കായി നമുക്ക് ധാരാളം ഭൂമിയുണ്ടെങ്കിലും കൃത്യമായി അളവുകൾ ലഭ്യമല്ല. ചിലയിടങ്ങളിൽ കൈയേറ്റങ്ങൾ നടന്നതായി കാണുന്നു. റവന്യൂ അധികൃതരുടെ സഹായത്തോടെ യഥാർത്ഥപുറമ്പോക്ക് ഭൂമിയുടെ വിസ്തീർണ്ണം അളന്നു തിട്ടപ്പെടുത്തി അതിർത്തി രേഖയുണ്ടാക്കേണ്ടതാണ്. നിലവിലുള്ള ലീസ് നിരക്ക് വളരെ കുറവായതിനാൽ, ആയത് പരിഷ്ക്കരിക്കേണ്ടകാര്യം പരിശോധിക്കേണ്ടതാണ്. ലീസ്ഭൂമിയിൽ ചില ഭാഗങ്ങൾ നല്ല കൃഷിയിടങ്ങളായി മാറിയിട്ടുള്ളതായി കാണാം. ഇപ്രകാരമുള്ള ഭൂമി ഒരു വില നിശ്ചയിച്ച് കൈവശക്കാർക്കു തന്നെ നൽകി, അപ്രകാരം കിട്ടുന്ന തുക പ്രത്യേകമായി സ്വരൂപിച്ച് പ്രത്യുൽപ്പാദനപരമായ രീതിയിൽ ചെലവാക്കി ലാഭം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ചിലയിടങ്ങളിൽ ലീസ്ഭൂമി പാതാറായി ഉപയോഗിക്കുന്നുണ്ട്. ഇത്തരം പാതാറിൽ നിന്ന് ഫീസ് ചുമത്തേണ്ടതാണ്.

പുതിയനിരത്ത് പാതാറിൽ നിന്നും കഴിഞ്ഞ വർഷത്തെ വരവ് തുകയാണ്. ഇത് മുൻവർഷങ്ങളിലെ വരുമാനവുമായി തട്ടിച്ചു നോക്കുമ്പോൾ കുറവാണ്, ഇക്കാര്യത്തിൽ ആവശ്യമായ പരിശോ

*പട്ടിക - വരുമാനത്തിലെ വ്യതിയാനം*

| | | | | |
|---|---|---|---|---|
| I തനത് വരുമാനം | | | | |
| a) കെട്ടിട നികുതി | 144727/ | 521927/ | 377200/ | 260.62 |
| b) തൊഴിൽ നികുതി | 63391/ | 229353 | 165962 | 261.80 |
| c) വിനോദ നികുതി | 123630 | 303851 | 185221 | 149.82 |
| II ഉപാധിരഹിത ഫണ്ട് | | | | |
| a) പൊതുവിഭാഗം | ഇല്ല | 144610 | ഇല്ല | |
| b) പ്രത്യേക ഘടക പദ്ധതി | ഇല്ല | 107870 | ഇല്ല | |
| III ജെ.ആർ.വൈ | ഇല്ല | 401310 | ഇല്ല | |
| IV ഗ്രാന്റുകൾ, സംഭാവനകൾ | 85173 | 303853 | 218680 | 256.75 |
| ആകെ വരവ് | 754785 | 2821713 | 2066928 | 273.84 |
| ചെലവ്, എസ്റ്റാബ്ലിഷ്മെന്റ് | 241437 | 982038 | 740601 | 306.75 |

ധന നടത്തേണ്ടതാണ്.

**ബാങ്ക് ഫൈനാൻസിയേഴ്സ്:–** നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണബാങ്കും, സ്റ്റേറ്റ് ബാങ്കിന്റെ രണ്ടു ശാഖകളുമുണ്ട്. ഓരോ വാർഡിലും ഒന്ന് എന്ന രീതിയിൽ സ്വകാര്യ ഫൈനാൻസിയേഴ്സുകളുമുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ വളരെ കുറഞ്ഞ ശതമാനം മാത്രമേ വായ്പയായി നൽകുന്നുള്ളു. സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 75% എങ്കിലും വായ്പയായി നൽകി തൊഴിൽ മേഖല സമ്പുഷ്ടമാക്കുന്നതിന് ബാങ്കുകൾ തയ്യാറാവേണ്ടതുണ്ട്. ഗൾഫ് മേഖലകളിലുള്ള നിക്ഷേപകരെ കൂടുതൽ ആകർഷിച്ച് നമ്മുടെ പഞ്ചായത്തിലെ ബാങ്കുകളിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന് യത്നിക്കേണ്ടതാണ്.



## ചെലവുകൾ

നാളിതുവരെ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിച്ചത്, പൂർണ്ണമായും പ്രത്യുത്‌ലാപാദനപരമായ രീതിയിലല്ല. ഇക്കാര്യത്തിൽ വിദഗ്ദമായ ആസൂത്രണം ആവശ്യമുണ്ട്. മൊത്തം പഞ്ചായത്ത് ഫണ്ടിന്റെ 25% പൊതുമരാമത്തിനും, 10% വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവയ്ക്കും ചെലവഴിച്ചു. മൊത്തം വരുമാനത്തിന്റെ 6% തെരുവുവിളക്കുകൾ കത്തിക്കാൻ ഉപയോഗിക്കുന്നു. ഭരണച്ചെലവുകൾക്കായി മൊത്തം ഫണ്ടിന്റെ 34% ആവശ്യമായി വന്നു.

പൊതുമരാമത്ത് പ്രവർത്തികൾക്കായി ചെലവഴിച്ച തുക മുഖ്യമായും റോഡുകൾക്കാണ്. റോഡു നിർമ്മാണത്തിനും, വികസനത്തിനും ആവശ്യമായ സ്ഥലം സൗജന്യമായി പഞ്ചായത്തിനു വിട്ടുകൊടുക്കാനുള്ള സന്നദ്ധത ജനങ്ങളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. പഞ്ചായത്തിലെ റോഡുകൾ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം സന്നദ്ധ സംഘടനകൾക്ക് ഏറ്റെടുക്കാവുന്നതാണ്. റിസർച്ച് ചെയ്ത റോഡുകൾ മഴക്കാലത്ത് മണ്ണൊലിച്ചു പോകുന്നതു വഴി വീണ്ടും പഴയ സ്ഥിതിയിലാവുകയും വീണ്ടും റിപ്പയർ ആവശ്യമായി വരികയും ചെയ്യുന്നത് പഞ്ചായത്ത് ഫണ്ടിന്റെ ചെലവ് വർദ്ധിപ്പിക്കുന്നു. വെള്ളം ഒലിച്ചു പോകാനുള്ള ചാലുകൾ മഴക്കാലം തുടങ്ങുന്നതിനുമുമ്പു തന്നെ സന്നദ്ധ സംഘടനാപ്രവർത്തനം വഴി ജനങ്ങൾ നിർമ്മിച്ച് റോഡ് സംരക്ഷിക്കുന്നതിൽ ശ്രദ്ധവെക്കുന്നതായാൽ പഞ്ചായത്ത് ഫണ്ട് ഇത്തരത്തിൽ പാഴായി പോകുന്നത് തടയാം.

**ഭൂനികുതി :–** ഭൂനികുതി കാലോചിതമായി പരിഷ്കരിച്ച്, പിരിച്ചെടുക്കുന്ന ജോലി പഞ്ചായത്തിനെ ഏല്പിക്കാവുന്നതാണ്. ഇത് പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗമാവും.

കോരപ്പുഴയ്ക്ക് സമീപമുള്ള എലത്തൂർ പഞ്ചായത്ത് വക ബസ്സ് സ്റ്റാൻഡ് നിർമ്മാണച്ചെലവിലേയ്ക്ക് വർഷംതോറും 7000 ക പഞ്ചായത്ത് ഫണ്ടിൽ നിന്നും അടക്കുന്നുണ്ട്. 1995–96 വർഷത്തിൽ ബസ്സ് സ്റ്റാൻഡ് ഫീ ഇനത്തിൽ 2500ക. മാത്രമാണ് ലഭിച്ചത്. ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന്റെ ചോർച്ചയാണ് വർഷം തോറും സംഭവിക്കുന്നത്. ഇക്കാര്യത്തിൽ ഗൗരവമായ ഒരു പുനരാലോചന ആവശ്യമാണ്.

എരഞ്ഞിക്കൽ ബസാറിൽ ഒരു മത്സ്യമാർക്കറ്റ് തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിലുണ്ട്. പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ സാമീപ്യം ഉപയോഗപ്പെടുത്തിക്കൊണ്ട്, വെങ്ങാലി ഗേറ്റിനടുത്ത് പഞ്ചായത്തിന് കൈവശമുള്ള സ്ഥലത്ത് ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ് അറവുശാല എന്നിവ നിർമ്മിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. എലത്തൂരിലെ നിലവിലുള്ള മത്സ്യമാർക്കറ്റ് പുതുക്കിപണിയാൻ അതുവഴിയുള്ള ധനാഗമവും വർദ്ധിപ്പിക്കാം.

വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ, സന്നദ്ധസംഘടനകളുടെ സഹായത്തോടെ, ജനങ്ങളെ സമീപിച്ച് ദേശീയ സമ്പാദ്യപദ്ധതിയിൽ പരമാവധി നിക്ഷേപം ഉണ്ടാക്കിയാൽ അതുവഴി ലഭിക്കുന്ന ഗ്രാന്റ് തുക വിനിയോഗിച്ച് അതതു വാർഡുകളിൽ വികസനപ്രവർത്തനങ്ങൾ നടത്താവുന്നതാണ്. വിദേശ ജോലിക്കാരിൽ നിന്നും മറ്റുമായി സംഭാവനകൾ സ്വരൂപിച്ച് നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി രൂപീകരിക്കാവുന്നതാണ്.

മനുഷ്യാധ്വാനം :– ഗ്രാമസഭാ റിപ്പോർട്ടുകളിലൂടെ കണ്ണോടിയ്ക്കുമ്പോൾ കാണുന്ന ആവേശകരമായ വസ്തുത, പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി മനുഷ്യാധ്വാനം സംഭാവന ചെയ്യാൻ എല്ലാ സഭകളിലും ഉണ്ടായിട്ടുള്ള വാഗ്ദാനങ്ങളാണ്. പഞ്ചായത്തിലെ പരമപ്രധാനമായ വിഭവം ഈ മനുഷ്യവിഭവം തന്നെ. ഇതു വേണ്ടവിധത്തിൽ ദീർഘവീക്ഷണത്തോടെ പരമാവധി ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. റോഡുകളുടെ നിർമ്മാണം, സംരക്ഷണം, പൊതു കിണറുകളുടെ അറ്റകുറ്റപണി, പരിസരശുചീകരണം, ആരോഗ്യപ്രവർത്തനങ്ങൾ, തോടുകളുടെയും അഴുക്കുചാലുകളുടേയും നിർമ്മാണ സംരക്ഷണം, വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി മനുഷ്യാധ്വാനം വികസനപ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാവുന്ന പല മേഖലകളുമുണ്ട്. സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ സന്നദ്ധ സംഘടനകളുടെയും ബഹുജനങ്ങളുടെയും കൂട്ടായ്മയിലൂടെ ഈ രംഗത്ത് മൊത്തം വിഭവസമാഹരണം നടത്തി നമ്മുടെ പഞ്ചായത്തിന്റെ ബഹുമുഖമായ വികസനത്തിന് ആക്കം കൂട്ടാൻ പരമാവധി നമുക്കു ശ്രമിക്കാം. ❍

# ഉപസംഹാരം

**ഈ** എലത്തൂർ ഗ്രാമപഞ്ചായത്തിൽ വികസന രേഖ തയ്യാറാക്കിയത് വെറും 64 ദിവസത്തെ പ്രയത്നം കൊണ്ടാണ്. സമയക്കുറവും പരിചയക്കുറവും നിമിത്തം ഇത്തരമൊരു രേഖ തയ്യാറാക്കുന്നതിന് വേണ്ട ശാസ്ത്രീയ മാനങ്ങൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും വരാൻപോകുന്ന വർഷങ്ങളിൽ എന്തൊക്കെ വികസനം ഇവിടെ നടത്തേണ്ടതുണ്ടെന്ന് ഗ്രാമസഭകളിൽ നിന്നുയർന്നു വന്നതും വിദഗ്ദരുനായുള്ള ചർച്ചകളിൽ നിന്നുരുത്തിരിഞ്ഞതുമായ ഏറെ കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും ഈ രേഖ പരിഷ്ക്കരിച്ചു ഭാവിയിൽ കൂടുതൽ പ്രയോജനകരമാക്കുന്നതിന് താഴെ പറയുന്ന ബഹുജന സംഘടനകൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനം നടത്തേണ്ടതായിട്ടുമുണ്ട്.

1. പഞ്ചായത്ത് തല കാർഷിക വികസനസമിതി.
2. പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതി.
3. പഞ്ചായത്ത് തല വികസന സമിതി.
4. പഞ്ചായത്ത് തല സാംസ്കാരിക സമിതി.
5. പഞ്ചായത്ത് തല കായിക സമിതി.
6. പഞ്ചായത്ത് തല മണ്ണ്, ജല സംരക്ഷണ സമിതി.
7. പഞ്ചായത്ത് തല ആരോഗ്യ സംരക്ഷണ സമിതി.

പഞ്ചായത്തിന്റെ താഴെപറയുന്ന ഭൂപടങ്ങൾ തയ്യാറാക്കി അവ ലാമിനേഷൻ നടത്തി സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.

1. എൻവിറോൺമെന്റൽ അപ്രൈസൽ മേപ്പ്.
2. സർഫസ് മെറ്റീരിയൽ മേപ്പ്.
3. ലാന്റ് ഫോം മാപ്പ്.
4. റിലീഫ് & ഡ്രെയിനേജ് മേപ്പ്.
5. അസെറ്റ് & ലാന്റ് യൂസ് മേപ്പ്.
6. അഡ്മിനിസ്ട്രേറ്റീവ് മേപ്പ്.
7. ഡ്രെയ്നേജ് മേപ്പ്.
8. വാർഡ് ഔട്ട്ലൈൻ മേപ്പ്.

കേരള പ്ലാനിങ്ങ് ബോർഡിന്റെ പരിശീലകർക്കുള്ള കൈ പുസ്തകത്തിൽ പറയുന്ന നാല് സർവ്വേകൾ പൂർത്തിയാക്കുന്നതിന് നടപടികൾ വേണം.

1. വിഭവ ഭൂപട സർവ്വേ.
2. സാമൂഹ്യ സാമ്പത്തിക സർവ്വേ.
3. നീരൊഴുക്ക് സർവ്വേ.
4. പൊതുവിതരണ സർവ്വേ.

ധനമില്ലാതെ വികസനം സാധ്യമല്ല. ധനസമാഹരണത്തിന് പുതിയ മാനങ്ങൾ തേടേണ്ടിയിരിക്കുന്നു. ഗ്രാമ പഞ്ചായത്തിന്റെ വികസന രേഖ സമ്പുഷ്ടമാക്കി അതിൽ പറഞ്ഞ കാര്യങ്ങൾ സമ്പൂർണ്ണമായി നടപ്പിലാക്കുന്നതിന് നാം ബാധ്യസ്ഥരാകണം.

സങ്കുചിത വിഭാഗീയ ചിന്തകൾക്കതീതമായി നാടിന്റെ പുരോഗതിയെ മാത്രം ലാക്കാക്കി പ്രവർത്തിക്കുന്ന അർപ്പണ മനോഭാവമുള്ള മുഴുവൻ ജനങ്ങളും ഉൾക്കൊള്ളുന്ന ഒരു മഹാ പ്രസ്ഥാനമാകണം ഈ സംരംഭം.

നമ്മുടെ എലത്തൂർ ഗ്രാമപഞ്ചായത്തിന്റെ രൂപവും ഭാവവും മാറ്റുന്നതിന് ഈ വികസനരേഖ വിശദമായ ചർച്ചക്കും ആഴമേറിയ വിശകലനത്തിനും പഠനത്തിനും പരിഷ്ക്കരണത്തിനും വേണ്ടി സമർപ്പിക്കുന്നു.

# എലത്തൂർ ഗ്രാമപഞ്ചായത്ത്

## ഭരണസമിതി

വി.എം.ശ്രീധരൻ (പ്രസിഡണ്ട്)
ഒ.പി.കുമാരൻ (വൈസ്.പ്രസിഡണ്ട്)
സി.മോഹനൻ (സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ)
സി.എം.ജുഗുൽബാബു
പി.വി.മൊയ്തീൻകോയ
വി.പ്രേമാവതി
എ.ജനാർദ്ദനൻ
കെ.ടി.ഗിരിജ
കെ.ശ്രീലത
കെ.എം.ദേവയാനി
ഒ.ഉസ്മാൻകോയ
എം.മല്ലിക
സി.പി.മാധവൻ

### സ്റ്റാന്റിങ്ങ് കമ്മറ്റി മെമ്പർമാർ:-

സി.മോഹനൻ (ചെയർമാൻ)
സി.എം.ജുഗുൽബാബു
കെ.ടി.ഗിരിജ
ഒ.പി.കുമാരൻ
ഒ.ഉസ്മാൻകോയ

### മുൻകാല പ്രസിഡണ്ടുമാർ

| | | | |
|---|---|---|---|
| ശ്രീ.കെ.ടി.ആണ്ടി | 1.1.64 | – | 30.4.69 |
| കരുണാകരൻനായർ | 30.4.69 | – | 31.7.79 |
| കല്ലാരംകെട്ടിൽ കൃഷ്ണൻ | 29.9.79 | – | 29.9.84 |
| ഉണ്ണിനായർ | 6.2.88 | – | 30.9.95 |

അച്ചടി: ദേശാഭിമാനി പ്രസ്സ്, കോഴിക്കോ



ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു.

-മഹാത്മാഗാന്ധി

## അധികാരം ജനങ്ങൾക്ക്

നമ്മുടെ പണം
എങ്ങിനെ ചെലവഴിക്കണം
ജനങ്ങൾ
തന്നെതീരുമാനിക്കുന്നു
പദ്ധതികൾ ജനങ്ങൾ തന്നെ
നടപ്പിലാക്കുന്നു.

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി